A Quarterly Journal for
Kerala Studies
in Malayalam - English

അറിയാനും
അറിയിക്കാനും

# താപസം
# TAPASAM

**Volume I / Issue 4 / April 2006**



| | |
|---|---|
| **ജയാസുകുമാരൻ** | വിവർത്തനപഠനസിദ്ധാന്തങ്ങൾ |
| **സി. ആദർശ്** | മതം, ജാതി, നാട്ടുപാരമ്പര്യം- കൊടുങ്ങല്ലൂരിലെ മത/ ജാതിവിഭാഗങ്ങളെക്കുറിച്ചുള്ള കഥകൾ |
| **വാസുദേവൻ വി.** | പുതിയ കവിതയിലെ പാരഡി<br>തലകുത്തിനിൽക്കുന്ന കാലത്തിന്റെ ആവിഷ്കാരങ്ങൾ |
| **പി.എം. ശ്രീധരൻ അഞ്ചുമൂർത്തി** | കവിതയുടെ വാസ്തു |
| M. N. Karassery | Mappilappattu |
| M. G. S. Narayanan | Semitic Creeds and the Concept of Religion in Kerala |
| Nathan Katz | The Historical Traditions of the Jews of Kochi |
| Manoj Kuroor | The Rythms of Kerala : A Cultural Study with Special Reference to the Ekachuzhati Rhythms |
| *From the Archives* | 1. A Popular Mopla Song<br>2. War songs of the Mappilas of Malabar |
| ***ഗവേഷണരംഗം*** | പി.എം. ശ്രീധരൻ/ഡോ. എം. കൃഷ്ണൻ നമ്പൂതിരി<br>കെ.എം. ഭരതൻ/ഡോ. സ്കറിയാ സക്കറിയ<br>ശ്രീകുമാർ ബി./ഡോ. സ്കറിയാ സക്കറിയ |
| *Complementing the Books* | |
| **ഷംഷാദ് ഹുസൈൻ** | മാപ്പിളപ്പാട്ട് - പാഠവും പഠനവും /ബാലകൃഷ്ണൻ വള്ളിക്കുന്ന്, ഡോ. ഉമർ തറമേൽ |
| **ഹരികുമാർ എസ്.** | താരതമ്യസാഹിത്യം/ഡോ. കെ. എം. ജോർജ്ജ് |
| **ഷീബ എം.. കുര്യൻ** | പൗളിനോസിന്റെ പഴഞ്ചൊൽമാല : പാഠവും പഠനവും /എമ്മാനുവൽ ആട്ടേൽ |
| **കെ. വി. ദിലീപ്കുമാർ** | വായനയുടെ വഴികൾ/ഡോ. സി. രാജേന്ദ്രൻ |
| **ഇ. ദിനേശൻ** | ശ്രുതിസൗരഭം/ഡോ. സി. എം. നീലകണ്ഠൻ |
| **സ്കറിയാ സക്കറിയ** | മാപ്പിള ഫോക്‌ലോർ/പ്രൊ. ബി. മുഹമ്മദ് അഹമ്മദ് |
| **സ്കറിയാ സക്കറിയ** | മാപ്പിളപ്പാട്ടിന്റെ മാധുര്യം/ടി. കെ. ഹംസ |



**Issue Editors : Shamshad Hussain & Josy Joseph**


**താപസം - ഒന്നാം വാല്യം (4 ലക്കം, 910 പുറം) പൂർത്തിയാകുന്നു**

## ലേഖകർക്കും വായനക്കാർക്കും നന്ദി

മൂന്നാം ലക്കത്തിന്റെ തുടർച്ചയായി ഈ ലക്കത്തിൽ കേരളത്തിലെ സെമിറ്റിക് മതപാരമ്പര്യം, ജൂതചരിത്രം എന്നിവയെക്കുറിച്ച് ഓരോ ലേഖനങ്ങൾ ചേർത്തിട്ടുണ്ട്. രീതിശാസ്ത്രപരമായ പുതുമകളുള്ള താണു നാഥാൻ കാറ്റ്സിന്റെ ജൂതചരിത്രാവലോകനം. കൊടുങ്ങല്ലൂർ പുരാണത്തിന്റെ പുതുമകളാണ് സി. ആദർശിന്റെ ലേഖനം. വാസുദേവന്റെയും അഞ്ചുമൂർത്തിയുടെയും ലേഖനങ്ങൾ മലയാളകവിതയുടെ പുതുമുഖം പരിചയപ്പെടുത്തുന്നവയാണ്.

ജയാസുകുമാരന്റെ ദീർഘമായ ലേഖനം സമകാലിക തർജമപഠനത്തിന്റെ സിദ്ധാന്തങ്ങൾ ഇതാദ്യമായി മലയാളത്തിൽ ലളിതമായും കൃത്യമായും അവതരിപ്പിക്കുന്നു.

ഈ ലക്കത്തിലെ പ്രധാനപ്പെട്ട വിഷയം മാപ്പിളപ്പാട്ടാണ്. ഇംഗ്ലീഷിൽ ഡോ.എം.എൻ. കാരശ്ശേരിയുടെ ആമുഖലേഖനം. *പുസ്തകപൂരണത്തിൽ* മാപ്പിളപ്പാട്ടിനെക്കുറിച്ചുള്ള മൂന്നു പുസ്തകങ്ങൾ ഉൾപ്പെടുന്നു. *രേഖാശേഖരത്തിൽ* മാപ്പിളപ്പാട്ടിനെക്കുറിച്ച് ഇന്ത്യൻ അന്റിക്വറിയിൽനിന്നു (1899, 1901) രണ്ടു ലേഖനങ്ങൾ പുനരവതരിപ്പിക്കുന്നു. മൂന്നരവർഷത്തോളം മലബാറിൽ കൊളോണിയൽ പോലീസ് ഓഫീസറായിരുന്ന ഫ്രഡ് ഫൗസറ്റ് തന്റെ ലേഖനങ്ങളിൽ കൊളോണിയൽ കാഴ്ചപ്പാടിൽ താൻകേമൻഭാവത്തോടെ അവതരിപ്പിക്കുന്ന കാര്യങ്ങൾ വിമർശനബുദ്ധിയോടെ വേണം വിലയിരുത്താൻ.

കഴിഞ്ഞലക്കത്തിൽ ചേർത്തിരുന്ന മനോജ് കുറൂറിന്റെ ലേഖനത്തിൽ ചില അച്ചടിപ്പിഴവുകൾ സംഭവിച്ചുപോയി. അതിനാൽ The Rhymes of Kerala എന്ന ശാസ്ത്രീയലേഖനം തിരുത്തലുകൾ വരുത്തി വീണ്ടും അച്ചടിച്ചിരിക്കുന്നു. അസൗകര്യം ക്ഷമിക്കുമല്ലോ.

താപസത്തിനു വേണ്ട നിർദ്ദേശോപദേശങ്ങൾ നൽകിയും പുതിയ വാല്യത്തിന്റെ വരിസംഖ്യ അടച്ചും സഹായിക്കാൻ അഭ്യർത്ഥിക്കുന്നു.

**സ്കറിയാ സക്കറിയ**
**എഡിറ്റർ**

# വിവർത്തനപഠനസിദ്ധാന്തങ്ങൾ

**ജയാസുകുമാരൻ**

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടുകൂടിയാണു വിവർത്തനസിദ്ധാന്തങ്ങളുടെ വൈവിധ്യവും സങ്കീർണതയും സാഹിത്യപഠനത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിത്തുടങ്ങിയത്. സാഹിത്യസിദ്ധാന്തങ്ങൾ, ഭാഷാശാസ്ത്രം, സൗന്ദര്യശാസ്ത്രം, നരവംശശാസ്ത്രം, മനഃശാസ്ത്രം തുടങ്ങി ഓരോ വിജ്ഞാനശാഖയും വിവർത്തനപ്രക്രിയ നിർവചിച്ചു. ഒരു സംസ്കാരത്തിൽനിന്നു മറ്റൊരു സംസ്കാരത്തിലേക്കു കൃതി മാറ്റപ്പെടുമ്പോൾ എന്താണു സംഭവിക്കുന്നതെന്ന സമഗ്രപഠനമാണ് ഇന്നാവശ്യം.

താരതമ്യസാഹിത്യം, ഭാഷാശാസ്ത്രം, വിദേശഭാഷാഭ്യസനം ഇവയുടെയൊക്കെ ഭാഗമായി നിലനിന്നുപോന്ന വിവർത്തനപഠനം സ്വന്തമായ രീതിശാസ്ത്രം രൂപപ്പെടുത്തിയതു 1980-കളിലാണ്. Translatology, Translistics, Theory of Translating, Translation Theory, Science of Translation തുടങ്ങിയ പേരുകളിൽ വിവർത്തനചിന്തകൾ അറിയപ്പെട്ടുപോന്നു. 1978-ൽ ആന്ദ്രേ ലെഫ്‌വേർ ആണു വിവർത്തനപഠനങ്ങൾ (Translation Studies) എന്ന പേരു നിർദേശിച്ചത്.

## വിവർത്തനപഠനങ്ങൾ- ആന്ദ്രേ ലെഫ്‌വേർ

വിവർത്തനങ്ങളുടെ ഉത്പാദനവും വിവരണവും ഉയർത്തുന്ന പ്രശ്നങ്ങൾ അന്വേഷിക്കുന്ന പഠനശാഖയ്ക്കാണു ലെഫ്‌വേർ ഈ പേരു നിർദേശിച്ചത് (Bassnet 1991:1). വിവർത്തനപഠനങ്ങളെ സ്വതന്ത്രവിജ്ഞാനശാഖയായി കണക്കാക്കാനും താരതമ്യസാഹിത്യപഠനത്തിന്റെ മണ്ഡലത്തിൽ ഉൾപ്പെടുത്താനും ആദ്യം ശ്രമിച്ചത് ആന്ദ്രേ ലെഫ്‌വേർ ആണ്.

വിവർത്തനമെന്ന പദത്തിനു രണ്ട് അർഥതലങ്ങളുണ്ട്. 1. വിവർത്തനം ചെയ്യുക എന്ന പ്രവൃത്തി. 2. ആ പ്രവൃത്തിയുടെ ഫലമായുണ്ടാകുന്ന ഉല്പന്നം. വിവർത്തനപഠനം എന്ന സംജ്ഞകൊണ്ടു സമീപകാലംവരെ ലക്ഷ്യമാക്കിയിരുന്നത് ഉല്പന്നത്തെക്കുറിച്ചുള്ള പഠനമാണ്. ആന്ദ്രേ ലെഫ്‌വേർ





വിവർത്തനപഠനങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതു വിവർത്തനങ്ങളുടെ ഉല്പാദനവും വിവർത്തനപ്രക്രിയയുടെ വിശദീകരണവുമാണ്.

പ്രക്രിയ, ഉല്പന്നം എന്നീ നിലകളിൽ വിവർത്തനം വിശദീകരിക്കാനുതകുന്ന ചിന്തകളും ആശയങ്ങളും സമന്വയിപ്പിക്കാൻ സാധിച്ചുവെന്നതാണ് വിവർത്തനപഠനങ്ങൾ പ്രത്യേക പഠനശാഖയായതിന്റെ നേട്ടം. വിവർത്തനത്തിനായി ഒരു കൃതി തിരഞ്ഞെടുക്കപ്പെടുന്നതു മുതൽ ലക്ഷ്യഭാഷാസാഹിത്യത്തിൽ ആ കൃതി എങ്ങനെയൊക്കെ പ്രവർത്തിക്കുന്നു എന്നതുവരെയുള്ള നിരവധിഘട്ടങ്ങളുടെ സമഗ്രപഠനത്തിനു സഹായിക്കുന്ന എല്ലാ ജ്ഞാനശാഖകളും ഈ മേഖലയിലുണ്ട്. വസ്തുതകളുടെ ശേഖരണം, അപഗ്രഥനം, സിദ്ധാന്തരൂപീകരണം തുടങ്ങിയ ഓരോ ഘട്ടത്തിലും ഉപകരിക്കുന്ന പഠനവിഭാഗങ്ങൾ നിരവധിയാണ്. വസ്തുതകളുടെ ശാസ്ത്രീയാപഗ്രഥനത്തിനു ഭാഷാശാസ്ത്രവും വിവർത്തനം ഒരു കൃതി എന്ന നിലയ്ക്കുള്ള പഠനത്തിനു സാഹിത്യസിദ്ധാന്തങ്ങളും ഏറെ പ്രയോജനപ്പെടുന്നു. സാഹിത്യകൃതിയോടു പുലർത്താനാവുന്ന സമീപനഭേദങ്ങൾ വിവർത്തനത്തിനും ബാധകമാണ്. വിവർത്തനം കലയോ ശാസ്ത്രമോ എന്ന തർക്കം ഇന്നും അവസാനിച്ചിട്ടില്ല. ഒന്നിലേറെ സമീപനങ്ങൾ വിവർത്തനത്തിലും പ്രസക്തമാണെന്ന അറിവു വിവർത്തനപഠനങ്ങളുടെ ഭൂമിക വിശാലമാക്കുന്നു.

## വർഗീകരണം- സൂസൻ ബാസ്നറ്റ്

വിവർത്തനപഠനങ്ങളുടെ വിശാലമേഖല ഈ രംഗത്തെ പ്രമുഖയായ സൂസൻ ബാസ്നറ്റ് നാലുവിഭാഗങ്ങളായി ക്രോഡീകരിച്ചു (Bassnet 1991:78). ഇവയിൽ രണ്ടു വിഭാഗങ്ങൾ ഉല്പന്നകേന്ദ്രീകൃതവും രണ്ടു വിഭാഗങ്ങൾ പ്രക്രിയാകേന്ദ്രീകൃതവും ആണ്.

**1. വിവർത്തനചരിത്രം:** സാഹിത്യചരിത്രത്തിന്റെ ശാഖതന്നെയാണിത്. വിവിധകാലങ്ങളിലെ വിവർത്തനസിദ്ധാന്തങ്ങളെക്കുറിച്ചുള്ള അന്വേഷണം, ഒരു പ്രത്യേകകാലഘട്ടത്തിൽ വിവർത്തനങ്ങൾ വഹിച്ച പങ്കെന്ത് എന്ന അന്വേഷണം, വിവർത്തനങ്ങളുടെ വിശകലനം- ഇവയൊക്കെ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

**2. വിവർത്തനം ലക്ഷ്യഭാഷാസംസ്കാരത്തിൽ:** പ്രത്യേകഗ്രന്ഥങ്ങളെക്കുറിച്ചോ ഗ്രന്ഥകാരന്മാരെക്കുറിച്ചോ ഉള്ള പഠനം, വിവർത്തനം ലക്ഷ്യഭാഷാസംസ്കൃതിയിൽ എങ്ങനെ സ്വീകരിക്കപ്പെടുന്നു എന്ന അന്വേഷണം- ഇവയൊക്കെ ഈ വിഭാഗത്തിൽ പെടുത്താം.

**3. വിവർത്തനവും ഭാഷാശാസ്ത്രവും:** വ്യത്യസ്തഭാഷാശാസ്ത്രഘടകങ്ങളുടെ മൂലഭാഷയിലും ലക്ഷ്യഭാഷയിലുമുള്ള വിന്യാസം, ഭാഷാശാസ്ത്ര

പരമായ തുല്യത, ഭാഷാബദ്ധമായ അർഥം, അവിവർത്തനീയത, യന്ത്രവിവർത്തനം, സാഹിത്യേതരകൃതികളുടെ വിവർത്തനപ്രശ്നങ്ങൾ- ഇവയുടെ വിശദപഠനം ഈ വിഭാഗത്തിലാണ്.

**4. വിവർത്തനവും കാവ്യശാസ്ത്രവും.** സാഹിത്യവിവർത്തനത്തിന്റെ സിദ്ധാന്തവും പ്രയോഗവും ഉൾക്കൊള്ളുന്ന സമസ്തമേഖലകളും ഈ വിഭാഗത്തിൽപ്പെടുന്നു. പൊതുപഠനം, സാഹിത്യവിഭാഗങ്ങൾ തിരിച്ചുള്ള പഠനം, കവിതാവിവർത്തനം, നാടകവിവർത്തനം, സിനിമയുടെ വിവർത്തനത്തിനു ഡബ്ബിംഗ് ആണോ ഉപശീർഷകങ്ങൾ നൽകലാണോ വേണ്ടതെന്ന ചർച്ച - ഇവയൊക്കെ ഈ വിഭാഗത്തിന്റെ പ്രമേയങ്ങളാണ്. വിവർത്തകരുടെ സാഹിത്യസങ്കല്പങ്ങൾ, മൂലകൃതിയും വിവർത്തനവും തമ്മിലുള്ള ബന്ധം, ഗ്രന്ഥകാരൻ, വിവർത്തകൻ, വായനക്കാരൻ എന്നിവരുടെ പരസ്പരബന്ധം ഇവയൊക്കെ പഠനവിഷയങ്ങളാണ്. സർവോപരി സാഹിത്യകൃതികളുടെ വിവർത്തനം സിദ്ധാന്തവത്കരിക്കുക എന്നതാണു ലക്ഷ്യം.

## വിവർത്തനപഠനം- വിഭാഗങ്ങൾ, ജയിംസ് ഹോംസ്

വിവർത്തനപഠനങ്ങൾ എന്ന വിജ്ഞാനശാഖയുടെ അതിരുകൾ ഇപ്പോഴും പൂർണമായും ചിട്ടപ്പെടുത്തിയിട്ടില്ല. ആദ്യമായി ഇങ്ങനെയൊരു ശ്രമം നടത്തിയത് ജയിംസ് ഹോംസ് എന്ന നെതർലന്റുകാരനാണ്. വിവർത്തനപഠനരംഗത്തെപ്രമുഖനായ ഹോംസിന്റെ 'The Name and Nature of Translation Studies' (1972)[1] എന്ന ലേഖനം ഈ മേഖലയിലെ ക്ലാസിക്കാണെന്നു ഗിദെയോൻ ടൂറി (Toury 1987:2).

വിവർത്തനരംഗത്തു പ്രവർത്തിച്ചിരുന്ന പഴയ തലമുറയും പുതിയ തലമുറയും തമ്മിലുള്ള സമീപനഭേദങ്ങൾ പ്രത്യേക പഠനശാഖ ആവശ്യമാക്കിയെന്നു ജയിംസ് ഹോംസ്. വിവർത്തകർ, സാഹിത്യഗവേഷകർ, ഭാഷാശാസ്ത്രജ്ഞർ, ദൈവശാസ്ത്രജ്ഞർ തുടങ്ങി വിവിധമേഖലകളിൽ പ്രവർത്തിക്കുന്നവർ വിവർത്തനപഠനഗവേഷണങ്ങളിൽ ഏർപ്പെട്ടുപോന്നിരുന്നു. മറ്റു വിജ്ഞാനമേഖലകളിൽനിന്നു കൂടുതൽ ഗവേഷകർ വിവർത്തനപഠനത്തിൽ താത്പര്യമെടുത്തതോടെ രീതിശാസ്ത്രങ്ങളുടെയും സാങ്കേതികപദങ്ങളുടെയും ബാഹുല്യമുണ്ടായി. തങ്ങൾ പ്രവർത്തിക്കുന്ന പഠനമേഖലയുടെ പേരിനെക്കുറിച്ചുപോലും അഭിപ്രായവ്യത്യാസങ്ങളുണ്ടായി. വ്യത്യസ്തരീതിശാസ്ത്രങ്ങളും ലക്ഷ്യങ്ങളും മുൻനിർത്തി പ്രവർത്തിക്കുന്നവരുടെ സംവാദത്തിനു പൊതുമണ്ഡലം ആവശ്യമായിവന്നു. പുതിയ പഠനശാഖയ്ക്കു വിവർത്തനപഠനങ്ങൾ എന്ന പേരാണ് ഉചിതമെന്നു ജയിംസ് ഹോംസ് വാദിച്ചു സമർത്ഥിക്കുന്നു (Toury 1987:12-13).

അമേരിക്കയിലെ കവിയും വിവർത്തകനുമായിരുന്ന ഹോംസിന്റെ അഭിപ്രായത്തിൽ ഈ വിജ്ഞാനശാഖയ്ക്കു രണ്ടു പ്രധാന ലക്ഷ്യങ്ങളാണുള്ളത്.





1. വിവർത്തനപ്രക്രിയ, വിവർത്തിതകൃതികൾ എന്നിവ വിശദീകരിക്കുക.

2. വിവർത്തനസ്വഭാവം വിശദീകരിക്കാനും പ്രവചിക്കാനും ആവശ്യമായ പൊതുതത്ത്വങ്ങൾ രൂപീകരിക്കുക.

ഈ രണ്ടു ലക്ഷ്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന വിവർത്തനപഠനങ്ങളുടെ ശുദ്ധശാഖയെ വിവരണാത്മകവിവർത്തനപഠനങ്ങൾ (Descriptive Translation Studies DTS) എന്നും സൈദ്ധാന്തികവിവർത്തനപഠനങ്ങൾ (Theoretical Translation Studies) എന്നും രണ്ടായി തിരിക്കാം.

വിവരണാത്മക വിവർത്തനപഠനങ്ങൾ മൂന്നു തരത്തിൽ നടക്കുന്നു.

**1. ഉല്പന്നനിഷ്ഠം** (product oriented) അക്കാദമിക് വിവർത്തനഗവേഷണങ്ങളുടെ പരമ്പരാഗതമേഖലയാണിത്. നിലവിലുള്ള വിവർത്തനങ്ങളുടെ വിശദീകരണം, അപഗ്രഥനം, ഏതെങ്കിലും പ്രത്യേക വിവർത്തനത്തിന്റെ പഠനം, ഒരേ കൃതിയുടെ ഒരു ഭാഷയിലെയോ വ്യത്യസ്തഭാഷകളിലെയോ വിവർത്തനങ്ങളുടെ താരതമ്യപഠനം തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു. ഉല്പന്നകേന്ദ്രീകൃതമായ പഠനങ്ങളിലൂടെ വിവർത്തനചരിത്രം നിർമിക്കാം.

**2. പ്രക്രിയാനിഷ്ഠം** (process oriented). വിവർത്തനമെന്ന പ്രക്രിയയാണു പഠനവിഷയം. രണ്ടുഭാഷകൾക്കിടയിൽ പ്രവർത്തിക്കുന്ന വിവർത്തകരുടെ മനസ്സിൽ എന്തൊക്കെയാണു നടക്കുന്നത്? വിവർത്തനപഠിതാക്കൾ കാര്യമായി ചിന്തിക്കുന്ന വിഷയമാണിത്. പക്ഷേ പരീക്ഷണശാലയിലെ സാഹചര്യങ്ങളിൽ ഈ പ്രക്രിയയുടെ പഠനം അപൂർവമാണ്. വിവിധ മാനസികവൃത്തികളെക്കുറിച്ചുള്ള പഠനം വികസിക്കുന്നതോടെ ഈ വിഷയവും പഠനവിധേയമാക്കാം. വിവർത്തനമനഃശാസ്ത്രം എന്നോ മനഃശാസ്ത്രവിവർത്തനപഠനങ്ങൾ എന്നോ ഈ ഉപശാഖയ്ക്കു പേരിടാം.

**3. ധർമനിഷ്ഠം** (function oriented) വിവർത്തനങ്ങളുടെ വിശദീകരണമല്ല, ലക്ഷ്യഭാഷയുടെ സാമൂഹികസാംസ്കാരികസാഹചര്യങ്ങളിൽ അവയുടെ പ്രവർത്തനം പഠിക്കുകയാണു ലക്ഷ്യം. കൃതികളുടെ പഠനത്തെക്കാൾ കൃതി നിലനിൽക്കുന്ന സന്ദർഭങ്ങളുടെ പഠനമാണിത്. നിശ്ചിതകാലത്ത് ഒരു കൃതി വിവർത്തനം ചെയ്യുമ്പോൾ അല്ലെങ്കിൽ വിവർത്തനം ചെയ്യാതിരിക്കുമ്പോൾ എന്തൊക്കെ ഫലങ്ങളാണുണ്ടാവുക? വിവർത്തനചരിത്രത്തിലും സാഹിത്യചരിത്രത്തിലും ഇത്തരം കാര്യങ്ങൾ പരാമർശിച്ചുപോവുകയേ പതിവുള്ളൂ. കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ വിവർത്തനസാമൂഹികശാസ്ത്രം എന്നോ സാമൂഹികവിവർത്തനശാസ്ത്രം എന്നോ വിളിക്കാവുന്ന മേഖലയുടെ വികാസത്തിനു വഴിയൊരുക്കാം.

**സൈദ്ധാന്തികവിവർത്തനപഠനങ്ങൾ** (Theoretical Translation Studies) വിവരണാത്മകവിവർത്തനപഠനങ്ങളുടെ ഫലങ്ങളും അനുബന്ധമേഖലകളിൽനിന്നുള്ള അറിവുകളുമുപയോഗിച്ചു വിവർത്തനസിദ്ധാന്തങ്ങളുടെ രൂപീകരണമാണു ലക്ഷ്യം. ഇതു രണ്ടു തരത്തിൽ. പൊതുസിദ്ധാന്തവും ഭാഗികസിദ്ധാന്തവും.

**പൊതുവിവർത്തനസിദ്ധാന്തങ്ങൾ** (General Translation Theories) വിവർത്തനവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും വിശദീകരിക്കാനും പ്രവചിക്കാനും സാധിക്കുന്ന തരത്തിൽ പൂർണസിദ്ധാന്തം രൂപീകരിക്കുകയാണു വിവർത്തനസിദ്ധാന്തത്തിന്റെ ലക്ഷ്യം. ഇത്തരത്തിലുള്ള വിവർത്തനസിദ്ധാന്തം വളരെ സങ്കീർണമായിരിക്കും.

**ഭാഗികവിവർത്തനസിദ്ധാന്തങ്ങൾ** (Partial Translation Theories) ഭാഗികവിവർത്തനസിദ്ധാന്തങ്ങളുടെ മണ്ഡലത്തിലാണ് അടുത്തകാലത്തു ശക്തമായ മുന്നേറ്റങ്ങൾ ഉണ്ടായിട്ടുള്ളത്. തിരഞ്ഞെടുത്ത ഘടകങ്ങൾ മാത്രം മുൻനിർത്തിയുള്ള വിവർത്തനപഠനമാണിത്. പൊതുസിദ്ധാന്തം രൂപീകരിക്കുംമുമ്പ് ഈ മേഖലയിൽ ധാരാളം ഗവേഷണം നടക്കേണ്ടതുണ്ട്. ഭാഗികവിവർത്തനസിദ്ധാന്തങ്ങളെ ആറുവിഭാഗമായിത്തിരിക്കാം.

1. മാധ്യമനിഷ്ഠ വിവർത്തനസിദ്ധാന്തങ്ങൾ:-മനുഷ്യൻ തനിച്ചും യന്ത്രം തനിച്ചും മനുഷ്യനും യന്ത്രവും ചേർന്നും എന്ന് മാധ്യമനിഷ്ഠപഠനങ്ങൾ മൂന്നു വിധം.

2. മേഖലാനിഷ്ഠ വിവർത്തനസിദ്ധാന്തങ്ങൾ:- ഭാഷാടിസ്ഥാനത്തിലും സംസ്കാരാധിഷ്ഠാനത്തിലും എന്നു രണ്ടുവിധം. ഭാഷാടിസ്ഥാനത്തിലുള്ള സിദ്ധാന്തങ്ങൾക്കു താരതമ്യേന ഭാഷാശാസ്ത്രത്തോടും ശൈലീവിജ്ഞാനീയത്തോടും അടുപ്പമുണ്ട്. സമാനസംസ്കാരങ്ങൾക്കിടയിലെയും ഭിന്നസംസ്കാരങ്ങൾക്കിടയിലെയും വിവർത്തനം വ്യത്യസ്തമാണ്. പ്രാചീനഭാഷയിൽനിന്നു നവീനഭാഷയിലേക്കുള്ള വിവർത്തനത്തിന്റെ പഠനവും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

3. രൂപനിഷ്ഠ വിവർത്തനസിദ്ധാന്തങ്ങൾ:-കൃതിയെ മൊത്തമായിക്കാണാതെ വ്യത്യസ്തഭാഷാശാസ്ത്രഘടകങ്ങളായി കാണുന്നു. പദാടിസ്ഥാനത്തിലുള്ള പഠനങ്ങളാണു കൂടുതൽ നടന്നിട്ടുള്ളത്. വാക്യാധിഷ്ഠിത ഭാഷാശാസ്ത്രത്തിൽനിന്നു പാഠഭാഷാശാസ്ത്രത്തിലേക്കുള്ള വികാസം വിവർത്തനപഠനത്തിന് ഏറെ ഉപകരിച്ചു.

4. പാഠനിഷ്ഠ വിവർത്തനസിദ്ധാന്തങ്ങൾ:- ബൈബിൾ വിവർത്തനം, സാഹിത്യകൃതികളുടെ വിവർത്തനം, ശാസ്ത്രവിവർത്തനം തുടങ്ങി പ്രത്യേകവിഭാഗങ്ങളുടെ വിവർത്തനപഠനം ഈ വിഭാഗത്തിൽപ്പെടുന്നു.





5. കാലനിഷ്ഠ വിവർത്തനസിദ്ധാന്തങ്ങൾ:- രണ്ടുതരത്തിൽ പഠനം നടത്താം. സമകാലികകൃതികളുടെ വിവർത്തനപഠനവും പ്രാചീനകൃതികളുടെ വിവർത്തനപഠനവും.

6. പ്രശ്നനിഷ്ഠ വിവർത്തനസിദ്ധാന്തങ്ങൾ:- രൂപകങ്ങളുടെ വിവർത്തനം, വ്യക്തിനാമങ്ങളുടെ വിവർത്തനം, വിവർത്തനവ്യതിയാനങ്ങൾ, വിവർത്തനതുല്യത തുടങ്ങിയ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നു.

**പ്രയുക്ത വിവർത്തനപഠനങ്ങൾ** (Applied Translation Studies): വിവർത്തനപഠനങ്ങളുടെ പ്രയുക്തവിഭാഗം നാലുമേഖലകളിലാണ്. 1. വിവർത്തകപരിശീലനം 2. വിവർത്തനസഹായികൾ നിർമിക്കൽ 3. വിവർത്തനനയരൂപീകരണം 4. വിവർത്തനവിമർശം.

വിവർത്തനപഠനങ്ങൾക്കു ഹോംസ് നിർദേശിച്ച വിഭാഗങ്ങളും ഉപവിഭാഗങ്ങളും ചിത്രത്തിലൂടെ (കാണുക പുറം:750) വ്യക്തമാക്കിയിരിക്കുന്നു (Toury 1987:21).

വിവരണാത്മകവും സൈദ്ധാന്തികവും പ്രയുക്തവുമായ വിവർത്തനപഠനങ്ങൾ വെവ്വേറെ ശാഖകളായവതരിപ്പിച്ചെങ്കിലും അവ പരസ്പരബന്ധിതമാണെന്നു ചൂണ്ടിക്കാണിക്കാൻ ഹോംസ് മറന്നില്ല. വിവരണാത്മകവിവർത്തനപഠനമാണു വിവർത്തനസിദ്ധാന്തരൂപീകരണത്തിനുള്ള അടിസ്ഥാനവസ്തുതകൾ നൽകുന്നത്. വിവരണാത്മകവും സൈദ്ധാന്തികവുമായ പഠനങ്ങൾ നൽകുന്ന കണ്ടെത്തലുകളാണു പ്രയോഗത്തിലൂന്നിയുള്ള പഠനത്തിൽ ഉപയോഗിക്കുന്നത്. വിവരണാത്മക പ്രയുക്തപഠനങ്ങൾ നൽകുന്ന വ്യക്തമായ വിവരങ്ങൾ കൂടാതെ സിദ്ധാന്തരൂപീകരണം സാധ്യമല്ല. സൈദ്ധാന്തികമായ ഒരു പൂർവകല്പന കൂടാതെ മറ്റു രണ്ടു പഠനങ്ങൾക്കും മുന്നോട്ടുപോകാനും വയ്യ. അതിനാൽ മൂന്നു വിഭാഗങ്ങളുടെയും വികാസം അത്യാവശ്യമാണ്. ഹോംസിന്റെ വിഭാഗങ്ങൾ പലതും പരസ്പരാശ്രിതവും പരസ്പരം വലയം ചെയ്യുന്നവയുമാണ് എന്ന കാര്യത്തിൽ സംശയമില്ല. ഗിദെയോൻ ടൂറി ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

വിവർത്തനസിദ്ധാന്തങ്ങളുടെ ചരിത്രം, വിവർത്തനപഠനങ്ങൾ എന്നിവയും പഠനവിധേയമാക്കണമെന്നു ജയിംസ് ഹോംസ്. വിശദമായ പഠനമർഹിക്കുംവിധം ഈ മേഖലകൾ വികാസം പ്രാപിച്ചിരിക്കുന്നു.

എഴുപതുകളിലെ വിവർത്തനഗവേഷണം പ്രധാനമായും രണ്ടു വഴിക്കായിരുന്നു. സാഹിതീയമാനദണ്ഡങ്ങൾ മാത്രമുപയോഗിക്കുകയും സൈദ്ധാന്തികമാനദണ്ഡങ്ങൾ, ഭാഷാശാസ്ത്രപദാവലി ഇവ ഉപേക്ഷിക്കുകയും ചെയ്യുന്നത് ഒരു രീതി. ഭാഷാശാസ്ത്രതലം മാത്രം ശ്രദ്ധിച്ചു സാഹിത്യസ്വഭാവങ്ങളും വ്യക്തിനിഷ്ഠതയും അവഗണിക്കുന്നതു മറ്റൊരു രീതി. സാഹിത്യപഠിതാക്കൾ ഭാഷാശാസ്ത്ര അപഗ്രഥനവും ഭാഷാശാസ്ത്രജ്ഞർ ശാസ്ത്രീയമല്ലാത്ത

വിവർത്തനപഠനരീതികളും നിഷേധിച്ചു. വിവർത്തനപഠനങ്ങൾ എന്ന വിജ്ഞാനശാഖയാകട്ടെ വിവർത്തനസിദ്ധാന്തം എന്തായിരിക്കണമെന്നു നിർവചിച്ച് ഉറപ്പിക്കുന്നതിലല്ല ആദ്യം ശ്രദ്ധവച്ചത്. വിവർത്തനപ്രക്രിയയെക്കുറിച്ചുതന്നെ ആഴത്തിൽ പഠിക്കുകയായിരുന്നു ആദ്യലക്ഷ്യം. കൃതിയുടെ, ഭാഷയുടെ അർഥത്തെക്കുറിച്ചുള്ള തത്ത്വശാസ്ത്രവിചാരത്തിലേക്കു പോകാതെ മൂലലക്ഷ്യഭാഷകളിൽ അർഥസൃഷ്ടി നടത്തുന്നതെങ്ങനെ എന്ന അന്വേഷണം പ്രധാനമായി. ശരി/തെറ്റ്, രൂപം/ഉള്ളടക്കം, പദാനുപദം/സ്വതന്ത്രം, കല/ശാസ്ത്രം, സിദ്ധാന്തം/പ്രയോഗം തുടങ്ങിയ ദ്വന്ദ്വങ്ങളിൽനിന്നു വിവർത്തനചർച്ചയുടെ കേന്ദ്രം മാറി. സാഹിത്യവിവർത്തനത്തോടൊപ്പം ഇതര വിവർത്തനങ്ങളും പഠനപദ്ധതിയുടെ ഭാഗമായി. Original/Translation എന്ന പദാവലി Source text/ Target text എന്നായി. വിവർത്തനപഠനത്തിന്റെ വിഷയം മൂലകൃതിയിൽനിന്നു ലക്ഷ്യകൃതിയിലേക്കു മാറി.

സിദ്ധാന്തരൂപീകരണം വിവർത്തനപഠനത്തിന്റെ ലക്ഷ്യംതന്നെയാണ്. ദൃഢബദ്ധമായ ഒരു സൈദ്ധാന്തികനിലപാടിനെക്കാൾ നിരന്തരം പരിശോധിച്ചു പരീക്ഷണങ്ങൾ നടത്തി തിരുത്തി മുന്നോട്ടുപോകുന്ന രീതിയാണു വേണ്ടതെന്ന് ആന്ദ്രേ ലെഫ്‌വേർ.[2] സാഹിത്യസിദ്ധാന്തങ്ങളും ഭാഷാശാസ്ത്രസിദ്ധാന്തങ്ങളും വിവർത്തനപഠനത്തിൽ ഉപയോഗിക്കുന്നതിനുപകരം വിവർത്തനാപഗ്രഥനത്തിലൂടെ ലഭിക്കുന്ന അറിവ് സാഹിത്യഭാഷാശാസ്ത്രമേഖലകളിൽ ഉപയോഗിക്കണം. സൈദ്ധാന്തികമായ പൂർവധാരണകളുടെ സമ്മർദംകുറച്ച് നിരന്തരമായ സ്വയം പരിശോധനയ്ക്കും നവീകരണത്തിനുമുള്ള തുറസ്സ് വിവർത്തനപഠനങ്ങൾ നിലനിർത്തണം.

നിലവിലുള്ള സാഹിത്യസിദ്ധാന്തങ്ങൾ നിഷേധിച്ചും സാഹിത്യചരിത്രത്തിൽ പ്രശ്നവൽക്കരിക്കപ്പെട്ട വിവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചും നടത്തുന്ന പഠനങ്ങൾ സാഹിത്യപഠനത്തിനുതന്നെ പുതിയ അറിവുകൾ നൽകിയേക്കാം. പുതിയചോദ്യങ്ങൾ വിവർത്തനമേഖലയിൽ ഉന്നയിക്കപ്പെടുമ്പോൾ സാഹിത്യസിദ്ധാന്തങ്ങൾക്കു ബാധകമായ നിരവധി പ്രശ്നങ്ങൾ ചർച്ചചെയ്യുന്നുണ്ട്. സാംസ്കാരികവ്യവസ്ഥകളുടെ പരസ്പരാശ്രിതത്വവും സാഹിത്യകൃതികളുടെ പാഠാന്തരബന്ധവും വിവർത്തനപഠനത്തിൽ സജീവവിഷയങ്ങളാണ്. സാഹിത്യസിദ്ധാന്തങ്ങൾ പോലെതന്നെ ആധുനികവിവർത്തനസിദ്ധാന്തങ്ങളും ഘടനാവാദത്തോടുകൂടിയാണ് ആരംഭിക്കുന്നത്. സാഹിത്യസിദ്ധാന്തങ്ങളുടെ മേഖലയിൽ പിന്നീടുണ്ടായ ചലനങ്ങളൊക്കെ വിവർത്തനസിദ്ധാന്തങ്ങളിലും പ്രതിഫലിക്കുന്നുണ്ട്.

## വിവർത്തനപഠനങ്ങൾ- രണ്ടാം ഘട്ടം

അറുപതുകളുടെ മധ്യത്തിൽ ആരംഭിച്ചതും ഇന്നും പ്രബലമായി തുടരുന്നതുമായ അഞ്ചു വിവർത്തനസമീപനങ്ങളുണ്ടെന്നു സമകാലികവിവർത്തനസിദ്ധാന്തങ്ങൾ വിമർശനാത്മകമായി വിലയിരുത്തുമ്പോൾ എഡ്വിൻ ജൻസ്‌ലെർ നിരീക്ഷിക്കുന്നു (Gentzler 1993). അമേരിക്കൻ വിവർത്തകശില്പശാലയിലെ നിരീക്ഷണങ്ങൾ, വിവർത്തനശാസ്ത്രം, വിവർത്തനപഠനങ്ങളുടെ ആദ്യഘട്ടം, ബഹുവ്യവസ്ഥാസിദ്ധാന്തം, അപനിർമാണം- ഇവയാണു ജൻസ്‌ലെർ രേഖപ്പെടുത്തുന്ന അഞ്ചു സമീപനങ്ങൾ. ജൻസ്‌ലെർ വിവർത്തനപഠനങ്ങളെ രണ്ടു ഘട്ടങ്ങളായി തിരിക്കുന്നു. ജയിംസ് ഹോംസ്, ആന്ദ്രേ ലെഫ്‌വേർ, റയ്മണ്ട് ബ്രൂക്ക് ഇവരുടെ ആശയങ്ങൾ ചർച്ചചെയ്യപ്പെടുന്ന ഒന്നാം ഘട്ടവും ബഹുവ്യവസ്ഥാസിദ്ധാന്തം (Polysystem Theory) ചർച്ച ചെയ്യപ്പെടുന്ന രണ്ടാം ഘട്ടവും.

## ബഹുവ്യവസ്ഥാസിദ്ധാന്തം- സൊഹർ

ശാസ്ത്രീയവും ഭാഷാശാസ്ത്രപരവുമായ വിവർത്തനസമീപനങ്ങളെ സംശയത്തോടുകൂടി വീക്ഷിച്ച ഒരു സംഘം ബൽജിയം, നെതർലന്റ്സ് ഇവിടങ്ങളിൽ ഉണ്ടായിരുന്നു. ഭാഷാശാസ്ത്രജ്ഞരുടെ സങ്കീർണപദാവലികളിലും ചിത്രങ്ങളിലും ഇവർക്കു വിശ്വാസം വന്നില്ല. അതിനാൽ അവർ വിവർത്തനങ്ങൾ എന്നു വിളിക്കുന്ന യഥാർഥകൃതികളിലേക്കു ശ്രദ്ധതിരിച്ചു. കഴിഞ്ഞ രണ്ടു ദശകങ്ങളിൽ സാഹിത്യവിവർത്തനത്തിനു പുതിയമാനദണ്ഡങ്ങൾ കണ്ടുപിടിക്കാൻ അവർ ശ്രമിച്ചു. സാങ്കല്പികമായ ആദർശ വിവർത്തനങ്ങളിൽനിന്നു നിലവിലുള്ള വിവർത്തനങ്ങളിലേക്ക്, ലക്ഷ്യഭാഷയിലെ കൃതികളിലേക്കു വിവർത്തനപഠനത്തിന്റെ കേന്ദ്രം മാറ്റിസ്ഥാപിച്ചതാണ് ഈ സംഘത്തിന്റെ പ്രധാന സൈദ്ധാന്തികസംഭാവന. വിവർത്തനപഠനങ്ങളും ബഹുവ്യവസ്ഥാസിദ്ധാന്തവും ലോകത്തിന്റെ രണ്ടു ഭാഗങ്ങളിലാണു വികാസം പ്രാപിച്ചതെങ്കിലും അവ തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്.

ഭൗതികസാഹചര്യങ്ങളിലുള്ള സാമ്യമാവാം ഡച്ച്, ഇസ്രയേൽ ഗവേഷകർ ഒരേ പാതയിൽ സഞ്ചരിക്കാനിടയാക്കിയത്. ഫ്ളമിഷ്, ഡച്ച് ഗവേഷകർക്കു ജർമൻ, ചെക്ക് ഭാഷാശാസ്ത്രവിഭാഗങ്ങളോടും ഇസ്രയേലി ഗവേഷകർക്കു ജർമൻ, റഷ്യൻ, ആംഗ്ലോ അമേരിക്കൻ പണ്ഡിതരോടും ഉണ്ടായിരുന്ന കൊടുക്കൽ വാങ്ങലുകൾ മറ്റൊരു കാരണവും. രണ്ടു മേഖലകളും കൂടുതൽ പ്രബലമായ ഭാഷാസാഹിത്യങ്ങളുടെ സമ്മർദം ചുറ്റുപാടുനിന്നും അനുഭവിക്കുന്നുണ്ടായിരുന്നു. ഡച്ചുസാഹിത്യത്തിനു ചുറ്റും ജർമൻ, ഫ്രഞ്ച് ആംഗ്ലോ അമേരിക്കൻ സാഹിത്യങ്ങളും ഇസ്രയേലി സാഹിത്യത്തിനു ചുറ്റും ജർമൻ, റഷ്യൻ ആംഗ്ലോ അമേരിക്കൻ സാഹിത്യങ്ങളും. ഇസ്രയേലിന്റെ സ്ഥിതി കൂടുതൽ പരിതാപകരമായിരുന്നു. പ്രാമാണികസാഹിത്യഗ്രന്ഥങ്ങൾ കുറവായിരുന്ന ഹീബ്രുസാഹിത്യത്തിനു വൈവിധ്യവും ആഴവും കൈവരുത്തുവാൻ വിദേശസാഹിത്യത്തെ ആശ്രയിക്കണമായിരുന്നു. സാമ്പത്തികരാഷ്ട്രീയകാരണങ്ങളാൽ സംസ്കാരം മൊത്തത്തിൽതന്നെ വിവർത്തനത്തെ ആശ്രയിച്ചുനിൽക്കുന്ന

അവസ്ഥയായിരുന്നു ഇസ്രയേലിൽ. ഇസ്രയേലി ഗവേഷകർ ആദ്യകാലവിവർത്തനപഠനങ്ങളെ എതിർക്കുകയല്ല വിപുലീകരിക്കുകയാണു ചെയ്തത്. വിവർത്തനങ്ങൾ ചരിത്രാത്മകമായി വിലയിരുത്താനും വിവർത്തനങ്ങളെ സ്വാധീനിക്കുന്ന സൗന്ദര്യശാസ്ത്രപരമായ മുൻവിധികളുടെ താത്ക്കാലികത്വം വെളിവാക്കാനും പറ്റുന്ന തരത്തിൽ ആദ്യകാലപഠനങ്ങൾ അവരുപയോഗിച്ചു.

സമകാലികവിവർത്തനപഠനങ്ങൾക്ക് ഏറ്റവും കൂടുതൽ സംഭാവനകൾ നൽകിയത് ഇസ്രയേലി ഗവേഷകർ മുന്നോട്ടുവച്ച ബഹുവ്യവസ്ഥാസിദ്ധാന്തമാണ്. 1970-77 കാലത്തെഴുതിയതും 1978-ൽ 'Papers in Historical Poetics' എന്ന പേരിൽ സമാഹരിച്ചതുമായ പഠനലേഖനങ്ങളിലാണ് ഇറ്റാമർ ഇവൻ സൊഹർ 'Polysystem' എന്ന പേര് ആദ്യമായി ഉപയോഗിച്ചത്.[3] സൊഹറുടെ സിദ്ധാന്തങ്ങളുപയോഗിച്ചു പരീക്ഷണനിരീക്ഷണങ്ങൾ നടത്തിയ ടെൽ അവീവു യൂണിവേഴ്സിറ്റിയിലെ പല പണ്ഡിതരിലൊരാളായ ഗിദെയോൻ ടൂറി ബഹുവ്യവസ്ഥാസിദ്ധാന്തം വികസിപ്പിച്ചു 'വിവർത്തനതീരുമാനങ്ങളെ സ്വാധീനിക്കുന്ന വിധികൾ' (Norms for Translation) ആവിഷ്കരിച്ച് വിവർത്തനസിദ്ധാന്തങ്ങളുടെ ചട്ടക്കൂടു കുറേക്കൂടി വലുതാക്കി അവതരിപ്പിച്ചു. 1978-ൽ ടെൽ അവീവിലും 1980-ൽ ആന്റിവേപ്പിലും നടത്തിയ വിവർത്തനകോൺഫറൻസുകളിലാണ് ഈ സിദ്ധാന്തങ്ങൾ അവതരിപ്പിക്കപ്പെട്ടത്.

ഒരു സംസ്കാരത്തിൽ ഏറ്റവും ഉന്നതമായി കണക്കാക്കുന്ന സാഹിത്യരൂപങ്ങൾമുതൽ ഏറ്റവും താഴെയായി കണക്കാക്കപ്പെടുന്ന സാഹിത്യരൂപങ്ങൾവരെ ഉൾക്കൊള്ളുന്ന സങ്കല്പനമാണു സൊഹറിന്റെ ബഹുവ്യവസ്ഥ. സാഹിത്യ മാനദണ്ഡങ്ങൾ നിർണയിക്കാൻ ഉപയോഗിക്കുന്ന ഉന്നതരചനകൾ മുതൽ പൈങ്കിളിസാഹിത്യവും ബാലസാഹിത്യവുംവരെ ഉൾക്കൊള്ളുന്ന വ്യത്യസ്തവ്യവസ്ഥകളുടെ സമാഹാരമാണു ബഹുവ്യവസ്ഥ. കൃതികൾ മാത്രമല്ല, അവയുടെ ഉല്പാദനം, വിതരണം, വായന, ഉപഭോഗം എല്ലാം ചേർന്നതാണു സൊഹറിന്റെ ഈ പരികല്പന. ഒരു ബഹുവ്യവസ്ഥയ്ക്കുള്ളിൽ വ്യത്യസ്തവ്യവസ്ഥകൾ കേന്ദ്രസ്ഥാനത്തിനു വേണ്ടിയുള്ള ബലപരീക്ഷണത്തിൽ നിരന്തരമായി ഏർപ്പെട്ടിരിക്കും. കേന്ദ്രപാർശ്വസ്ഥാനങ്ങൾ എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന ചലനാത്മകമായ വ്യവസ്ഥയായാണു സൊഹർ സാഹിത്യത്തെ കാണുന്നത്.

നിലവിലുള്ള യൂറോ അമേരിക്കൻ വിവർത്തനസിദ്ധാന്തങ്ങൾ വിവർത്തനപഠനത്തിന് അപര്യാപ്തമാണെന്നു സൊഹർ മനസ്സിലാക്കി. ഹീബ്രുവിലെ വിവർത്തനപഠനത്തിനു യോജിച്ച സിദ്ധാന്തമാതൃകയ്ക്കുവേണ്ടിയുള്ള അന്വേഷണമാണു ബഹുവ്യവസ്ഥാസിദ്ധാന്തത്തിൽ എത്തിയത്. ടെൽ അവീവ് യൂണിവേഴ്സിറ്റിയിലെ 'History of Literary Translation into Hebrew' എന്ന ഒരു ദശാബ്ദത്തോളം നീണ്ടപഠനത്തിൽനിന്നുള്ള ഉൾക്കാഴ്ചകൾ ഈ ആശയങ്ങളുടെ രൂപീകരണത്തെ സ്വാധീനിച്ചിട്ടുണ്ട്.





ഓരോ കൃതിയുടെയും വിവർത്തനം ഒറ്റയ്ക്കു പഠിക്കുന്ന രീതി 'സാഹിത്യബഹുവ്യവസ്ഥയിൽ വിവർത്തനസാഹിത്യത്തിന്റെ സ്ഥാനം' എന്ന ലേഖനത്തിൽ സൊഹർ ചോദ്യംചെയ്യുന്നു (Toury 1987:107-115). ലക്ഷ്യഭാഷാസാഹിത്യത്തിനുള്ളിൽ പ്രത്യേകവ്യവസ്ഥയായി പ്രവർത്തിക്കുന്ന വിവർത്തനസാഹിത്യത്തെ സമഗ്രമായ ഒരു യൂണിറ്റായി കണക്കാക്കിയാണു പഠിക്കേണ്ടത്. ലക്ഷ്യഭാഷാവ്യവസ്ഥയ്ക്കുള്ളിൽ വിവർത്തനസാഹിത്യത്തിനു കേന്ദ്രസ്ഥാനമോ പാർശ്വസ്ഥാനമോ ലഭിക്കുന്നതിനു സാംസ്കാരികവും സാഹിതീയവുമായ കാരണങ്ങളുണ്ട്[4]. ലക്ഷ്യഭാഷാസാഹിത്യം രൂപീകരിക്കുന്നതിൽ മുഖ്യമായ പങ്കു വഹിക്കുക, ലക്ഷ്യഭാഷാസാഹിത്യത്തിൽ വ്യവസ്ഥാപിതമായ ചില മാതൃകകളുടെ ശിഷ്യത്വം സ്വീകരിച്ച് ആ രീതിയിൽ രൂപപ്പെടുക എന്നിങ്ങനെ രണ്ടു ധർമങ്ങളാണു വിവർത്തനങ്ങൾക്കുള്ളത്.

വിവർത്തനസാഹിത്യം ലക്ഷ്യഭാഷാസാഹിത്യത്തിനുള്ളിൽ പ്രത്യേകവ്യവസ്ഥയായി നിലനിൽക്കുന്നുണ്ടോ? വിവർത്തനസാഹിത്യം യഥാർഥസാഹിത്യം (original literature) തന്നെ എന്നു നാം പെട്ടെന്ന് അനുമാനിക്കുന്നതിനു പിന്നിൽ സാംസ്കാരികമായ ശൃംഖലാബന്ധങ്ങൾ പ്രവർത്തിക്കുന്നുണ്ടോ? മാതൃസന്ദർഭത്തിൽനിന്നു അടർത്തിമാറ്റപ്പെട്ടു പൂർണമായ വസ്തുതകളടങ്ങിയ കൃതിയെന്ന നിലയിൽ പ്രവർത്തിക്കുന്ന വിവർത്തനങ്ങളുടെ പരസ്പരബന്ധമെന്ത്? ഇത്തരം ചോദ്യങ്ങൾക്കു ബഹുവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഉത്തരം കണ്ടെത്താനാണ് സൊഹർ ശ്രമിക്കുന്നത്.

ഒരു സാഹിത്യബഹുവ്യവസ്ഥയ്ക്കുള്ളിലെ അവിഭക്തമായ ഘടകമാണു വിവർത്തനസാഹിത്യം എന്നല്ല, അതിനുള്ളിലെ ഏറ്റവും സജീവമായ വ്യവസ്ഥയാണതെന്നു സൊഹർ അഭിപ്രായപ്പെടുന്നു. വിവർത്തനങ്ങൾ പലപ്പോഴും സാഹിത്യത്തിലെ നവീകരണശക്തിയായി മാറുന്നു. അത്തരം സാഹചര്യങ്ങളിൽ യഥാർഥസാഹിത്യം, വിവർത്തനസാഹിത്യം എന്ന വിഭജനം അപ്രസക്തമാകുന്നു. വിവർത്തനങ്ങൾ തന്നെയാണു യഥാർഥകൃതികളായി, സ്വാധീനശക്തിയായി പ്രവർത്തിക്കുന്നത്. ലക്ഷ്യഭാഷാസാഹിത്യചരിത്രത്തിലെ പ്രധാനസംഭവങ്ങളുമായി ചേർത്താണു പല വിവർത്തനങ്ങളും പരിഗണിക്കേണ്ടത്. സാഹിത്യത്തെ മുന്നോട്ടുനയിക്കുന്ന ചാലകശക്തികളായി വിവിധകാലങ്ങളിൽ പ്രവർത്തിച്ച മുന്നണിയെഴുത്തുകാരാണു പ്രശംസാർഹമായ പല വിവർത്തനങ്ങളും നിർവഹിച്ചത്. (മലയാളസാഹിത്യത്തിൽ ഇതിനു ഏറ്റവും മികച്ച ഉദാഹരണം കേസരി ബാലകൃഷ്ണപിള്ളയാണ്). പുതിയസാഹിത്യരൂപങ്ങളും പ്രവണതകളും രൂപപ്പെട്ടുവരുന്ന സന്ദർഭത്തിൽ അവയെ സമഗ്രമായി പ്രതിഫലിപ്പിക്കുന്നവയെന്ന രീതിയിൽ ചില വിവർത്തനങ്ങൾ പുറത്തുവന്നു.[5] വിവർത്തനം ചെയ്യപ്പെടേണ്ട കൃതിയെന്ന സ്ഥാനം ഒരു രചന നേടുന്നതിനു പിന്നിൽ ലക്ഷ്യഭാഷാസാഹിത്യവ്യവസ്ഥയെ നിയന്ത്രിക്കുന്ന സാഹചര്യങ്ങൾ പ്രവർത്തിക്കു

ന്നുണ്ട്. മൂലഭാഷാവ്യവസ്ഥയിൽ കൃതി നേടിയെടുത്തിരിക്കുന്ന സ്ഥാനമാണു ലക്ഷ്യഭാഷാവ്യവസ്ഥയിൽ ആ കൃതി വഹിക്കേണ്ട പങ്കിനെക്കുറിച്ചുള്ള പൂർവ നിഗമനത്തിനു പിന്നിലുള്ളത്.

വിവർത്തനസാഹിത്യം മൂന്നു സന്ദർഭങ്ങളിൽ സാഹിത്യബഹുവ്യവസ്ഥയുടെ കേന്ദ്രസ്ഥാനത്തുവരാമെന്നു സൊഹർ.

1. ഒരു ഭാഷയിലെ സാഹിത്യം വ്യവസ്ഥാപിതമാകാത്തവിധം ചെറുപ്പമായിരിക്കുമ്പോൾ.

2. ശക്തമായ വിവിധ ഭാഷാസാഹിത്യങ്ങൾക്കിടയിൽ മറ്റൊരു ഭാഷയിലെ സാഹിത്യം തമസ്കൃതമോ ദുർബലമോ ആകുമ്പോൾ.

3.സാഹിത്യത്തിൽ വഴിത്തിരിവോ പ്രശ്നങ്ങളോ ശൂന്യതയോ ഉണ്ടാകുമ്പോൾ.  ഈ സാഹചര്യങ്ങളില്ലാത്തപ്പോൾ വിവർത്തനങ്ങൾ ബഹുവ്യവസ്ഥയുടെ കേന്ദ്രത്തിനു പുറത്താവുകയും ചെയ്യുന്നു. ഉന്നതമെന്നും വികസിതമെന്നും കരുതുന്ന ഭാഷാസാഹിത്യങ്ങൾ വളരെക്കുറച്ചു വിവർത്തനങ്ങൾ മാത്രമേ സ്വീകരിക്കുന്നുള്ളൂ[6].

വിവർത്തനങ്ങൾ ബഹുവ്യവസ്ഥയ്ക്കുള്ളിലെ കേന്ദ്രസ്ഥാനത്തു പ്രവർത്തിക്കുമ്പോൾ പുതിയ സാഹിത്യരൂപങ്ങൾക്കും ആശയധാരകൾക്കും വഴിവയ്ക്കുന്നു. വിവർത്തനസാഹിത്യം കേന്ദ്രസ്ഥാനത്തു വർത്തിക്കുമ്പോൾ മൂലകൃതിയും വിവർത്തനവും തമ്മിലുള്ള അതിരുകൾ മറയുന്നുവെന്നു സൊഹർ പറയുന്നു. അപ്പോൾ വിവർത്തനനിർവചനവും ഉദാരമാകുന്നു. വിവർത്തനങ്ങൾ അത്യാവശ്യമാവുകയും അവ ലക്ഷ്യസാഹിത്യവ്യവസ്ഥയിൽ കേന്ദ്രസ്ഥാനം വഹിക്കുകയും ചെയ്യുമ്പോൾ വ്യാഖ്യാനം, അനുവാദം, അനുകരണം ഇവയൊക്കെ ഉൾക്കൊള്ളുന്ന തരത്തിൽ വിവർത്തനനിർവചനം ഉദാരമാകുന്നു. ലക്ഷ്യസാഹിത്യത്തിലെ പരമ്പരാഗതമായി വ്യവസ്ഥാപിതമായ രൂപമാതൃക സ്വീകരിച്ചുകൊണ്ടെത്തുന്ന വിവർത്തനങ്ങൾ സാഹിത്യത്തിൽ പിന്നോക്കം പോകലാണു നടത്തുന്നത്. അപ്പോൾ പഴയ രുചികൾ കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്ന യാഥാസ്ഥിതികത്വത്തിന്റെ പക്ഷത്താകുന്നു വിവർത്തനസാഹിത്യം.

സാഹിത്യത്തിൽ പുതുമ കൊണ്ടുവരാൻ കഴിയുന്നതുപോലെ തന്നെ പഴമ സംരക്ഷിക്കാനും വിവർത്തനങ്ങൾക്കു കഴിയും. സാഹിത്യത്തിൽ വലിയ നവീകരണങ്ങൾക്കു കാരണമായ വിവർത്തനങ്ങൾതന്നെ മാറിക്കൊണ്ടിരിക്കുന്ന മൂലഭാഷാസാഹിത്യവുമായുള്ള ബന്ധവിച്ഛേദനത്തിനുശേഷം മാറ്റമില്ലാത്ത അവസ്ഥാവിശേഷമായി അവശേഷിക്കാം. അങ്ങനെ വിപ്ലവകരമായ മാറ്റമുണ്ടാക്കിയ വിവർത്തനങ്ങൾതന്നെ മാറ്റത്തെ എതിർക്കുന്നവരുടെ സംരക്ഷണയിൽ ലക്ഷ്യഭാഷാസാഹിത്യത്തിൽ രണ്ടാംതരം സാഹിത്യരൂപങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കും.





ഇങ്ങനെ നോക്കുമ്പോൾ വിവർത്തനമെന്നതു സ്വഭാവവും അതിരുകളും മുൻകൂട്ടി നിർണയിക്കപ്പെട്ട മാറ്റമില്ലാതെനിൽക്കുന്ന പ്രതിഭാസമല്ല. ഒരു സാംസ്കാരികവ്യവസ്ഥയ്ക്കുള്ളിലെ ബന്ധങ്ങളിൽ അധിഷ്ഠിതമായ പ്രവൃത്തിയാണ്. അതുകൊണ്ടുതന്നെ വിവർത്തനത്തിന്റെ സ്വയംപര്യാപ്തത, വിവർത്തനസമമൂല്യത തുടങ്ങിയകാര്യങ്ങൾ ബഹുവ്യവസ്ഥാസാഹചര്യങ്ങൾകൂടി കണക്കിലെടുക്കാതെ നിർവചിക്കാവുന്നതല്ല. ഇത്തരം കാര്യങ്ങൾ അവഗണിച്ചതാണു നിശ്ചലമായ ഭാഷാശാസ്ത്രരൂപങ്ങളെയും അവികസിതസാഹിത്യസിദ്ധാന്തങ്ങളെയും കണക്കിലേറെ ആശ്രയിച്ച വിവർത്തനസിദ്ധാന്തങ്ങൾക്കു പറ്റിയ പിഴവ് എന്നും സൊഹർ നിരീക്ഷിക്കുന്നു.

## വിവർത്തന നിയമങ്ങൾ- ഗിദെയോൻ ടൂറി

ഇവൻ സൊഹറിന്റെ ആശയങ്ങൾ വിശദീകരിച്ചു ഗിദെയോൻ ടൂറി 'വിവർത്തനനിയമങ്ങൾ' രൂപീകരിച്ചു. ടൂറിയുടെ പഠനത്തിനു രണ്ടു ഘട്ടങ്ങൾ കാണാം. ഹീബ്രുവിലെ വിദേശനോവൽവിവർത്തനത്തെ നിയന്ത്രിക്കുന്ന സാംസ്കാരികഘടകങ്ങളുടെ സാമൂഹികശാസ്ത്രപഠനവും പഠനഫലമുപയോഗിച്ചുള്ള സിദ്ധാന്തരൂപീകരണവും. ആദ്യഘട്ടം ബഹുവ്യവസ്ഥാസിദ്ധാന്തത്തിന്റെ ചട്ടക്കൂടിനുള്ളിൽതന്നെ ആയിരുന്നു. സിദ്ധാന്തരൂപീകരണഘട്ടത്തിൽ ബഹുവ്യവസ്ഥയുടെ അടിസ്ഥാനതത്ത്വങ്ങൾ സ്വീകരിച്ചുകൊണ്ടു ടൂറി തനതായ കാഴ്ചപ്പാടുകളവതരിപ്പിച്ചു.

ഹീബ്രുവിലെ വിവർത്തനഗവേഷണത്തിൽ സൊഹറിനോടൊപ്പം പങ്കെടുത്ത ടൂറി വിദേശനോവലുകളുടെ വിവർത്തനപഠനമാണ് ആദ്യം നടത്തിയത്. ഇംഗ്ലീഷ്, ജർമൻ, റഷ്യൻ, ഫ്രഞ്ച്, യിദ്ദിഷ് ഭാഷകളിൽനിന്നു പതിനഞ്ചു വർഷം ഹീബ്രുവിലേക്കു നടന്ന നോവൽവിവർത്തനങ്ങളായിരുന്നു ടൂറിയുടെ മേഖല. ഇക്കാലയളവിൽ വിവർത്തനം ചെയ്യപ്പെട്ട എഴുത്തുകാരുടെയും കൃതികളുടെയും എണ്ണം, പ്രസിദ്ധീകരണസ്ഥാപനങ്ങളുടെ എണ്ണം- ഇവയുടെയൊക്കെ സമഗ്രപഠനമാണു നടത്തിയത്. ഹീബ്രുബഹുവ്യവസ്ഥയിലെ വിവർത്തനങ്ങളെ നിയന്ത്രിക്കുന്ന തീരുമാനങ്ങൾ പഠനത്തിലൂടെ കണ്ടെത്തുകയായിരുന്നു ലക്ഷ്യം. വിവർത്തനങ്ങളിൽ ഭാഷാശാസ്ത്രപരമായ വ്യതിയാനങ്ങൾ വളരെക്കുറച്ചു മാത്രമാണെന്നു ടൂറി കണ്ടെത്തി. ചെറിയ ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും കൃതിയുടെ സ്വത്വത്തെ ബാധിക്കുന്നതുമല്ല. ലക്ഷ്യഭാഷയിൽ വിവർത്തനത്തിന്റെ പദവി ഉയർത്തുന്ന തരത്തിലുള്ള പദങ്ങളുടെ തിരഞ്ഞെടുപ്പിലും മറ്റുമാണു വ്യതിയാനങ്ങൾ നിരീക്ഷിച്ചത്.

ഒരു കൃതി ഹീബ്രുവിലേക്കു വിവർത്തനം ചെയ്യാൻ തീരുമാനിക്കുന്നതിനു പിന്നിൽ പ്രത്യയശാസ്ത്രപരമായ കാരണമാണ് ഒന്നാമതായുള്ളത്. ഭാഷാശാസ്ത്രവും സൗന്ദര്യശാസ്ത്രവും പിന്നീടേ കടന്നുവരുന്നുള്ളൂ. സാഹിതീയ കാരണങ്ങളാൽ വിവർത്തനം ചെയ്യപ്പെടുന്ന കൃതികൾക്കു ലക്ഷ്യസാഹിത്യ

ത്തിൽ കേന്ദ്രസ്ഥാനം ലഭിക്കുന്നതായി സൊഹറും ടൂറിയും കണ്ടെത്തി. ചില കൃതികൾ വിവർത്തനം ചെയ്യപ്പെടുന്നതിനു പിന്നിൽ യാദൃച്ഛികതകളുമുണ്ട്. സാഹിത്യസിദ്ധാന്തങ്ങളുടെയോ വിവർത്തന ഭാഷാശാസ്ത്രസിദ്ധാന്തങ്ങളുടെയോ പിൻബലമില്ലാത്ത വിവർത്തനങ്ങൾ, മൂലകൃതിയുമായി സാരമായ വ്യതിയാനങ്ങളുണ്ടെങ്കിൽത്തന്നെയും ലക്ഷ്യസാഹിത്യത്തിൽ വിവർത്തനങ്ങൾ എന്ന ധർമം നിർവഹിക്കുന്നുണ്ട്. ഹീബ്രുവിലെ വിവർത്തനങ്ങൾ മൂലകൃതികളോടു ഭാഷാശാസ്ത്രപരമോ ധർമപരമോ ആയി ഭാഗികതുല്യതമാത്രമേ പുലർത്തുന്നുള്ളൂവെങ്കിലും അവ ലക്ഷ്യസാഹിത്യവ്യവസ്ഥയിൽ കേന്ദ്രസ്ഥവും പാർശ്വസ്ഥവുമായ എല്ലാ നിലകളിലും സ്വീകാര്യമാവുന്നുണ്ട്. യഥാർഥത്തിൽ വിവർത്തനതുല്യതയില്ലെങ്കിലും തെറ്റായ വിവർത്തനങ്ങൾ, അപര്യാപ്തമായ വിവർത്തനങ്ങൾ എന്ന പഴി കൃതികൾക്ക് ഏൽക്കേണ്ടി വരുന്നില്ല. ഭാഷാശാസ്ത്രപരമായ തുല്യതയോ അതിനടുത്ത സ്ഥിതിയോ വിവർത്തനങ്ങൾക്ക് ഉണ്ടായാൽതന്നെയും അതു മനഃപൂർവമല്ല, യാദൃച്ഛികമായിരുന്നു. മൂലകൃതിയുടെ സാംസ്കാരിക സാഹചര്യങ്ങളെക്കുറിച്ചു വേണ്ടത്ര ധാരണയില്ലാത്തതുകൊണ്ടല്ല വിശ്വസ്തവിവർത്തനങ്ങളിൽനിന്നു വിവർത്തകർ അകന്നുനിന്നത്. അവരുടെ ലക്ഷ്യം ലക്ഷ്യഭാഷയിൽ സ്വീകാര്യമായ വിവർത്തനങ്ങൾ നിർമിക്കലായിരുന്നു. അങ്ങനെ വിവർത്തനപ്രക്രിയയെ നിയന്ത്രിച്ചതു ലക്ഷ്യഭാഷയിലെ സാംസ്കാരിക കാലാവസ്ഥകളാണെന്നു വ്യക്തമായി.

ഇങ്ങനെയാകുമ്പോൾ മൂലകൃതിയെയും മൂലഭാഷാസാഹിത്യത്തെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള വിവർത്തനസിദ്ധാന്തം അപ്രസക്തമാണ്. വിവർത്തനം എന്തായിരിക്കണമെന്നു മുൻകൂട്ടി നിശ്ചയിക്കുന്നതിനു പകരം നിലവിലുള്ള വിവർത്തനങ്ങളെ അതതിന്റെ സാംസ്കാരികപശ്ചാത്തലത്തിൽ അപഗ്രഥിക്കുകയാണു വേണ്ടതെന്നു ടൂറി നിർദേശിച്ചു. വിവർത്തനപ്രക്രിയയിൽ ഭാഷാശാസ്ത്രസിദ്ധാന്തങ്ങളും സൗന്ദര്യശാസ്ത്രനിയമങ്ങളും വളരെക്കുറച്ച് ഇടപെടലുകൾ മാത്രമാണു നടത്തിയത്. അതിനാൽ ഭാഷാശാസ്ത്രസിദ്ധാന്തങ്ങളും ചലനാത്മകതുല്യതാസിദ്ധാന്തങ്ങളും ടൂറി തള്ളിക്കളയുന്നു. അത്തരം സിദ്ധാന്തങ്ങൾ വിവർത്തനപഠനത്തെ വീണ്ടും മൂലകൃതിയിലേക്കും മൂലഭാഷാസാഹിത്യത്തിലേക്കും പിന്നോക്കം നയിക്കുന്നു. മൂലകൃതിയും വിവർത്തനവും തമ്മിലുള്ള ബന്ധം നിർണയിക്കുന്നത് ലക്ഷ്യസാഹിത്യമാണെന്നു ടൂറി പറയുന്നു.

വ്യതിയാനങ്ങളിലൂന്നിയുള്ള വിവർത്തനമാതൃകയാണു ടൂറി നിർദേശിച്ചത്. ഓരോ ഭാഷാശാസ്ത്രവ്യവസ്ഥയും സാഹിത്യപാരമ്പര്യവും ഘടനയുടെയും പ്രയോഗത്തിന്റെയും കാര്യത്തിൽ മറ്റൊന്നിൽനിന്നു ഭിന്നമായിരിക്കും. ലക്ഷ്യഭാഷയിലെ പൂർണസ്വീകാര്യതയ്ക്കും മൂലകൃതിയോടുള്ള പരിപൂർണ വിശ്വസ്തതയ്ക്കും ഇടയ്ക്കാണു ടൂറി വിവർത്തനങ്ങളുടെ സ്ഥാനം നിർണയിക്കുന്നത്. പുതിയ അറിവുകളും അപരിചിതഘടകങ്ങളും ഉൾക്കൊള്ളുന്ന





തിനാൽ ഒരു വിവർത്തനവും ലക്ഷ്യസാഹിത്യത്തിൽ പരിപൂർണമായി സ്വീകാര്യമാവില്ല. ലക്ഷ്യഭാഷയിലെ സാംസ്കാരികബന്ധസംഹിത മൂലഭാഷയിലേതിൽനിന്നു വ്യത്യസ്തമായതിനാൽ ഒരു വിവർത്തനവും മൂലകൃതിയോടു പൂർണതുല്യത പുലർത്തുന്നുമില്ല. ഈ രണ്ടു ബാധ്യതകളിൽ വീഴ്ചവരുത്തുന്നതിനു പരമ്പരാഗത വിവർത്തനപഠനം വിവർത്തകരെ കുറ്റപ്പെടുത്തിയിരുന്നു. ഭാഷാശാസ്ത്രം പിഴവുകൾ ചൂണ്ടിക്കാട്ടുകയും മെച്ചപ്പെട്ട വിവർത്തനത്തിനുള്ള മാർഗങ്ങൾ നിർദേശിക്കുകയും ചെയ്തു. മൂലകൃതിയുടെ ധർമങ്ങൾ വിവർത്തനം നിർവഹിക്കുന്നില്ലെന്നു സാഹിത്യസിദ്ധാന്തങ്ങൾ പരാതിപ്പെട്ടു.

വിവർത്തനപഠനം ലക്ഷ്യസാഹിത്യത്തിന്റെ പശ്ചാത്തലത്തിലാകണമെന്നു ടൂറി നിർദേശിച്ചു. വിവർത്തനങ്ങൾക്കു മറ്റു സാഹിത്യകൃതികളെപ്പോലെതന്നെ ദൃഢവും നിശ്ചിതവുമായ സത്തയില്ല. ലക്ഷ്യഭാഷയിലെ അതതു സാംസ്കാരികപ്രവണതകൾക്കനുസരിച്ചു വിവർത്തനങ്ങൾക്കും പലമുഖങ്ങളുണ്ടാകുന്നു. ഇങ്ങനെ പലതരം സ്വത്വങ്ങളിലേക്കു നയിക്കുന്ന സാഹചര്യങ്ങൾ വിശദമാക്കാൻ വിവർത്തനപഠനത്തിനു കഴിയണം. വിവർത്തനം എന്ന ഉല്പന്നം എന്തായിരിക്കണമെന്ന പ്രവചനമല്ല വിവർത്തനസിദ്ധാന്തത്തിന്റെ ലക്ഷ്യം.[7] സാംസ്കാരികവും ചരിത്രപരവുമായ വസ്തുതകൾ ഉൾക്കൊള്ളുന്ന തന്റെ വിവർത്തനസിദ്ധാന്തത്തെ വിവർത്തനനിയമങ്ങൾ (Translation Norms) എന്നു ടൂറി വിളിക്കുന്നു.

'The Nature and Role of Translation Norms in Literary Translation' എന്ന പ്രബന്ധത്തിൽ ടൂറി തന്റെ വിവർത്തനനിയമങ്ങൾ വ്യക്തമാക്കുന്നു. പരസ്പരബന്ധിതവും സംഘർഷത്തിലേർപ്പെടുന്നതുമായ സങ്കീർണനിയമങ്ങളുടെ സഞ്ചയമാണ് ഓരോ സമൂഹവും. എന്നാൽ ഇതിനിടയിലും പൊതുവായ ചില പെരുമാറ്റരീതികൾ കണ്ടെടുക്കാനാവും. ഈ പ്രവണതകൾ മനസ്സിലാക്കണമെങ്കിൽ ഒരേ കൃതിയുടെ വ്യത്യസ്തചരിത്രസന്ദർഭങ്ങളിലുള്ള വിവർത്തനങ്ങൾ അപഗ്രഥിക്കേണ്ടിവരും.

മൂന്നുതരം വിവർത്തനനിയമങ്ങളെക്കുറിച്ചാണു ടൂറി പറയുന്നത്. 1.(Preliminary) 2.( Initial) 3. (Operational). വിവർത്തനത്തെക്കുറിച്ചുള്ള ആദ്യതീരുമാനമെടുക്കുംമുൻപു വിവർത്തകർക്ക് ഉത്തരം കണ്ടെത്തേണ്ട നിരവധി ചോദ്യങ്ങളുണ്ട്. ലക്ഷ്യഭാഷയുടെ വിവർത്തനനയത്തെക്കുറിച്ചുള്ള ചോദ്യങ്ങളാണിവ. വിവർത്തനം ചെയ്യാനൊരുമ്പെടുന്ന കാലത്തു ലക്ഷ്യസാഹിത്യത്തിലെ വിവർത്തനരീതികളും പൊതുപ്രവണതകളും എന്തൊക്കെയാണ്? വിവർത്തനം, വ്യാഖ്യാനം, അനുകരണം തുടങ്ങിയ രീതിവ്യത്യാസങ്ങളോടു ലക്ഷ്യസാഹിത്യം പ്രതികരിക്കുന്നതെങ്ങനെയാണ്? ലക്ഷ്യസാഹിത്യം മുൻഗണന കൊടുക്കുന്ന അന്യസാഹിത്യമേത്? ഗ്രന്ഥകർത്താക്കൾ ആര്? ഇടനിലഭാഷയിലൂ

ടെയുള്ള വിവർത്തനം അനുവദനീയമാണോ? ഇവയെല്ലാം ടൂറിയുടെ നിയമങ്ങളുടെ ഒന്നാം ഭാഗത്തുവരുന്നു.

മൂലസംസ്കാരത്തിന്റെ പക്ഷത്താണോ ലക്ഷ്യസംസ്കാരത്തിന്റെ പക്ഷത്താണോ വിവർത്തനം നിൽക്കേണ്ടതെന്ന തീരുമാനമാണു രണ്ടാമത്തേത്. രണ്ടാം ഘട്ടത്തിലെ ഈ തീരുമാനമാണു മൂന്നാം ഘട്ടത്തിൽ വിവർത്തനപ്രക്രിയയെക്കുറിച്ചുള്ള തീരുമാനത്തിലേക്കു നയിക്കുന്നത്. ഒഴിവാക്കേണ്ടതും കൂട്ടിച്ചേർക്കേണ്ടതുമായ ഭാഗങ്ങൾ തീരുമാനിക്കുക, ശൈലി തിരഞ്ഞെടുക്കുക- ഈ കാര്യങ്ങളൊക്കെ മൂന്നാം ഘട്ടത്തിലാണു നടക്കുന്നത്. ലക്ഷ്യസാഹിത്യത്തിലെ വിവർത്തനങ്ങളുടെ സ്വീകാര്യത ഈ തീരുമാനങ്ങളെ സ്വാധീനിക്കുന്നു.

മൂലസാഹിത്യത്തിൽനിന്നു ലക്ഷ്യസാഹിത്യത്തിലേക്കും മൂലകൃതിയിൽനിന്നു ലക്ഷ്യകൃതിയിലേക്കും വിവർത്തനപഠനത്തിന്റെ കേന്ദ്രം മാറ്റി സ്ഥാപിച്ചതാണു ബഹുവ്യവസ്ഥാസിദ്ധാന്തത്തിന്റെയും വിവർത്തനനിയമങ്ങളുടെയും മുഖ്യസംഭാവന. ഒറ്റയ്ക്കൊറ്റയ്ക്കു കൃതികൾ തിരഞ്ഞെടുത്തു നടത്തുന്ന പഠനത്തെക്കാൾ വിവർത്തനവ്യവസ്ഥയുടെ പഠനത്തിന് ഈ സിദ്ധാന്തങ്ങൾ പ്രാധാന്യം നൽകി. സമൂഹത്തിന്റെയും രാഷ്ട്രീയത്തിന്റെയും സമ്പദ്വ്യവസ്ഥയുടെയും സമ്മർദങ്ങൾ വ്യത്യസ്തവിവർത്തനങ്ങളുടെ അപഗ്രഥനത്തിലൂടെ വ്യക്തമാക്കാം. ഇങ്ങനെ സാഹിത്യബാഹ്യമായ ഘടകങ്ങൾകൂടി ഉൾപ്പെടുത്തി വിവർത്തനപഠനം നടത്തണമെന്ന നിർദേശം ഈ മേഖലയുടെ അതിരുകൾ വിശാലമാക്കി. ലക്ഷ്യസാഹിത്യത്തിന്റ സാംസ്കാരികവ്യവസ്ഥയ്ക്കു വിവർത്തനപഠനത്തിൽ കൂടുതൽ പ്രാധാന്യം ലഭിച്ചു.

വിവർത്തനങ്ങൾ എന്തായിരിക്കണമെന്ന നിർദേശത്തിലും പ്രവചനത്തിലുമല്ല വിവർത്തനവിശദീകരണത്തിലാണു സൈദ്ധാന്തികർ ശ്രദ്ധിക്കേണ്ടതെന്ന വാദം വിവരണാത്മക വിവർത്തനപഠനത്തിന് ഉത്തേജനം നൽകി. സാഹിത്യപഠനത്തിനു പൊതുവെയും ബഹുവ്യവസ്ഥാസിദ്ധാന്തം പ്രയോജനപ്പെടുത്താം.

ഗിദെയോൻ ടൂറിയുടെ വിവർത്തനനിയമങ്ങളുടെ വിശദീകരണത്തിൽതന്നെയുള്ള ചില പരസ്പരവൈരുധ്യങ്ങൾ ജൻസ്‌ലെർ വിശദമാക്കുന്നുണ്ട് (Gentzler 1993:131- 4). അതോടൊപ്പം ടൂറിയുടെയും സൊഹറിന്റെയും ആശയങ്ങൾ വിവർത്തനപഠനരംഗത്തുണ്ടാക്കിയ പുതുചലനങ്ങൾ ജൻസ്‌ലെർ രേഖപ്പെടുത്തുകയും ചെയ്യുന്നു. ജൻസ്‌ലറുടെ അഭിപ്രായത്തിൽ ബഹുവ്യവസ്ഥാസിദ്ധാന്തവും വിവർത്തനനിയമങ്ങളും വിവർത്തനപഠനരംഗത്തു നാലു മാറ്റങ്ങൾ വരുത്തി (:134).

1. മൂലകൃതി/ലക്ഷ്യകൃതി എന്ന ദ്വന്ദ്വം മുൻനിർത്തിയുള്ള പഠനവും സാഹിത്യഭാഷാശാസ്ത്ര തുല്യതകളെക്കുറിച്ചുള്ള പഠനവും ഉപേക്ഷിച്ചു.





2. വിവർത്തനരചനയെ സ്വാധീനിക്കുന്നതു ലക്ഷ്യസംസ്കാരവ്യവസ്ഥയാണെന്നും അതിനാൽ ലക്ഷ്യഭാഷാസാഹചര്യങ്ങളാണു വിവർത്തനപഠനത്തിൽ പ്രധാനമെന്നും വാദിച്ചു.
3. മാറ്റമില്ലാത്ത സത്തയും സന്ദേശവും കൃതികൾക്കുണ്ടെന്ന പൂർവധാരണ വിവർത്തനപഠനം ഉപേക്ഷിച്ചു.
4. മൂലകൃതിയെയും ലക്ഷ്യകൃതിയെയും പരസ്പരവലയിതമായ സാംസ്കാരിക വ്യവസ്ഥയ്ക്കുള്ളിൽ പ്രതിഷ്ഠിച്ചു.

മൂലകൃതിയുമായുള്ള തുല്യത വിശദമാക്കുന്നതിൽനിന്നു വിവർത്തനപഠനത്തെ വഴിതിരിച്ചുവിടാൻ ബഹുവ്യവസ്ഥാസിദ്ധാന്തത്തിനു കഴിഞ്ഞു. അതേവരെ പ്രധാനമായിക്കാണാതിരുന്ന ചില ചോദ്യങ്ങൾക്കു പ്രാധാന്യം ലഭിച്ചു. ചില സംസ്കാരങ്ങൾ മറ്റുള്ളവയെക്കാൾ കൂടുതൽ വിവർത്തനങ്ങൾ നടത്തുന്നത് എന്തുകൊണ്ട്? ഏതു തരത്തിൽപ്പെട്ട കൃതികളാണു കൂടുതൽ വിവർത്തനം ചെയ്യപ്പെടുന്നത്? മൂലകൃതിക്കു മൂലസാഹിത്യത്തിലുള്ള പദവിയും ലക്ഷ്യകൃതിക്കു ലക്ഷ്യസാഹിത്യത്തിലുള്ള പദവിയും തമ്മിലുള്ള വ്യത്യാസമെന്ത്? ഓരോ കാലഘട്ടത്തിലെയും വിവർത്തനനിയമങ്ങൾ ഏവ? വിവർത്തനങ്ങൾ സാഹിത്യത്തിലെയും സംസ്കാരത്തിലെയും ചാലകശക്തികളായി വിലയിരുത്തപ്പെടുന്നുണ്ടോ? സാഹിത്യരംഗത്തു കാനോനീകരണത്തിനു വിധേയമാകുന്ന കൃതികളും വിവർത്തനങ്ങളും തമ്മിലുള്ള ബന്ധമെന്ത്? വിവർത്തകർ തങ്ങളുടെ പ്രവൃത്തിയെ കാണുന്നതും വിശദീകരിക്കുന്നതും ഏതുതരത്തിലാണ്? ഇത്തരം ചോദ്യങ്ങൾ സാഹിത്യചരിത്രത്തിൽ വിശദപഠനമർഹിക്കുന്ന സാംസ്കാരികവൃത്തിയായി വിവർത്തനത്തെ പുനർനിർവചിച്ചു.

പഠനരംഗത്തുണ്ടായ ഈ ദിശാവ്യതിയാനം വിവർത്തകപദവിക്കും വ്യത്യാസം വരുത്തി. വിവർത്തകർക്കും തങ്ങളുടേതായ ലക്ഷ്യങ്ങളുണ്ടെന്നും അതിനനുയോജ്യമായ തരത്തിൽ മൂലകൃതിയെ ദുരുപയോഗം (manipulation) ചെയ്യുകയാണെന്നുമുള്ള ആശയം ഈ ചിന്തകളിൽ അടങ്ങിയിട്ടുണ്ട്. വിവർത്തനപഠനരംഗത്തേക്കു സംവേദനസിദ്ധാന്തങ്ങൾ കടന്നുവന്നതോടെ ഈ ആശയം കൂടുതൽ ചർച്ചചെയ്യപ്പെട്ടു.

## വിവർത്തനവും സംവേദനസിദ്ധാന്തങ്ങളും

ലളിതമായിപ്പറഞ്ഞാൽ വിവർത്തനം രണ്ടുഘടകങ്ങളാണുൾക്കൊള്ളുന്നത്; ഒന്ന് ഭാഷ, രണ്ട് സംസ്കാരം. എൺപതുകൾവരെ വിവർത്തനചിന്തകൾ കൂടുതൽ ശ്രദ്ധിച്ചതു ഭാഷയിലായിരുന്നു. പിന്നീടുണ്ടായ ചിന്തകൾ വിവർത്തനപഠനത്തിന്റെ കേന്ദ്രം ഭാഷയിൽനിന്നു സംസ്കാരത്തിലേക്കു മാറ്റി പ്രതിഷ്ഠിച്ചു. നിരവധി സമ്മർദങ്ങൾക്കു വിധേയമായാണു വിവർത്തനം നടക്കുന്നതെന്നും അതിലേറ്റവും കുറഞ്ഞ സമ്മർദമാണു ഭാഷയുടേതെന്നും

ഉള്ള കാഴ്ചപ്പാട് ഈ ദിശാവ്യതിയാനത്തെ സാധൂകരിക്കുന്നു (Lefevere 1992: xiv).

വിവർത്തനപഠനരംഗത്തേക്കു സംവേദനസിദ്ധാന്തങ്ങൾ കടന്നുവന്നതോടെ സാംസ്കാരികഘടകങ്ങൾ കൂടുതൽ പ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെട്ടു. വിവർത്തനപഠനങ്ങൾ, ബഹുവ്യവസ്ഥാസിദ്ധാന്തം ഇവയിലൂടെ ലക്ഷ്യഭാഷാസമൂഹത്തിനും കൃതിക്കും വായനക്കാർക്കും സാംസ്കാരികഘടകങ്ങൾക്കും കൈവന്ന പ്രാധാന്യത്തിന് അനുരോധമായാണു വിവർത്തനം ആശയവിനിമയപ്രക്രിയയാണെന്ന ധാരണ ബലപ്പെട്ടുവന്നത്. വിവർത്തനമെന്നത് അടിസ്ഥാനപരമായിതന്നെ സംവേദനപ്രക്രിയയാണെന്നാണ് ഈ രംഗത്തെ ചിന്തകരുടെ വാദം. ഭാഷ, സംസ്കാരം ഇവയിലുള്ള വ്യത്യാസം മൂലം മൂലകൃതിയുമായി നേരിട്ടു സംവദിക്കാൻ കഴിയാത്ത ലക്ഷ്യഭാഷയിലെ വായനക്കാർക്കു വേണ്ടി വിവർത്തകർ കൃതിയുപയോഗിച്ചു നടത്തുന്ന ആശയവിനിമയപ്രക്രിയയാണു വിവർത്തനം. അതുകൊണ്ടുതന്നെ വിവർത്തനമെന്നതു കാര്യകാരണബന്ധമുള്ള ലക്ഷ്യാധിഷ്ഠിതപ്രവൃത്തിയാണ്. രണ്ടു സാഹിത്യങ്ങളുടെയും രണ്ടുസംസ്കാരങ്ങളുടെയും സമ്മർദത്തിനു കീഴ്പ്പെടുന്ന വിവർത്തകരെടുക്കുന്ന ഓരോ തീരുമാനവും വിവർത്തനത്തിന്റെ ലക്ഷ്യത്തിനനുസരിച്ചാണ് ഉണ്ടാകുന്നത്. അടിസ്ഥാനപരമായി വിവർത്തകൻ വിവർത്തനം ആവശ്യമില്ലാത്ത വായനക്കാരനാണ്. തന്റെ ഉപഭോക്താക്കൾക്കുവേണ്ടിയാണു വിവർത്തകൻ ഈ പ്രവൃത്തിയിലേർപ്പെടുന്നത്. ഈ ആശയവിനിമയ പ്രക്രിയയുടെ ലക്ഷ്യസ്ഥാനത്തുവരുന്ന വായനക്കാരുടെ സാംസ്കാരികപരിസരം, പൂർവധാരണകൾ, പ്രതീക്ഷകൾ ഇവയൊക്കെ കണക്കിലെടുത്താൽ മാത്രമേ വിവർത്തനം ലക്ഷ്യവേധിയാകൂ. വിനിമയത്തിനു തടസ്സമായി നിൽക്കുന്ന ഘടകങ്ങളൊഴിവാക്കാൻ വേണ്ടി വ്യാഖ്യാനാത്മകമായ സമീപനം പലപ്പോഴും വേണ്ടിവരും. വ്യാഖ്യാനവും വിവർത്തനവും തമ്മിലുള്ള അതിർവരമ്പുകൾ ഇവിടെ അവ്യക്തമാകുന്നു. വ്യാഖ്യാനങ്ങളോരോന്നും കൂടുതൽ മെച്ചപ്പെട്ട ആശയവിനിമയമാണു ലക്ഷ്യമാക്കുന്നത്. തന്റെ ലക്ഷ്യങ്ങൾക്ക് അനുസൃതമായി വിവർത്തകൻ മൂലകൃതിയെ വിവർത്തനത്തിലൂടെ സജീവമായി ഇടപെട്ടു മാറ്റിയെടുക്കുന്നു, കൂട്ടലും കിഴിക്കലും നടത്തുന്നു.

വിവർത്തനമുത്പാദിപ്പിക്കപ്പെടുന്ന സംവേദനപരിസരം ഭാഷാശാസ്ത്രസിദ്ധാന്തങ്ങൾ അവഗണിച്ചുവെന്നാണു സംവേദനസൈദ്ധാന്തികരുടെ പരാതി. കൃതിയുടെ അർഥം രൂപപ്പെടുന്നത് കൃതിക്കു പുറത്തുള്ള പല ഘടകങ്ങളെയും ആശ്രയിച്ചാണ്. ഓരോ സമൂഹവും തങ്ങളുടെ സംസ്കാരത്തിന് അനുസരിച്ചാണു കൃതിയുടെ സന്ദേശം വ്യാഖ്യാനിക്കുന്നത്. മൂലഗ്രന്ഥകാരന്റെയോ സാഹിത്യത്തിന്റെയോ പാരമ്പര്യമല്ല, ലക്ഷ്യഭാഷാസമൂഹത്തിന്റെ സംസ്കാരവും പാരമ്പര്യവുമാണു വിവർത്തനങ്ങളുടെ സ്വീകാരത്തിനോ തിരസ്കാരത്തിനോ കാരണമാകുന്നത്. വിവർത്തനങ്ങളിലൂടെയുള്ള ആശയവിനിമയം രണ്ടോ അതിലധികമോ സംസ്കാരങ്ങൾ തമ്മിലാണു നടക്കുന്നത്. ആശയവിനിമയ സന്ദർഭത്തിൽ ഇനിപ്പറയുന്ന വസ്തുതകൾകൂടി കണക്കിലെടുക്കണമെന്ന് ലാർസൺ (Asher 1994: 4686). ഗ്രന്ഥകാരനും അനുവാചകരും തമ്മിലുള്ള ബന്ധം, സംവേദനം നടക്കുന്ന സ്ഥലം, സമയം, പ്രായം, ലിംഗം, സാമൂഹികസ്ഥിതി, സംവേദനപ്രക്രിയയിലേക്കു നയിക്കുന്ന പൂർവധാരണകൾ, സാംസ്കാരികപശ്ചാത്തലം ഇവയൊക്കെ പരിഗണിച്ചാൽ മാത്രമേ സഫലമായ സംവേദനം സാധ്യമാകൂ.





## ആക്ഷൻ, സ്കോപോസ്- മാന്റാരി, വെർമീർ

വിവർത്തനം സംവേദനമാണെന്ന അടിസ്ഥാന നിലപാടിലാണു ജർമൻകാരനായ ഹോൾസ് മാന്റാരിയുടെ 'ആക്ഷൻ' സിദ്ധാന്തവും ഹാൻസ് വെർമീറിന്റെ 'സ്കോപോസ്' സിദ്ധാന്തവും രൂപപ്പെട്ടത്. ഭിന്നസംസ്കാരങ്ങൾ തമ്മിലുള്ള സംവേദനപ്രക്രിയയാണു വിവർത്തനമെന്നും അതിന്റെ അന്തിമോൽപന്നം നിശ്ചിതസന്ദർഭത്തിൽ, നിശ്ചിതരീതിയിൽ പ്രവർത്തിക്കുന്ന കൃതിയാണെന്നും ഹോൾസ് മാന്റാരി. ഇതനുസരിച്ചു മൂലലക്ഷ്യകൃതികൾ തമ്മിലുള്ള താരതമ്യത്തിനോ ഭാഷാശാസ്ത്രത്തിനോ വിവർത്തനപഠനത്തിൽ പങ്കില്ല. ഒരുകൂട്ടം വിദഗ്ധരും അവരുടെ ഉപഭോക്താക്കളും തമ്മിലുള്ള ഇടപാടു മാത്രമാണു വിവർത്തനം.

വിവർത്തനങ്ങൾ ലക്ഷ്യഭാഷയിൽ എന്തു ധർമമാണു പുലർത്തേണ്ടതെന്നതിനനുസരിച്ചാണു വിവർത്തനം എങ്ങനെയായിരിക്കണമെന്നു നിശ്ചയിക്കുന്നത്. അതിനാൽ വിവർത്തനങ്ങൾ വിലയിരുത്തേണ്ടതും അതേ മാനദണ്ഡമനുസരിച്ചായിരിക്കണം. സന്ദേശവിനിമയഉപകരണം (message transmitter) മാത്രമാണു വിവർത്തിതകൃതി. വിവർത്തനവിദഗ്ധനു പ്രവൃത്തി നിർവഹിക്കാനുള്ള അടിസ്ഥാനവസ്തു മാത്രമാണു മൂലകൃതി.

ഒന്നോ അതിലധികമോ വ്യക്തികളും സ്ഥാപനങ്ങളും ചേർന്നാണു വിവർത്തനപ്രക്രിയ പൂർണമാകുന്നത്.[8] സംവേദനം നിർവഹിക്കുന്ന ഉല്പന്നം നിർമിക്കുന്ന വിവർത്തകർ വിദഗ്ധരായിരിക്കണം. നിശ്ചിതസ്ഥലത്തും കാലത്തും ഉദ്ദേശിക്കുന്ന ഫലമുണ്ടാക്കാൻ കഴിയുന്ന ഉല്പന്നമാണ് അവർ നിർമ്മിക്കേണ്ടത്. അതുകൊണ്ടു വിവർത്തനപ്രക്രിയ (translatorial action)യെക്കുറിച്ചുള്ള സൈദ്ധാന്തികനിർവചനം വിവിധസംസ്കാരങ്ങളിലെ മനുഷ്യന്റെ ആശയവിനിമയപ്രക്രിയ ഉൾക്കൊള്ളുന്ന സകലഘടകങ്ങളും കണക്കിലെടുത്തിരിക്കണം. വിവർത്തനപ്രക്രിയയുടെ ലക്ഷ്യം, ലക്ഷ്യം സാക്ഷാത്ക്കരിക്കേണ്ട രീതി, കിട്ടുന്ന പ്രതിഫലം, ജോലി തീർക്കാൻ ലഭിക്കുന്ന സമയം ഇങ്ങനെ കൃതിക്കു പുറത്തുനിൽക്കുന്ന നിരവധി ഘടകങ്ങളുടെ ഫലമായാണു

കൃതി പുറത്തുവരുന്നത്. പ്രൊഫഷണൽ വിവർത്തകരുടെ പ്രവർത്തനമേഖലയിലാണു മാന്ററിയുടെ ആശയങ്ങൾ കൂടുതൽ പ്രസക്തമാകുന്നത്.

ആക്ഷൻ സിദ്ധാന്തവുമായി ബന്ധപ്പെട്ടു തന്നെയാണു സ്കോപോസ് സിദ്ധാന്തവും രൂപമെടുത്തത്. 'സ്കോപോസ്' എന്ന ഗ്രീക്കു വാക്കിന് ഉദ്ദേശ്യം, ലക്ഷ്യം, ധർമം എന്നൊക്കെയാണർത്ഥം. ഹാൻസ് വെർമീറായിരുന്നു ജർമനിയിൽ ഈ സിദ്ധാന്തത്തിന്റെ പ്രമുഖവക്താവ്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലെ സാഹിത്യേതരകൃതികളുടെ വർദ്ധിച്ച വിവർത്തനാവശ്യങ്ങളിലാണു സ്കോപോസ് സൈദ്ധാന്തികർ കൂടുതൽ ശ്രദ്ധിച്ചത്. ശാസ്ത്രഗ്രന്ഥങ്ങൾ, ടൂറിസ്റ്റു ഗൈഡുകൾ, കരാറുകൾ തുടങ്ങിയവയുടെ വിവർത്തനങ്ങളാണ് ഇന്നു കൂടുതൽ നടക്കുന്നത്. മനുഷ്യന്റെ മറ്റെല്ലാ പ്രവൃത്തികളെയും പോലെ വിവർത്തനത്തിനും നിശ്ചിതലക്ഷ്യമുണ്ട്. സ്കോപോസ് എന്ന പദം ആ ലക്ഷ്യത്തെയാണു സൂചിപ്പിക്കുന്നത്. ഏതു പ്രവർത്തനത്തിനും ഒരു അന്തിമഫലമുണ്ടാകും. വിവർത്തനപ്രക്രിയയുടെ ഫലത്തെ 'translatum' എന്നു വെർമീർ വിളിക്കുന്നു.

വിവർത്തനമാരംഭിക്കും മുൻപുതന്നെ സ്കോപോസ് എന്തെന്നു നിർണയിച്ചിരിക്കണം. സ്കോപോസ് ആണു വിവർത്തനരീതിയും മാനദണ്ഡവും നിർണയിക്കുന്നത്. IA (Trl) = f (Sk) എന്നു വിവർത്തനനിയമം വെർമീർ സൂത്രവാക്യത്തിലൊതുക്കുന്നു.[9] മൂലകൃതിയോ മൂലഭാഷാ വായനക്കാരിൽ അതു ചെലുത്തുന്ന സ്വാധീനമോ മൂലഗ്രന്ഥകാരന്റെ വിവക്ഷയോ അല്ല വിവർത്തനപ്രക്രിയ നിർണയിക്കുന്നത്. ലക്ഷ്യഭാഷയിലെ ഉപഭോക്താക്കളുടെ ആവശ്യങ്ങളും താല്പര്യങ്ങളുമാണ് ലക്ഷ്യകൃതിയുടെ സ്കോപോസ്. വിവർത്തനത്തെക്കുറിച്ചു രണ്ടു പൊതുനിയമങ്ങൾ കൂടി വെർമീർ നിർദേശിക്കുന്നുണ്ട്. ഒന്ന് സംയോഗനിയമം (coherence rule). രണ്ട്. വിശ്വസ്തതാനിയമം (fidelity rule).

ഉപഭോക്താക്കൾക്കു സുഗ്രഹമാകുംവിധം അവരുടെ പൂർവ ജ്ഞാനത്തെയും സാംസ്കാരികസാഹചര്യങ്ങളെയും വിവർത്തനത്തിൽ കണക്കിലെടുത്തിരിക്കണം എന്ന് ഒന്നാം നിയമം അനുശാസിക്കുന്നു. സ്കോപോസും ഒന്നാം നിയമവും പാലിച്ചുകഴിഞ്ഞാലും മൂലകൃതിയുമായി 'translatum' പുലർത്തേണ്ട ബന്ധമാണു വിശ്വസ്തത. സ്കോപോസും ഉപഭോക്താക്കളുടെ ആവശ്യമനുസരിച്ചുള്ള വിവർത്തനമാനദണ്ഡങ്ങളും മൂലകൃതി കണക്കിലെടുക്കാതെതന്നെ വിവർത്തകർ നിർണയിക്കണം. അതിനുശേഷവും മൂലകൃതിയും വിവർത്തനവുമായി ഒരു പാഠാന്തരബന്ധം നിലനിൽക്കണം. ആ ബന്ധത്തിന്റെ ആവശ്യകതയാണു വിശ്വസ്തതാനിയമത്തിലൂടെ വെർമീർ ലക്ഷ്യമാക്കുന്നത്.

സ്കോപോസ് സിദ്ധാന്തവും കാതറീനാ റീസിന്റെ ആശയങ്ങളും ചേർത്ത് 1984-ൽ വിവർത്തനത്തെക്കുറിച്ച് ഒരു പൊതുസിദ്ധാന്തം ഇരുവരും





മുന്നോട്ടുവച്ചു. ഈ സിദ്ധാന്തമനുസരിച്ചു കൃതിയെന്നാൽ ഉൽപാദകൻ സ്വീകർത്താവിനു നൽകുന്ന 'അറിവു വാഗ്ദാന' (Offer of information)മാണ്. മറ്റൊരു ഭാഷയിലും(മൂലഭാഷ) സംസ്കാരത്തിലും വിതരണം ചെയ്യപ്പെട്ട അറിവ്, ലക്ഷ്യഭാഷയിലും സംസ്കാരത്തിലുമെത്തിക്കുന്ന പ്രവൃത്തിയാണു വിവർത്തനം. മൂലകൃതി നിർവഹിക്കുന്നത് അറിവുവിതരണത്തിന്റെ ഒന്നാം ഘട്ടം. അതിന്റെ അനുകരണമാണു രണ്ടാം ഘട്ടത്തിൽ വിവർത്തനം. മറ്റൊരുതരത്തിൽ പറഞ്ഞാൽ സ്കോപോസിനനുസരിച്ചു മൂലകൃതിയെക്കുറിച്ചു ചില വിവരങ്ങൾ വിവർത്തനം നൽകുന്നു. ഉപഭോക്താക്കൾ മാറുന്നതിനനുസരിച്ചു മൂലകൃതിയുടെയും ലക്ഷ്യകൃതിയുടെയും സ്കോപോസ് മാറിക്കൊണ്ടിരിക്കും.

പരിപൂർണ സ്വതന്ത്രവിവർത്തനങ്ങളെ റീസും വെർമീറും പ്രോത്സാഹിപ്പിക്കുന്നില്ല. മൂലകൃതിയോടുള്ള വിശ്വസ്തതയും ഒരു സ്കോപോസ് ആകാമെന്ന് അവർ പറയുന്നു. വിവർത്തനപഠനരംഗത്തുനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരുന്ന മൂലകൃതിയും വിശ്വസ്തതയും റീസിന്റെയും വെർമീറിന്റെയും ആശയങ്ങളിൽ അർഥവ്യത്യാസത്തോടെയാണെങ്കിലും തിരിച്ചുവരവു നടത്തുന്നുണ്ട്. സാഹിത്യകൃതികളുടെ വിവർത്തനചർച്ചയിൽ സ്കോപോസ് സിദ്ധാന്തം പ്രയോഗിക്കുന്നതിൽ ചില അപാകതകളുണ്ട്. സാഹിത്യകൃതികളുടെ ധർമം (function) ഇതരകൃതികളിൽനിന്നു ഭിന്നമാണ്. സാഹിത്യകൃതിയുടെ വിവർത്തനത്തിൽ ഒരൊറ്റ സ്കോപോസ് മാത്രം കണക്കിലെടുക്കുന്നതു കൃതിയുടെ അർഥസാധ്യതകൾ പരിമിതപ്പെടുത്തും.

## വിവർത്തനപഠനം/സംസ്കാരപഠനം

ഇറ്റാമർ ഇവൻ സൊഹർ, ഗിദെയോൻ ടൂറി, ജയിംസ് ഹോംസ്, ജിറി ലെവി, ഹാൻസ് വെർമീർ, കാതറീനാ റീസ് തുടങ്ങിയവരുടെ സിദ്ധാന്തങ്ങളിലൂടെ വിവർത്തനപഠനം ലക്ഷ്യസംസ്കാരോന്മുഖമായി പരിണമിച്ചുവെന്നു വ്യക്തമായല്ലോ. വിവർത്തനസിദ്ധാന്തങ്ങളുടെ ഇന്നോളമുള്ള വളർച്ചയിൽ മൂന്നു പ്രധാനഘട്ടങ്ങൾ ഇവിടെ ഓർമ്മിക്കണം.

1. വിവർത്തനം ഭാഷാശാസ്ത്രപ്രക്രിയയാണ്.
2. വിവർത്തനം പാഠമാറ്റ പ്രക്രിയയാണ്.
3. വിവർത്തനമെന്നാൽ സംസ്കാരങ്ങളുടെ വിവർത്തനമാണ്.

വിവർത്തനത്തെക്കുറിച്ചുള്ള മൂന്നു സമീപനങ്ങളാണിവ. വിവർത്തനസിദ്ധാന്തങ്ങളുടെ വളർച്ചയിൽ ഇവയിലേതെങ്കിലുമൊന്നു മറ്റൊന്നിനു പൂർണമായി കീഴടങ്ങുകയല്ല ഉണ്ടായത്; വ്യത്യസ്തകാലങ്ങളിലെ സാഹിത്യസിദ്ധാന്തങ്ങളുടെയും മറ്റും സ്വാധീനഫലമായി ഓരോ ഘട്ടത്തിൽ ഓരോ സമീപനത്തിനു പ്രാധാന്യം ലഭിച്ചു എന്നു മാത്രം.

സാഹിത്യചരിത്രത്തിൽ വിവർത്തനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചു കൂടുതൽ ഉൾക്കാഴ്ച നൽകാൻ പുതിയ സിദ്ധാന്തങ്ങൾക്കു കഴിഞ്ഞു. വിവർത്തനബഹുവ്യവസ്ഥയെ ഇതര സാംസ്കാരിക ബഹുവ്യവസ്ഥകളുമായി ബന്ധപ്പെടുത്തി അപഗ്രഥിക്കാനും വിവർത്തനപഠനം ലക്ഷ്യഭാഷയിലും സംസ്കാരത്തിലും കേന്ദ്രീകരിക്കാനും ബഹുവ്യവസ്ഥാസിദ്ധാന്തം ഉപകരിച്ചു.

വ്യത്യസ്തവും എന്നാൽ പരസ്പരബന്ധിതവുമായ നിലപാടുകളിലൂടെ ബഹുവ്യവസ്ഥാസൈദ്ധാന്തികരും സംവേദനസൈദ്ധാന്തികരും ഉന്നയിച്ച ആശയങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം.

1. ആശയവിനിമയമാണു വിവർത്തനം.
2. ഭാഷകളല്ല സംസ്കാരങ്ങളാണു വിവർത്തനം ചെയ്യപ്പെടുന്നത്.
3. വിവർത്തനപഠനം സംസ്കാരകേന്ദ്രിതമാകണം.

വിവിധഭാഷകൾക്കും സംസ്കാരങ്ങൾക്കും മൂല്യവ്യവസ്ഥയ്ക്കും ഇടയിൽനിന്നുകൊണ്ടു വിവർത്തകർ പുതിയതൊന്നു സൃഷ്ടിക്കുമ്പോൾ തുല്യതപുലർത്തലല്ല മാറ്റം വരുത്തലാണു സംഭവിക്കുക. ഒരു സൂചകസമൂഹത്തിൽനിന്നു മറ്റൊരു സൂചകസമൂഹത്തിലേക്കു സംസ്കാരസംക്രമണം നടത്താൻ ശ്രമിക്കുമ്പോൾ പാഠമാറ്റം അനിവാര്യമായും സംഭവിക്കുന്നു. 'വിവർത്തനം ചെയ്യുകയെന്നാൽ ലക്ഷ്യഭാഷയുടെ അന്തരീക്ഷത്തിലുള്ള വായനക്കാരനുവേണ്ടി, ലക്ഷ്യഭാഷാധിഷ്ഠിതമായ ഉദ്ദേശ്യം മുൻനിർത്തി ലക്ഷ്യഭാഷയിൽ ഒരു കൃതി നിർമിക്കലാണെ'ന്ന ഹാൻസ് വെർമീറിന്റെ നിരീക്ഷണം (Toury 1987:29) വിവർത്തനത്തിൽ ലക്ഷ്യഭാഷാസാഹചര്യങ്ങളുടെ അധീശത്വം ഉറപ്പിക്കുന്നു.

ഒരു ഭാഷാശാസ്ത്രസംഹിതയുടെ വിനിമയം എന്നുപറഞ്ഞാൽ ഒരു സംസ്കാരത്തിന്റെ ഘടകങ്ങൾ മറ്റൊന്നിലേക്ക് ആനയിക്കലാണ്. 'വിവർത്തനം ചെയ്യപ്പെടുന്നത് ഭാഷകളല്ല സംസ്കാരങ്ങളാണ്' എന്നു വ്ളാഡിമിർ ഇവിർ (Toury 1987:35). 'സാംസ്കാരികഘടകങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന സാമൂഹികപ്രവൃത്തിയാണു വിവർത്തനം' എന്നു ലോറെൻസ് വെനുടി (Venuti 1995). സംസ്കാരങ്ങളുടെ സമ്പർക്കത്തിനു മാത്രമല്ല സംഘർഷത്തിനും ആധിപത്യത്തിനും വിവർത്തനങ്ങൾ കാരണമാകുന്നു. 'അപനിർമാണത്തിന്റെയും നിഷ്കോളണീകരണത്തിന്റെയും അതിരുകൾക്കുള്ളിലെ സാംസ്കാരികപ്രതിരോധമാണു വിവർത്തനം' എന്നു ബാർബറാ ഹാർലോ (Heylen 1993:5).

വിവർത്തനമെന്നത് അതിരുകളും സ്വഭാവങ്ങളും എക്കാലത്തേക്കുമായി നിർണയിക്കപ്പെട്ടിട്ടുള്ള പ്രക്രിയയല്ല. ഓരോ കാലഘട്ടത്തിലും നിശ്ചിതസാംസ്കാരികവ്യവസ്ഥയ്ക്കുള്ളിലെ ബന്ധങ്ങൾക്കനുസരിച്ചു വിവർത്തനത്തിന്റെ





സ്വഭാവം മാറിക്കൊണ്ടിരിക്കുന്നു. വിവർത്തനം, വ്യാഖ്യാനം, പുനഃസൃഷ്ടി ഇവ പലപ്പോഴും ഇടകലരുന്നു. ഒരു കൃതിതന്നെ ഒരു ഭാഷയിലേക്കു വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്തമായാണു വിവർത്തനം ചെയ്യപ്പെടുക. ഭിന്ന സാഹിത്യസംസ്കാരവ്യവസ്ഥയ്ക്കുള്ളിൽ വിവർത്തനമനുഷ്ഠിക്കുന്ന ധർമവും ഭിന്നമായിരിക്കും.

നിശ്ചിതസ്വരൂപമുള്ള നിശ്ചലസത്തയായല്ല സംസ്കാരം നിലനിൽക്കുന്നത്. അനേകമുഖങ്ങളുള്ളതും ചലനാത്മകവുമായ ബന്ധസംഹിതയാണത്. ഒരു സാഹിത്യവ്യവസ്ഥയക്ക് ഉള്ളിൽത്തന്നെ വിവിധ ഉപസംസ്കാരങ്ങളുടെ സംഘർഷമുണ്ടായെന്നുവരാം. വിവർത്തനം ഇവയിലേതെങ്കിലുമൊന്നിന്റെ ഉന്നമനത്തിനോ തമസ്കരണത്തിനോ വഴിയൊരുക്കാം.

മൂലഭാഷയുടെയും ലക്ഷ്യഭാഷയുടെയും രണ്ടു സാംസ്കാരികവ്യവസ്ഥയ്ക്കുള്ളിൽ നിൽക്കുന്ന വിവർത്തകർ മൂന്നുതരത്തിൽ വിവർത്തനം നടത്തുമെന്നു റോമി ഹെലൻ (Heylen 1993:23).

1. മൂലകൃതിയുടെ തനതായ സാംസ്കാരികഘടകങ്ങൾ അതേ അപരിചിതത്വത്തോടെ ലക്ഷ്യകൃതിയിൽ നിലനിർത്തുക. ഈ വിവർത്തനങ്ങൾ പലപ്പോഴും ലക്ഷ്യസാഹിത്യവുമായി ലയിച്ചുചേരാതെ വേറിട്ടു നിൽക്കുന്നു.

2. ഇരു സംസ്കാരങ്ങൾക്കും തമ്മിൽ ഒത്തുതീർപ്പു മുന്നോട്ടുവയ്ക്കുന്ന വിവർത്തനങ്ങൾ. ഇരുസംസ്കാരങ്ങൾക്കും പൊതുവായ ഘടകങ്ങൾ നിലനിർത്തിയും അല്ലാത്തവ മാറ്റിപ്പണിതുമൊക്കെ വായനയിലെ തടസ്സങ്ങൾ ഒഴിവാക്കുന്നു. ഇത്തരം വിവർത്തനങ്ങൾക്കു ലക്ഷ്യഭാഷാസംസ്കൃതിയിൽ പലപ്പോഴും നിയാമകസ്ഥാനം ലഭിക്കാറുണ്ട്. ഭൂരിപക്ഷം വിവർത്തനങ്ങളും ഈ വിഭാഗത്തിലാണു പെടുക.

3. മൂലകൃതിയുടെ സാംസ്കാരികവ്യവസ്ഥ പൂർണമായി മാറ്റിമറിച്ചു വിവർത്തനം ലക്ഷ്യഭാഷാസംസ്കൃതിയുടെ വരുതിയിലാക്കുക. ഇത്തരം വിവർത്തനങ്ങൾ ലക്ഷ്യസാഹിത്യത്തോടു പൂർണമായും ഇണങ്ങിനിൽക്കും. ലക്ഷ്യസാഹിത്യത്തിലെ വിവർത്തനധാരണകൾ മാറുന്നതിനനുസരിച്ച് അവ നല്ല വിവർത്തനങ്ങളായി സ്വീകരിക്കപ്പെടുകയോ ചീത്ത വിവർത്തനങ്ങളായി നിരാകരിക്കപ്പെടുകയോ ചെയ്യും. ഇത്തരം വിവർത്തനങ്ങളാണു പാരായണക്ഷമതയ്ക്കു മുൻതൂക്കം നൽകുന്നത്.

വിവർത്തനത്തിൽ സാംസ്കാരികഘടകങ്ങൾ കൈകാര്യം ചെയ്യുന്ന വിവിധരീതികൾ സാന്റർ ഹെർവേ, ഇയാൻ ഹിഗ്ഗിൻസ് എന്നിവർ ഇങ്ങനെ അടയാളപ്പെടുത്തുന്നു (Hervay, Higgins 1992:28).

- → Exoticism
- → Cultural borrowing
- → Calque
- → Communicative translation
- → Cultural transplantation

1. മൂലകൃതിയുടെ സംസ്കാരത്തിന്റെ വൈദേശികത്വം പൂർണമായും നിലനിർത്തുന്നു.
2. മൂലകൃതിയിൽനിന്നു തിരഞ്ഞെടുത്ത ചില സാംസ്കാരികഘടകങ്ങൾ ലക്ഷ്യഭാഷയിൽ അതേപടി ഉപയോഗിക്കുന്നു.
3. മൂലകൃതിയുടെ സാംസ്കാരികഘടകങ്ങൾ ലക്ഷ്യഭാഷയിലൂടെ ചിത്രീകരിക്കുന്നു.
4. മൂലകൃതിയുടെ സംസ്കാരത്തിനു സമാനമായ ലക്ഷ്യഭാഷാസൂചകങ്ങൾ ഉപയോഗിക്കുന്നു.
5. മൂലകൃതിയുടെ സംസ്കാരം പൂർണമായും ലക്ഷ്യസംസ്കാരത്തിലേക്കു മാറ്റുന്നു.

സ്രോതസംസ്കാരത്തിനു സമ്പൂർണാധിപത്യം കൊടുത്തുകൊണ്ടുള്ള വിവർത്തനവും ലക്ഷ്യസംസ്കാരത്തിനു പൂർണമായും വിധേയമാകുന്ന വിവർത്തനവും സംസ്കാരവിവർത്തനത്തിന്റെ വിരുദ്ധധ്രുവങ്ങളിൽ നിലകൊള്ളുന്നു.

തുല്യത, സമമൂല്യത ഇവ അടിസ്ഥാനപ്പെടുത്തി വിവർത്തനത്തെ മൂലവുമായി താരതമ്യം ചെയ്തു നല്ലത്, ചീത്ത എന്നു വ്യവഹരിക്കുന്ന പരമ്പരാഗതരീതി സാഹിത്യവിവർത്തനങ്ങളുടെ പഠനത്തിന് ഉതകുന്നതല്ല എന്നു പുതിയ വിവർത്തനചിന്തകർ പറയുന്നു. വിവർത്തനം സമൂഹത്തോടും സംസ്കാരത്തോടും ഗാഢമായി ബന്ധപ്പെട്ട പ്രവൃത്തിയായതിനാൽ അതിന്റെ വിശദീകരണത്തിനും പഠനത്തിനും ചരിത്രം, സമൂഹം, സംസ്കാരം ഇവയോടു ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ വേണം. ഒരു സാഹിത്യത്തിനുള്ളിലെ വിവർത്തനങ്ങളെ പ്രത്യേകവ്യവസ്ഥയായിക്കണ്ടു സാഹിത്യചരിത്രത്തിലും സംസ്കാരചരിത്രത്തിലും അവ എങ്ങനെ പ്രവർത്തിക്കുന്നു എന്നു വിശദീകരിക്കാൻ വിവർത്തനപഠനങ്ങൾക്കു കഴിയണം. വിവർത്തനങ്ങളുടെ പ്രചാരം, സ്വീകാര്യത, മൂല്യനിർണയം ഇവയൊക്കെ അതതു സാംസ്കാരികസാഹചര്യങ്ങൾക്കനുസരിച്ചു രൂപപ്പെടുന്നതാണ്. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട കൃത്യമായ മാനദണ്ഡം അതിനില്ല.





ഭാഷാശാസ്ത്രപരവും വ്യാഖ്യാനാത്മകവുമായ സാഹിത്യസങ്കല്പങ്ങൾക്കു പരിമിതിയുണ്ട്. ലക്ഷ്യഭാഷാസാഹിത്യത്തിന്റെ വികാസത്തിൽ വിവർത്തനങ്ങളുടെ പങ്കിനെക്കുറിച്ചു വേണ്ടത്ര ഉൾക്കാഴ്ച നൽകാൻ ഈ സിദ്ധാന്തങ്ങൾ പര്യാപ്തമല്ല. തുല്യതയുടെ അടിസ്ഥാനത്തിലല്ല ഇന്നു വിവർത്തനങ്ങൾ വിലയിരുത്തേണ്ടത്, വ്യതിയാനങ്ങളുടെ അടിസ്ഥാനത്തിലാണ്. വിവർത്തനങ്ങൾ ലക്ഷ്യസാഹിത്യത്തിൽ എങ്ങനെയൊക്കെ പ്രവർത്തിക്കുന്നു എന്ന് അപഗ്രഥിക്കാൻ സംസ്കാരാധിഷ്ഠിതമായ അന്വേഷണങ്ങൾ തന്നെ വേണം. ഫ്രഞ്ചുഭാഷയിലെ ആറു ഹാംലറ്റുകൾ അപഗ്രഥിച്ചതിനുശേഷം റോമി ഹെലൻ സാഹിത്യവിവർത്തനപഠനം സംബന്ധിച്ച പരമ്പരാഗതസമീപനങ്ങൾ പൂർണമായും മാറ്റേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുന്നു. സംസ്കാരപഠനങ്ങളുടെ വികാസത്തോടെയേ സാഹിത്യപഠനത്തിനു സംസ്കാരോന്മുഖമായ ദിശാബോധം ഉണ്ടാവുകയുള്ളൂ. വിവർത്തനപാരമ്പര്യം, വിവർത്തനചിന്തകളുടെ വികാസം ഇവയെക്കുറിച്ചുള്ള അന്വേഷണം സംസ്കാരപഠനത്തിനു പ്രധാന മുതൽക്കൂട്ടാവുകയും ചെയ്യും[10].

## കോളണിയനന്തര സിദ്ധാന്തങ്ങൾ

സംസ്കാരോന്മുഖമായുണ്ടായ ഈ ദിശാവ്യതിയാനം വിവിധവിജ്ഞാനശാഖകൾക്കു വിവർത്തനചിന്തയിലേക്കു പ്രവേശിക്കാൻ വഴി തുറന്നു. കോളണിയനന്തരസിദ്ധാന്തങ്ങൾ, ഫെമിനിസ്റ്റുസിദ്ധാന്തങ്ങൾ, അപനിർമാണം പോലെയുള്ള നവീനസാഹിത്യസിദ്ധാന്തങ്ങൾ എന്നിവ ഇന്നത്തെ വിവർത്തനപഠനങ്ങളെ ആഴവും പരപ്പുമുള്ളതാക്കുന്നു.

അച്ചടിവിദ്യ വികസിച്ചതോടെ ഗ്രന്ഥകർത്താവ് എന്നും കൃതിയുടെ ഉടമസ്ഥൻ എന്നുമുള്ള സങ്കല്പനങ്ങൾ വേരുറച്ചു. കർത്താവിന്റെ സ്വന്തം കൃതി, യഥാർഥകൃതി, അംഗീകൃതവിവർത്തനം തുടങ്ങിയ സങ്കല്പങ്ങൾ കോളണീകരണത്തോടൊപ്പം വിവിധരാജ്യങ്ങളിലേക്കു വ്യാപിച്ചു. വിവർത്തനചരിത്രത്തിൽ നടന്ന ഗവേഷണങ്ങൾ മൂലകൃതിക്കു വിവർത്തനത്തെക്കാൾ ഉയർന്ന സ്ഥാനം നൽകുന്ന പ്രതിഭാസം സമീപകാലത്തുമാത്രം ഉളവായതാണെന്നു തെളിയിച്ചു. മധ്യകാല എഴുത്തുകാർക്കോ വിവർത്തകർക്കോ ഇത്തരത്തിലൊരു മായക്കാഴ്ച ഉണ്ടായിരുന്നില്ല. അച്ചടിയുടെയും സാക്ഷരതയുടെയും വ്യാപനത്തോടെയാണു രചയിതാവിനെ കൃതിയുടെ ഉടമസ്ഥനാക്കുന്ന ശീലമുണ്ടായത്. പകർപ്പവകാശവും ഉടമസ്ഥതയുമുള്ള എഴുത്തുകാർ എന്ന ചിത്രം ഉറച്ചതോടെയാണു വിവർത്തകർ ആശ്രിതജീവികളായിമാറിയത്. കോളണീകരണത്തോടുകൂടിയാണ് ഈ പരിവർത്തനമുണ്ടായത്.

പാശ്ചാത്യർക്കു ബൈബിൾതർജമയായിരുന്നു തർജമയുടെ മാനദണ്ഡം. ബൈബിൾതർജമയുടെ അടിസ്ഥാനത്തിൽ സാഹിത്യകൃതികളുടെ തർജമയെ കണ്ടുതുടങ്ങിയപ്പോൾ കൃത്യത, ആധികാരികത, വിശ്വസ്തത തുടങ്ങിയ വ്യവഹാരങ്ങൾ വിവർത്തനവിചാരങ്ങളിലേക്കു കടന്നുവന്നു.

## നരഭോജനമാകുന്ന വിവർത്തനം

കോളണീകരണത്തോടെ വേരുറച്ച സാഹിത്യസങ്കല്പങ്ങളും അവയിലൂടെ പ്രവർത്തിക്കുന്ന അധികാരരാഷ്ട്രീയവും ഇന്നു നിശിതമായി വിചാരണ ചെയ്യപ്പെടുന്നു. യൂറോകേന്ദ്രിതമൂല്യവ്യവസ്ഥ പലമട്ടിൽ ചോദ്യം ചെയ്യപ്പെട്ടുതുടങ്ങിയപ്പോൾ മൂലകൃതിയുടെ ആധികാരികത എന്ന സങ്കല്പവും തകർന്നു. യൂറോപ്പിനു വെളിയിൽനിന്ന്, 'ഭീകരനരഭോജികളു'ടെ പിന്മുറക്കാരിൽനിന്ന് ആദ്യത്തെ പ്രധാന ആക്രമണമുണ്ടായി.

പോർട്ടുഗീസുകാരനായ ഫാദർ സർദിൻഹ എന്ന കത്തോലിക്കാ പുരോഹിതനെ ബ്രസീലിലെ 'ടുപിനംബ' എന്ന ഗോത്രജനത തങ്ങളുടെ ഉത്സവ സമയത്തു ഭക്ഷണമാക്കിക്കളഞ്ഞു. 1554-ൽ ആണു സംഭവം. നരഭോജനം ഏറ്റവും വലിയ ഹീനകൃത്യമാണെന്നമട്ടിൽ പോർട്ടുഗലിലും സ്പെയിനിലും സംഭവം വലിയ കോളിളക്കമുണ്ടാക്കി. യൂറോപ്പുകാരനായ ക്രിസ്ത്യാനിയോടു ചെയ്യാവുന്ന ഏറ്റവും വലിയ കുറ്റകൃത്യമായിട്ടാണു ബ്രസീലിനു വെളിയിലുള്ളവരെല്ലാം ഈ സംഭവം വീക്ഷിച്ചത്. പക്ഷേ ടുപിനംബക്കാരെ സംബന്ധിച്ചിടത്തോളം ഈ ഭക്ഷിക്കൽ പുരോഹിതനോട് അവർക്കുള്ള അങ്ങേയറ്റത്തെ ആദരവിന്റെ പ്രകടനമായിരുന്നു. ക്രിസ്തുവിന്റെ രക്തമാംസങ്ങൾ ഭക്ഷിക്കുക എന്ന പ്രതീകാത്മക ചടങ്ങിനെ ഇത്തരത്തിലാവാം അവർ മനസ്സിലാക്കിയത്. ശത്രുക്കളെയും മുതിർന്നവരെയും ബലവാന്മാരെയും ഭക്ഷിക്കുക എന്നത് അവരുടെ ശക്തികൾ ആർജിക്കാനായുള്ള മാർഗമായാണ് ഈ സമൂഹം കരുതുന്നത്.

ഫാദർ സർദിൻഹയെ നരഭോജികൾ ഭക്ഷിച്ച് 374 വർഷത്തിനുശേഷം 1928-ൽ ബ്രസീലിൽ പുറത്തുവന്ന ഓസ്വാൾഡ് ഡി ആന്ദ്രേദിന്റെ ഗ്രന്ഥത്തിൽ ('നരഭോജനത്തെക്കുറിച്ചുള്ള മാനിഫെസ്റ്റോ'- Manifesto Anthropofago) നരഭോജനം എന്ന രൂപകം സജീവമായി ചർച്ചചെയ്യപ്പെട്ടു. ബ്രസീലിലെ കോളണിയനന്തരവിവർത്തനസിദ്ധാന്തങ്ങളുടെ പ്രധാന ഊർജകേന്ദ്രമായി നരഭോജനമെന്ന രൂപകം മാറി. യൂറോപ്പിനെ ഭക്ഷിച്ചുകൊണ്ടുമാത്രമേ കോളണികൾക്കു തങ്ങളുടെ മേൽ ആരോപിതമായിരിക്കുന്ന അപകൃഷ്ടതകൾ പുറത്തുകളയാനാവൂ. യൂറോപ്പിന്റെ ശരീരത്തിൽനിന്നു തങ്ങൾക്കുവേണ്ട പോഷകാംശങ്ങൾ ബ്രസീലിന്റെ ശരീരം സ്വീകരിക്കുകയും അനാവശ്യമായവ പുറന്തള്ളുകയും ചെയ്യുന്നു. ഈ ഭക്ഷിക്കൽ ഒരേ സമയം യൂറോപ്പിന്റെ നിയമങ്ങൾ നിഷേധിക്കുന്നതും നന്മകൾ സ്വാംശീകരിക്കുന്നതുമാണ്. ബ്രസീലിലെ ആധുനികതാപ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് ഓസ്വാൾഡ് ഡി ആന്ദ്രേദിന്റെ *കാനിബാളിസ്റ്റ് മാനിഫെസ്റ്റോ* പ്രസിദ്ധീകൃതമാകുന്നത്. 1920-ൽ നരഭോജനം എന്ന ആശയം വാക്കുകൾകൊണ്ടുള്ള വെറും പ്രതിരോധം എന്ന നിലയ്ക്കായിരുന്നെങ്കിൽ 1960-70 ആയപ്പൊഴേക്കും അതു കോളണിയനന്തരബ്രസീലിന്റെ സംസ്കാരത്തെ സംബന്ധിച്ചുള്ള പ്രധാനരൂപകവും തത്ത്വശാസ്ത്രവും ആയിത്തീർന്നു[11]. ഈ രൂപകം യൂറോപ്യൻ സംസ്കാരവും ബ്രസീലിയൻ സംസ്കാരവും തമ്മിലുള്ള അധികാരബന്ധങ്ങൾ തകിടം മറിക്കുന്നു. ബ്രസീലിലെ എഴുത്തുകാർ അനുകർത്താക്കളല്ല- യൂറോപ്യൻ കൃതികൾ ഭക്ഷിക്കാൻതക്ക കരുത്തുള്ളവരാണ്. യൂറോപ്പിൽനിന്നു പോഷകാംശങ്ങൾ സ്വീകരിച്ചു വിവർത്തനങ്ങളിലൂടെ അവർ പുതിയതൊന്നു സൃഷ്ടിക്കുകയാണ്.





നരഭോജനം എന്ന ആശയം ബ്രസീലിൽ കോളണിനയന്തരവിവർത്തന സമീപനങ്ങളിലേക്കു കൊണ്ടുവന്നതു ഹാരോൾഡ് ഡി കാമ്പോസ്, അഗസ്റ്റോ കാമ്പോസ് എന്നീ സഹോദരരാണ്. ബ്രസീലിലെ പ്രമുഖകവികളും വിവർത്തകരുമാണിവർ. യൂറോപ്പുമായുള്ള ബന്ധം പുനർനിർവചിക്കാൻ ശ്രമിച്ച ഇവർ 'യഥാർഥകൃതി' (original text) ആയ യൂറോപ്പിന്റെ വിവർത്തനങ്ങളാണു കോളണികൾ എന്ന ധാരണയുടെ രൂപകങ്ങൾ തകർക്കാനാണു ശ്രദ്ധവച്ചത്. വിവർത്തനം മൂലത്തെക്കാൾ താഴെയാണ് എന്നാണല്ലോ പരമ്പരാഗത ധാരണ. കോളണികൾക്കും വിവർത്തനങ്ങളുടെ കീഴായ്മകളെല്ലാം ബാധകമായി. പകർപ്പ്, വിവർത്തനം തുടങ്ങിയ ഉപമകളിലടങ്ങിയ അധിക്ഷേപമനോഭാവത്തെ മുൻകോളണികൾക്കു മറികടക്കേണ്ടതുണ്ട്. സ്വന്തം സംസ്കാരം ഉറപ്പിക്കുകയും യൂറോപ്പിന്റെ നന്മകൾ സ്വാംശീകരിക്കുകയും വേണം. ഇവിടെയാണു നരഭോജനത്തിന്റെ പ്രസക്തി. കോളണികൾ യൂറോപ്പിനെ ഭക്ഷിച്ചു തങ്ങൾക്കാവശ്യമുള്ള പോഷകാംശങ്ങൾ നേടുന്നു, ശേഷമുള്ളവ വിസർജിക്കുന്നു.

തർജമ മറ്റൊരാളിൽ നിന്നു രക്തം സ്വീകരിച്ചു ആരോഗ്യം വീണ്ടെടുക്കുന്നതുപോലെയാണെന്നു ഹാരോൾഡ് കാമ്പോസ്.[12] നേരത്തേതന്നെ നിലവിലുള്ള യഥാർഥകൃതി എന്ന സങ്കല്പത്തെ കാമ്പോസ് സഹോദരർ നിഷേധിച്ചു. വിവർത്തനത്തെ പരിധികൾക്കപ്പുറത്തേക്കുള്ള അതിക്രമിച്ചുകയറലായി ഇവർ ചിത്രീകരിച്ചു. വിവർത്തനം സംബന്ധിച്ച യൂറോപ്യൻ പദാവലികളും സങ്കല്പങ്ങളും എല്ലാം നിഷേധിച്ചുകൊണ്ടാണു നരഭോജനം എന്ന വിവർത്തനസമീപനം അവർ മുന്നോട്ടുവച്ചത്. അധീശരാഷ്ട്രത്തെ വിവർത്തനം ചെയ്യുന്നതോടെ കോളണികൾ അതിന്റെ സ്വാധീനത്തിൽനിന്നും വിമുക്തമാവുകയാണ്. ഭക്ഷിക്കുകയും ദഹിക്കുകയും ശരീരത്തിന് ആവശ്യമുള്ളതു സ്വാംശീകരിക്കുകയും ശേഷമുള്ളതു വിസർജിക്കുകയും ചെയ്യുന്നതിനു സമാനമാണിത്. നരഭോജനം ഹീനകൃത്യം എന്ന യൂറോപ്യൻ കാഴ്ചപ്പാടല്ല ഇവിടെ വേണ്ടത്. സ്നേഹംകൊണ്ട്, ആദരവുകൊണ്ട് ഭക്ഷിക്കുന്നു എന്ന അർഥമാണ്. വിവർത്തനമെന്നത് ഒരു ശക്തിയാർജിക്കലാണ്, സാഹിത്യകൃതികളുടെ അതിജീവനതന്ത്രമാണ്.

വിശ്വസ്തം, സ്വതന്ത്രം എന്നുള്ള പരമ്പരാഗതസമീപനങ്ങളിൽനിന്നും വിവർത്തനങ്ങളിൽ നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള വിലാപങ്ങളിൽനിന്നും കുതറിമാറി, വിവർത്തനത്തെ ആഹ്ളാദകരമായ ശക്തിനേടുന്ന പ്രക്രിയയായി വിശ

ദീകരിക്കാൻ കഴിഞ്ഞതാണ് കാമ്പോസ് സഹോദരരുടെ നേട്ടം. രക്തപങ്കില മായ ശാരീരികപ്രവർത്തനങ്ങളിലൂടെ വിവർത്തനം വിശദീകരിക്കുന്ന ബ്രസീ ലിലെ പഠനങ്ങൾ സൗമ്യകോമളപദാവലികളാൽ ദാസ്യവൃത്തിയായി വിവർത്ത നത്തെ കാണുന്നരീതിയിൽനിന്നു വേറിട്ടുനിൽക്കുന്നു[13].

ഹാരോൾഡ് കാമ്പോസ് വിവർത്തനപ്രക്രിയ പല വാക്കുകളുപയോഗിച്ചു വിശദീകരിച്ചിട്ടുണ്ട്. verse making, reinvention, a project of recreation, translumination, transparadisation, trans- textualisation, transcreation, transluciferation, transhelenization, poetic reorchestration, reimajination- കവിതകൾ, ക്ളാസിക്കുകൾ, ബൈബിൾ തുടങ്ങിയ കൃതികൾക്കു താൻ നിർവ ഹിച്ച വിവർത്തനങ്ങളെ ഈ പേരുകൾകൊണ്ടാണു കാമ്പോസ് നിർദേശിക്കു ന്നത് (Bassnet, Trivedi 1999: 96).

ഗെയ്ഥെയുടെ ഫൗസ്റ്റ് വിവർത്തനത്തിനു ഹാരോൾഡ് കാമ്പോസ് നൽകിയ പേര് 'God and the devil in Goethe's Foust' എന്നായിരുന്നു (1979). സാത്താനും ദൈവവും തമ്മിലുള്ള സംഘർഷത്തെ സൂചിപ്പിക്കുന്നതോടൊപ്പം വിവർത്തകനും മൂലഗ്രന്ഥകാരനും തമ്മിലുള്ള ബന്ധത്തെയും ഈ തലക്കെട്ടു സൂചിപ്പിക്കുന്നുണ്ട്. പക്ഷേ ബ്രസീലിലെ വായനക്കാർക്ക് ഈ തലക്കെട്ടു വളരെ പരിചിതമായ സിനിമയുടെ പേര് ഓർമ്മിപ്പിക്കുന്നതാണ്- 'God and the devil in the Land of the Sun' യക്ഷി രക്തമൂറ്റിക്കുടിക്കുന്നതുപോലെയാണു തന്റെ തർജമയെന്നു പറയുന്ന കാമ്പോസിന്റെ നരഭോജനം എന്ന രക്തരൂഷിതരൂ പകം കോളണിയനന്തരവിവർത്തനസിദ്ധാന്തങ്ങളുടെ പ്രധാനഭൂമികയാണ്. മൂല സംസ്കൃതിയിൽ ലക്ഷ്യസംസ്കൃതി നടത്തുന്ന ചില ഇടപെടലുകൾ ഈ ഫൗസ്റ്റ് വിവർത്തനത്തിന്റെ തലക്കെട്ട് സൂചിപ്പിക്കുന്നുണ്ട്. പുസ്തകത്തിന്റെ പുറംചട്ടയിൽ ഗ്രന്ഥകർത്താവിന്റെ സ്ഥാനത്തു വിവർത്തകന്റെ പേരാണു കൊടുത്തിരിക്കുന്നത്. അങ്ങനെ പുസ്തകത്തിന്റെ കർതൃത്വത്തെത്തന്നെ പ്രശ്ന വത്കരിക്കുന്നു. കാമ്പോസിന്റെ കയ്യൊപ്പു കവർപേജിലും ഗെയ്ഥെയുടെ കയ്യൊപ്പു മൂന്നാം പേജിലുമാണ്. ഗ്രന്ഥകാരന്റെ കൃതികളുടെ പട്ടിക കൊടു ക്കുന്ന പരമ്പരാഗതസ്ഥാനത്തു കാമ്പോസിന്റെ കൃതികളുടെ പട്ടികയാണ്, ഗെയ്ഥെയുടെയല്ല. വിവർത്തകന് ഉടമസ്ഥാവകാശമുള്ള ഉല്പന്നം എന്നു കണ്ടാലറിയാവുന്ന തരത്തിലാണു ഗ്രന്ഥസംവിധാനംതന്നെ[14].

ഇത്തരത്തിലുള്ള നവീനവിവർത്തനസമീപനങ്ങളുടെ പശ്ചാത്തലത്തിൽ ലോകമെമ്പാടും ഇന്നു കോളണിഘട്ടത്തിൽ നടന്ന വിവർത്തനങ്ങളുടെ പുനർവായന നടക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ അറബിയിൽനിന്നും ഭാരതീയഭാഷകളിൽനിന്നും ഇംഗ്ളീഷിലേക്കുള്ള വിവർത്തനങ്ങൾ ധാരാളമായി നടന്നിരുന്നു. പലവിധത്തിൽ എഡിറ്റുചെയ്തും നരവംശശാസ്ത്രപരമായ അടി ക്കുറിപ്പുകൾ ചേർത്തുമാണ് അവ ഇംഗ്ളീഷിൽ പ്രസിദ്ധീകരിച്ചത്. അവതര





ണത്തിന്റെ പ്രത്യേകതകൾ വഴി മൂലകൃതിയുടെയും സംസ്കാരത്തിന്റെയും അധമാവസ്ഥയും കൃതി സ്വീകരിക്കുന്ന ലക്ഷ്യസംസ്കാരത്തിന്റെ ഉദാരതയും ഉന്നതിയും സ്ഥാപിക്കപ്പെട്ടു. പത്തൊൻപതാം നൂറ്റാണ്ടിൽ റുബായിയാത്ത് ഇംഗ്ളീഷിലേക്കുവിവർത്തനം ചെയ്ത എഡ്വേഡ് ഫിറ്റ്സ്ജെറാൾഡ് പേർഷ്യൻകവിതയുടെ കലാശൂന്യതയെക്കുറിച്ചു പറയുന്നുണ്ട്. ഇംഗ്ളീഷി ലേക്കു തർജമചെയ്യപ്പെടുമ്പോൾ മാത്രമാണു പേർഷ്യക്കാരുടെ കവിത കല യായി മാറുന്നത്[15]. വിവർത്തനം പ്രശസ്തമായെങ്കിലും ലക്ഷ്യസംസ്കാര ത്തിന്റെ ഉന്നതാവസ്ഥയാണു വിവർത്തനമാനദണ്ഡമെന്നു സ്പഷ്ടം.

യൂറോപ്യൻ ഭാഷകളിലേക്കു പത്തൊൻപതാം നൂറ്റാണ്ടിൽ നടന്ന വിവർത്തനങ്ങൾ മറ്റു ഭാഷകളിലെ എഴുത്തുകാരുടെ കലാപരമായ ഔന്നത്യ ങ്ങൾ ഉൾക്കൊണ്ടതോടൊപ്പം യൂറോപ്യൻ സംസ്കാരത്തിന്റെ അധീശത്വം ഉറ പ്പിക്കുകയും ചെയ്തുവെന്നാണു മുൻകോളണികളിൽ ഇന്നുനടക്കുന്ന തർജമ പഠനങ്ങൾ പറയുന്നത്. വിവർത്തനവും കോളണീകരണവും കൈകോർത്തു പിടിച്ചാണു ലോകപര്യടനത്തിനിറങ്ങിയതെന്ന വസ്തുത ഇന്ന് അംഗീകൃത മായിരിക്കുന്നു.

## സ്ത്രീപക്ഷവിവർത്തനം- ഷെറി സൈമൺ

വിവർത്തനപഠനങ്ങളുടെ മേഖലയിൽ സാംസ്കാരികഘടകങ്ങൾക്കു കൈവന്ന പ്രാധാന്യമാണു ഫെമിനിസ്റ്റാശയങ്ങളുടെ പ്രവേശനത്തിനു വഴിയൊ രുക്കിയത്. ഭാഷയിലും സമൂഹത്തിലും സാംസ്കാരികസ്വത്വം സ്ഥാപിക്കാനുള്ള ശക്തമായ ഉപാധി എന്ന നിലയ്ക്കാണു ഫെമിനിസ്റ്റാശയങ്ങൾ ഇവിടെ പരിഗ ണിക്കുന്നത്. ഭാഷയിലൂടെ വെളിപ്പെടുന്ന സാംസ്കാരികസ്വത്വം, ലിംഗപരമായ സ്വത്വം, കർതൃത്വം എന്നിവയെക്കുറിച്ചു ഗാഢമായ അന്വേഷണത്തിലേർപ്പെട്ട സ്ത്രീപക്ഷചിന്ത വിവർത്തനപ്രക്രിയയിലും വിവർത്തനപഠനങ്ങളിലും ഉണ്ടാ ക്കിയ ചലനങ്ങൾ ഷെറി സൈമൺ വിശദമായി ചർച്ചചെയ്യുന്നുണ്ട് (Simon 1996).

മൂലകൃതിയും വിവർത്തനവും തമ്മിൽ കല്പിക്കുന്ന ഉച്ചനീചത്വബന്ധം, വിവർത്തനത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളിൽ ഉൾച്ചേർന്നിരിക്കുന്ന ലിംഗഭേ ദം, വിവർത്തനങ്ങൾക്ക് അവശ്യം വേണ്ടത് എന്നു പരമ്പരാഗതമായി പറഞ്ഞു പോരുന്ന 'വിശ്വസ്തത'[16] എന്നിവ ഫെമിനിസ്റ്റ് ചിന്ത ചോദ്യം ചെയ്തു. ചുരു ക്കിപ്പറഞ്ഞാൽ ഫെമിനിസ്റ്റാശയങ്ങൾ വിവർത്തനമേഖലയിൽ ഉന്നയിച്ച പ്രാഥമി കചോദ്യങ്ങൾ ഇവയാണ്.

1. സാമൂഹികവും ചരിത്രപരവും ലിംഗപരവുമായ വ്യത്യാസങ്ങൾ ഭാഷയിൽ എങ്ങനെയാണ് ആവിഷ്കൃതമായിരിക്കുന്നത്? എങ്ങനെയാണ് ഈ വ്യത്യാ സങ്ങൾ ഒരുഭാഷയിൽനിന്നു മറ്റൊരുഭാഷയിലേക്കു പകർത്തുന്നത്?

2. മൂലം X വിവർത്തനം, പുരുഷൻ X സ്ത്രീ എന്നീ വ്യവസ്ഥാപിതമായ ഉച്ച നീചത്വശ്രേണിയിൽ വിവർത്തകരിൽനിന്നും സ്ത്രീകളിൽനിന്നും എന്തു തരത്തിലുള്ള വിശ്വസ്തതയാണു പ്രതീക്ഷിക്കുന്നത്?

അക്ഷരലോകത്ത് എത്തിപ്പെടുന്നതിനു പൊതുവെ പലതടസ്സങ്ങളും എല്ലാക്കാലത്തും സ്ത്രീകൾക്കുണ്ടായിരുന്നു. എങ്കിലും വിവർത്തനം പല പ്പോഴും അവരുടെ സർഗാത്മകതയുടെ പ്രകാശനോപാധിയായിരുന്നു. സംവേദനത്തിന്റെ പുതിയ ലോകങ്ങൾ തുറക്കാൻ സ്ത്രീകൾ വിവർത്തനങ്ങളെ എങ്ങനെയാണ് ഉപയോഗപ്പെടുത്തിയത്, പുതിയ കർതൃത്വങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിൽ സ്ത്രീവിവർത്തകർ എത്രത്തോളം വിജയിച്ചു, തങ്ങളുടെ കാലത്തെ ധൈഷണിക രാഷ്ട്രീയ സാംസ്കാരിക ജീവിതത്തിൽ സ്ത്രീവിവർത്തകർ ഏതുതരത്തിലുള്ള ഇടപെടലുകളാണു നടത്തിയത് തുടങ്ങിയ അന്വേഷണങ്ങൾ സ്തീപക്ഷവിവർത്തനചിന്തകരുടെ സജീവപരിഗണനയിലുണ്ട്.

വിവർത്തനങ്ങൾ വിശദീകരിക്കാൻ ഉപയോഗിച്ചുവരുന്ന ഭാഷയുടെ ലിംഗഭേദവും അധികാരശ്രേണീസൂചനകളും ഫെമിനിസ്റ്റപഗ്രഥനത്തിനു വിധേയമായി. മൂലഗ്രന്ഥകാരൻ ജന്മിയും വിവർത്തകൻ ഒരു കുടികിടപ്പുകാരനും എന്ന മട്ടിലാണു നിരവധി വിവർത്തനവിശദീകരണങ്ങൾ. ലൈംഗികസൂചനകൾ നിറഞ്ഞതാണു വിവർത്തനപ്രക്രിയ വിശദീകരിക്കുന്ന ഭാഷ എന്നും വ്യക്തമാക്കപ്പെട്ടു. വിവർത്തനസംബന്ധിയായ ഉപമകളും രൂപകങ്ങളും മൂലകൃതിയെയും വിവർത്തനത്തെയും കൃത്യമായ ഉച്ചനീചത്വശ്രേണിയിൽ കുരുക്കിയിട്ടു. ഷെറി സൈമൺ ഉദ്ധരിക്കുന്ന ചില ഉദാഹരണങ്ങൾ:

'Because they are necessarily 'defective' all translations are reputed females.' - John Florio.

'Translator occupies a (culturally speaking) Female position.' -Nord Ward Jouve.

വിവർത്തനങ്ങളെക്കുറിച്ചുള്ള ഏതൊരുചർച്ചയിലും ലോകമെമ്പാടും നിരന്തരമായി ഉദ്ധരിക്കപ്പെടുന്നതാണ് ഫ്രഞ്ചുകാരനായ മെനേഴിന്റെ ഉപമ: വിവർത്തനങ്ങൾ സ്ത്രീകളെപ്പോലെയാണ്, സുന്ദരിയെങ്കിൽ വിശ്വസ്തയായിരിക്കില്ല, വിശ്വസ്തയെങ്കിൽ സുന്ദരിയായിരിക്കില്ല[17]. വിശ്വസ്തതയും സൗന്ദര്യവും വിവർത്തനങ്ങളിലും സ്ത്രീകളിലും ഒത്തുപോകയില്ല എന്ന് വിവക്ഷ. വിവാഹവും വിവർത്തനവും– രണ്ടും കരാറുകളായതിനാൽ രണ്ടിടത്തും പ്രശ്നം ചാരിത്ര്യത്തോടു ബന്ധപ്പെട്ടതാണെന്നു പ്രമുഖ ഫെമിനിസ്റ്റുചിന്തകയായ ബാർബറാ ജോൺസൺ.

വിവർത്തകരും സ്ത്രീകളും ചരിത്രപരമായിത്തന്നെ ദുർബലവിഭാഗമായി ചിത്രീകരിക്കപ്പെട്ടു. വിവർത്തകർ മൂലഗ്രന്ഥകാരന്മാരുടെ വേലക്കാരോ





കീഴാളരോ ആണ്. മറ്റൊരുതരത്തിൽ മൂലകൃതിയെയും വിവർത്തനത്തെയും യഥാക്രമം ഉല്പാദകനായ പുരുഷനോടും ഉല്പന്നമായ സ്ത്രീയോടും സാദൃശ്യപ്പെടുത്തി.

ഇങ്ങനെ സ്ത്രീകളും വിവർത്തകരും സമൂഹത്തിന്റെയും സാഹിത്യത്തിന്റെയും താഴ്ന്നപടിയിലേക്കു തള്ളപ്പെടാനിടയാക്കിയ സങ്കീർണമായ സങ്കല്പങ്ങളും മൂല്യവ്യവസ്ഥകളും തിരിച്ചറിഞ്ഞു വിമർശിക്കുന്നതാണു ഫെമിനിസ്റ്റു വിവർത്തനസിദ്ധാന്തം. സ്ത്രീവിവർത്തകരുടെ സ്ത്രീപക്ഷ വൈകാരികാഭിമുഖ്യവുമായി ബന്ധപ്പെട്ടാണു വിവർത്തനത്തിലെ സ്ത്രീപക്ഷചിന്തകൾ ആദ്യം ഉയർന്നുവന്നത്. തങ്ങൾ ബന്ധപ്പെടുന്ന കൃതികളോടും അതുവഴി അവയുടെ കർത്താക്കളോടും വിവർത്തകരായ സ്ത്രീകൾ കടുത്ത രാഗദ്വേഷങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. സ്ത്രീകളുടെ രചനകൾ സ്ത്രീകളും പുരുഷന്മാരുടെ രചനകൾ പുരുഷന്മാരും വിവർത്തനം ചെയ്യുന്നതാണു നല്ലതെന്ന നിർദേശം ഫെമിനിസ്റ്റ് പ്രവർത്തകർ ഉന്നയിച്ചിട്ടുണ്ട്: പ്രായോഗികമല്ലെങ്കിലും. എഴുത്തുകാരിയുടെ കൃതി വിവർത്തനം ചെയ്യുന്ന വിവർത്തകയും എഴുത്തുകാരന്റെ കൃതി വിവർത്തനം ചെയ്യുന്ന വിവർത്തകനും ഒരേ തരത്തിലുള്ള അധികാരവ്യവസ്ഥകളിലാണു പ്രവർത്തിക്കുന്നത്. അപ്പോൾ വിവർത്തനത്തിലൂടെ സാധ്യമാവേണ്ട ലിംഗപരമായ ഉച്ചനീചത്വങ്ങളുടെ തകിടംമറിച്ചിൽ സംഭവിക്കുകയില്ല.

കൃതിയുടെ അർഥത്തെ ഒരു ഭാഷയിൽനിന്നെടുത്ത് മറ്റൊരുഭാഷയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയായാണു വിവർത്തനത്തെ കണ്ടിരുന്നത്. ഇപ്രകാരം മൂലകൃതിയും വിവർത്തനവും രണ്ടു ധ്രുവങ്ങളിൽ നിൽക്കുന്ന വസ്തുക്കളായി മാറുന്നു. സാംസ്കാരികവ്യവസ്ഥകൾക്കു വിധേയമായി വർത്തിക്കുന്ന ചലനാത്മകപ്രവൃത്തിയായി വിവർത്തനത്തെ കാണുന്ന പുതിയ സമീപനം മൂലത്തെയും വിവർത്തനത്തെയും ഒരേ ചങ്ങലയിലെ രണ്ടു കണ്ണികളായാണു കാണുന്നത്. വിവർത്തനത്തിലെ സമമൂല്യത എന്നത് മൂലകൃതിയും വിവർത്തനവും രണ്ടു തട്ടിൽവച്ചു തൂക്കിനോക്കി നിർണയിക്കാവുന്ന വസ്തുതയല്ല. മറ്റു രചനാരീതികളെപ്പോലെതന്നെ അർഥസൃഷ്ടി നടത്തുന്ന മാർഗമായാണ് വിവർത്തനത്തെയും കാണേണ്ടത്. എന്താണ് അർഥം എന്നു നിർണയിക്കുന്നതിൽ വിവർത്തക പ്രധാനപങ്കുവഹിക്കുന്നു. അതുപകർത്തേണ്ട ഉത്തരവാദിത്വവും മനസ്സിലാക്കുന്നു. ഫെമിനിസ്റ്റ് വിവർത്തനം ഇടപെടുന്ന മറ്റൊരു മേഖലയാണ് ആധികാരികത (Authority). വിവർത്തനത്തിൽ തുല്യത എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ തുല്യതയുടെ ആ മാന്ത്രിക മുഹൂർത്തം എത്തിയെന്ന് ആരാണ് നിർണയിക്കുന്നത്?

ഫെമിനിസ്റ്റ് വിവർത്തക അർഥസൃഷ്ടിയിൽ തന്റെ പങ്കാളിത്തം ഉറപ്പാക്കുകയാണ് ചെയ്തത്. സൈദ്ധാന്തികരചനകളിൽ, മുഖവുരയിൽ, അടിക്കുറിപ്പുകളിൽ ഒക്കെ അർഥത്തിന്റെ സ്ത്രീപക്ഷകാഴ്ചയ്ക്കുള്ള ശ്രമം നടത്തുന്നു[18]. വിവർത്തനം എന്ന പദം തന്നെ ഇന്നു വ്യത്യസ്ത അർഥവിവക്ഷകളോടെയാണ്

ഉപയോഗിക്കുന്നത്. സ്ത്രീകൾ തങ്ങളെത്തന്നെ വിവർത്തനങ്ങളായാണു കാണുന്നത്- പിതൃമേധാവിത്വഘടനയിലേക്കു വിവർത്തനം ചെയ്യപ്പെട്ട മനുഷ്യജീവികളായിട്ട്. 'I am a translation because I am a woman.'എന്നു സൂസൻ ഹാർവുഡ്. സൽമാൻ റുഷ്ദിയെപ്പോലുള്ള കുടിയേറ്റക്കാർ തങ്ങളെ വർത്തമാനകാലത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ട ഭൂതകാലവുമായി ജീവിക്കുന്നവരായി കാണുന്നു.

വിവർത്തനരംഗത്തും വിവർത്തനസിദ്ധാന്തങ്ങളുടെ രംഗത്തും വർദ്ധിച്ച തോതിലുള്ള സ്ത്രീപങ്കാളിത്തമാണ് ലോകമെമ്പാടും ഇന്നു കാണാൻ കഴിയുന്നത്. വിവർത്തനവ്യതിയാനങ്ങളെ പരമ്പരാഗത വിവർത്തനധാരണ അബദ്ധങ്ങളായി തള്ളിയപ്പോൾ അവയെ ധനാത്മകമായി ഉപയോഗപ്പെടുത്തുവാനാണ് സ്ത്രീപക്ഷവിവർത്തകർ ശ്രമിച്ചത്. സാഹിത്യസിദ്ധാന്തങ്ങളുടെ ലോകം ഇന്നും ഒരു പുരുഷമേഖലയായി നിലനിൽക്കുമ്പോൾ വിവർത്തനസിദ്ധാന്തരംഗത്തെ സ്ത്രീമുന്നേറ്റം ശ്രദ്ധേയമായ പ്രതിഭാസമാണ്; അതിനു സാധാരണയിൽക്കവിഞ്ഞ ചരിത്രപ്രസക്തിയുണ്ട്. ലണ്ടനിൽനിന്നു റൂട്ലെഡ്ജ് പ്രസിദ്ധീകരിക്കുന്ന 'Translation Studies' എന്ന വിവർത്തനപഠനപരമ്പരയിൽ പുറത്തുവന്ന പുസ്തകങ്ങളിൽ ഏറെയും സ്ത്രീരചനകളാണെന്ന വസ്തുത കൗതുകകരമാണ്. ഇന്നോളമുള്ള വിവർത്തനസിദ്ധാന്തചരിത്രം സംഗ്രഹിച്ചെഴുതിയ എഡ്വിൻ ജൻസ്ലെർ സൈദ്ധാന്തികരംഗത്തെ ഈ സ്ത്രീമുന്നേറ്റത്തെ പ്രധാന വഴിത്തിരിവായി തിരിച്ചറിയുന്നുണ്ട് (Gentzler 1993:197).

വിവർത്തക എന്ന ഏജൻസിയെപ്പറ്റി വിവർത്തനചിന്തയിൽ ഒരു പുതുധാരണ കൊണ്ടുവരാൻ ഫെമിനിസ്റ്റ് വിവർത്തനസിദ്ധാന്തങ്ങൾക്കു കഴിഞ്ഞു. ചങ്ങലകളില്ലാതെ സ്വതന്ത്രമായി നിൽക്കുന്ന ഒന്നല്ല ഈ എജൻസി. സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ നിരവധിവ്യവസ്ഥകൾക്കു വിധേയമായി പ്രവർത്തിക്കുന്ന ഒന്നു തന്നെയാണ് ഈ ഏജൻസി. ഈ സാഹചര്യത്തിൽ വിവർത്തനത്തിലെ തങ്ങളുടെ 'ഇടപെടൽ' എന്തായിരിക്കണമെന്നു ഫെമിനിസ്റ്റ് വിവർത്തക മനസ്സിലാക്കുന്നു. ഈ ഇടപെടലുകളിലൂടെയാണു മൂലവും വിവർത്തനവും തമ്മിലുള്ള വ്യത്യാസം അഭിവ്യക്തമാകുന്നതും വിനിമയത്തിന്റെ അളവുകോലുകൾ നിശ്ചയിക്കപ്പെടുന്നതും. രാഷ്ട്രാതിർത്തികളെ ഭേദിച്ചുകൊണ്ടുള്ള ഒരു അന്താരാഷ്ട്ര ഫെമിനിസ്റ്റ് സമൂഹമാണ് ഇന്നത്തെ ഫെമിനിസ്റ്റ് വിവർത്തകരുടെ ലക്ഷ്യം.

ഫെമിനിസ്റ്റു സിദ്ധാന്തങ്ങളും വിവർത്തനങ്ങളും സജീവപങ്കാളികളാകുന്ന രണ്ടു മേഖലകളാണു ഫെമിനിസ്റ്റു രചനകളുടെ വിവർത്തനവും ബൈബിൾവിവർത്തനവും. പ്രമുഖ ഫ്രഞ്ചു ഫെമിനിസ്റ്റുകളായ ലൂസി ഇറിഗറെ, ജൂലിയ ക്രിസ്റ്റേവ, ഹെലൻ സിസൂ എന്നിവരുടെ രചനകൾ ആംഗ്ലോ അമേരിക്കൻ ലോകത്തേക്കു കൊണ്ടുവന്നപ്പോഴുണ്ടായ പ്രശ്നങ്ങൾ ഷെറി സൈമൺ വിശദമായി ചർച്ചചെയ്യുന്നുണ്ട് (Simon 1996).





ആദ്യകാല ഫെമിനിസ്റ്റുകൾ ബൈബിളിൽ യാതൊരു താല്പര്യവും പ്രകടിപ്പിച്ചിരുന്നില്ല. ശക്തമായ പുരുഷപക്ഷപാതിത്വങ്ങളോടുകൂടിയ ബൈബിൾ സ്ത്രീകളുടെ നേർക്കുള്ള മർദനോപകരണമായി നൂറ്റാണ്ടുകളായി തുടർന്നുപോന്നതിനാൽ അതിനെ അവഗണിക്കുകയായിരുന്നു അവർ. പക്ഷേ പാശ്ചാത്യ ക്രിസ്തീയസംസ്കാരത്തിന്റെ അടിസ്ഥാനശിലയെന്ന നിലയ്ക്കു ബൈബിളിനെ നേരിടുകതന്നെ വേണമെന്നു പിൽക്കാല ഫെമിനിസ്റ്റുകൾ ചിന്തിച്ചു. മതപരവും മതേതരവും ആയ ഫെമിനിസ്റ്റ് പാണ്ഡിത്യം ബൈബിൾ വ്യാഖ്യാനിക്കാനാരംഭിച്ചു. മിഷണറിമാരാണു മതപ്രചരണത്തിന്റെ ഭാഗമായി വിവിധഭാഷകളിലേക്കു ബൈബിൾ വിവർത്തനം ചെയ്യാൻ മുൻകയ്യെടുത്തത്. ബൈബിൾ കാലാതീതമായ സന്ദേശം ഉൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥമാണെന്നും ബൈബിൾവിവർത്തനത്തിലെ പ്രശ്നങ്ങൾ പ്രത്യയശാസ്ത്രപരമല്ല, സാങ്കേതികം മാത്രമാണെന്നും അവർ കരുതി.

ബൈബിൾവിവർത്തനത്തിന് ഒരുമ്പെട്ട ഫെമിനിസ്റ്റുകൾക്ക് ഒരേ കാഴ്ചപ്പാടല്ല ഉണ്ടായിരുന്നത്. പലപ്പോഴും അവർ തമ്മിൽ കടുത്ത വൈരുധ്യങ്ങളുമുണ്ടായിരുന്നു. കൃതി എന്ന നിലയ്ക്കുള്ള ബൈബിളിന്റെ സ്വഭാവവും സമകാലിക ഭാഷയിലേക്ക് അതിനെ മാറ്റാനുള്ള ബുദ്ധിമുട്ടുകളും പ്രശ്നങ്ങൾ ഗുരുതരമാക്കി. ബൈബിളിനെ പിതൃമേധാവിത്വപരമായ ചട്ടക്കൂടിനു പുറത്തുകൊണ്ടുവരാൻ ഫെമിനിസ്റ്റുകൾ ശ്രമിക്കുന്നു. അവിടെയും നിരവധി പ്രശ്നങ്ങളുണ്ട്- ഏതു ഫെമിനിസമാണ് ബൈബിൾ വിവർത്തനത്തിൽ ഉപയോഗിക്കേണ്ടത്? 1993ൽ പുറത്തുവന്ന എലിസബത്ത് ഫിയോറെൻസയുടെ 'Searching the Scriptures' എന്ന ഗ്രന്ഥം വിവിധ സമീപനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ, നേറ്റീവമേരിക്കൻ, ലെസ്ബിയൻ അങ്ങനെ ഫെമിനിസത്തിലെതന്നെ നിരവധി വീക്ഷണഭേദങ്ങൾ വർഗപരവും വംശപരവുമായ പ്രശ്നങ്ങൾ ലിംഗഭേദപഠനത്തിൽ(Gender Studies) ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യമാക്കി. ഫെമിനിസ്റ്റ് പാണ്ഡിത്യം വെളുത്ത വർഗക്കാരിയായ മധ്യവർഗസ്ത്രീയുടെ വീക്ഷണങ്ങൾ മാത്രം പ്രതിഫലിപ്പിച്ചാൽപോരാ എന്നു വന്നു. ഫെമിനിസ്റ്റ് ബൈബിൾ രംഗത്തെ ആദ്യകൃതിയായ എലിസബത്ത് ലേഡി സ്റ്റാന്റണിന്റെ 'The Women's Bible' വെളുത്തവർഗക്കാരിയായ യൂറോപ്യൻ-അമേരിക്കൻ സ്ത്രീയുടെ കാഴ്ചപ്പാടു മാത്രമാണ് ഉൾക്കൊള്ളുന്നതെന്ന വിമർശനമുണ്ടായി. സ്ഥാപനവത്കരിക്കപ്പെട്ട മതത്തിന്റെ സെക്സിസത്തിനു നേരെ ഉണ്ടായ ശക്തമായ ആക്രമണമായിരുന്നു 'Women's Bible' എങ്കിലും അതു വിഭാഗീയചിന്തയുടെ സംസ്കാരമാണു പ്രകടിപ്പിച്ചതെന്ന വിമർശനമുണ്ടായി. ഫെമിനിസ്റ്റ് ബൈബിൾ വിമർശനത്തിന്റെ മേഖലയിലെ പ്രമുഖയായ സ്റ്റാന്റണിന്റെ വാക്കുകൾ ബൈബിളിനെക്കുറിച്ചുള്ള ഫെമിനിസ്റ്റ് കാഴ്ചപ്പാടു വ്യക്തമായി സംഗ്രഹിക്കുന്നു[19]. ഇംഗ്ലീഷ് ബൈബിളിലുള്ള സെക്സിസം ഹീബ്രുവിലുണ്ടോ എന്നറിയാൻവേണ്ടി മാത്രം ഹീബ്രു പഠിച്ചു

ബൈബിൾ വ്യാഖ്യാനിച്ച ലൂസി സ്റ്റോൺ സ്ത്രീകളെ രണ്ടാം തരമാക്കുന്നതിനു യാതൊരടിസ്ഥാനവും ബൈബിളിലില്ല എന്നു വ്യക്തമാക്കി.

ഫെമിനിസ്റ്റു വ്യാഖ്യാനങ്ങൾ ബൈബിൾവിവർത്തനത്തിൽ വരുത്തിയ പ്രധാനമാറ്റം ഉല്പത്തിയിലാണ്. ദൈവത്തിന്റെ ആദ്യമനുഷ്യസൃഷ്ടിയായ ആദം എന്ന ഹീബ്രുപദത്തിന്റെ അർഥമാണു പ്രശ്നം. ദൈവം ആദത്തെ ആണായി സൃഷ്ടിച്ചു എന്നും ആണിൽനിന്നു പെണ്ണിനെ സൃഷ്ടിച്ചു എന്നുമാണു പൊതുധാരണ. ഉല്പത്തിക്കഥയുടെ സമീപകാലപുനർവായനകൾ ആദം എന്ന വാക്കിന്റെ പുല്ലിംഗാർഥത്തെ ചോദ്യം ചെയ്യുന്നു. സൃഷ്ടിയെ സംബന്ധിച്ച് ഇന്നു സ്വീകാര്യമായിരിക്കുന്ന ധാരണ ദൈവം മണ്ണുകൊണ്ടു സൃഷ്ടിച്ച ആദ്യജീവി ആണോ പെണ്ണോ അല്ലായിരുന്നുവെന്നാണ് (A creature not yet sexed). മനുഷ്യജീവിക്കു ലിംഗഭേദമുണ്ടായി ആണോ പെണ്ണോ ആയി മാറിയതു പിൽക്കാലത്താണ്. ഈ വ്യാഖ്യാനമനുസരിച്ചുള്ള ബൈബിൾവിവർത്തനങ്ങൾ പിന്നീടുണ്ടായി. മേരി ഫിൽ കൊർസാക്കിന്റെ വിവർത്തനത്തിൽ ആദം 'groundling ' ആണ്. 'it' എന്നാണു വിവർത്തനത്തിൽ ആദത്തെ പരാമർശിക്കുന്നത്[20]. ലോകമെമ്പാടും വിവർത്തനത്തെക്കുറിച്ചുള്ള ശാസ്ത്രീയവും സൈദ്ധാന്തികവുമായ ചിന്തകൾക്കു പ്രേരണയായതു ബൈബിൾവിവർത്തനമായിരുന്നു. ആ ബൈബിൾവിവർത്തനം തന്നെ ഇന്നു വിപ്ളവകരമായ മാറ്റങ്ങളിലൂടെ കടന്നുപോകുന്നു.

കാനഡയിലും മറ്റുചില പ്രദേശങ്ങളിലും 1980 മുതൽ ഫെമിനിസ്റ്റുവീക്ഷണത്തിലൂടെ പുനർനിർവചിക്കപ്പെട്ട ലൈംഗികവൃത്തിയുടെ രൂപകങ്ങൾ വിവർത്തനചിന്തയിലേക്കു കടന്നുവന്നു. നിക്കോൾ വാർഡ് ജോവ് എന്ന ഫെമിനിസ്റ്റു വിവർത്തകയുടെ വീക്ഷണത്തിൽ അർഥങ്ങളുടെ അവസാനിക്കാത്ത ഒഴുക്കിലാണു വിവർത്തക (Bassnet 1995:156). വിവർത്തനത്തെക്കുറിച്ചുള്ള പഴയൊരു ധാരണ മൂലത്തെയും വിവർത്തനത്തെയും ഇരുധ്രുവങ്ങളായി കണ്ടിരുന്നുവെങ്കിൽ ഫെമിനിസ്റ്റുകൾ ഈ ധ്രുവങ്ങൾക്കിടയിലുള്ള പരസ്പരം സംക്രമിക്കുന്ന മേഖലയിലാണു ശ്രദ്ധവച്ചത്. ഈ ഇരുധ്രുവങ്ങൾ പുരുഷത്വവും സ്ത്രീത്വവുമായാണു വ്യവഹരിക്കപ്പെട്ടുപോന്നിരുന്നതെന്നും ഫെമിനിസ്റ്റുകൾ കണ്ടെത്തുന്നു. ഇരു ധ്രുവങ്ങൾക്കിടയിലുള്ള സ്ഥലം ഉഭയലൈംഗികത്വമുള്ള മേഖലയായി ഫെമിനിസ്റ്റുകൾ പുനഃസൃഷ്ടിക്കുന്നു. അടുത്തകാലത്തുള്ള പഠനങ്ങൾലെസ്ബിയൻ ലൈംഗികസിദ്ധാന്തങ്ങളെയും അടിസ്ഥാനമാക്കുന്നുണ്ട്. നിക്കോൾ ബ്രൊസാർഡിന്റെ നേതൃത്വത്തിലുള്ള ഒരു പഠനസംഘം ഗ്രന്ഥകാരനെ കേന്ദ്രീകരിച്ചുള്ള പഴയ നിരൂപണസമ്പ്രദായങ്ങളെയും വായനക്കാരനെ കേന്ദ്രീകരിച്ചുള്ള പുതിയ സമ്പ്രദായങ്ങളെയും ഒരുപോലെ തള്ളിക്കളയുന്നു. എഴുത്തുകാർക്കോ വായനക്കാർക്കോ കൂടുതൽ പ്രാധാന്യം നൽകേണ്ടതില്ല. കാതി മെസേ വായനയും എഴുത്തും ചേർന്നുള്ള സംയുക്തപ്രവർത്തനമായി





വിവർത്തനത്തെ കാണുന്നു[21].

ബ്രസീലിലെ വിവർത്തനസിദ്ധാന്തങ്ങൾക്കും ഫെമിനിസ്റ്റുവിവർത്തനസിദ്ധാന്തങ്ങൾക്കും പൊതുവായുള്ള പ്രത്യേകത അവ വിവർത്തകയുടെ, വിവർത്തകന്റെ പങ്ക് ആഘോഷിക്കുന്നു എന്നതാണ്. വിവർത്തനം എന്ന അതിക്രമത്തിലൂടെ പിതൃമേധാവിത്വഘടനയെയും യൂറോകേന്ദ്രിതഘടനയെയും അട്ടിമറിക്കാൻ ഈ സിദ്ധാന്തങ്ങൾ ശ്രമിക്കുന്നു. പരമപ്രാധാന്യമുള്ള രാഷ്ട്രീയപ്രവർത്തനം തന്നെയാണിത്. രണ്ടുകൂട്ടരും തങ്ങളുടേതായ മാർഗങ്ങളിലൂടെ പഴയ സാമ്രാജ്യത്വവീക്ഷണങ്ങൾക്കെതിരായ കോളണീകരണാനന്തര വിവർത്തനവീക്ഷണം ഉയർത്തിപ്പിടിക്കുന്നു.

സാമ്രാജ്യത്വാനന്തരസാഹിത്യപഠനങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണു വിവർത്തനത്തെയും സാംസ്കാരികസംക്രമണത്തെയും സംബന്ധിച്ച തീവ്രവാദപരമായ ഈ പുതുനിലപാടുകൾ. സാഹിത്യത്തെയും വിവർത്തകരെയും കുറിച്ചുള്ള ഉച്ചനീചത്വസങ്കല്പങ്ങൾ തകിടംമറിക്കുന്നതോടൊപ്പം ലക്ഷ്യസംസ്കൃതിയുടെ പരിസരങ്ങളിലായിരിക്കണം വിവർത്തനപഠനം നടക്കേണ്ടതെന്ന വാദവും ഇവർ മുന്നോട്ടുവച്ചു. ബഹുവ്യവസ്ഥാസിദ്ധാന്തത്തിലൂടെ ഇവൻ സൊഹറും മറ്റൊരുതരത്തിൽ മൂലകൃതിയുടെയും സംസ്കാരത്തിന്റെയും അപ്രമാദിത്വം ചോദ്യം ചെയ്യുകയും വിവർത്തനപഠനത്തിൽ ലക്ഷ്യസംസ്കൃതിയുടെ പ്രാധാന്യം ഉറപ്പിക്കുകയും ചെയ്തു. നിക്കോൾ ബ്രൊസാർഡും സൂസൻ ഹാർവുഡും രണ്ടു സംസ്കാരങ്ങളെയും മൂലത്തെയും വിവർത്തനത്തെയും രണ്ടു ധ്രുവങ്ങളായിക്കാണുന്ന രീതി എതിർക്കുകയും ഇതിനിടയിലെ ചലനാത്മകമായ ഒരിടത്തെക്കുറിച്ച് അന്വേഷണം നടത്തുകയും ചെയ്യുന്നു.

## ഗായത്രി സ്പിവാക്, ഹോമി ഭാഭ

കോളണിയനന്തരസമീപനവും സ്ത്രീപക്ഷസമീപനവും സമന്വയിപ്പിക്കാൻ വിവർത്തനങ്ങൾ നടത്തുന്ന ഗായത്രി സ്പിവാക് മൂന്നാം ലോകരാജ്യങ്ങളിലെ സാഹിത്യം കൂടുതലായി ഇംഗ്ളീഷിലേക്കു വിവർത്തനം ചെയ്യപ്പെടുന്ന പ്രവണത പരിശോധിക്കുന്നു. 'ഇന്ത്യയിൽനിന്നുള്ള കൃതി ഇംഗ്ളീഷിലേക്കു വിവർത്തനം ചെയ്യുമ്പോൾ അതിന്റെ ഇന്ത്യയിൽ പ്രസക്തമായ പാഠം സംരക്ഷിക്കാനായെങ്കിൽ മാത്രമേ വിവർത്തനം ജനാധിപത്യപരമാകൂ' എന്നു ഗായത്രി സ്പിവാക് (Simon 1996: 145). മൂലത്തോടു ബഹുമാനമില്ലാത്ത പുനരാവിഷ്കാരം വിവർത്തനത്തിന്റെ ജനാധിപത്യസ്വഭാവത്തെ ധ്വംസിക്കുന്നു. വിവർത്തനരീതിയിലാണു സാംസ്കാരികപാഠങ്ങൾ തകിടം മറിയുന്നത്. അതുകൊണ്ടാണു മഹാശ്വേതാദേവിയുടെ സ്തനദായിനിയെ 'Wet nurse' ആക്കിയ തർജമയെ എതിർത്തു സ്പിവാക് 'Breast giver' എന്നു തർജമചെയ്തത് (Devi:1997). ബംഗാളിയിൽ മഹാശ്വേതാദേവി പ്രയോഗിച്ചിട്ടുള്ള ഇംഗ്ളീഷ് പദങ്ങൾ ഇംഗ്ളീഷ് വിവർത്തനത്തിൽ സ്പിവാക് ഇറ്റാലിക്കിൽ കൊടുക്കു

ന്നതും ഈ കാഴ്ചപ്പാടു മൂലമാണ്. വിവർത്തക മൂലകൃതിക്കു മുന്നിൽ കീഴട ങ്ങുക എന്നാണു സ്പിവാക്കിന്റെ നിർദേശം[22]. മഹാശ്വേതയുടെ കഥകൾ ഇംഗ്ളീഷിലേക്കു വിവർത്തനം ചെയ്യുമ്പോൾ അതോടൊപ്പം ദീർഘപഠനങ്ങളും വിശദീകരണങ്ങളും നൽകി ആദിവാസികളുടെയും മഹാശ്വേതയുടെയും സ്പിവാക്കിന്റെയും കാഴ്ചകൾ ഉറപ്പിക്കുന്നു (Devi 1995, 1997). ഇംഗ്ളീഷി ലേക്കു വിവർത്തനം ചെയ്യുമ്പോഴും പാശ്ചാത്യസർവകലാശാലകളിൽ പഠന വിധേയമാക്കുമ്പോഴും അധിനിവേശകാഴ്ചകളുടെ കുരുക്കിൽപ്പെടാതിരിക്കാ നുള്ള ശ്രമമാണിത്.

മഹാശ്വേതാദേവിയുടെ രുദാലിയെന്ന നീണ്ട കഥ ഉഷാഗാംഗുലി ഹിന്ദി യിൽ നാടകമാക്കി അവതരിപ്പിച്ചു. കഥയും നാടകവും വ്യത്യസ്ത പാഠങ്ങളാ യിട്ടാണു സ്വീകരിക്കപ്പെട്ടത്. മഹാശ്വേതാദേവിയുടെ കഥ വർഗത്തിലൂന്നിയ പ്പോൾ ഉഷാഗാംഗുലിയുടെ നാടകം ലിംഗത്വത്തിൽ കേന്ദ്രീകരിച്ചുള്ള വ്യാഖ്യാ നമാണു നിർവഹിച്ചത്. രണ്ടുപേരും ഫെമിനിസ്റ്റ് എന്ന ലേബൽ നിരാകരിക്കു കയും ചെയ്യുന്നു ( Devi,Ganguly : 1997). പഴയ കഥകളുടെ സ്ത്രീപക്ഷത്തി ലൂന്നിയുള്ള പുനർരചനകൾ പലപ്പോഴും ശക്തമായ ഫെമിനിസ്റ്റു വിവർത്ത നങ്ങളായിത്തീരാറുണ്ട്. സാറാ ജോസഫിന്റെ തായ്കുലം, അശോക, കറുത്ത തുളകൾ, കഥയിലില്ലാത്തത് ഇവയൊക്കെ സ്ത്രീപക്ഷവിവർത്തനങ്ങളുടെ മേ ഖലയിൽ വരുന്ന ശക്തമായ രചനകളാണ്. ചുരുക്കിപ്പറഞ്ഞാൽ നരഭോജനരൂ പകം, ബഹുവ്യവസ്ഥാസിദ്ധാന്തം, സ്ത്രീപക്ഷവിവർത്തനചിന്തകൾ ഇവയി ലൂടെയൊക്കെ കോളണിയനന്തര വിവർത്തനചിന്തകളുടെ മേഖല സജീവമാ യിക്കൊണ്ടിരിക്കുന്നു. കോളണിയനന്തര സംഘർഷങ്ങളുടെ വിശാലലോക ത്തിൽ സംസ്കാരം നിർവചിക്കാനും സ്ഥാപിക്കാനും മറുലോകത്തിനുമുന്നിൽ അവതരിപ്പിക്കാനും പുതിയതൊന്നിനുവേണ്ടി അന്വേഷിക്കാനുമുള്ള പ്രവർത്ത നമായി വിവർത്തനം മാറുന്നു. ഇത്തരത്തിൽ വിവർത്തനപഠനം സാഹിത്യ ത്തിന്റെ അതിരുകളിലൊതുങ്ങാതെ സംസ്കാരപഠനത്തിന്റെ വിശാലമേഖല യിൽ എത്തിപ്പെടുകയും ചെയ്യുന്നു.

കോളണിയനന്തര, കുടിയേറ്റവീക്ഷണങ്ങളിലൂടെ സംസ്കാരത്തിന്റെ അതിരുകൾ പുനർനിർണയിക്കാൻ സൈദ്ധാന്തികപരിശ്രമങ്ങൾ നടത്തുന്ന ഹോമി ഭാഭയും വിവർത്തനത്തിനു പ്രാധാന്യം കൊടുക്കുന്നു. പ്രതിനിധാന ത്തിന്റെയും ജ്ഞാനത്തിന്റെയും വിഭാഗമായിക്കാണാതെ സംസ്കാരത്തെ വ്യക്തമായ 'പ്രമാണവത്കരണ'മായി (enunciation) ചിത്രണം ചെയ്യുമ്പോൾ ഭാഭ വിവർത്തനത്തിനും ശക്തമായ ചട്ടക്കൂടു കല്പിക്കുകയാണ് (Bhabha 1995). പൂർവനിശ്ചിതമായ രണ്ടു സംസ്കാരങ്ങൾക്കിടയ്ക്കുള്ള പാലമായി വിവർത്തനത്തെ കാണുന്ന രീതി ഭാഭ തള്ളിക്കളയുന്നു. വിവർത്തനം സംസ്കാ രത്തെ സൃഷ്ടിക്കുന്ന പ്രവൃത്തിതന്നെയാണ്. രണ്ടു സംസ്കാരങ്ങൾക്കിടയി





ലുള്ള അതിരു മറ്റൊന്നു രൂപമെടുക്കുന്നതിനുള്ള ഇടമായി മാറുന്നു. കുടിയേ റ്റക്കാരന്റെ അസ്ഥിരമായ സ്വത്വത്തിന്റെ പശ്ചാത്തലത്തിൽ, സങ്കരസംസ്കാര ത്തിൽ ഭാഭ നിർവചിക്കുന്ന 'മൂന്നാമിട'ത്തിൽ (third space) വിവർത്തനം അടി സ്ഥാനപരമായ സർഗാത്മകവൃത്തിയാണ്. രാഷ്ട്രം, സംസ്കാരം, ഭാഷ, വ്യക്തി ഇവയുടെ പരമ്പരാഗതസ്ഥിരതകൾ അപ്രത്യക്ഷമായ സാങ്കല്പികലോകത്തി ലാണു ഭാഭയുടെ ചിന്തകൾ വ്യാപരിക്കുന്നത്. അതുകൊണ്ടു വിവർത്തന ത്തിന്റെ പുനർനിർണയനം സാധ്യമാകുന്നു. അർഥത്തിന്റെ ഏകാത്മകതയിൽ ഒരു രാജ്യത്തിലെ ജനതയെ മുഴുവൻ കുരുക്കിയിടുന്ന ആവരണമായി സംസ്കാ രത്തെ കാണുന്ന രീതിയോടു ഭാഭ വിയോജിക്കുന്നു. സംസ്കാരം എന്നതു തന്നെ സുനിശ്ചിതമല്ല. അതിനാൽ സംസ്കാരങ്ങൾക്കിടയിൽ നടക്കുന്ന വിവർത്തനത്തിനും സുനിശ്ചിതത്വം കൽപിക്കാനാവില്ല.[23]

വിവർത്തനങ്ങൾക്കുണ്ടായിരുന്ന അപകൃഷ്ടത സമകാലികവ്യവഹാര ങ്ങളിൽ പൂർണമായും അപ്രത്യക്ഷമായിരിക്കുന്നു. ദെറിദയെപ്പോലുള്ള തത്ത്വ ചിന്തകർ, സാഹിത്യസംസ്കാരചരിത്രകാരന്മാർ, സാമൂഹികഭാഷാശാസ്ത്ര ജ്ഞർ, സാഹിത്യസൈദ്ധാന്തികർ എന്നിവരുടെ സജീവമായ ഇടപെടലുകൾ മൂലം വിവർത്തനം ശക്തമായ സാംസ്കാരികപ്രവർത്തനമാണെന്ന ധാരണ ഉറച്ചു. മേല്പറഞ്ഞ മേഖലകളൊക്കെ പങ്കുവഹിക്കുന്ന അന്തർവൈജ്ഞാനി കാന്വേഷണമായിട്ടാണു വിവർത്തനപഠനങ്ങൾ ഇന്നു നിലനിൽക്കുന്നത്. വിവർത്തനനഷ്ടത്തെക്കുറിച്ചുള്ള വിലാപങ്ങൾ വിട്ടിട്ടു മൂലകൃതിയുടെ അന ന്തരജന്മങ്ങളായി വിവർത്തനങ്ങൾ വീക്ഷിക്കപ്പെടുന്നു. കൃതികൾ പല ഭാഷ കളിൽ ജന്മമെടുക്കുന്നതും ജീവിക്കുന്നതും സാംസ്കാരികവികാസത്തിനുള്ള പ്രധാന ഉപാധിയായി അംഗീകരിക്കപ്പെടുകയും ചെയ്തു. പൂർവധാരണകൾ പുതിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തിരുത്തിയും വീണ്ടും പുതിയ ധാര ണകൾ രൂപപ്പെടുത്തിയും വിവർത്തനസിദ്ധാന്തങ്ങളുടെ മേഖല വികസിക്കു ന്നു. ആന്ദ്രേ ലെഫ്വേർ നിർദേശിച്ചതുപോലെ നിരന്തരമായി സ്വയം നവീകരി ച്ചുകൊണ്ടിരിക്കുകയാണു വിവർത്തനസിദ്ധാന്തങ്ങൾ. വിവർത്തനങ്ങളുടെ അന്തിമഫലം എന്തായിരിക്കണമെന്നു ശാസ്ത്രീയമായി പ്രവചിക്കുകയല്ല വിവർത്തനസിദ്ധാന്തങ്ങളുടെ ലക്ഷ്യം. നിലനിൽക്കുന്ന വിവർത്തനങ്ങളും അവ യുടെ പ്രവർത്തനങ്ങളും നിരീക്ഷിച്ചു സിദ്ധാന്തവത്കരണം നടത്തുകയാണ്. അത്തരത്തിൽ രൂപീകരിക്കുന്ന സിദ്ധാന്തം നിരന്തരം പുനർനിർമിക്കപ്പെട്ടുകൊ ണ്ടിരിക്കും. സാഹിത്യകൃതികളുടെയും വിവർത്തനങ്ങളുടെയും ലക്ഷ്യസാഹി ത്യത്തിലുള്ള പ്രവർത്തനവും സ്ഥിരമായ രീതിയിലല്ല.

## വിവർത്തനവും സാഹിത്യചരിത്രവും

സാഹിത്യരംഗത്തെ പുതിയ പ്രസ്ഥാനങ്ങളും മുന്നേറ്റങ്ങളും വിവിധ

ഭാഷകളിലെത്തിക്കാൻ വിവർത്തനങ്ങൾ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. മലയാളത്തിൽ വിവിധ സാഹിത്യരൂപങ്ങളുടെ (കാവ്യം, നാടകം, നോവൽ) ഉത്ഭവം തന്നെ വിവർത്തനങ്ങളിലൂടെയാണ്. ഭാവുകത്വത്തിലും വിമർശനമാനദണ്ഡങ്ങളിലും പല കുതിപ്പുകൾക്കും കാരണമായിത്തീർന്നതും വിവർത്തനങ്ങളാണ്.

സാഹിത്യചരിത്രത്തിൽ വിവർത്തനങ്ങളുടെ സ്ഥാനം അതിശയോക്തി കലർന്ന പ്രസ്താവനകൾക്കും ഊഹങ്ങൾക്കുമപ്പുറം വ്യക്തമായി നിർവചിച്ചു സ്ഥാനപ്പെടുത്തിയിട്ടില്ല. സാഹിത്യചരിത്രരചനയുടെ പരമ്പരാഗതവഴിയിൽ വിവർത്തനങ്ങളും വിവർത്തകരും കേവലപരാമർശങ്ങളിൽ ഒതുങ്ങാറാണു പതിവ്. ഭാരതത്തെപ്പോലൊരു ബഹുഭാഷാരാഷ്ട്രത്തിൽ വിവർത്തനങ്ങൾ പലപ്പോഴും വളരെയധികം അന്യത്വമുള്ള ഭാഷയിൽനിന്നായിരിക്കണം എന്നില്ല. ഏകഭാഷാരാഷ്ട്രങ്ങളിലെ സാഹചര്യങ്ങളിൽ രൂപപ്പെട്ട പല വിവർത്തന സാഹിത്യചരിത്രനിരീക്ഷണങ്ങളും ഭാരതീയസാഹിത്യത്തിനു യോജിക്കണമെന്നുമില്ല.

വിവർത്തനങ്ങളോടു വിമുഖത പുലർത്തുന്ന സാഹിത്യപാരമ്പര്യത്തിന്റെയും വിവർത്തനങ്ങൾ ധാരാളമായി സ്വീകരിക്കുന്ന സാഹിത്യപാരമ്പര്യത്തിന്റെയും പരിണാമചരിത്രം വ്യത്യസ്തമായിരിക്കും. ഭാരതീയസാഹിത്യം പൊതുവെ കൂടുതൽ വിവർത്തനസന്നദ്ധത (translating consciousness) ഉള്ളവയാണെന്നു ഗണേഷ് ദെവി[24].

ശാശ്വതമായി നാടുകടത്തപ്പെട്ടതിനാൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന കൃതിസ്വത്വങ്ങളായി വിവർത്തനങ്ങളെ കാണുന്ന പാശ്ചാത്യരീതി ഭാരതീയ തർജമകൾക്കു ബാധകമല്ലെന്നു ഗണേഷ് ദെവി[25]. ബഹുഭാഷാരാഷ്ട്രമായ ഭാരതത്തിലെ തർജമസമീപനങ്ങൾ ഭിന്നമാണ്. ജീവനുള്ള എല്ലാത്തിനും നിരവധി പുനർജന്മങ്ങളുണ്ടെന്ന ഭാരതീയതത്ത്വശാസ്ത്രമാണു ഇവിടുത്തെ സാഹിത്യപാരമ്പര്യത്തിനും ഇണങ്ങുന്നത്. ദേഹി ജീർണദേഹമുപേക്ഷിച്ചു പുതു ദേഹം സ്വീകരിക്കുംപോലെയാണു കൃതികൾ നിരവധി തർജമകളായവതരിക്കുന്നത്. ആത്മാവിനു നാശമില്ലാത്തതുപോലെ കൃതികൾക്കും നാശമില്ല. പല ശരീരങ്ങളിൽ, പല രൂപഭാവങ്ങളിൽ അവ പ്രത്യക്ഷമാകുന്നുവെന്നേയുള്ളു. ഒരേ കൃതിയെത്തന്നെ വ്യത്യസ്തതലമുറകൾ വ്യത്യസ്തമായി വ്യാഖ്യാനിച്ചവതരിപ്പിക്കുന്നതാണു ഭാരതത്തിലെ തർജമവഴക്കം. രാമായണപാരമ്പര്യങ്ങൾ ഇതിനുദാഹരണമാണ്. അതിനാൽ മൂലകൃതിയുടെ യാഥാർഥ്യത്തെക്കുറിച്ചുള്ള (originality) ദൃഢബദ്ധമായ വാദങ്ങൾ ഭാരതീയാന്തരീക്ഷത്തിൽ പ്രസക്തമല്ലെന്നു ദെവി. മൂലകൃതിക്കു പുനർജന്മം നൽകാനുള്ള കഴിവാണു പ്രതിഭയായി അംഗീകരിക്കപ്പെടുന്നത്[26]. സാഹിത്യചരിത്രത്തിന്റെയും സംസ്കാരചരിത്രത്തിന്റെയും രൂപീകരണശക്തിയായി വിവർത്തനങ്ങളെ കാണുന്ന ബഹുവ്യവസ്ഥാ





സൈദ്ധാന്തികരും വിവർത്തനചരിത്രത്തിന്റെ അടിസ്ഥാനത്തിൽ സാഹിത്യചരിത്രത്തിന്റെ പുനർരചന വേണമെന്നു നിർദേശിക്കുന്നു.

## വിവർത്തനവും താരതമ്യസാഹിത്യവും

താരതമ്യസാഹിത്യം എന്ന പഠനപദ്ധതിയുടെ ഭാഗമായാണു വിവർത്തന പഠനങ്ങൾ കലാശാലാവൃത്തങ്ങളിൽ നിലനിന്നുപോന്നത്. സമീപകാലത്തു കോളണിയനന്തര സമീപനങ്ങളുടെ പശ്ചാത്തലത്തിൽ ഈ പഠനപദ്ധതിയുടെ അധികാരപ്രയോഗവും രാഷ്ട്രീയവും ചോദ്യം ചെയ്യപ്പെടുന്നു.

താരതമ്യസാഹിത്യമെന്ന വ്യവഹാരത്തിന്റെ പിന്നിൽ വിശ്വസാഹിത്യമെന്ന സങ്കല്പനം മറഞ്ഞിരിക്കുന്നു. സംസ്കാരചരിത്രത്തിൽ ന്യൂനപക്ഷങ്ങളുടെയും ഉപദേശീയതകളുടെയും സ്വത്വം തമസ്കരിക്കുന്ന അധികാരപ്രയോഗം വിശ്വസാഹിത്യമെന്നും ദേശീയസാഹിത്യമെന്നുമുള്ള വ്യവഹാരങ്ങളിലുണ്ടെന്നാണു നവീനമതം. യൂറോപ്യൻ നവോത്ഥാനത്തിന്റെ സൃഷ്ടിയായ താരതമ്യസാഹിത്യം യൂറോപ്യൻ അധിനിവേശവുമായി ബന്ധപ്പെട്ടാണു സാർവലൗകിക അംഗീകാരം നേടിയതെന്നു സൂസൻ ബാസ്നറ്റ് നിരീക്ഷിക്കുന്നു(Bassnet : 1995). ലോകമെമ്പാടുമുള്ള സാഹിത്യത്തിലെ സമാനതകളിലൂന്നിയുള്ള താരതമ്യപഠനം സൈദ്ധാന്തികമായിത്തന്നെ പ്രതിസന്ധിയിലാണ്. വ്യത്യസ്തതകളിൽ ഊന്നിയുള്ള നിരവധി വ്യവഹാരങ്ങൾ- കോളണിയനന്തരസിദ്ധാന്തങ്ങൾ, സ്ത്രീവാദം, സംസ്കാരപഠനങ്ങൾ, ഉപദേശീയതകൾ, ദളിത്പ്രശ്നങ്ങൾ- കേന്ദ്രസ്ഥാനത്തേക്കുവരുന്ന ഇന്ന്, സമാനതകളിലൂന്നിയുള്ള പഠനം പ്രശ്നവത്കരിക്കപ്പെടുന്നു[27]. ഈ പ്രതിസന്ധിയുടെ ഫലമായി വിവർത്തനപഠനങ്ങൾ താരതമ്യസാഹിത്യത്തിന്റെ ഭാഗമല്ല, താരതമ്യസാഹിത്യം വിവർത്തനപഠനങ്ങളുടെ ഭാഗമാണ് എന്ന വാദമുയർന്നിരിക്കുന്നു. യൂറോപ്പിലെ താരതമ്യസാഹിത്യത്തിന്റെ ചരിത്രവും സമകാലികാവസ്ഥയും പഠിച്ച ശേഷം സൂസൻ ബാസ്നെറ്റ് ഇക്കാര്യം വിശദമാക്കുന്നുണ്ട്[28]. വിവർത്തനപഠനങ്ങളുടെ മേഖല വിശാലമായതോടെ, പ്രത്യേകിച്ചു ബഹുവ്യവസ്ഥാസിദ്ധാന്തത്തിന്റെ കടന്നുവരവോടെ സംസ്കാരചരിത്രത്തിലും സാഹിത്യചരിത്രത്തിലും വിവർത്തനങ്ങളുടെ സ്ഥാനം പുനർനിർണയിക്കാനായി. യൂറോപ്പിലേതിൽനിന്നു ഭിന്നമായ ആവശ്യങ്ങളാണ് ഇന്ത്യയിൽ താരതമ്യസാഹിത്യപഠനത്തെ പ്രോത്സാഹിപ്പിച്ചത്. 'പല ഭാഷകളിലെഴുതപ്പെടുന്നെങ്കിലും ഭാരതീയസാഹിത്യം ഒന്നാണ്' എന്ന വാദവും പലമട്ടിൽ ഇന്നു ചോദ്യം ചെയ്യപ്പെടുന്നു. ഇന്ത്യൻ ദേശീയതയുടെ പ്രതിസന്ധിഘട്ടത്തിൽ രാഷ്ട്രീയമായി ഏകീകരിക്കപ്പെട്ട ജനതയെ വൈകാരികമായി ഏകീകരിക്കാനുള്ള വാദമായിരുന്നു ഭാരതീയസാഹിത്യം എന്നു വിമർശനമുണ്ട്. ഏതായാലും താരതമ്യസാഹിത്യവും വിവർത്തനപഠനങ്ങളും പരസ്പരവലയം ചെയ്യുന്ന അവസ്ഥയാണ് ഇന്നുള്ളത്.








## കുറിപ്പുകൾ

1. 1972-ൽ കോപ്പൻഹേഗിൽ പ്രയുക്തഭാഷാശാസ്ത്രത്തെക്കുറിച്ചുള്ള സെമിനാറിൽ ഹോംസവതരിപ്പിച്ച വിവർത്തനപഠനങ്ങളുടെ സാധ്യതകളും മേഖലകളും വിശദമാക്കുന്ന പ്രധാനപ്പെട്ട ഈ പ്രബന്ധം 1987-ലാണ് ആദ്യമായി അച്ചടിയിലെത്തിയത് (Toury 1987).
2. 'The goal of the discipline is to produce a comprehensive theory which can be used as a guideline for the production of translation. The theory would gain by being developed along lines of argument which are neither neopositivistic nor hermenutic in inspiration. The theory would gain by being elaborated against a background of, and constantly tested by case-histories. The theory would then not be static; ........It is not inconceivable that a theory elaborated in this way might be of help in the formulation of literary and linguistic theory: just as it is not inconceivable that translations made according to the guidelines tentatively laid down in the theory might influence the development of the receiving culture' Lefevere (Gentzler 1993:76-77).
3. System എന്ന സങ്കല്പനം റഷ്യൻ ഫോർമലിസത്തിൽനിന്നാണ് ഇസ്രയേലി ഗവേഷകർ സ്വീകരിച്ചത്. പരസ്പരപ്രവർത്തനം നടത്തുന്ന നിരവധി അടരുകളുള്ള വ്യവസ്ഥയായി സാഹിത്യത്തെ നിർവചിച്ചതു ജൂറിജ് ടിഞ്ജനോവ് ആയിരുന്നു.
4. ലക്ഷ്യഭാഷാസാഹിത്യത്തിന്റെ ബഹുവ്യവസ്ഥയിൽ വിവർത്തനസാഹിത്യത്തിന്റെ നിൽപ് കേന്ദ്രത്തിലോ പാർശ്വത്തിലോ മാത്രമായിരിക്കണമെന്നില്ല. ഈ രണ്ടു സ്ഥാനങ്ങൾക്കുമിടയിൽ സാധ്യമായ എല്ലാ സ്ഥാനങ്ങളിലും വിവർത്തനസാഹിത്യം പരിഗണിക്കപ്പെടാം. ലക്ഷ്യസാഹിത്യവ്യവസ്ഥകളുടെ പരസ്പരമുള്ള ബലപരീക്ഷണങ്ങൾക്കിടയിൽ വിവർത്തനസാഹിത്യത്തിന്റെ സ്ഥാനം എപ്പോൾ വേണമെങ്കിലും മാറാം. പാവങ്ങൾ പദാനുപദവിവർത്തനത്തിന്റെ ഉത്തമമാതൃകയായി കണക്കാക്കപ്പെട്ടിരുന്നു. നോവൽ എന്ന നിലയിൽ അംഗീകരിക്കപ്പെടുമ്പോഴും ഇന്ന് നോവൽവിവർത്തനം എങ്ങനെയായിരിക്കരുത് എന്നതിന്റെ ഉദാഹരണമായിട്ടാണു പാവങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നത്.
5. Through the foreign works, features(both principles and elements) are introduced into the home literature which did not exist there before. These include possibly not only new models of reality to replace the old and established ones that are no longer effective, but a whole range of other features as well, such as new (poetic) language or compositional patterns and techniques. It is very clear that the very principles of selecting the works to be translated are determines by the situation governing the home polysystem, the texts are picked according to their compatibility with the new approaches and the supposedly innovatory role they may assume within the target literature-Zohar (Toury 1987:109)
6. മലയാളത്തിലേക്കു ധാരാളം ബംഗാളികൃതികൾ വിവർത്തനം ചെയ്യുന്നു

ണ്ടെങ്കിലും മലയാളത്തിൽനിന്നു ബംഗാളിയിലേക്കുള്ള വിവർത്തനങ്ങ ളുടെയെണ്ണം വളരെക്കുറവാണ്. 1975 വരെയുള്ള കണക്കുവച്ചു നോക്കി യാൽ ബംഗാളിയിൽനിന്നു മലയാളത്തിലേക്കു തർജമചെയ്ത കൃതികൾ 266. ഈ കാലയളവിൽ ബംഗാളിയിലേക്കു തർജമചെയ്ത മലയാളകൃ തികൾ 7. ഈ ഉദാഹരണം വച്ചുപറഞ്ഞാൽ മലയാളത്തിലേക്കും പുറ ത്തേക്കുമുള്ള പരിഭാഷകളുടെ അനുപാതം 38:1 ആണെന്ന് എം. എൻ. കാരശ്ശേരി (അച്യുതനുണ്ണി 2000:179).

7. 'Toury successfully pushes the concept of a theory of translation beyond the margins of a model restricted to faithfulness to the original, or of single, unified relationship between the source and target texts. Translation becomes a relative term, dependent upon the forces of history and the semiotic web called culture. The role of translation theory is correspondingly altered, ceasing its search for a system which to judge the product and now focusing on the development of a model to help explain the process which determines the final version' (Gentzler 1993:129).

8. 'The roles include the initiator, the commissioner the text producer the translator, the target text 'applicator'and the receptor, and each role is highly complex' - Schaffner (Baker 1998:4).

9. 'Skopos rule:Human action (and its sub category: translation) is determined by its purpose (skopos), and therefore it is a function of its purpose. The rule is formalised using the formula: IA (Trl) = f (Sk) - Shaffner (Baker 1998:236)

10. ' Indeed this book as a whole argues not only for the establishment of a cultural studies to replace altogether the traditional field of the literary study of translation. Linguistic and interpretative literary models are too limited in nature: they are not open up the necessary number of perspectives to describe translation's effect on the development of literature within a given receiving culture'. (Heylen 1993:137)

11. ബ്രസീലിലെ നരഭോജനതർജമസിദ്ധാന്തം എൽസ് വിയെറ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഇവരുടെ പ്രബന്ധം ഹരീഷ് ത്രിവേദിയും സൂസൻ ബാസ്നറ്റും സമാഹരിച്ച Post-Colonial Translation Theory and Practice (1999) എന്ന ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. ഈ കൃതിയുടെ ആമു ഖപഠനത്തിൽ ബാസ്നറ്റും ത്രിവേദിയും നരഭോജനരൂപകം വിശദമായി ചർച്ചചെയ്യുന്നുണ്ട്.

12 ഈ വാദത്തോടു സമാനമായ ആശയം നാലുനൂറ്റാണ്ടു മുൻപ് 1623-ൽ മാഡം ഡി ഗൂർണേ എന്ന ഫ്രഞ്ചുവിവർത്തക രേഖപ്പെടുത്തിയിട്ടുണ്ട്. (to translate was) ' to engender a work anew. Engender, I say, because (the ancient writers) have to be decomposed by profound and penetrating reflexion, inorder to be reconstituted by a similar process; just as meat must be decomposed in our stomachs inorder to form our bodies' (Bassnet 1995:147).

13. എഴുത്തുകാർ, വായനക്കാർ, വിവർത്തകർ എന്നിവരുടെ പരസ്പരബന്ധ ത്തെപ്പറ്റി ബ്രസീലിലുള്ള തീവ്രവാദപരമായ നിലപാടുകൾ ലോകത്തിന്റെ





പലഭാഗങ്ങളിൽനിന്നും ഇന്നു കേൾക്കുന്നുണ്ട്. ഗബ്രിയേൽ ഗാർസിയ മാർക്വേസ്, ജോർജ് ലൂയിസ് ബോർഹസ്, കാർലോസ് ഫുവേന്തസ് എന്നീ ലാറ്റിനമേരിക്കൻ എഴുത്തുകാരും കാമ്പോസ് സഹോദരരുടെ നരഭോജ നവാദത്തോടു സമാനമായ വീക്ഷണങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. 'കൃതിയുടെ യാഥാർത്ഥ്യമെന്ന വാദം ഒരു രോഗമാണ് ' (originality is a sickness) എന്നു വരെ ഫുവേന്തസ് പറഞ്ഞുകളഞ്ഞു (Bassnet, Trivedi 1999:3). വിവർത്തന ചിന്തയുടെ ഈ മട്ടിലുള്ള വെട്ടിത്തിരിയൽ കോളണിനയന്തരസമീപന ങ്ങളുടെ പശ്ചാത്തലത്തിലാണു വിവരിക്കേണ്ടത്.

14. ഇന്ത്യയിലെ രാമായണമഹാഭാരതപാരമ്പര്യങ്ങൾ ബ്രസീലിലെ നരഭോ ജനവാദത്തിൽ ഒതുക്കാനാവില്ലെന്നു ഹരീഷ് ത്രിവേദിയും സൂസൻ ബാസ്നറ്റും വ്യക്തമാക്കുന്നുണ്ട്. കുറച്ചുകൂടി ജൈവികവും സ്വാഭാവി കവും അഹിംസാത്മകവുമായ വളർച്ചയോടാണ് അതിനെ ഉപമിക്കേണ്ട ത്. പ്രായമായ അരയാലിന്റെ ശാഖകളിൽനിന്നു മണ്ണിലേക്കു വേരുകളാ ഴ്ന്നിറങ്ങുകയും വേരുകളും ചില്ലകളും പഴയവൃക്ഷവും എല്ലാം ചേർന്നു പരസ്പരപോഷണത്തിന്റേതായ ആവാസവ്യവസ്ഥ രൂപംകൊള്ളുകയും ചെയ്യുന്ന രീതിയിലാണ് ഇന്ത്യയിലെ പുരാണപാരമ്പര്യങ്ങളെന്ന് അവർ പറയുന്നു (Bassnet, Trivedi 1999:10).

15. 'It is an amusement to me to take what liberties I like with these Persians, who (as I think) are not poets enough to frighten me from such excursions and who really do want a little art to shape them'- Fitzgerald (Bassnet 1991:3).

16. 'fidelity' എന്ന പദമാണ് ഇംഗ്ലീഷിൽ ഉപയോഗിക്കുന്നത്. ഇത് സ്ത്രീപ ക്ഷത്ത് ചാരിത്ര്യത്തെയും വിവർത്തനരംഗത്തു വിശ്വസ്തതയെയും ഒരു പോലെ സൂചിപ്പിക്കുന്നു. തത്തുല്യമായ ഒരു പ്രയോഗം മലയാളത്തിൽ ഇല്ല.

17. വിവർത്തനങ്ങളെക്കുറിച്ചുള്ള ഈ ഉപമ ലോകത്തിന്റെ പല ഭാഗങ്ങളിലും നിശിതമായി വിമർശിക്കപ്പെട്ടിട്ടുണ്ട്. ലോറി ചേംബർലെയിൻ പിതൃമേധാ വിത്വപാരമ്പര്യത്തോടു ബന്ധപ്പെടുത്തി ഈ അഭിപ്രായത്തിലെ ലിംഗവി വേചനം വ്യക്തമാക്കുന്നു. 'However, the infamous 'double standard' operates here as it might have in traditional marriages. The unfaithful wife/translation is publicly tried for crimes the husband/original is by law incapable of committing. This contract in short, makes it impossible for the original to be guilty of infidelity. Such an attitude betrays real anxiety about the problem of paternity and translation; it mimics the patrilineal kinship system where paternity - not maternity - legitimizes the offspring' (Bassnet 1995: 140-1). സൗത്ത് ആഫ്രിക്കൻ കവിയായ റോയ് കാംബെൽ ഇക്കാര്യത്തിൽ കൂടു തൽ രൂക്ഷമായ വിയോജിപ്പു രേഖപ്പെടുത്തി. 'Translations (like wives) are never faithful if they are the least attractive.' Editorial. The Times of India. December 10th 1998.

18. സൂസൻ ഹാർവുഡ് എന്ന പ്രമുഖ ഫെമിനിസ്റ്റുവിവർത്തകയുടെ വാക്കുകൾ: 'My translation practice is a political activity aimed at making language speak for women, So my signature on a translation means: this translation has used every srategy to make the feminine visible in language.'( Simon 1996:15) പ്രധാനമായും നാലു മാർഗങ്ങളിലൂടെയാണു വിവർത്തനം സ്ത്രീപക്ഷമാകുന്നതെന്നു വോൺ ഫ്ളോടോവ്. 1. supplementing 2. prefacing 3. footnoting 4.hijacking ( :14)

19. 'The Bible teaches that woman brought sin and death into the world,that she precipitated the fall of the race, that she was arraigned before the judgement seat of Heaven, tried, condemned and sentenced. Marriage for her was to be a condition of bondage, maternity a period of suffering and anguish and in silence and subjection, she was to play the role of a dependent on man's bounty for all her material wants, and for all the information she might desire on the vital questions of the hour, she was commanded to ask her husband at home. Here is the Bible position of woman briefly summed up' - Stanton (Simon 1996:115).

20. 'It is not good for the groundling to be alone; I will make for it a help as its counterpart'- Mary Korsak (Simon 1996:120).

21. 'When I translate I read the text then I re read the text and I re read the text, and then I write the reading and the reading has re- written my writing' കാതി മെസേ. ഈ അഭിപ്രായം ജോർജ് സ്റ്റീനറുടെ 'translation involving the appropriate penetration of the source text, so that the text is captured and the translator then compensates for the act of aggression by a gesture of restitution എന്ന കാഴ്ചപ്പാടിൽനിന്നു വളരെ വ്യത്യസ്തമാണെന്നു ബാസ്നെറ്റ് വ്യക്തമാക്കുന്നു (Bassnet 1995:156-7).

22. ബംഗാളികവിതകളുടെ ഇംഗ്ളീഷ് വിവർത്തനത്തിന്റെ ആമുഖത്തിൽ സ്പിവാക് ഇങ്ങനെ പറയുന്നു 'Translation is the most intimate act of reading. I surrender to the text when I translate' ( Simon 1996:180).

23. 'By translation I first of all mean a process by which, inorder to objectify cultural meaning there always has to be a process of alienation and of secondariness 'in relation to itself'. In that sense there is no 'in itself' and 'for itself' within cultures because they are always subject to intrinsic forms of translation'. 'Translation is also a way of imitating but in a mischievious displacing sense -imitating an original in such a way that the prioriry of the original is not reinforced but by the very fact that it can be simulated, copied, transferred, transformed, made into a simulacrum and so on: the "original" is never finished or complete in itself. The "originary" is always open to translation so that it can never be said to have totalized prior moment, of being or meaning an essence' (Bhabha 1995: 210).

24. 'The fact that Indian literary communities do possess this translating consciousness can be brought home effectively by reminding ourselves that the very foundation of modern Indian literatures was laid through act of translation, whether by Jayadeva, Hem Candra, Michael Madhusudan Datta, H.N.Apte or Bankim Chandra Chatterjee' - Ganesh Devy (Bassnet, Trivedi 1999:187).





25. 'Translation is then the wandering existence of a text in perpetual exile' എന്ന ഹിൽസ് മില്ലറുടെ അഭിപ്രായമുദ്ധരിച്ചുകൊണ്ടു പതനവും പ്രവാസവും ഉൾക്കൊള്ളുന്ന ക്രിസ്തീയ മിത്തിന്റെ സ്വാധീനമാണു വിവർത്തനങ്ങളെ പ്രവാസജീവിതമായി വ്യാഖാനിക്കാൻ പാശ്ചാത്യരെ പ്രേരിപ്പിച്ചതെന്നു നിരീക്ഷിക്കുന്നു. ബാബേൽ ദുരന്തമാണു വിവർത്തനങ്ങൾ ആവശ്യമാക്കിയത്.ദൈവശിക്ഷമൂലമാണു മനുഷ്യരുടെ ഭാഷകൾ വ്യത്യസ്തങ്ങളായത്. വിവർത്തനങ്ങൾക്കു മൂലകൃതിയെക്കാൾ താഴ്ന്ന പദവി നൽകിയതിനു പിന്നിൽ ഈ ക്രിസ്ത്യൻമിത്തിന്റെ സ്വാധീനമാണെന്നു ഗണേഷ് ദെവി (Bassnet 1995:187). തർജമകളെ കൃതിയുടെ പുനർജന്മങ്ങളായാണ് (after life) വാൾട്ടർ ബഞ്ചമിനും വിവരിച്ചത്.

26. 'The soul, or significance, is not subject to the laws of temporality, and therefore significance even literary significance, is ahistorical in Indian view. Elements of plot, stories, characters can be used again and again by new generations of writers because Indian literary theory does not lay undue emphasis on originality. If originality were made a criterion of literary excellence, a majority of Indian classics would fail the test. The true test is the writer's capacity to transform, to translate, to restate, to revitalize the original. And in that sense Indian literary traditions are essentially traditions of translation' - Ganesh Devy (Bassnet,Trivedi 1995:187).

27. താരതമ്യസാഹിത്യപഠനത്തിന്റെ പ്രശ്നങ്ങൾ വിവരിച്ചു വി. സി. ഹാരിസ് (1999: 129-130) ഇങ്ങനെ അഭിപ്രായപ്പെടുന്നു 'സമാനതയല്ല വ്യത്യസ്തതയാണു കാര്യം എന്ന മട്ടിലുള്ള ലളിതമായ ഒരു തിരിച്ചിടലല്ല ഇവിടെ കാണുന്നത്. ഈ തിരിച്ചിടൽ ഒരു പരിധിവരെ പ്രസക്തമാണെങ്കിലും നമ്മുടെ ചിന്തയെ കൂടുതലാകർഷിക്കുന്നതും അലട്ടുന്നതും സമാനത/ വ്യത്യസ്തത എന്ന യുഗ്മവും അതു താരതമ്യസാഹിത്യത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെ സാധ്യമാക്കുകയോ അസാധ്യമാക്കുകയോ ചെയ്യുന്ന രീതിയുമാണ്.'

28. 'Comparative literature as a discipline has had its day. Cross cultural work in women's studies, in post-colonial theory, in cultural studies has changed the face of literay studies generally. We should look upon translation studies as the principal discipline from now on with comparative literature as a valued but subsidiary subject area, (Bassnet 1995:161).

## ഗ്രന്ഥസൂചി

Asher. R.E (Ed-in-chief) 1994 The Encyclopaedia of Language and Linguistics. Vol 9 Pergamon press Oxford

| | | |
|---|---|---|
| Baker, Mona (Ed) | 1998 | Routledge Encyclopaedia of Routledge London and New York, Translation Studies |
| Bassnett, Susan | 1991 | Translation Studies Routledge, London and New York |
| Bassnett, Susan | 1995 | Comparative Literature, Blackwell Oxford and Cambridge |
| Bassnett, Susan | 1999 | Post- Colonial Translation Theory Routledge, London and New Harish, Trivedi and Practice York |
| Bhabha, Homi | 1995 | The Location of CultureRoutledge, London and New York |
| Devi, Mahasweta | 1995 | Imaginary Maps Routledge, London and New York (Tr.Spivak, Gayatri Chakravorty) |
| Devi, Mahasweta | 1995 | Imaginary Maps Routledge, London and New York (Tr.Spivak, Gayatri Chakravorty) |
| Devi, Mahasweta | 1997 | Breast Stories Seagull Books Calcutta (Tr.Spivak, Gayatri Chakravorty) |
| Devi, Mahasweta | 1997 | Rudali from Fiction to PerformansSeagull Books Calcutta Ganguly, Usha (Tr. Katyal, Anjum) |
| Gentzler, Edwin | 1993 | Contemporary Translation Theories Routledge, London and New York |
| Heylen, Romy | 1993 | Translation, Poetics, Stage Routledge, London and New York |
| Hervey, Sandor | 1994 | Thinking Translation Routledge, London and New York Higgins, Ian |
| Lefevere, Andre (Ed) | 1992 | Translation/History/Culture Routledge, London and New York |
| Simon, Sherry | 1996 | Gender in Translation Routledge, London and New York |
| Toury, Gideon (Ed) | 1987 | Translation Across Cultures Bahri Publications, New Delhi |
| Venuti, Lawerence | 1995 | Translator's Invisibility Routledge, London and New York |
| അച്യുതനുണ്ണി, ചാത്തനാത്ത് | 2000 | താരതമ്യസാഹിത്യപരിചയം കറന്റ് ബുക്സ്, തൃശൂർ |
| ഹാരിസ്. വി. സി. | 1999 | എഴുത്തും വായനയും NBS കോട്ടയം |


■



# മതം, ജാതി, നാട്ടുപാരമ്പര്യം

## കൊടുങ്ങല്ലൂരിലെ മത/ജാതി വിഭാഗങ്ങളെ കുറിച്ചുള്ള കഥകൾ

**സി. ആദർശ്**

കേരളചരിത്രത്തിലെ പ്രധാനപ്പെട്ട മിക്ക സംഭവവികാസങ്ങളും മതപരമായ വിവരണങ്ങളുമായോ കഥകളുമായോ ബന്ധപ്പെട്ടുകൊണ്ടാണ് നിലനിൽക്കുന്നതും ചർച്ച ചെയ്യപ്പെട്ടിരിക്കുന്നതും. കൊടുങ്ങല്ലൂരുമായി ബന്ധപ്പെട്ട് പ്രചരിച്ചുവരുന്ന അനേകം മതപരമായ വിവരണങ്ങൾ കേരളത്തിന്റെ സാംസ്കാരികചരിത്രത്തെയും സാമൂഹ്യചരിത്രത്തെയും നിർണ്ണയിക്കുന്നവയാണ്. അവസാനത്തെ ചേരമാൻപെരുമാൾ മതം മാറി രാജ്യം മുഴുവൻ ബന്ധുക്കൾക്കും മറ്റുമായി വിഭജിച്ചു നൽകി മക്കത്തേക്കു പോയി എന്ന കഥ ഏറ്റവും നല്ല ഉദാഹരണമാണ്. ഈ കഥ കേരളത്തിന്റെ മധ്യകാലചരിത്രത്തെയും ഇസ്ലാംമതചരിത്രത്തെയും മാത്രമല്ല മറ്റു മതക്കാരുടെ പിൽക്കാലചരിത്രത്തെയും ആധുനിക കേരളദേശീയതയെയുംവരെ സ്വാധീനിച്ചിട്ടുണ്ട്. കേരളത്തിലെ ജൂതരുടെ ചരിത്രത്തിന് പെരുമാൾക്കാലഘട്ടത്തിനുമുമ്പ് എന്നും പെരുമാൾക്കാലത്തിനുശേഷം എന്നും രണ്ടുതരം തിരിവുകൾ സാധ്യമാണ്. ആധുനിക കേരളദേശീയനിർമ്മിതിയുടെ സമയത്ത് പെരുമാൾക്കാലഘട്ടം ഒരു മാതൃകാദേശമായി ഇരുപതാം നൂറ്റാണ്ടിലെ കേരളചരിത്രരചനകളെ സ്വാധീനിക്കുന്നുണ്ട്. അതുപോലെ പതിനൊന്നാം നൂറ്റാണ്ടിനു ശേഷമുണ്ടായിട്ടുള്ള രാഷ്ട്രീയസംഭവങ്ങളെകുറിച്ചു പറയുന്ന കേരളോൽപ്പത്തിപോലുള്ള പ്രാചീനവിവരണങ്ങളിലും ഈ മതംമാറ്റക്കഥ മുന്നോടിയായി നിലനിൽക്കുന്നുണ്ട്.

മതങ്ങളുടെ സംഗമഭൂമി എന്ന നിലയിൽ കൊടുങ്ങല്ലൂരിനെ കുറിച്ച് പറയാറുണ്ട്. അവയെ സംബന്ധിച്ചെല്ലാം നിരവധിയായ കഥകളും ഉണ്ട്. അത്തരം കഥകളെല്ലാം തന്നെ ഇവിടെ നിലനിന്നിരുന്ന ജനജീവിതവും അധികാരവും തമ്മിലുള്ള ബന്ധത്തെ തെളിച്ചപ്പെടുത്താൻ സഹായിക്കുന്നവയാണ്. കൊടുങ്ങല്ലൂരിലെ മതപരമായ അത്തരം ചില കഥകളെ ക്രോഡീകരിക്കാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

## ജൂതന്മാരെ സംബന്ധിച്ച കഥകൾ

ബി.സി. 978–934 ൽ ഇസ്രായേൽ ഭരിച്ചിരുന്ന സോളമൻ ചക്രവർത്തിയുടെ കാലം മുതൽക്കു തന്നെ കേരളവുമായി ജൂതന്മാർക്കു കച്ചവടബന്ധമുണ്ടായിരുന്നതായി തെളിവുകൾ കിട്ടിയിട്ടുണ്ട്. ഏ.ഡി. 68–ൽ ജറുസലേമിലെ പള്ളി റോമാക്കാരാൽ നശിപ്പിക്കപ്പെട്ടതിനെ തുടർന്ന് ജൂതന്മാർ കൂട്ടത്തോടെ കൊടുങ്ങല്ലൂരിലേക്കു വന്നു എന്നാണ് ഐതിഹ്യം. കേരള ജൂതന്മാരുടെയിടയിലുള്ള പാരമ്പര്യമനുസരിച്ച് മാല്യങ്കര, പുല്ലൂറ്റ്, പാലൂർ (പാലയൂർ) എന്നീ താവളങ്ങളിലാണ് അവർ തിങ്ങിക്കൂടിയിരുന്നത്. കൊടുങ്ങല്ലൂരിനു കുറച്ച് വടക്കുകിഴക്കു മാറിയാണ് പുല്ലൂറ്റ്. ഈ സ്ഥലത്തിനു കിഴക്കുള്ള പൊയ്യയിലേക്കും നാല്പതിലധികം കിലോമീറ്റർ ദൂരെ വടക്കുപടിഞ്ഞാറു സ്ഥിതിചെയ്യുന്ന പാലയൂർവരെയും അന്നത്തെ യഹൂദസമുദായം വ്യാപിച്ചുകിടന്നിരുന്നുവെന്ന് പറയപ്പെടുന്നു. ഇവിടത്തെ ജൂതന്മാരുടെ പരപ്പിനെ സംബന്ധിച്ച ഒരു കഥ ഇപ്രകാരമാണ്. പുല്ലൂറ്റിലെ ഒരു പുരപ്പുറത്തു കയറുന്ന കോഴിക്ക് നിലം തൊടാതെ പാലയൂർവരെ എത്താമായിരുന്നു. അത്രക്കു ഇടതൂർന്നാണ് അവരുടെ വീടുകൾ സ്ഥിതിചെയ്തിരുന്നതത്രെ.

കേരളവുമായി ജൂതന്മാർക്ക് ഉണ്ടായിരുന്ന നല്ല ബന്ധത്തിന്റെ തെളിവായാണ് ജോസഫ് റബ്ബാൻ എന്ന ജൂതകച്ചവടക്കാരന് ചേരരാജാവ് നൽകിയ ജൂതചെപ്പേടിനെ കാണുന്നത്. ഈ ചെപ്പേട് പ്രകാരം ജൂതർക്ക് ധാരാളം അവകാശാധികാരങ്ങൾ കിട്ടിയിരുന്നു. ഇന്ന് ജൂതന്മാരുടേതെന്ന് പറയാവുന്ന ഒന്നും തന്നെ കൊടുങ്ങല്ലൂരിലില്ല. പെരുമാൾവാഴ്ചയുടെ അന്ത്യത്തോടെ ജൂതർക്ക് ഏതോ മഹാദുരന്തം ഉണ്ടായതായാണ് ഐതിഹ്യം.“ജോസഫ് റബ്ബാന്റെ കാലശേഷം അധികാരമേറ്റ ആറോണും അനുജൻ ജോസഫും രണ്ടു സഹോദരിമാരെയാണ് വിവാഹം ചെയ്തത്. ജ്യേഷ്ഠൻ അനുജത്തിയെയും അനുജൻ ജ്യേഷ്ഠത്തിയെയും. അഞ്ചുവണ്ണസ്ഥാനപതിയുടെ ഭാര്യ എന്ന നിലയ്ക്ക് അനുജത്തിക്കായിരുന്നു കുടൂതൽ പ്രാധാന്യം കിട്ടിയിരുന്നത്. ഇത് ജ്യേഷ്ഠത്തിക്ക് ഇഷ്ടപ്പെടാതിരിക്കുകയും അവർ തമ്മിൽ വഴക്ക് ഉണ്ടാവുകയും ചെയ്തു. ഭാര്യമാർ തമ്മിലുള്ള വഴക്ക് സഹോദരന്മാരിലേക്കും പടർന്നു. ഇളയവൻ കൊച്ചീരാജാവിന്റെ സഹായത്തോടുകൂടി മൂത്തവനെ വധിക്കാൻ ഗൂഢാലോചന നടത്തി. അങ്ങനെ കൊച്ചീരാജാവിനെ സന്ദർശിക്കാനെത്തിയ ആറോണിനെ ജോസഫ് ചതിയിൽ കൊല്ലപ്പെടുത്തി. മരിക്കുന്നതിനു മുമ്പ് അനുയായികളിൽ ഒരാളോട് തന്റെ ഘാതകൻ ആരെന്ന് അയാൾ പറഞ്ഞിരുന്നു.”

ഇതിന്റെ ഫലമായി യഹൂദസമുദായം രണ്ടായി പിളർന്നു. ഈ രണ്ടു വിഭാഗങ്ങളും അധികാരത്തിനു വേണ്ടിയുള്ള വടംവലി ഒരു സാധാരണ സംഭവമായി തീർന്നു. അതോടു കൂടി മൂന്നാമതൊരു വിഭാഗംകൂടി ഉയർന്നുവന്നു. യഹൂദരുടെയിടയിൽ ‘മെയൂഹാസിം’ എന്ന ആഭിജാതരും ‘മെഷാരാരിം’ എന്ന താഴ്ന്നവരും ഉണ്ടായിരുന്നു. മെയൂഹാസിമിന്റെ വെപ്പാട്ടികൾക്ക് ജനിച്ചവരോ





സ്വതന്ത്രമാക്കപ്പെട്ട അടിമകളോ ആയിരുന്നു മെഷാരാരിം. ഇവർ കാലക്രമത്തിൽ പ്രതാപവാന്മാരായി. അപ്പോൾ മെയൂഹാസിമിന്റെ പെൺമക്കളെ തങ്ങളുടെ ആൺമക്കൾക്കു വിവാഹംകഴിച്ചു കൊടുക്കണമെന്ന് അവർ ആവശ്യപ്പെടാൻ തുടങ്ങി. ഈ ആവശ്യം മെയൂഹാസിം പുച്ഛിച്ചു തള്ളി. അതോടുകൂടി മെഷാരാരിം മെയൂഹാസിമിനെതിരായി. അവർ, സഹോദരന്മാർ തമ്മിൽ അധികാരത്തിനു വേണ്ടി നടക്കുന്ന കുടുംബവഴക്കിൽ ഇടപെടാൻ സാമൂതിരിയോട് ആവശ്യപ്പെട്ടു. ഒരു ശാബത്ത് രാത്രിയിൽ സാമൂതിരി സൈന്യവുമായി എത്തിയപ്പോൾ നഗരത്തിലേക്ക് കടക്കാനുള്ള വഴി മെഷാരാരിം കാണിച്ചു കൊടുത്തു. അദ്ദേഹം പട്ടണവും പള്ളിയും ചുട്ടുകരിച്ചു. അഞ്ചുവണ്ണസ്ഥാനപതി തന്റെ ഭാര്യയേയും തോളിലേറ്റി  കൊടുങ്ങല്ലൂർ കായൽ നീന്തിക്കടന്നു കൊച്ചിയിലേക്ക് ഓടി രക്ഷപ്പെട്ടു. മറ്റുള്ളവർ മാള, ചേന്ദമംഗലം, പറവൂർ എന്നിവിടങ്ങളിലേക്ക് അഭയം തേടിപ്പോയി. ഈ ദുരന്തം സംഭവിച്ചത് അർദ്ധരാത്രിയിലായിരുന്നതുകൊണ്ട് ഇന്നും ജൂതന്മാർ അത്യാവശ്യത്തിനു കൊടുങ്ങല്ലൂരിലെത്തിയാലും രാത്രി ഇവിടെ തങ്ങാറില്ല.” (ജൂസെ, പി.എം : 1991)

മുസ്ലീങ്ങളുടെ ആക്രമണമാണ് ജൂതന്മാരെ ഇവിടെ ഇല്ലാതാക്കിയത് എന്നും പറയുന്നുണ്ട്. കൊടുങ്ങല്ലൂരിലുള്ള മേത്തലയിൽ ജൂതരുടെ പള്ളി സ്ഥിതിചെയ്തിരുന്നുവെന്നും ആ പുണ്യസ്ഥലത്തുനിന്നും ഒരുപിടി മണ്ണ് മരിച്ചവരുടെ ശവക്കുഴിയിൽ ഇടാൻ ജൂതന്മാർ വാരിക്കൊണ്ടു പോകുമായിരുന്നു എന്നും പറയപ്പെടുന്നു. മേത്തലയിലുള്ള കുന്നംകുളം എന്നും ചെറിയ കുന്നംകുളം എന്നും പേരുള്ള രണ്ടു സ്ഥലങ്ങൾ സാമൂതിരി കുളം തോണ്ടിയ ജ്യേഷ്ഠാനുജന്മാരുടെ താമസസ്ഥലമായ ജൂതക്കുന്നുകളാണത്രെ. കുന്നു കുളമാക്കിയതുകൊണ്ട് കുന്നംകുളമായതാണ്. (ആവേദകൻ: തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോൻ)

## ക്രിസ്ത്യാനികളെ സംബന്ധിച്ച കഥകൾ

കേരളചരിത്രത്തിൽ ക്രിസ്തുമതത്തെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട ഐതിഹ്യം സെന്റ് തോമസ് കഥയാണ്. ഏ.ഡി. 52–ൽ കൊടുങ്ങല്ലൂരിൽ സെന്റ് തോമസ് വന്നു എന്നും അഴീക്കോടിൽ പള്ളി പണിതു എന്നും ഐതിഹ്യം. ക്രിസ്ത്യാനികളുടെ റമ്പാൻപാട്ടിലാണ് ഈ കഥ പറയുന്നത്. സെന്റ് തോമസിന്റെ കാലശേഷം കേരളത്തിലെ ക്രിസ്ത്യാനികൾക്ക് നീണ്ടകാലം ആദ്ധ്യാത്മികനേതൃത്വം നൽകാൻ  ആരുമുണ്ടായിരുന്നില്ല എന്നും ഈ ഘട്ടത്തിൽ അലക്സാണ്ട്രയിലെ സർവ്വകലാശാലാദ്ധ്യക്ഷനായിരുന്ന പാന്തേനൂസ് ക്രൈസ്തവരുടെ സഹായത്തിനായി കേരളത്തിലെത്തുകയും മാണിക്യവാസകർ എന്ന പ്രസിദ്ധനായ ശൈവസന്യാസിയെ വാദപ്രതിവാദത്തിൽ പരാജയപ്പെടുത്തി എന്നും ഒരു കഥയുണ്ട്.

കാനായി തൊമ്മയെ പറ്റിയുള്ള ഐതിഹ്യം ഇപ്രകാരമാണ്: നാലാം നൂറ്റാണ്ടിൽ എദേസ്സാ പട്ടണത്തിലെ മാർ യൗസേപ്പു മെത്രാന് ഒരു ദർശനമു

ണ്ടായി. വിദൂരസ്ഥമായ കേരളസഭയുടെ ശോച്യാവസ്ഥയെ പറ്റിയായിരുന്നുവത്രെ ദർശനം. ഈ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി കേരളവുമായി വ്യാപാരബന്ധം ഉണ്ടായിരുന്ന കാനായി തോമ്മയെയും യൗസേപ്പു മെത്രാനെയും അനേകം വൈദികരേയും സ്ത്രീപുരുഷന്മാരുൾപ്പെട്ട ഒരു ജനസഞ്ചയത്തെയും കേരളത്തിലേയ്ക്കയക്കുകയും അവർ കേരളത്തിലെത്തി സ്ഥിരതാമസം തുടങ്ങുകയും മതപരമായ പുനരുദ്ധാരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

കാനായിത്തൊമ്മനും അനുയായികളും അന്ന് മഹാദേവർപട്ടണം എന്നറിയപ്പെടുന്ന കൊടുങ്ങല്ലൂരിന്റെ തെക്കേ അറ്റത്ത് ചേരമാൻ പെരുമാളിന്റെ കൊട്ടാരത്തിനു തെക്കുഭാഗത്തായിട്ടാണ് താമസിച്ചിരുന്നത്. കൊടുങ്ങല്ലൂരിലെ സിറിയൻ ക്രിസ്ത്യാനികൾ പൊതുവേ തെക്കുംഭാഗക്കാർ എന്നും വടക്കൻ ഭാഗക്കാർ എന്നും വിളിച്ചിരുന്നതായി പറയുന്നു. ഇവരുടെ പിൻതലമുറക്കാർ ഇന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നുണ്ട്. ചേരമാൻ പെരുമാളിന്റെ കൊട്ടാരത്തിനു തെക്കുഭാഗത്തായി താമസിച്ച കാനായി തൊമ്മനും അനുയായികൾക്കും തെക്കും ഭാഗക്കാർ എന്ന പേർ സിദ്ധിച്ചു. കൊട്ടാരത്തിനു വടക്കു ഭാഗത്തു താമസിച്ചിരുന്ന കൊടുങ്ങല്ലൂരിലെ ആദിമക്രിസ്ത്യാനികളെ വടക്കും ഭാഗക്കാർ എന്നുമാണ് വിളിച്ചിരുന്നത്. (പീറ്റർ കുരിശിങ്കൽ : 1991)

പോർച്ചുഗീസുകാർക്കു ശേഷം ക്രൈസ്തവസഭയിൽ ഉണ്ടായ പരിവർത്തനങ്ങളെ കുറിച്ച് പീറ്റർ കുരിശിങ്കൽ ഇങ്ങനെ എഴുതുന്നു: "കേരളത്തിന്റെ ക്രിസ്തീയചരിത്രത്തിൽ നിർണ്ണായകവും ദൂരവ്യാപകവുമായ ഫലമുളവാക്കിയ ഒരു സംഭവത്തിന്റെ നീക്കം നടന്നതും കൊടുങ്ങല്ലൂരിൽ നിന്നാണ്. വാസ്കോഡഗാമ കൊച്ചിയിലെത്തിയപ്പോൾ ഒരു ക്രിസ്ത്യൻ പ്രതിനിധിസംഘം വാസ്കോഡഗാമയെ സന്ദർശിക്കുകയുണ്ടായി. വാസ്കോഡഗാമയും ക്രിസ്ത്യൻ പ്രതിനിധിസംഘവും തമ്മിൽ ഉണ്ടായ കൂടിക്കാഴ്ചക്ക് വളരേയേറെ പ്രാധാന്യമുണ്ട്. പോർത്തുഗീസ് രാജാവിന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ അധികാരത്തിന് സ്വയം വിധേയരായതോടെ അന്നത്തെ കേരളക്രിസ്ത്യാനികളുടെ ഇടയിൽ കടന്നുകൂടിയിരുന്ന അബദ്ധവിശ്വാസങ്ങളെയും അനാചാരങ്ങളേയും നിർമ്മാർജനം ചെയ്യാനുള്ള ബാധ്യത രാജാവിനാൽ നിയുക്തരായ മിഷണറിമാരിൽ നിക്ഷിപ്തമായിത്തീർന്നു. തങ്ങളിൽ അർപ്പിക്കപ്പെട്ട ബാധ്യത നിറവേറ്റുന്നതിന് മിഷണറിമാർ ഫലം സുനിശ്ചിതമായ മാർഗ്ഗമാണ് തിരഞ്ഞെടുത്തത്. ഇവിടത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ കടന്നുകൂടിയിരുന്ന അബദ്ധസിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന ആരാധനാരീതികൾക്ക് പകരം പുതിയ രീതി പ്രാവർത്തികമാക്കുക. അങ്ങനെ ഇവിടെ നിലനിന്നിരുന്ന സിറിയൻ ആരാധനാരീതികൾക്കു പകരം ലത്തീൻ ആരാധനാക്രമം നടപ്പാക്കി. അതോടെ പഴയ ആരാധനാക്രമം പാടെ മാറി, പുതിയ ആരാധനാക്രമം നിലവിൽ വന്നു. ഈ പരിവർത്തനംമൂലം ഇടവകകൾ ഓരോന്നും ലത്തീൻ റീത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു. പുരാതന ക്രൈസ്തവകേന്ദ്രമായ കൊടുങ്ങല്ലൂരിൽ





ഇന്നുള്ള ക്രൈസ്തവർ അങ്ങനെ ലത്തീൻ റീത്ത് സ്വീകരിച്ചവരാണ്. അടുത്ത കാലത്ത് കൊടുങ്ങല്ലൂരിൽ (ശൃംഗപുരത്ത്) ഒരു സിറിയൻ ഇടവക രൂപപ്പെട്ടിട്ടുണ്ട്."

## ഇസ്ലാംമതത്തെ സംബന്ധിച്ച കഥകൾ

ഇസ്ലാംമതം കേരളത്തിൽ പ്രചരിച്ചതിനെ സംബന്ധിച്ച പെരുമാളിന്റെ മതംമാറ്റക്കഥയാണ് ഇസ്ലാംമതത്തെ സംബന്ധിച്ച ഏറ്റവും പ്രശസ്തമായ ഐതിഹ്യം. വില്യം ലോഗൻ (2004:205–06) *മലബാർ മാന്വലിൽ* മലയാളികൾക്കിടയിലുള്ള വിശ്വാസത്തെ ഇപ്രകാരം പറയുന്നു: "അറേബ്യയിലെ മെക്കയിൽ കറുത്ത വാവിൻനാൾ രാത്രി പൂർണ്ണചന്ദ്രൻ ഉദിച്ചതായി ചേരമാൻപെരുമാൾ ഒരു സ്വപ്നം കണ്ടു. മദ്ധ്യാഹ്നമായപ്പോൾ പൂർണ്ണചന്ദ്രൻ രണ്ടായി പിളരുകയും ഒരു പാതി ആകാശമധ്യത്തിൽതന്നെ നിലകൊള്ളുകയും മറ്റേപ്പാതി 'അബികുബെസ്' എന്ന കുന്നിൻചെരുവിൽ ഇറങ്ങിവരുകയും ചെയ്തു. രണ്ടു പാതികളും ഒന്നായിച്ചേർന്ന് അസ്തമിച്ചുവെന്നായിരുന്നു സ്വപ്നം. കുറച്ചു കാലം കഴിഞ്ഞപ്പോൾ, സിലോണിൽ ആദം കൊടുമുടിക്കു മേലുള്ള 'കാലടിപ്പാട്' പള്ളിയിലേയ്ക്കു പ്രാർത്ഥനയ്ക്കു പോവുകയായിരുന്ന ഒരു മുഹമ്മദൻ ഭക്തജനസംഘം ചേരമാൻപെരുമാളിന്റെ ആസ്ഥാനമായ കൊടുങ്ങല്ലൂരിൽ എത്തിച്ചേരാനിടയായി. പെരുമാളിനെ സന്ദർശിക്കാൻ അവർക്ക് അനുവാദം കിട്ടി. മുഹമ്മദൻ അതിഥികളെ ബഹുമാനപൂർവ്വം സ്വീകരിച്ചിരുത്തി. അവരുടെ നാട്ടിൽ വിശേഷവിധിയായി വല്ലതും നടന്നിട്ടുണ്ടോ എന്നു പെരുമാൾ ആരാഞ്ഞതിന്, ഷേഖ് സെക്കെ-ഉദ്-ദ്ദീൻ (സെജ്ജുദ്ദീൻ) എന്ന ഭക്തൻ, അവിശ്വസനീയമായ ആ കഥ പറഞ്ഞു. അതായത്, ചേരമാൻ പെരുമാൾ സ്വപ്നത്തിൽ കണ്ട അതേ അദ്ഭുതസിദ്ധികൾ വഴി മുഹമ്മദ് നബി അവിശ്വാസികളായ എത്രയോ പേരെ പ്രവാചകമതത്തിലേയ്ക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യം. പെരുമാളിനു കൂടുതൽ സംഗതി അറിയാനുള്ള താൽപര്യമുണ്ടായി. അവരുമായി ചേരുന്നതിനുള്ള തന്റെ അഭിലാഷം പെരുമാൾ രഹസ്യമായി ഷേഖിനെ അറിയിക്കുകയും ചെയ്തു. ഷേഖ് സിലോണിൽനിന്നു തിരിച്ചെത്തിയപ്പോൾ, "ഒരു നീണ്ട സമുദ്രയാത്രക്കാവശ്യമായ എല്ലാ സജ്ജീകരണങ്ങളോടും കൂടി ഒരു കപ്പൽ ഒരുക്കിനിർത്താൻ" അദ്ദേഹത്തിന് രഹസ്യനിർദ്ദേശം നൽകി. പിന്നീടുള്ള അടുത്ത എട്ടു ദിവസങ്ങളിൽ ഭരണപരമായ ഏർപ്പാടുകൾ പലതും സ്വകാര്യമായി ചെയ്യുന്നതിൽ പെരുമാൾ വ്യാപൃതനായിരുന്നു – പ്രത്യേകിച്ചും തന്റെ സാമന്ത രാജാക്കന്മാർക്ക് അവരുടെ കീഴിലുള്ള നാടുകൾ പകുത്തു തിട്ടപ്പെടുത്തുന്നതിൽ. എട്ടാമത്തെ ദിവസത്തിനൊടുവിൽ തനിക്കായി തയ്യാറാക്കിയ കപ്പലിൽ ഷേഖിനോടും ഷേഖിന്റെ അനുചരന്മാരോടും കൂടി പെരുമാൾ രഹസ്യമായി സ്ഥലം വിട്ടു." തുടർന്ന് പെരുമാളിന്റെ നിർദേശത്തോടെ മാലിക് ദിനാറും കൂട്ടരും ഇവിടെ വന്ന് ഇവിടത്തെ രാജാവിന്റെ കയ്യിൽ പെരുമാൾ തന്ന എഴുത്ത് കൊടുത്തു. "രാജാവ് അറേബ്യയിൽനിന്നുള്ള മാന്യാതിഥികളെ

യഥോചിതം സ്വീകരിച്ച് സൽക്കരിക്കുകയും പെരുമാളിന്റെ നിർദ്ദേശപ്രകാരം പള്ളി പണിയാൻ സ്ഥലവും പള്ളിക്കാര്യങ്ങൾ നടത്താനാവശ്യമായ ഭൂസ്വത്തുക്കളും നീക്കിക്കൊടുക്കുകയും ചെയ്തു. കൊടുങ്ങല്ലൂരെ ഈ ആദ്യ മുസ്ലിം പള്ളിയുടെ ആദ്യത്തെ ഖാസിയെന്ന സ്ഥാനം മാലിക്ക് ഇബ്നു ദീനാർ ഏറ്റെടുത്തു."

കേരളോൽപ്പത്തിയിൽ പെരുമാൾ രാജ്യം പങ്കിട്ടുകൊടുത്ത കഥ പറയുന്നിടത്ത് മറ്റൊരു കഥ സൂചിപ്പിക്കുന്നുണ്ട്. പെരുമാൾ തന്റെ അകമ്പടിക്കാരനായ പടമലനായരെ 'പെൺമൊഴി' കേട്ട് തെറ്റിദ്ധരിച്ച് വധിക്കുന്നു. പടമലനായരെ പുഴയിൽ മുക്കിയാണ് കൊല്ലുന്നത്. ആ സമയം സ്വർഗ്ഗത്തിൽനിന്ന് ഒരു വിമാനം വന്ന് പടമലനായരെ കയറ്റിക്കൊണ്ടു പോകുന്നതു കണ്ട് പെരുമാൾ "എനിക്ക് എന്ത് പാപപരിഹാരമാണ് ഉള്ളത്" എന്നു ചോദിക്കുന്നു. നാലാം വേദത്തിൽ (ഇസ്ലാം) വിശ്വസിച്ച് 'അശുവിന്' പോയാൽ പാതി മോക്ഷം കിട്ടും എന്നു പറയുന്നു. തുടർന്ന് പെരുമാൾ രാജ്യം ഭാഗിച്ചു നൽകി അപ്രകാരം ചെയ്തു. കേരളോൽപത്തിയിലെ കഥ താഴെ ഉദ്ധരിക്കുന്നു. "അക്കാലം ചേരമാൻ പെരുമാൾ അകമ്പടിക്കാര്യക്കാരനായ പടമലനായരെ പിടിച്ചു ശിക്ഷിക്കെ ഉള്ളു എന്ന പെൺചൊൽ കേട്ടു നിശ്ചയിച്ചു. അതിന്റെ കാരണം പെരുമാളുടെ ഭാര്യ ആ മന്ത്രിയെ മോഹിച്ചു കാമവാക്കുകൾ പറഞ്ഞിട്ടും സമ്മതിപ്പിച്ചതുമില്ല. അതുകൊണ്ടു കോപിച്ചു നിന്നെ തപ്തതൈലത്തിൽ പാകം ചെയ്കെ ഉള്ളൂ എന്നാണയിട്ടു കൗശലത്താൽ പെരുമാളെ വശമാക്കുകയും ചെയ്തു. അഴിയാറ എന്ന പുഴയിൽക്കൊണ്ടു നിറുത്തി ശിക്ഷിപ്പാന്തുടങ്ങുമ്പോൾ "എന്റെ ജീവിതം തന്നെ എന്നെ കൊല്ലാവൂ", എന്നു പടമലനായർ പറഞ്ഞു, "അവന്റെ ജീവിതം അടക്കി കൊടുക്ക" എന്ന് ചേരമാൻ പെരുമാൾ അരുളിചെയ്തു. പടമലനായരുടെ മുണ്ടിന്മൂടരിഞ്ഞു പുഴയിൽ കാട്ടി, മടിപിടിച്ചു നാളും കോളും തീർത്തു ജീവിതം അടക്കി കൊടുത്തു. അരിയളവും കഴിച്ചു, അന്നഴിയാറെന്ന പുഴെക്ക അരിയാറെന്ന പേരുണ്ടായി. ശിക്ഷിപ്പാന്തുടങ്ങുമ്പോൾ, സ്വർഗ്ഗലോകത്തിൽ നിന്ന് വിമാനം താഴ്ത്തി "വിമാനത്തിന്മേൽ കയറികൊൾക" എന്നു ദേവകൾ പറഞ്ഞു. "എന്റെ അകമ്പടിസ്ഥാനങ്ങൾ നടത്തിക്കൊൾക" എന്നു പടമലനായർ പതിനായിരത്തോടും പറഞ്ഞു വിമാനത്തിന്മേൽ കരേറി പോകുമ്പോൾ "എനിക്ക് എന്ത് ഗതി" എന്ന് പെരുമാൾ അപേക്ഷിച്ചതിന്റെ ശേഷം അശുവിങ്കൽ ഹജ്ജ് ചതുരപുറത്തു വേദ ആഴിയാർ എന്ന ഒരു ചോനകൻ ഉണ്ടു, അവനെ ചെന്നു കണ്ടാൽ നാലാം വേദമുറപ്പിച്ചു അടയാളം കാട്ടി തരും. അതിന്നീവേദക്കാരരെ ഒലമാരികപ്പൽ വെപ്പിച്ചു തിരുവഞ്ചാഴിമുഖത്തു കരെക്കെത്തിച്ചു മാർഗ്ഗം വിശ്വസിച്ചു അവരുമായി അശുവിന്നു പോയികൊണ്ടാൽ പാതി മോക്ഷം കിട്ടും എന്നു പറഞ്ഞു, പടമലനായർ സ്വർഗം പുക്കു. അതിന്റെ ശേഷം ബ്രാഹ്മണരും പെരുമാളും കൂടി മഹാ മഖത്തിന്നാളത്തെ മഹാ തീർത്ഥമാടും കാലം വേദിയരാൽ വേദം കൊണ്ടിടഞ്ഞു, ബൗദ്ധന്മാരുമായി അശുവിന്നു പോകെണം എന്നുറച്ചു ചേരമാൻ പെരുമാൾ എന്ന തമ്പുരാൻ വാർദ്ധക്യമായതിന്റെ ശേഷം തന്റെ രാജ്യം തനിക്ക് വേണ്ടപ്പെട്ട ജനങ്ങൾക്ക് പകുത്തു കൊടുക്കണം എന്നു കല്പിച്ചു" (ഗുണ്ടർട്ട് 1992:188). തുടർന്ന് മക്കത്തു പോയി എന്നാണ് കഥ.





## കുഡുംബികൾ

പോർച്ചുഗീസുകാരുടെ നിർബന്ധിത മതപരിവർത്തനത്തിൽനിന്നും രക്ഷപ്പെട്ട് ഗോവയിൽനിന്നും വന്നവരാണ് കുഡുംബികളും കൊങ്കിണികളും. കൊടുങ്ങല്ലൂർ തമ്പുരാൻ അവരെ കൊടുങ്ങല്ലൂരിലെ പല സ്ഥലങ്ങളും അനുവദിച്ചു കൊടുത്ത് അഭയം നൽകി.

കേരളത്തിൽ അധിവസിക്കുന്ന കുഡുംബി സമുദായത്തിൽനിന്ന് ഒരംഗമെങ്കിലും കൊടുങ്ങല്ലൂർ ഭഗവതിയെ തൊഴുത് അനുഗ്രഹം വാങ്ങാൻ ഒന്നാം താലപ്പൊലിദിനമായ മകരമാസ സംക്രാന്തിദിവസം കൊടുങ്ങല്ലൂരിൽ എത്താറുണ്ട്. മൂപ്പന്മാരുടെ താലപ്പൊലി എന്നാണ് ഈ ദിവസത്തെ താലപ്പൊലി അറിയപ്പെടുന്നത്. ആ ദിവസം അമ്പലത്തിന്റെ വടക്കേനടയിൽ കുഡുംബികളുടെ സവാസിനി പൂജ എന്ന ചടങ്ങ് നടക്കും. അവിൽ, ശർക്കര, നാളികേരം എന്നിവ മുറ്റത്തു വിരിച്ച വാഴയിലയിൽ കൂമ്പാരമായി കൂട്ടിയിട്ട് അതിനു മുന്നിൽ വട്ടത്തിൽ ഇരുന്ന് ദേവിയെ സ്തുതിച്ചു പാടും. 'സ്ത്രീകൾക്കാണ് ഈ ചടങ്ങിൽ പ്രാധാന്യം. വഴിപാടുകാരൻ അഞ്ച്, ഏഴ്, ഒമ്പത് എന്നിങ്ങനെ ഒറ്റസംഖ്യയിൽ വരുന്ന എണ്ണം സ്ത്രീകളെ നിരനിരയായി നിർത്തുന്നു. ഇവരെ ദേവീപ്രതിനിധികളായി സങ്കല്പിക്കുന്നു. വഴിപാടുകാരൻ ഈ സ്ത്രീകളെ എണ്ണ, പൂക്കൾ, കളഭം, കൺമഷി തുടങ്ങിയവ ഏല്പിക്കുന്നു. ഈ സ്ത്രീകൾ മുടിയലങ്കരിച്ച്, കണ്ണെഴുതി, പൊട്ടുതൊട്ട് പൂക്കൾ ചൂടിക്കഴിഞ്ഞാൽ ഇവർ ഓരോരുത്തരുടേയും കാലിൽ എണ്ണതൊട്ട് വഴിപാടുകാരൻ തന്റെ തലയിൽ പുരട്ടുന്നു. പിന്നീട് നനച്ച അവിലും പഴവും ഇലക്കഷണങ്ങളിൽ വച്ച് ഓരോരുത്തർക്കും കൊടുക്കുന്നു. വഴിപാടുകാരനും കുടുംബാംഗങ്ങളും ഓരോ സ്ത്രീയുടെയും മുന്നിൽ സാഷ്ടാംഗം നമസ്കരിക്കുന്നതോടെ ചടങ്ങു സമാപിക്കുന്നു.' (എ. രാജേശ്വരൻ 1991).

ഒന്നാം താലപ്പൊലിദിവസംതന്നെ കാവിനു തെക്കുവശത്തുള്ള കുരുംബമ്മയുടെ നടയിൽനിന്ന് വാഴക്കുലകളും പൂത്താലങ്ങളുമായി മുട്ടനാടിനെ എഴുന്നള്ളിച്ച് വാദ്യഘോഷങ്ങളോടെ കൊണ്ടുവന്ന് നടതള്ളുന്ന ചടങ്ങുമുണ്ട്. അതുപോലെ ഉക്കോളി എന്ന ഒരു ആഘോഷം കുഡുംബികൾക്ക് ഉണ്ട്. പല വ്യത്യസ്തങ്ങളായ ചടങ്ങുകൾ ഇതിനുണ്ട് എന്ന് പറയപ്പെടുന്നു. രണ്ടു കണ്ടങ്ങളിൽ അപ്പുറവും ഇപ്പുറവും സ്ത്രീകളും പുരുഷന്മാരും പരസ്പരം അഭിമുഖമായി നിന്നുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും നല്ല തെറികൾ വിളിച്ചു കൊണ്ടുള്ള ഒരു ചടങ്ങുണ്ടെന്നു പറയുന്നു. ഇത് പഴയ ഇന്ദ്രോത്സവവുമായി ബന്ധമുള്ളതാണത്രെ. ഇതിൽ പലതും സ്ത്രീകൾക്കു പ്രാധാന്യമുള്ളവയാണ്.

കുഡുംബികൾ, നായന്മാർ മുതലായ മറ്റു (മേൽ)ജാതിക്കാരുടെ വീട്ടിൽ പണിക്കു പോയാലും അവിടെ നിന്നും ഭക്ഷണമൊന്നും കഴിക്കാറുണ്ടായിരുന്നില്ല. ജാതിയിൽ ആഢ്യത്വം പുലർത്തുന്നവരായിരുന്നു അവർ. കദംബ വംശത്തിൽ നിന്നാണ് അവർ വന്നതെന്നും കദംബം എന്ന വാക്കിൽ നിന്നാണ് കുഡുംബി എന്ന വാക്ക് ഉണ്ടായത് എന്നും പറയുന്നു. കണ്ണകി കുഡുംബി വിഭാഗത്തിൽ പെട്ടതാണത്രെ. (ആവേദകൻ : കെ. കെ. അംബുജാക്ഷൻ) (കുഡുംബികളെ കൊങ്കണ ശൂദ്രർ എന്ന് വിശേഷിപ്പിക്കുന്നു. മഞ്ഞോണം എന്ന കുംഭമാസത്തിലെ ഇവരുടെ ആഘോഷംആദ്യകാലങ്ങളിൽ കൊങ്കിണികളു മൊത്താണ് ആചരിച്ചിരുന്നതെങ്കിലും 60 വർഷത്തോളമായി ഇവർ മാത്രമായാണ് ആഘോഷിക്കുന്നത്)

## ഒന്നു കുറെ ആയിരം യോഗം

കൊടുങ്ങല്ലൂരിലെ പ്രാചീനമായ നായർ സംഘടനയാണ് 'ഒന്നു കുറെ ആയിരം യോഗം'. പെരുമാളിന്റെ അകമ്പടിസേവകസ്ഥാനം ഉള്ള ആയിരം പേർ ചേർന്ന ഒരു സംഘടനയുണ്ടായിരുന്നു. ആയിരം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആ സംഘത്തിന്റെ തലവനായ പടമല നായരെ പെരുമാൾ പെൺവാക്ക് കേട്ട് തെറ്റിദ്ധരിച്ച് വധശിക്ഷയ്ക്ക് വിധിച്ചു എന്ന് കേരളോൽപത്തിയിൽ പറയുന്നുണ്ട്. മരണസമയത്ത് എന്റെ അകമ്പടിസ്ഥാനം നടത്തിക്കൊൾക എന്ന് പടമലനായർ പതിനായിരത്തോടു പറഞ്ഞു. (ആയിരത്തിന്റെ കീഴെ നൂറുപേരുവീതം ചേർന്നത് പതിനായിരം). വധിച്ച പടത്തലവനു പകരം വേറെ നിയമിക്കാതെ തന്നെ സംഘത്തെ പുനഃസംഘടിപ്പിച്ചു. അതാണ് ഒന്നു കുറവായ ആയിരം. പെരുമാൾ തന്നെയായിരുന്നു ഇവരുടെ നായകൻ എന്നും പെരുമാളിന്റെ അപ്രതീക്ഷിതമായ തിരോധാനമാണ് ഒന്നു കുറെ ആയിരമായി പുനഃസംഘടിപ്പിക്കാൻ കാരണം എന്നും പറയപ്പെടുന്നു.

ഈ സംഘടനയിൽ പ്രധാനപ്പെട്ട നാലു നായർ തറവാടുകൾ ഉണ്ട്. അവർക്കാണ് ക്ഷേത്രവുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ പ്രാധാന്യം. കാത്തോളിൽ, തയ്യപ്പറമ്പിൽ, വെള്ളാപ്പള്ളിൽ, കിളിക്കോട്ട് എന്നിവയാണ് അവ. കൊടുങ്ങല്ലൂർ തമ്പുരാന്റെ സംരക്ഷണം ഇവരായിരുന്നു എന്നു പറയപ്പെടുന്നു. "മകരമാസം ഒന്നാം തിയ്യതിയിലെ താലപ്പൊലിയുടെ എല്ലാ ചുമതലയും ഒന്നു കുറെ ആയിരം യോഗം എന്ന ഈ നായർ സംഘടനയ്ക്കാണ്. എല്ലാ ചിലവുകളും ക്ഷേത്രത്തിലെ മുഴുവൻ വഴിപാടുകളും ആ സംഘടന തന്നെയാണ് വഹിക്കുന്നത്. മകരസംക്രമണദിവസം വൈകുന്നേരം താലപ്പൊലിയുടെ മുന്നോടിയായി 1001 കതിനാവെടി മുതൽ രണ്ടാം തിയ്യതി കാലത്ത് ഏകദേശം 6 മണിക്ക് ഭഗവതിയെ അകത്തേക്ക് എഴുന്നെള്ളിച്ച് താലപ്പൊലി അവസാനിപ്പിക്കുന്നതുവരെയുള്ള എല്ലാ ചിലവുകളും ഈ സംഘടന തന്നെയാണ് നടത്തുന്നത്. മകരസംക്രമദിവസം യോഗക്കാരുടെ വകയായി വൈകുന്നേരം 6 മണിക്ക് 1001 കതിനാവെടി നടത്തുന്നു. കൊടുങ്ങല്ലൂരിലെ എടുമുക്ക് എന്ന സ്ഥലത്തെ





കുഡുംബി സമുദായ അംഗങ്ങൾ അന്നേദിവസം കാലത്തു നേരത്തെതന്നെ കിളിക്കോട്ട് നായർ തറവാട്ടിലെ കാരണവരുടെ നേതൃത്വത്തിൽ വന്ന് കതിനകൾ നിറയ്ക്കുകയും വൈകുന്നേരം അവരിൽ പ്രധാനി കുളി കഴിഞ്ഞ് ക്ഷേത്രത്തിനകത്തു നിന്നു കൊടുക്കുന്ന തിരിയിൽനിന്നും ചൂട്ടു കത്തിച്ച് ആദ്യമായി കതിനക്ക് തീ കൊളുത്തുകയും ചെയ്യുന്നു. ഈ സമയത്തെല്ലാം കിളിക്കോട്ടു തറവാട്ടിലെ മൂത്ത പണിക്കർ അവിടെ ഉണ്ടായിരിക്കണമെന്നാണ് നിശ്ചയം. എല്ലാ മലയാള മാസവും ഒന്നാം തിയ്യതി കാലത്ത് പന്തീരടി പൂജയ്ക്കുമുമ്പ് ഈ സംഘടനയിലെ അംഗങ്ങൾ കുളിച്ച് ദേവിയെ ദർശിച്ച് ആയുധധാരികളായി കാവിന്റെ കിഴക്കേനടയ്ക്കൽ പ്രദിക്ഷണവഴി വിട്ട് കിഴക്ക് പടിഞ്ഞാറ് രണ്ടു വരിയായി ഇരിക്കുകയും ഇടയ്ക്കിടയ്ക്ക് അതിലെ പടനായർ സ്ഥാനികൾ ചിലമൊഴികൾ വിളിച്ചു പറയുകയും മറ്റുള്ളവർ 'അങ്ങനെത്തന്നെ' എന്നു സമ്മതിക്കുകയും ചെയ്യുന്ന ഒരു ചടങ്ങ് ഇന്നും തുടർന്നുവരുന്നു. ഇന്ന് ആയുധത്തിനു പകരം ഇരുമ്പു വടികളാണ് കണ്ടുവരുന്നത്. കൂട്ടമിരിക്കുക അല്ലെങ്കിൽ നിഴൽ ഇരിക്കുക എന്നാണ് ഈ ചടങ്ങിനെ പറഞ്ഞുവരുന്നത്. ഈ സമയത്ത് കൊടുങ്ങല്ലൂർ വലിയ തമ്പുരാൻ മുദ്രവടിയും ധരിച്ച് കിഴക്കേ നടക്കലുള്ള ബലിക്കൽ പുരയിൽ വടക്കേ തിണ്ണയിൽ ഇരിക്കണമെന്നാണ് നിശ്ചയം. ഇങ്ങനെ നിഴൽ ഇരിക്കുന്നതിന് ചുരുങ്ങിയത് 32 യോഗാംഗങ്ങളെങ്കിലും വേണമെന്ന് നിർബന്ധമുണ്ട്. ഉച്ചപൂജയ്ക്ക് നടതുറക്കുന്നതുവരെ ഇരിക്കണമെന്നാണ് നിശ്ചയം. ഉച്ചപൂജയ്ക്ക് നട തുറന്നുകഴിഞ്ഞാൽ പടനായകൻ കയ്യിൽ വാള് എടുത്ത് നിഴലിൽ ചുറ്റി നിഴൽ ഇരിക്കുന്ന രണ്ടുവരിയുടെ നടുവിൽ പടിഞ്ഞാട്ട് ക്ഷേത്രത്തിലേക്ക് അഭിമുഖമായിനിന്ന് മൂന്നു പ്രാവശ്യം തൊഴുതു വന്ദിക്കുന്നു. (ഈ നിഴലിരിക്കുന്നതിനിടയിലൂടെ കോമരത്തിനു മാത്രമേ നടക്കാൻ അധികാരമുള്ളൂ തമ്പുരാനുപോലും ഇതിൽകൂടെ നടക്കാൻ അനുവാദമില്ല. പടനായകനു മാത്രമേ അധികാരമുള്ളൂ.) അതിനുശേഷം "എന്നാലോ ചങ്ങാളരേ, കുറിക്കയല്ലേ. അടുത്ത മാസം ഒന്നാം തിയ്യതി അകത്തു പന്തീരടി അടിയന്തിരമായി എല്ലാവരും തികഞ്ഞെത്തി കൂടിയ നിഴലിൽ കൂടാറാവട്ടെ" എന്ന വാക്യം ചൊല്ലിയ ശേഷം പരിചയുമെടുത്തു നടക്കുന്ന പടനായകന്റെ പിന്നിൽ വരിവരിയായി ദേവീക്ഷേത്രത്തിനു പ്രദക്ഷണമായ വടക്കേനടയിൽ വന്ന് തൊഴുതു പിരിയുന്നു." (ഇന്ന് 32 എണ്ണം ആളുകൾ വേണമെന്നില്ല. ആദ്യം പതിനാറ് മതി എന്ന് കുറച്ചെങ്കിലും ഇപ്പോൾ ഇരട്ടസംഖ്യ ഏതായാലും മതിയെന്നായി. ഒറ്റസംഖ്യ ആവരുത്. മാത്രമല്ല ഇന്ന് ഓരോരുത്തർക്കും നൂറുരൂപ വീതം കൊടുക്കുന്നുമുണ്ട്.) (വി. ആർ. ചന്ദ്രൻ; 1990, ആവേദകൻ: തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോൻ)

## നമ്പൂതിരി ഇല്ലങ്ങളെ ചുട്ടുകരിച്ച ദേവി

കൊടുങ്ങല്ലൂരിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവമാണ് മീനഭരണി. കുംഭമാസത്തിലെ ഭരണിനാളിൽ ചെറുഭരണി കൊടിയേറി, മീനമാസത്തിലെ

തിരുവോണം നാളിൽ കോഴിക്കല്ലു മൂടി, രേവതി നാളിൽ രേവതി വിളക്കും ദർശിച്ച് അശ്വതി നാളിൽ ഉച്ചതിരിഞ്ഞ് തൃച്ചന്ദനം ചാർത്തലും കഴിഞ്ഞ് കാവു തീണ്ടൽ നടക്കുന്നു. കൊടുങ്ങല്ലൂർ കാവിൽ നമ്പൂതിരിമാരല്ല പൂജ നടത്തുന്നത്.അടികൾ എന്ന വിഭാഗക്കാരാണ്. നമ്പൂതിരിവിഭാഗത്തിന് കൊടുങ്ങല്ലൂരിൽ തീരെ പ്രാധാന്യം ഇല്ല. (ഇപ്പോൾ തന്ത്രിമാരും അഷ്ടമംഗല്യപ്രശ്നങ്ങളുമൊക്കെ വന്നിട്ടുണ്ട്. താമരശ്ശേരി മേക്കാട്ട് മനയിലെ നമ്പൂതിരിയാണ് ഇപ്പോൾ തന്ത്രി). നമ്പൂതിരിമാർ അന്തർജനങ്ങളുമായി കൊടുങ്ങല്ലൂരിൽ വാഴാറില്ല എന്നു പറയുന്നു. ദേവീശാപമാണത്രെ അതിനു കാരണം. ഇതുമായി ബന്ധപ്പെട്ട് ഒരു ഐതിഹ്യം നിലനിൽക്കുന്നുണ്ട്.

കൊടുങ്ങല്ലൂർ ഭരണിമഹോത്സവം കഴിഞ്ഞ് ഏഴു ദിവസത്തേക്ക് നട അടച്ചിടും. അന്നേദിവസങ്ങളിൽ ദേവിയുടെ ഭൂതഗണങ്ങൾ ഇറങ്ങി നടക്കും എന്നാണ് വിശ്വാസം. അങ്ങനെ ഒരു ഭരണികഴിഞ്ഞ് നടയടച്ചിരിക്കുന്ന നാളിൽ വടക്കു നിന്നൊരു ദേവീഭക്തൻ കൊടുങ്ങല്ലൂരിൽ എത്തി. വിശന്നവശനായ അയാൾ രാത്രി ഒരുനേരത്തെ ഭക്ഷണത്തിനും കിടന്നുറങ്ങാനുള്ള ഇടവും അന്വേഷിച്ച് നമ്പൂതിരിയില്ലങ്ങളെ സമീപിച്ചു. അവിടെ പലെടത്തും അലഞ്ഞു തിരിഞ്ഞ അയാളെ ഒരു ഇല്ലത്തിലെ നമ്പൂതിരി "കാളിവാരസ്യാരുടെ അടുത്തേക്ക് പോയാൽ മതി പ്രശ്നപരിഹാരം ഉണ്ടാകും" എന്നു പറഞ്ഞ് ക്ഷേത്രത്തിലേക്ക് പറഞ്ഞയച്ചു. കാളിവാരസ്യാരുടെ വീടാണെന്നു കരുതി അമ്പലത്തിലെത്തിയ അയാൾ വാതിലിൽ മുട്ടി "കാളി.... കാളി...." എന്നു വിളിച്ചു. വിളികേട്ട ഉടനെ കത്തിച്ച ചങ്ങലവട്ടകയും കൊണ്ട് ഒരു സ്ത്രീ വാതൽ തുറന്ന് വിവരം ആരാഞ്ഞു. നടന്ന സംഭവങ്ങളെ അയാൾ പറഞ്ഞു. ദേവി അയാളെ കുളിച്ചു വരാൻ വേണ്ടി നയിക്കുകയും വടക്കു പടിഞ്ഞാറ് മൂലയിൽ ചങ്ങലവട്ട കൊണ്ട് ഒന്നു കുത്തിയപ്പോൾ ഒരു കുളം പ്രത്യക്ഷപ്പെടുകയും ചെയ്തു. കുളി കഴിഞ്ഞു വന്ന ഭക്തന് പിറ്റേദിവസത്തെ നിവേദ്യത്തിന് എടുത്തുവെച്ച ശർക്കര, പഴം, മലർ എന്നിവ ഭക്ഷിക്കാൻ കൊടുത്തു. ഉണർന്നു കഴിഞ്ഞാൽ വന്ന വഴിക്കു തന്നെ മടങ്ങണമെന്ന് പറഞ്ഞ് ഉറങ്ങാനുള്ള സ്ഥലവും ചൂണ്ടിക്കാണിച്ചു. യാതൊന്നും അറിയാത്ത ഭക്തൻ ഭക്ഷണത്തിനു ശേഷം സ്ത്രീ ചൂണ്ടിക്കാണിച്ച സ്ഥലത്ത് കിടന്ന് നല്ല ഉറക്കമായി. ഉറക്കം ഉണർന്നപ്പോൾ താൻ വലിയൊരു വാർപ്പിനടിയിലാണെന്നു മനസിലാക്കിയ ഭക്തൻ വാർപ്പിനുള്ളിൽ കിടന്ന് ശബ്ദമുണ്ടാക്കി. ശബ്ദം കേട്ട് കാവിനുള്ളിൽ എത്തിച്ചേർന്ന ഭക്തന്മാർ വാർപ്പിനടിയിൽ നിന്ന് ഭക്തനെ പുറത്തെടുത്തപ്പോഴാണ് താൻ ഉറങ്ങിയത് അമ്പലത്തിനകത്തായിരുന്നു എന്നും നമ്പൂതിരിമാർ തന്നെ കബളിപ്പിക്കുകയുമാണ് ഉണ്ടായതെന്നും അയാൾക്ക് മനസ്സിലായത്. കഴിഞ്ഞ രാത്രിയിലുണ്ടായ സംഭവമെല്ലാം അയാൾ മറ്റുള്ളവരോടു പറഞ്ഞു. വടക്കോട്ട് നോക്കിയപ്പോൾ ഇന്നലെ കണ്ട നമ്പൂതിരിയില്ലങ്ങൾ എല്ലാം തന്നെ അഗ്നിക്കിരയായി കിടക്കുന്നതാണ് കണ്ടത്. അവശേഷിച്ച നമ്പൂതിരിമാരെല്ലാം പ്രാണരക്ഷാർത്ഥം കൊടുങ്ങല്ലൂരിൽ നിന്ന് ഓടി രക്ഷപ്പെടുകയും ചെയ്തു.





## അടികൾ

പൂജാവൃത്തികൾ ചെയ്യുന്ന അടികളെ ഉൽപ്പത്തിയെ സംബന്ധിച്ച് ഒരു കഥയിങ്ങനെയാണ്. "ശ്രീ ശങ്കരാചാര്യർ ജാതിനിർണ്ണയം നടത്തിയശേഷം, ഒരിക്കൽ നമ്പൂതിരിമാരെ പരീക്ഷിക്കുവാനായി ഒരു മദ്യഷാപ്പിൽ കയറിച്ചെന്നു കുറെ മദ്യം വാങ്ങിക്കുടിച്ചു. തങ്ങളുടെ മദ്യക്കൊതികൊണ്ട് ആചാര്യനോടു കൂടിയുണ്ടായിരുന്ന നമ്പൂതിരിമാരും ശങ്കരനെ അനുകരിച്ചു മദ്യം വാങ്ങി സേവിച്ചു. അനന്തരം ശ്രീശങ്കരൻ ഒരു പിച്ചളപ്പണിക്കാരന്റെ ആലയിൽ ചെന്നു കുറെ ഉരുക്കിയ ലോഹം വാങ്ങിക്കുടിച്ചു. ഇതിൽ ഗുരുവിനെ അനുകരിക്കാൻ മടിച്ച ഈ നമ്പൂതിരിമാർ അദ്ദേഹത്തിന്റെ അടിയാൾ (ഭൃത്യർ) എന്നു പറഞ്ഞ് ഗുരുവിനോടു മാപ്പപേക്ഷിക്കുകയും ചെയ്തു. ഇതു ഹേതുവാൽ ഈ നമ്പൂതിരിമാർക്ക് ജാതി ഭ്രഷ്ട് വന്നു. ഇവരുടെ സന്തതികളാണ് അടികൾ ജാതിക്കാർ. ഈ അടികൾ ജാതിക്കാർ ഇന്നു മദ്യനിവേദനമുള്ള ഭദ്രകാളീക്ഷേത്രങ്ങളിലെ പൂജാരികളായി ഭവിച്ചിരിക്കുന്നു." (കേസരി.ബാലകൃഷ്ണപിള്ള;1995:129-30). അടികൾ മേഴത്തോൾ അഗ്നിഹോത്രിയുടെ പാരമ്പര്യത്തിൽ പെട്ടവരാണ് എന്ന് പറയപ്പെടുന്നുണ്ട്. അടികളെ സംബന്ധിച്ച മറ്റൊരു കഥ ഇളനീർ അടി ഭാഗം വെട്ടി പൂജയ്ക്ക് ഉപയോഗിക്കുന്നതുകൊണ്ട്, അത് പതിത്വം ഉള്ളതുകൊണ്ട് അടികൾ ആയി എന്നതാണ്. (ആവേദകൻ, തയ്യപ്പറമ്പിൽ ഗോപാലൻകുട്ടിമേനോൻ).

## ഉപസംഹാരം

പൊതുവേ എല്ലാ നാട്ടിലും ഉള്ളതുപോലെ തന്നെ കൊടുങ്ങല്ലൂരിലും മതത്തെയും ജാതിയെയും സംബന്ധിച്ച് അനേകം കഥകൾ നാടോടി പാരമ്പര്യത്തിൽ നിലനിൽക്കുന്നുണ്ട്. കൊടുങ്ങല്ലൂരിലെ മിക്ക കഥകളിലും പെരുമാളോ കൊടുങ്ങല്ലൂരമ്മയോ പ്രത്യക്ഷപ്പെടുന്നുണ്ട്. പൊതുവേ നാം കണ്ട കഥകളിലെല്ലാംതന്നെ പരാമർശിക്കപ്പെടുന്ന ഏതെങ്കിലും ജാതിയെയോ മതത്തെയോ ശക്തിപ്പെടുത്താൻ വേണ്ടിയുള്ള ശ്രമങ്ങൾ കാണാം. അടികളെ സംബന്ധിച്ച കഥയിൽ അടികൾ എന്ന ജാതി വിഭാഗം പൂജചെയ്യാൻ വിധിക്കപ്പെട്ടു എന്നു വിശ്വസിക്കുന്ന ബ്രാഹ്മണരുമായി ഒരു ബന്ധം ഉള്ളതായി സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നതായാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. നമ്പൂതിരിമാരിൽനിന്ന് പതിത്വം സംഭവിച്ച് ഇങ്ങനെ ആയതാണ് എന്ന ആശയം കൊണ്ടുവരുന്നു. തങ്ങളുടെ മതത്തിന്/ജാതിക്ക് അധികാരിവർഗ്ഗത്തിന്റെയോ സമൂഹത്തിൽ മേൽക്കൈ ഉള്ള വിശ്വാസത്തിന്റെയോ പിൻബലം നേടാനുള്ള ശ്രമം ഇത്തരം കഥകളിലെല്ലാംതന്നെ കാണാം. അതുപോലെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പതനമോ അഭാവമോ സാധൂകരിക്കാനുള്ള ശ്രമങ്ങളും കാണാം. ഇനിയും ധാരാളം കഥകൾ ജാതികളുമായി ബന്ധപ്പെട്ടുകൊണ്ട് കിടക്കുന്നുണ്ട്. അവയിൽ പലതിലും മറ്റു ജാതികളുമായുള്ള പരസ്പരസഹവർത്തിത്വത്തിന്റേതായ കഥകളും ഉണ്ട്. പല ജാതികളും ഒന്നിച്ചു ചേർന്നാണ് കാവിലെ പല ചടങ്ങു

കളും നടത്താൻ. വേലനും വേട്ടുവനും കുടുംബിയും നായരും ഉത്സവത്തിന് ഓരോരോ പങ്കുവഹിക്കുന്നുണ്ട്. മുമ്പെല്ലാം താലപ്പൊലി ഏഴു ദിവസങ്ങളിലായി ഓരോ വിഭാഗക്കാരുടേതുമായി നടപ്പിലുണ്ടായിരുന്നു. ഇത് കൊടുങ്ങല്ലൂരിന്റെ മാത്രം പ്രത്യേകതയല്ല. കേരളസമൂഹത്തിന്റെ മൊത്തം പാരമ്പര്യമായി വേണം കാണാൻ. ■

## ഗ്രന്ഥസൂചി


| | | |
|---|---|---|
| ഗുണ്ടർട്ട്, ഹെർമ്മൻ | 1992 | *കേരളോൽപ്പത്തിയും മറ്റും*, എഡി.സ്കറിയാ സക്കറിയ, ഡി.സി.ബുക്സ് കോട്ടയം |
| ചന്ദ്രൻ, വി.ആർ. | 1990 | *ശ്രീ കൊടുങ്ങല്ലൂരമ്മ : ചരിത്രവും ആചാരാനുഷ്ഠാനങ്ങളും*, കെ.കെ. പ്രിന്റേഴ്സ്, തൈക്കാട്, ഗുരുവായൂർ. |
| ജൂസെ, പി.എം. | 1991 | കൊടുങ്ങല്ലൂരും പുരാതന യഹൂദത്താവളങ്ങളും, *കൊടുങ്ങല്ലൂർ ഡയറക്റ്ററി*, വാർത്താ പബ്ലിക്കേഷൻസ്, പി. വെമ്പല്ലൂർ, കൊടുങ്ങല്ലൂർ. |
| പീറ്റർ കുരിശിങ്കൽ | 1991 | കൊടുങ്ങല്ലൂരിലെ ക്രൈസ്തവർ, *കൊടുങ്ങല്ലൂർ ഡയറക്റ്ററി* വാർത്താ പബ്ലിക്കേഷൻസ്, പി. വെമ്പല്ലൂർ, കൊടുങ്ങല്ലൂർ. |
| ബാലകൃഷ്ണപ്പിള്ള, കേസരി | 1995 | *ചരിത്രത്തിന്റെ അടിവേരുകൾ* കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ. |
| രാജേശ്വരൻ, എം | 1991 | കൊടുങ്ങല്ലൂരിലെ കുഡുംബികൾ, *കൊടുങ്ങല്ലൂർ ഡയറക്റ്ററി*, വാർത്താ പബ്ലിക്കേഷൻസ്, പി. വെമ്പല്ലൂർ, കൊടുങ്ങല്ലൂർ |
| ലോഗൻ, വില്യം | 2004 | *ലോഗന്റെ മലബാർ മാന്വൽ,* വിവ: ടി.വി.കൃഷ്ണൻ, മാതൃഭൂമി, കോഴിക്കോട്. |
| Narayanan, M.G.S. | 1996 | *Perumals of Kerala* (For private circulation) |


**ആവേദകർ:**

1. തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോൻ (73), കൊടുങ്ങല്ലൂർ.
2. കെ.കെ.അംബുജാക്ഷൻ (57), കൊടുങ്ങല്ലൂർ.



# പുതിയ കവിതയിലെ പാരഡി - തലകുത്തിനില്ക്കുന്ന കാലത്തിന്റെ ആവിഷ്കാരങ്ങൾ

**വാസുദേവൻ വി.**

> It is the loss of memory, not the cult of memory, that will make us prisoners of the past. - *Paolo Portoghes:*

പാരഡി ഒരു സങ്കല്പനം എന്ന നിലയിൽ മലയാളത്തിൽ ചർച്ച ചെയ്യപ്പെടാൻ തുടങ്ങിയത് 1990കളോടെയാണ്. അതുവരെ ഹാസ്യമായോ അനുകരണമായോ വ്യവഹരിക്കപ്പെട്ട് പ്രച്ഛന്നമായിക്കിടന്നിരുന്ന ഒരു ആഖ്യാനമാതൃക പോസ്റ്റ്-മോഡേൺ സവിശേഷസാഹചര്യത്തിൽ സമൂഹത്തിന്റെ ഊർജ്ജം സ്വീകരിച്ച് സ്വത്വം രൂപപ്പെടുത്തുകയുണ്ടായി. സാഹിത്യചരിത്രത്തിൽ കാവ്യദോഷമായിക്കരുതി പാർശ്വവത്ക്കരിച്ചിരുന്ന അത്യുക്തി, ന്യൂനോക്തി, വിരുദ്ധോക്തി തുടങ്ങിയവ, പാരഡി എന്ന സംവർഗ്ഗം രൂപപ്പെടുന്നതോടെ അതിന്റെ ഘടകങ്ങളായിത്തീർന്നു. ‘ഗദ്യത്തിലോ പദ്യത്തിലോ ഉള്ള സാഹിത്യകൃതികളുടെ പരിഹാസോദ്ദേശ്യത്തോടുകൂടിയോ അല്ലാതെയോ ഉള്ള വികടാനുകരണമാണ് പാരഡി’ എന്ന ആദ്യകാലനിർവചനത്തിലെ ‘വികടാനുകരണം’ എന്ന പ്രയോഗത്തിൽനിന്നുതന്നെ പാരഡിക്കു കല്പിച്ചിരിക്കുന്ന മൂല്യസങ്കല്പം വ്യക്തമാകുന്നു. parodia എന്ന സംജ്ഞയ്ക്ക് ‘ഓഡ് എന്ന ഭാവഗീതത്തിന്റെ അർത്ഥത്തെ വികൃതപ്പെടുത്തുന്ന മറ്റൊരു ഓഡ്’ എന്നാണ് ഗ്രീക്കുഭാഷയിൽ അർത്ഥം. ഈ മൂല്യസങ്കല്പത്തിൽനിന്നു മാറി എഴുത്തിന്റെ അതിഭൗതികതയെ അപനിർമ്മിച്ചുകൊണ്ട് ജനപ്രിയതയുടെ ഒരു പുതിയതലത്തിലേക്ക് സാഹിത്യകൃതികളെ പുനർവിന്യസിക്കുന്നു എന്നതാണ് പാരഡിയുടെ രാഷ്ട്രീയം. ഈ നിലയിലേക്കുള്ള ഭാവുകത്വപരിണാമം ചർച്ച ചെയ്യപ്പെടേണ്ടത് സാഹിത്യകൃതിക്ക് പുറത്തുള്ള പാരഡിയുടെ ഉള്ളടക്കംകൂടി തിരിച്ചറിഞ്ഞുകൊണ്ടായിരിക്കണം. ജീവിതാവസ്ഥകളിലെ പാരഡിതന്നെയാണ് കവിതയിലും. സ്മാർട്ട്സിറ്റിയെക്കുറിച്ചുള്ള ചർച്ച ഒരു പാരഡിയാണ്. സ്മാർട്ട്സിറ്റിയല്ല പാരഡിയാവുന്നത്, അത് ഭാഷകളിൽ നിർമ്മിച്ചിരിക്കുന്ന സംവാദമാണ് ചിരിയില്ലാത്ത പാരഡിയുണ്ടാക്കുന്നത്. സരസ്വതിയെ നഗരരൂപത്തിൽ ആവിഷ്കരി

ക്കുന്നതും മുഹമ്മദ്നബിയുടെ കാർട്ടൂൺ വരക്കുന്നതും ബോളില്ലാതെയിരിക്കുമ്പോൾ ഫുട്ബോൾ കളിക്കേണ്ടതെങ്ങനെയെന്നു പരിശീലിക്കുന്നതും സമകാലീന പാരഡികളാണ്. ഒരു അട്ടിമറിയും തുടരെഴുത്തും ഇതുപോലെ പാരഡിക്കവിതകളിലും ഉണ്ട്. പാരഡിയെ സംബന്ധിച്ച ഇത്തരം വീണ്ടുവിചാരങ്ങൾ സാമ്പ്രദായിക കാവ്യവിചാരങ്ങളിലെ പാരഡിയുടെ നിർവചനങ്ങളെ അപ്രസക്തമാക്കുന്നതുകൊണ്ടുതന്നെ പോസ്റ്റ് മോഡേൺ അവസ്ഥയിൽ പുതിയ നിർവചനങ്ങൾ ഉണ്ടായിവരുന്നു. ഫ്രെഡറിക് ജെയിംസന്റെ നിർവചനങ്ങൾ ആണ് 1980 കൾക്കു ശേഷം സജീവസാന്നിദ്ധ്യമായി നിലനിൽക്കുന്നത് എന്നതുകൊണ്ട് അതിനെക്കുറിച്ച് സൂചിപ്പിക്കുന്നു:

ആധുനികോത്തരതയുടെ സവിശേഷതകളിൽ മുഖ്യമായ ഒരു ഘടകമാണ് പാരഡി. അന്യശൈലികളുടെ പ്രത്യേകതകളെയും തനിമകളെയും അനുകരിക്കുകയാണ് പാരഡി ചെയ്യുന്നത്. അനന്യവും അതുല്യവുമായ ശൈലീവിശേഷങ്ങൾ പ്രദർശിപ്പിച്ചവരെ മാത്രമേ പാരഡിക്ക് വിഷയമാക്കാൻ പറ്റൂ. പാരഡി എപ്പോഴും ഒരു മാനകഭാഷയെ സങ്കല്പിക്കുന്നു. മാനകഭാഷയെ അപേക്ഷിച്ച് അനന്യശൈലിക്കുള്ള വിലക്ഷണതയെ പരിഹസിക്കുകയെന്ന ലക്ഷ്യം പാരഡിക്കുണ്ട്. പാരഡിയിൽ സങ്കല്പിക്കപ്പെടുന്ന ഒരു മാനകഭാഷയിൽനിന്നുള്ള വ്യതിചലനങ്ങളാണ് ഇവിടെ പരിഹസിക്കപ്പെടുന്നത്. എന്നാൽ ഇങ്ങനെയൊരു മാനകഭാഷ നിലവിലില്ലാത്ത ഘട്ടത്തിൽ എഴുതപ്പെടുന്ന പാരഡിക്ക് പരിഹാസത്തിന്റെ സ്പർശമുണ്ടാവില്ല എന്നാണ് ജെയിംസൺ പറയുന്നത്. ആധുനികോത്തരതയിലെ പാരഡി ഇത്തരത്തിൽ പരിഹാസനിർമുക്തമാണ്. ഇതാണ് പാസ്റ്റിഷ്. പാരഡിയുടെ ഭാവുകത്വ പരിണാമത്തിന്റെ ഏറ്റവും സമകാലികമായ മുഖം ചിരിയില്ലാത്ത പാരഡിയാണ് എന്നുവരുന്നു. ഇങ്ങനെയുള്ള വ്യക്തിപരമായ വിലക്ഷണത/ലക്ഷണതകളുടെ നിരാസം എഴുത്തുകാരന്റെ മരണം ഉദ്ഘോഷിച്ചതിനു ശേഷമുള്ള എഴുത്തായി തുടരുകയും പാരഡി സ്വതന്ത്രരൂപമുള്ള ഴാനറായി രൂപംകൊള്ളുകയും ചെയ്യുന്നു.

പുതിയ കവിതയുടെതന്നെ സമാന്തരമായ ഒരു ഇടം ആണ് പാരഡിക്കും. രചനാസമീപനം എന്ന രീതിയിൽ പാരഡിയെ കാണുന്ന കെ. ആർ. ടോണി, എൽ. തോമസ്കുട്ടി, എ. സി. ശ്രീഹരി തുടങ്ങിയവരുടെ ചില പാരഡിക്കവിതകളെ വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈ ലേഖനം. കെ. ആർ. ടോണിയുടെ പാരഡി ഒരുതരം ആയിത്തീരലാണ് (becoming). ആഗസ്ത് 16 എന്ന കവിതയിൽനിന്നും,

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുമ്പോൾ
മഹാത്മാഗാന്ധി നവഖാലിയിലായിരുന്നു
ആചാര്യ ജെ. ബി. കൃപാലിനി കോൺ. കേന്ദ്രകമ്മിറ്റി
ആപ്പീസിലായിരുന്നു
ഞാൻ മണ്ഡലം കമ്മിറ്റി ആപ്പീസിലുണ്ടായിരുന്നു





രാജഗോപാലാചാരി മണ്ണുംചാരി നില്ക്കുകയായിരുന്നു
നെഹ്റു മൗണ്ടബാറ്റനുമായി അഹിംസാതർക്കത്തിലായിരുന്നു.
.......... ................................ ................. ........................
................. ............................ ............................ ...................
നൂറുകോടി ജനങ്ങൾ
ഞാൻ എവിടെയാണെന്നെനിക്കുതന്നെ അറിഞ്ഞുകൂടാ – ഇന്ന്!

'ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുമ്പോൾ മഹാത്മാഗാന്ധി നവഖാലിയിലായിരുന്നു' എന്ന ആശയാവലിയിലാണ് ഈ പാരഡി സാധ്യമാവുന്നത്. പിന്നീട് അത് ഒരു ശൃംഖലയിലേക്ക് പരിവർത്തിപ്പിക്കുകയും ഞാൻ എവിടെയായിരുന്നു എന്നതിന്റെ ആധികാരികതയിലേക്ക് നൂറുകോടി ജനങ്ങളെ എത്തിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തിനുശേഷം, അല്ലെങ്കിൽ രാഷ്ട്രം ജനാധിപത്യവൽക്കരിക്കപ്പെട്ടതിനുശേഷം രൂപംകൊണ്ടതും തുടർന്നുവരുന്നതുമായ ഒരു സിവിൽസമൂഹത്തിൽനിന്നുകൊണ്ട് ഒരു പൗരൻ തന്റെ സ്വത്വത്തെക്കുറിച്ച് ചിന്തിക്കുന്നത് വർത്തമാനകാലത്തെ തിരിച്ചറിയാതെയാണ്. വർത്തമാനകാലത്തെക്കുറിച്ചുള്ള തീക്ഷ്ണമായ പ്രതികരണബോധമാണ് ടോണിയുടെ കവിതകളിൽനിന്ന് പ്രക്ഷേപിക്കപ്പെടുന്നത്. 'അന്ധകാണ്ഡ'ത്തിലെ ചില വരികൾ,

ബോധമില്ലാതെ നടക്കുമവസ്ഥയ്ക്കു
മീതെയായ് സംയമമെന്തുണ്ട് ഭൂമിയിൽ – ഇവിടെ പി.

ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടുള്ളതാണദ്വൈതദർശനം – ഇവിടെ ഇടശ്ശേരി

ജീർണ്ണവസ്ത്രം നീക്കിയമ്പോടു ടി.വി.യിൽ
ലോകൈകസുന്ദരീ നാഭീപ്രദർശനം – ഇവിടെ എഴുത്തച്ഛൻ

കിട്ടും ഗുണമെങ്കിലില്ലെന്നു വന്നാലും
ദുഷ്ടരാകാൻ മടിയില്ലാ ജനത്തിന് – ഇവിടെ കുഞ്ചൻനമ്പ്യാർ

ഇന്നലെയോളവുമെന്തെന്നറിഞ്ഞീല
നാളെയെന്താണെന്നറിയുകയും വേണ്ട – ഇവിടെ പൂന്താനം

നിരവധി കവികളുടെ ശൈലിയെ അനുകരിക്കുന്ന മിശ്രശൈലിയിലാണ് 'അന്ധകാണ്ഡം' എന്ന കവിത നിർമ്മിച്ചിരിക്കുന്നത്. വ്യക്തിയുടെ ശൈലി മാത്രമല്ല പാരഡിക്ക് വിഷയമാവുന്നത്. 'ശിഷ്ടം' എന്ന കവിത ആധുനികത എന്ന പ്രസ്ഥാനത്തിന്റെ പാരഡിയാണ്. 'ചുവന്നവാൽ' എന്ന് നരേന്ദ്രപ്രസാദ് കൊടുത്ത വിശേഷണത്തെ വിലക്ഷണതയായി കരുതി പാരഡി ചെയ്യുകയാണ് ഇതിൽ. സ്വാതന്ത്ര്യസമരകാലത്തിലെയും എഴുപതുകളിലെയും ശക്തമായ രാഷ്ട്രീയാനുഭവങ്ങൾ കിട്ടാതെ പരിണാമദശയിൽ കാലം തെറ്റിപ്പിറന്നതുകൊണ്ട് ഉണ്ടാക്കപ്പെടുന്ന വൈകാരികഘടനയാണ് കവിതയ്ക്ക്.

(...രക്തസാക്ഷികളെക്കുറിച്ച് ഞാനിതുവരെ കവിതയെഴുതിയിട്ടില്ല.
മരിച്ചുപോയവരെ മാന്യമായാദരിക്കുന്ന ഈ നാട്ടിൽ
എന്റെ സാമൂഹ്യബോധത്തിന്റെ കാര്യം കഷ്ടംതന്നെ!
സനിൽദാസ്, സുബ്രഹ്മണ്യദാസ്, സുഗതൻ, ലൂയീസ്,
വർഗീസ്, രാജൻ, ഹഷ്മി, നെരൂദാ
കിംചിഹായ്, മയക്കോവ്സ്കി, ഹോചിമിൻ, പോൾസെലാൻ....
കെ. വേണു - മരിച്ചിട്ടില്ല, മരിക്കും.
- പൊള്ളുന്ന പനിക്കിടക്കയിൽ കിടന്ന്.....)

'ഒരു തോറ്റ(ം)പാട്ട്' പുതിയ കവിതയിലെ ഓട്ടൻതുള്ളൽ എന്ന് പറയാവുന്ന ഒന്നാണ്.

പോറ്റിയെനിക്കില്ലാത്തതുകൊണ്ടെൻ
തോറ്റ(ം)പാട്ടിൽ പലതും പറയും
തത്രകവിത്വം കളവായ്ത്തീരാ-
ത്തത്രമതി ധ്വനിയെന്നിക്കാലം - എന്നാണ് മാനിഫെസ്റ്റോ.

ചാക്യാർകൂത്ത് എന്ന ക്ലാസിക്കൽ കലാരൂപത്തിന് ബദലായി തുള്ളൽ എന്ന മാധ്യമം രൂപപ്പെടുത്തിയെടുത്ത കുഞ്ചൻനമ്പ്യാരിൽ പാരഡിക് ചിന്തയുണ്ട്. പുതിയ മാധ്യമരൂപീകരണത്തിനുശേഷം പാരഡി എന്ന ആശയം ഹാസ്യത്തിന്റെ മൂർത്തരൂപമായി, സാമൂഹ്യവിമർശനപ്രക്രിയയായിമാത്രം നമ്പ്യാരിൽ അടയാളപ്പെടുത്തപ്പെട്ടു. തുള്ളൽ എന്ന ഗണത്തോട് പ്രേക്ഷകരുടെ പ്രതികരണബോധം സാമൂഹികവിമർശനത്തിലധിഷ്ഠിതമാണ് എന്നതുകൊണ്ട് സാമൂഹികമായ പല വിമർശനങ്ങൾക്കും പുതിയ കാലത്തും തുള്ളൽഘടന പ്രയോജനപ്പെടുത്തുന്നു. 'ആട്ടം-നോട്ടം', 'അപനിർമ്മാണം', 'കർത്തൃത്വത്തിന്റെ മരണം', 'അന്ധപർവം', 'തിണ്ണ', 'സഞ്ചി', 'അനന്യം', 'ഡിവൈൻ കോമഡി', 'ശരാ-ശരി' തുടങ്ങിയവ ടോണിയുടെ ശക്തമായ പാരഡികളാണ്.

രൂപിമതലത്തിലും പദതലത്തിലും വാക്യതലത്തിലും അർത്ഥങ്ങളെ അപനിർമ്മിച്ചുകൊണ്ടു തുടങ്ങുന്നു എൽ. തോമസ്കുട്ടിയുടെ പാരഡി. അബദ്ധവായനയുടെ രാഷ്ട്രീയസാധ്യതകൾ ആണു തോമസുകുട്ടിയുടെ പാരഡിയെ നിർണയിക്കുന്നത്. നിലവിലുള്ള അക്ഷരധർമ്മത്തെ മാറ്റി വായിക്കുക, അക്ഷരത്തെത്തന്നെ പാരഡി ചെയ്യുക - ഭാഷയെ പാരഡി ചെയ്യുക. 'ഛെ!' 'കാക്ക-ശ്ശെ', 'പാരപ്പാട്ട്', 'ജ്ഞാനമുത്തുമാല', 'സി. വി. വിജയം', 'ബുദ്ധാർഥൻ', 'ക്ഷ-റ', ത്രീഡി' തുടങ്ങിയ പാരഡികൾ ടോണിയിൽനിന്നും വ്യത്യസ്തമായ മുഖം അവതരിപ്പിക്കുന്നവയാണ്. പ്രതിഷ്ഠാപിത സങ്കല്പനങ്ങളെ പാരഡിയിലൂടെ പൊട്ടിക്കുകയാണ് തോമസ്കുട്ടി ചെയ്യുന്നത്. ബ്രാക്കറ്റും ഉദ്ധരണിയും ആശ്ചര്യചിഹ്നവും ഒക്കെ പാരഡിയുടെ സങ്കേതമായി വരുന്നത് തോമസ്കുട്ടിയിൽ കാണാം. തലകുത്തിനിൽക്കുന്ന കാലത്തിന്റെ ആവിഷ്കാരങ്ങളാണ് തോമസ്കുട്ടിയുടെ രചനകൾ. സറ്റയറിനോടുള്ള തീക്ഷ്ണമായ ആഭിമുഖ്യം





ചില കവിതകളിലെ പാരഡിയെ ഇല്ലാതാക്കി എന്നതാണ് എടുത്തുപറയേണ്ട ഒരു പ്രശ്നം.

"കുറ്റി നാട്ടി കൊളമ്പനുരച്ചു
ഈ ദ്വീപും വീടും കുട്ട്യോളും
കെട്ട്യോളും ആളുമാരുടെ
പട്ട്യോളും
എല്ലാം ഞാൻ
കണ്ടു-പിടിച്ചിരിക്കുന്നു" (സാമൂഹ്യപാഠം എഴാംതരം)

സാമൂഹ്യപാഠം എഴാംതരം എന്ന കവിതയിൽ ആലുംമൂട്ടിലെ വീട്ടിലിരുന്ന് അക്ഷരം പഠിച്ച മലയാളി കൊളമ്പസ് പാണൻ തോട് മുറിച്ച് കൊതുമ്പുവള്ളത്തിലേറി വിശരി പിടിപ്പിച്ച് കാവുംതറ ദ്വീപിൽ ഇറങ്ങി എന്തെങ്കിലും കണ്ടുപിടിച്ചേ തീരൂ എന്ന് പൂതിപ്പെടുന്നിടത്ത് കൊളമ്പസിന്റെ പാരഡിയായി മലയാളി കൊളമ്പസ് പ്രത്യക്ഷപ്പെടുകയും യൂറോപ്യന്മാർ കണ്ടുപിടിച്ചാലേ കണ്ടുപിടിത്തമാകൂ എന്ന യൂറോസെൻട്രിക് നിലപാടിനെ ചോദ്യം ചെയ്യുകയും ചെയ്യുന്നു.

അർത്ഥോത്പാദനം സാധ്യമാകുന്നത്, സൂചകവും സൂചിതവും തമ്മിലുണ്ടെന്നു നാം ധരിക്കുന്ന പ്രത്യക്ഷബന്ധത്തിൽനിന്നല്ല, സൂചകങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണെന്ന സൊസ്യൂറിയൻ സങ്കല്പനത്തെ മുൻനിർത്തിയാണ് ലകാൻ അർത്ഥോത്പാദന ചങ്ങലയെക്കുറിച്ച് സൂചിപ്പിക്കുന്നത്. ഭാഷയുടെ ക്രമരാഹിത്യമാണ് സ്കിസോഫ്രിനിയ എന്നു ലകാൻ പറയുന്നു. അർത്ഥോത്പാദനം സാധ്യമാക്കുന്ന സൂചകങ്ങൾ തമ്മിലുള്ള ബന്ധം അറ്റുപോകുമ്പോഴാണ് സ്കിസോഫ്രിനിക് അനുഭവം സാംസ്കാരികരൂപങ്ങളിൽ ചരിത്രനിരപേക്ഷതയായും മിശ്രരചനയായും പ്രത്യക്ഷീകരിക്കപ്പെടുന്നത് എന്ന് ജെയിംസൺ പറയുന്നു. തോമസ്കുട്ടിയുടെ കവിതകളിൽ പ്രധാനമായും പാരഡിയെ രൂപപ്പെടുത്തുന്നത് ഇത്തരത്തിലുള്ള സ്കിസോഫ്രിനിക് വികേന്ദ്രീകരണമാണ്.

പരസ്യവാചകങ്ങളും
കമ്പനിച്ചിത്രങ്ങളും
കളിമണ്ണും ചിമിഴാക്കി
വായുവപ്പാകാശത്തീയും
ഉഴവുചാലിന്റെ ഉയിരുമായ്
ജാനകിയുണരുന്നു.
മന്ദാരിപ്പിൽ കാപ്പിരിക്കാട്ടിൽ
വിമലകേളികൾ
വിലോലവൃത്തികൾ
വിദൂരവിശുദ്ധിയിൽ

(തൊട്ടുകൂടായ്മ അയിത്തം!)
അയോഗ്യം പറവകൾ
ഭൂതത്തിലെ വിഡ്ഢിവേഷം
- അപകീർത്തിയുടെ
ജീർണ്ണപുറം,
വേണ്ടാത്ത മറവി - (അർക്കേഡിയായിലെ പാൻ)

സൂചകങ്ങൾ കയറു പൊട്ടിച്ച് പോവുന്ന കാഴ്ചയാണ് അർത്ഥോത്പാദനം പ്രതീക്ഷിച്ച് തോമസ്കുട്ടിയുടെ കവിതയിലെത്തുമ്പോൾ കാണുക.

'കോഴിയങ്കം (എ സ്പോൺസേർഡ് മഹാസീരിയൽ)' എന്ന കവിതയിൽ,

(പശ്ചാത്തലത്തിൽ ഉണ്ണിയാർച്ചയുടെ ചിത്രം)
നേരിട്ടു വെട്ടി മരിച്ചെന്നാകിൽ
കോഴിക്കു നല്ലോരു മാനംതന്നെ
നേർച്ചയ്ക്കു ചുമ്മാ അറുത്തെന്നാകിൽ
(ജോൺ എബ്രഹാം. സമീപക്കാഴ്ച)
നാണക്കേടതിൽപ്പരമില്ല വേറെ -

അയോദ്ധ്യമുതൽ കണ്ണൂർവരെയും അമേരിക്ക മുതൽ അട്ടപ്പാടിവരെയും ഈ മെഗാസീരിയലിന്റെ ലൊക്കേഷൻ വ്യാപിച്ചു കിടക്കുന്നു എന്നു പറഞ്ഞാണ് തോമസ്കുട്ടി കോഴിയങ്കത്തിന്റെ അർത്ഥവ്യാപനശേഷി മനുഷ്യവർഗത്തിലേക്ക് പരിവർത്തിപ്പിക്കുന്നത്. 'കുന്നത്ത് കൊന്നയും പൂത്തപോലെ, വയനാടൻ മഞ്ഞൾ മുറിച്ചപോലെ' - എന്ന ഈരടിയുടെ വഴക്കത്തിലാണ് കോഴിയങ്കം.

സംസ്കാരം
മേച്ചിൽപുറം
നിയാണ്ടർത്താൽ മുതൽ
മോസ്റ്റ് പോഡേൺ വരെ
ദൗർബല്യം; ജ്ഞാനിമം - എന്നാണ് 'കുരള പറഞ്ഞു നടക്കുമൊരുത്തൻ' എന്ന കവിതയിൽ പറയുന്നത്. മെയിൻ കാംഫ് "മീൻ കാംഫ്" ആയും പോസ്റ്റ് മോഡേൺ "മോസ്റ്റ് പോഡേൺ" ആയും കൊളമ്പസ് എന്നത് "കൊളമ്പി, കൊളമ്പൻ" എന്നിങ്ങനെയും കാക്ക കുളിച്ചാൽ കൊക്കാകില്ല എന്നതിന് പകരം "കാക്ക കുളിച്ചാൽ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയാവില്ല" എന്നും രൂപഭേദം വരുന്നു.

'സി. വി. വിജയം' എന്ന കവിതയിൽ 'സി. വി.' എന്നത് കമ്പ്യൂട്ടർ വൈറസ് ആയും കുംഭകോണവിജയം ആയും കമ്പ്യൂട്ടർ സ്പൈ ആയും സിവിലിയൻസ് ആർ വിക്ടിംസ് ആയും അരങ്ങൊഴിയുന്നു. കാല്പനികതയുടെ





സമ്പൂർണ്ണനിരാസം തോമസുകുട്ടിയുടെ കവിതകളെ ടോണിയിൽനിന്നും ശ്രീഹരിയിൽനിന്നും വ്യത്യാസപ്പെടുത്തുന്നു. 'ശുദ്ധമലയാളമായ തന്ത അശ്ലീലമായതിൽപരമൊരു അശ്ലീലമില്ല' എന്ന് അറിയുന്ന കവിയാണ് 'ക്ഷ - റ' എന്ന കവിത 'തന്തയില്ലാത്തവനേ' എന്ന സംബോധനയിൽ തുടങ്ങുന്നത്. സംസ്കാരത്തിന്റെ പ്രതിനിധാനം ഭാഷയിൽ കാണാമെന്നതിനാൽ ഭാഷാകലാപത്തിലൂടെ സാംസ്കാരികമായ തിരുത്ത് നടത്താം എന്ന ചിന്ത തോമസ്കുട്ടിക്കുണ്ടെന്ന് സി. ആർ. പ്രസാദ് പറയുന്നു (2005:31).

എ. സി. ശ്രീഹരിയുടെ പാരഡി കൃത്യമായും പ്ലാസ്റ്റിഷ് എന്ന് വ്യവച്ഛേദിക്കാനാവുന്ന രൂപത്തിലെത്തിയിരിക്കുന്നു. കവിതയ്ക്കുള്ളിൽ നിന്നുകൊണ്ടുതന്നെ കവിത എന്ന ബോധത്തെ തിരസ്കരിച്ചുകൊണ്ട് എഴുതപ്പെടുന്ന പ്രതികവിതകളായിരുന്നു ശ്രീഹരിയുടെ ആദ്യകാലപാരഡികൾ. സ്വതന്ത്രമായ ഒരു മാധ്യമമായി പാരഡി ഇത്തരത്തിൽ മാറ്റപ്പെടുന്നു. വായനയുടെ തന്നിടങ്ങളെ പാരഡിയിൽ ആവിഷ്കരിച്ച് ചിരിയില്ലാത്ത പാരഡിയിലെത്തിനിൽക്കുന്ന അവസ്ഥ പാരഡിയിൽ കാണാം. നിസ്സംഗമായി പാരഡി പറഞ്ഞുപോവുകയാണ് ശ്രീഹരി. പാരഡിയെക്കുറിച്ചുള്ള ബോധം നൽകുന്ന അറിവുൽപാദനമാണ് ഇവിടെ നടക്കുന്നത്. 'വാസനാവികൃതി'യുടെ പാരഡിയായി 'വായനാവികൃതി'യും 'സ്മാരകശിലകൾ' 'അപസ്മാരശിലകൾ' ആയും 'എവിടെ ജോൺ' എന്നത് 'എവിടെ ലോൺ' ആയും പാരഡി ചെയ്യപ്പെടുന്നു. ആറ്റൂർ രവിവർമ്മയുടെ 'ഓട്ടോവിൻ പാട്ട്', ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'എവിടെ ജോൺ' എന്നിവയുടെ പാരഡിയാണ് 'എവിടെ ലോൺ'.

എവിടെ ലോൺ
(ഇവനു ജാമ്യമീ-
ഞാനാണ് ദൈവമേ!) എന്നും, കടത്തിൽ മുങ്ങിനീന്തിയ നീലകണ്ഠനെ അവസാനം,

പകൽവെട്ടം പോലെയല്ലോ
നാട്ടുകാരും വീട്ടുകാരും
കെട്ടിയോളും കുട്ടികളും
കല്ലെറിഞ്ഞു.
ലോണു വാങ്ങാത്തോരുമാത്രം
കല്ലെറിഞ്ഞാൽ മതിയെന്ന്
നിലവിളിച്ചു നീലകണ്ഠൻ - ആവേശമോ വികാരപ്രകടനമോ ചിരിയോ ഇല്ലാത്ത പാരഡിയാണിത്. 'പ്രേമലേഖനം' എന്ന കവിതയിൽ,

"പ്രിയപ്പെട്ട സാറാമ്മേ,
ജീവിതം വൃദ്ധസദനാത്മകവും ഹൃദയം നിരാശാഭരിതവുമായിരിക്കുന്ന ഈ നിരാലംബഘട്ടത്തെ എന്റെ പഴയ സുഹൃത്ത് എങ്ങനെ വിനി

യോഗിക്കുന്നു?
ഞാനാണെങ്കിൽ
എന്റെ ജീവിതത്തിലെ നിമിഷങ്ങൾ ഓരോന്നും സാറാമ്മയെക്കുറിച്ചുള്ള
മറവിയിൽ കഴിയുകയാണ്......."

ഈ ബഷീറിയൻ വീണ്ടുവിചാരം കൃതിക്കകത്തുള്ള വിനിമയത്തിലൂടെമാത്രം കഥാപാത്രങ്ങളെ പഠിക്കുന്ന സൈദ്ധാന്തികസമീപനം വിട്ട് കൃതിയിലെ കഥാപാത്രങ്ങളിൽ കൃതി ഇറങ്ങിയതിനുശേഷമുള്ള കാലം ആരോപിച്ച് സാറാമ്മയുടെയും കേശവൻനായരുടെയും ജീവിതം വൃദ്ധസദനാത്മകമാക്കിയിരിക്കുകയാണ്. 'പ്രേമലേഖനം' എന്ന തലക്കെട്ട് വാർദ്ധക്യപ്രണയത്തിലേക്ക് ഇറക്കിവയ്ക്കുകയും പാരഡി പരിഹാസനിർമുക്തമാണെങ്കിലും ബഷീറിനെ പാരഡി ചെയ്യുമ്പോൾ ബഷീറിന്റെ ഭാഷയിൽ ഉൾച്ചേർന്ന നർമ്മബോധം അതുപോലെ പാരഡിയിൽ കൊണ്ടുവരികയും ചെയ്യുന്നുണ്ട് ശ്രീഹരി.

നിങ്ങളെന്നെ (പോസ്റ്റ്) മോഡേണിസ്റ്റാക്കി, വാരഫലം, മധ്യവർഗമന്ദബുദ്ധിജീവികൾ ചോദ്യം ചെയ്യപ്പെടും, കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ജന്മാന്തരത്തെക്കുറിച്ച് തുടങ്ങിയവ ശ്രീഹരിയുടെ ശ്രദ്ധേയമായ പാരഡിക്കവിതകളാണ്. ആധുനികശൈലിയിൽനിന്ന് പോസ്റ്റ് മോഡേൺ കോഡിലേക്ക് പാരഡി മാറ്റപ്പെട്ടു. അതോടെ സാഹിത്യത്തിന്റെ റഫറൻസുകൾ മാത്രമല്ല ബോധത്തിന്റെയും പ്രവണതയുടെയും കലയുടെയും മാനറിസത്തിന്റെയും ഒക്കെ പാരഡികൾ ഉണ്ടാക്കപ്പെട്ടുതുടങ്ങി. ശ്രീഹരിയുടെ 'പോടാ മോനേ ദിനേശാ' എന്ന കവിത രഞ്ജിത്ത് സംവിധാനം ചെയ്ത 'നരസിംഹം' എന്ന സിനിമയുടെ പാരഡിയാണ്.

ധീരോദാത്തനും
അതിപ്രതാപഗുണവാനും
വിഖ്യാതവംശജനുമായ
മോഹൻലാൽ
സ്ക്രീൻ പിളർന്നെത്തി

ചന്തമതിലുകൾ
ചുമടുതാങ്ങികൾ
വെയ്റ്റിംങ് ഷെൽട്ടറുകൾ
വാൾപോസ്റ്ററുകൾ
പിളർന്ന്
പടക്കശാലക്ക്
തീ പിടിച്ചപോലലറി.
"കത്തിച്ചുകളയും ഞാൻ പച്ചക്ക്...
നീ പോടാ മോനേ ദിനേശാ........."





ഈ ഉത്സവീകരണത്തിന്റെ അവസാനം നാം കാണുന്നത് റേഷൻ സബ്സിഡി വെട്ടിയതിന് കലക്ടറേറ്റ് വളയുന്ന വീറോടെ മുണ്ടു മുറുക്കിയുടുത്ത് ചോദനയെ പട്ടിണിക്കിട്ട് സിനിമ കാണാൻ തിയേറ്റർ വളയുന്ന ആൾക്കൂട്ടത്തെയാണ്. ജനപ്രിയസിനിമയുടെ പൊങ്ങച്ചങ്ങളെ (?) വിമർശിക്കുകയല്ല അതിന്റെ സാധ്യതയ്ക്കകത്തുനിന്നുകൊണ്ടുതന്നെ അല്ലെങ്കിൽ വെർച്ചൽ റിയാലിറ്റിക്കകത്തുനിന്നുകൊണ്ട് ഒരു വീണ്ടുവിചാരത്തെ മുന്നോട്ടുവെക്കുകയാണ് ഈ കവിത ചെയ്യുന്നത്. ഉൽപാദനം, ഉപഭോഗം, സ്വത്വം, പ്രതിനിധാനം, നിയന്ത്രണം എന്ന സാംസ്കാരികശൃംഖലയ്ക്കകത്തെ നിയന്ത്രണത്തിന്റെ സാന്നിധ്യത്തെ സജീവമാക്കുകയാണ് ഈ കവിത.

പാരഡിയും ഒറിജിനലും തമ്മിലുള്ള ബന്ധം എപ്പോഴും പ്രശ്നവിഷയമാണ്. ഒരു വായനാമണ്ഡലത്തിന്റെ ഘടനയ്ക്കകത്താണ് പാരഡി വിനിമയം ചെയ്യപ്പെടേണ്ടത് എന്ന ധാരണ പുതിയ പാരഡിക്കില്ല. ഒരു കൃതിക്ക് ഒന്നിലേറെ വായനകൾ സാധ്യമാണ് എന്ന ലളിതമായ സംഗതി മതി ഇതിനെ ഉദാഹരിക്കാൻ. പാരഡി bookish ആണെങ്കിലും സ്വതന്ത്രമായ നിലനിൽപുള്ള ഴാനർ കൂടിയാണ്. അതുകൊണ്ടുതന്നെ പാരഡിയെ പാരഡിയായി വായിക്കാൻ കഴിഞ്ഞില്ലെങ്കിലും സംവേദനം ചെയ്യപ്പെടുന്നതാണ് പുതിയ പാരഡി. ശ്രീഹരിയുടെ 'മാവ് മുരിക്ക്' (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2006 മാർച്ച് 5) സച്ചിദാനന്ദന്റെ 'മുരിങ്ങ' (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2006 ജനുവരി 22) യുടെ പാരഡിയാണ്.

തെക്കുപുറത്തെ മുരിങ്ങമരം
എനിക്കു നല്ല ഓർമ്മയുണ്ട്
അതിന്റെ ഇലകളുടെ പച്ചപ്പ്
പിന്നെ ഞാൻ കണ്ടതു കാശിയിൽ
ഗംഗയുടെ നെയ്ത്തുകാർ അവ
പട്ടാക്കി മുന്നിലേക്കിട്ടുതന്നു
മുരിങ്ങയിൽ പൂക്കൾ പെരുകുമ്പോൾ
ഞാൻ മാനത്തേക്കു നോക്കും
നക്ഷത്രങ്ങൾ അവിടെത്തന്നെയുണ്ടോ
എന്നറിയാൻ..... (മുരിങ്ങ)

തെക്കുപുറത്തെ മാവ്
മുറിക്കാതെ വച്ചതാണ്
അതിന്റെ ഇലകളുടെ മഞ്ഞ
പിന്നെ ഞാൻ കണ്ടത്
ഹാ പുഷ്പത്തോടൊപ്പമാണ്
അധികനിമ്നപഥത്തിൽ
മാവിൽ പൂക്കൾ വിരിയുമ്പോൾ

ഞാൻ മാമ്പഴം ഓർമ്മിക്കും
ദീർഘദർശനം ചെയ്യും കുഞ്ഞുങ്ങൾ
ഒറ്റമഴക്കാറിൽ കരിഞ്ഞുപോകുന്നത്     (മാവ് മുരിക്ക്)

പാരഡി ഒഴിവാക്കിയാലും 'മാവ് മുരിക്ക്' പുതിയ കവിത എന്ന ഗണത്തിൽ പെടും. മൂലകൃതിയുടെ മുകളിലുള്ള ഓവർലാപ്പിംഗ് അല്ല പാരഡിയും ഒറിജിനലും തമ്മിൽ കയറിയും ഇറങ്ങിയും ഉള്ള പ്രായോഗികതയാണ് മാവ് മുരിക്ക് പോലുള്ള കവിതകൾ മുന്നോട്ടു വെക്കുന്നത്.

ഒരു ആശയവാദിയുടെ സൗന്ദര്യവാദത്തിൽനിന്നും വ്യത്യസ്തമായി ഭൗതികവാദിയുടെ സൗന്ദര്യം ഉയർത്തിക്കാണിക്കുന്ന സാമൂഹികത പാരഡിയുടെ ചരിത്രം പരിശോധിച്ചാൽ കാണാം. ആശയവാദിക്കും കാവ്യവസ്തുക്കൾ കിട്ടുന്നത് ഭൗതികലോകത്തിൽ നിന്നാണെന്ന തിരിച്ചറിവ് പുതിയ പാരഡിസ്റ്റുകൾക്കുണ്ട്. ഇത്തരത്തിൽ പാഠത്തിനകത്തുതന്നെ രൂപപ്പെടുന്ന സംവാദാത്മകത പുതിയ പാരഡിക്കവിതകളെ ജീവനുള്ളതാക്കുന്നു.

### സഹായകഗ്രന്ഥങ്ങൾ


| | | |
|---|---|---|
| ടോണി, കെ. ആർ. | 2003 | *അന്ധകാണ്ഡം*, ഡി.സി. ബുക്സ് കോട്ടയം |
| ടോണി, കെ. ആർ. | 1996 | *സമനില*, കറന്റ് ബുക്സ് തൃശൂർ |
| തോമസ്കുട്ടി, എൽ. | 2002 | *ക്ഷ – റ*, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട് |
| പ്രഭാകരൻ, എൻ. | 2005 | *മൗനത്തിന്റെ മുഴക്കങ്ങൾ*, കൈരളി ബുക്സ്, കണ്ണൂർ |
| പ്രസാദ്, സി. ആർ. | 2005 | *മലയാളകവിത ആധുനികാനന്തരം* റെയ്ൻബോ ബുക്സ്, തിരുവനന്തപുരം |
| ശ്രീജൻ, വി. സി. | 1999 | *ആധുനികാനന്തരം: വിശകലനവും വിമർശനവും*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം |
| സുധാകരൻ, സി.ബി. | 1999 | *ഉത്തരാധുനികത*, ഡി.സി. ബുക്സ് കോട്ടയം |
| Dentith Simon | 2000 | *Parody,* Routledge, New York |
| Hutcheon Linda | 1985 | *A Theory of Parody,* Methuen, New York and London |
| Jameson Fredric | 1991 | *Post modernism or the cultural logic of late capitalism,* Duke, UP, Durham ■ |




# കവിതയുടെ വാസ്തു

**പി. എം. ശ്രീധരൻ അഞ്ചുമൂർത്തി**

"വഴി മുഴങ്ങുന്നു
പിന്നെയും ദൂരത്തെ-
യലയൊലികളായ്
വീടുകൾ........വീടുകൾ"
(മുഴക്കം – പി. രാമൻ)

**മുറ്റത്ത്**

പ്രദേശം അഥവാ നിലം എന്ന അർത്ഥത്തിലാണ് ദ്രാവിഡകാവ്യമീമാംസയിൽ സ്ഥലപരികൽപന കടന്നുവരുന്നത്. ഐന്തിണകൾ എന്നറിയപ്പെടുന്ന അകത്തിണകളെയും അവയുടെ പുറത്തിണകളെയും തൊൽകാപ്പിയർ ഇപ്രകാരം വർഗ്ഗീകരിക്കുന്നു. കുറുഞ്ഞി : തവെട്ച്ചി-മലമ്പ്രദേശം, മുല്ല : വഞ്ചി – കാട്ടുപ്രദേശം, മരുതം : ഉഴിഞ്ഞ – നാട്ടുപ്രദേശം, നെയ്തൽ : തുമ്പ – കടലോരപ്രദേശം.

പ്രദേശം അഥവാ സ്ഥലം (place), നിലം (land) എന്നിവയിൽ നിന്നും ഇടം (space) എന്ന തലത്തിലേക്ക് വ്യാവർത്തിക്കുമ്പോൾ കേവലം ഭൂമിശാസ്ത്രാനുഭവം മുതൽ മനസ്സ് എന്ന തട്ടകംവരെ വ്യാപിച്ചുകിടക്കുന്ന അർത്ഥവ്യാപ്തിയുള്ള പദമായി തിണ പരിണമിക്കുന്നു.

സമഗമായ ലോകവീക്ഷണമാണ് തിണ അവതരിപ്പിക്കുന്നത്. അകത്തിണകളും പുറത്തിണകളും മുതൽ കരു-ഉരിപ്പൊരുളും അവയുടെ രൂപഭാവശില്പങ്ങളും ചേർന്ന ശില്പസമുച്ചയമാണത്. ദ്രാവിഡശില്പകലയോടാണ് അതിനു ചാർച്ച. എഴുത്തുകാരനു സ്വീകരിക്കാവുന്ന സൗന്ദര്യമൂലകങ്ങളാണിവ. തൊൽകാപ്പിയർ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. കാവ്യവിമർശനത്തിന് ആവിഷ്കരണസങ്കേതങ്ങൾ എന്നതിലുപരി രീതിശാസ്ത്രം എന്ന നിലയ്ക്കാണ് തിണ പ്രയോജനപ്പെടുന്നത്. ഇടം എന്നത് ഇന്ന് സാംസ്കാരിക പഠനങ്ങളിൽ ഏറെ ഉപയോഗിക്കുന്ന പരികല്പനയാണ്. മലയാളികൾക്കു കൂടി അവകാശപ്പെട്ട തമിഴകത്തിന്റെ ബൃഹത്പാരമ്പര്യത്തിൽനിന്നും ഈ പരി

കല്പന സ്വീകരിക്കുമ്പോൾ തനതു രീതിശാസ്ത്രമാണ് രൂപപ്പെടുക. സാമ്പ്രദായിക കാവ്യപഠനങ്ങളിൽനിന്നും മാറിനിന്ന് കവിതയെ കാണാനുള്ള ശ്രമമാണിവിടെ.

## ഇറയത്ത്

ആധുനിക മലയാളകവിതയുടെ ദർശനം സമയകാലങ്ങളുടെ ദുരൂഹത ചൂഴ്ന്നുനിന്ന മനുഷ്യാസ്തിത്വത്തിന്റേതായിരുന്നു. അസ്തിത്വവാദകേന്ദ്രിതമായ മാനവികത കാലത്തിന്റെ ബോധത്താൽ നിയന്ത്രിതമായിരുന്നു. അപാരമ്പര്യത്തിന്റെ ഘടകത്തെ തിരസ്കരിച്ചുകൊണ്ട് പാരമ്പര്യത്തിന്റെ സ്ഥലപരമായ അവബോധത്തെ വീണ്ടെടുക്കലാണ് ഉത്തരാധുനിക മലയാളകവിതയിലെ പ്രവണത. കാലത്തെ, നിരന്തരം ഭൂതമായിക്കൊണ്ടിരിക്കുന്ന സമയത്തെ, സാന്ദ്രതയിൽ, നിശ്ചലതയിൽ, രൂപങ്ങളിൽ ആവാഹിച്ചുകൊണ്ട് ആഖ്യാനത്തിലും ദർശനത്തിലും ഭാരതീയസ്ഥലദർശനം മലയാളകവിത വീണ്ടെടുത്തുകൊണ്ടിരിക്കുന്നു. ഇതരദർശനങ്ങളുടെ ഭാരത്തിൽനിന്നും ഉറയൂരിപ്പോന്ന മലയാളകവിത സ്വയം നിർണ്ണയിക്കുന്നത് സ്ഥലപരമായ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടാണ്.

പുതുകവിതകളിൽ, നേരത്തെ സൂചിപ്പിച്ച തിണ ആശയപരമായ അന്തഃസ്ഥല(inscape)മായി മാറുന്നു. പ്രദേശം, നിലം, സ്ഥലം, ഇടം എന്നിവയിൽ നിന്നും ഇതു വ്യത്യസ്തമാണ്. അന്തഃസ്ഥലം ഒരർത്ഥത്തിൽ നിലയില്ലാക്കയങ്ങളിലേക്ക് താഴ്ന്നുപോകുന്ന മനുഷ്യൻ കണ്ടെത്തിയ പുതിയ പ്രരൂപമാണ്. പ്രതിരോധമാണ് അതിന്റെ സ്വഭാവം. വിവരസാങ്കേതികവിദ്യ കവർന്നെടുത്തത് ദേശീയതയുടെ സ്ഥലപരമായ മാനങ്ങളായിരുന്നു. മാനസികാനുഭവങ്ങളെ സംബന്ധിച്ച് നാഗരികൻ, ഗ്രാമീണൻ എന്നീ വേർതിരിവുകളും ഭൂഖണ്ഡം, രാഷ്ട്രം, ദേശം തുടങ്ങിയവയുടെ അതിരുകളും ജലരേഖകളായപ്പോൾ പുതിയ മനുഷ്യൻ തിരിഞ്ഞത് പ്രാദേശികതയിലേക്കാണ്. ആധുനികതയെ ചൂഴ്ന്നുനിന്ന സമയകാലങ്ങളേക്കാൾ സ്വന്തം കാൽച്ചുവട്ടിലെ മണ്ണ് ഇളകിത്തുടങ്ങിയിരിക്കുന്നു എന്ന അറിവ് പ്രശ്നമായിത്തീർന്നു. സത്യാന്വേഷണം കാലപരതയിൽനിന്നും സ്ഥലപരതയിലേക്ക് ചരിച്ചുതുടങ്ങിയത് അങ്ങനെയാണ്. എന്നാലത് ദാർശനികവ്യഥയല്ല, സ്വയം നിർണ്ണയിക്കാനും നിർവചിക്കാനും ഉള്ള വ്യഗ്രതയാണ്. ഇതിൽനിന്നാണ് ആധുനികതയുടെ ദാർശനികഗൗരവത്തിൽനിന്നും നേർ എതിർദിശയിലേക്ക് ചലിക്കുന്ന ലാളിത്യം — ഭയാനകമായ ലാളിത്യം — പുതുകവിതയുടെ മുഖമുദ്രയാകുന്നത്.

ചലനാത്മകമായ സമയകാലങ്ങളിലൂടെ സ്വത്വത്തെ തേടിക്കൊണ്ട് മനുഷ്യജീവിതത്തെക്കുറിച്ചുള്ള സ്ഥായികളായിരുന്നു ആധുനികതയുടെ അന്വേഷണവിഷയം. മനുഷ്യാസ്തിത്വത്തെ ചരിത്രത്തിൽ സാന്ദ്രമാക്കുക, ഘനീഭവിപ്പിക്കുക — ഈ രീതിയെ തല തിരിച്ചിട്ട് സഞ്ചാരികളുടെ ക്ഷണികതയെ സ്ഥായിയാക്കാനാണ് ഉത്തരാധുനികകവിതയിലെ ശ്രമം. (സ്മാരകം - പി. രാമൻ, തെങ്ങ് - പി. പി. രാമചന്ദ്രൻ, പാറയിൽ പതിഞ്ഞത് - റഫീക്ക് അഹമ്മദ്) ഈ നിലപാടിന് ഭാരതീയ സൗന്ദര്യശാസ്ത്രവുമായി ഒരു വിദൂര സംവർണ്ണനം സാധ്യമാകുന്നുണ്ട്. അതായത്, സ്ഥലം കാലത്തെ ഗർഭത്തിൽ ധരിക്കുന്നു. സ്ഥായിഭാവം, രസം എന്ന ഘടന ഉദാഹരണമാണ്. സ്ഥായിഭാവം സ്ഥലപരമായ സംജ്ഞയാണ്. അത് ഉരുകി രസമായി പരിണമിക്കുമ്പോൾ കാലപരമായ സംജ്ഞയായിത്തീരുന്നു.





ഭാവം - രസം
സ്ഥലം - കാലം
നിശ്ചലം - ചലനാത്മകം

ഇതാണ് രസസിദ്ധാന്തത്തിന്റെ ഘടന. തമിഴകത്തെ ഉള്ളുര ഇറൈച്ചി എന്നിവയും ഇതുതന്നെ. സഹൃദയഹൃദയത്തിൽ വാസനാരൂപത്തിലുള്ള ഇടമാണ് സ്ഥായീഭാവം. കവിത എത്രത്തോളം ചലിപ്പിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും അതിന്റെ രസനീയത. ഇതിഹാസപുരാണങ്ങളിലെ ആഖ്യാനപാരമ്പര്യവും കാലത്തെ ഗർഭത്തിൽ ധരിക്കുന്ന ആഖ്യാനപാരമ്പര്യമാണെന്ന് ഡോ. കെ. അയ്യപ്പപ്പണിക്കരും കൃഷ്ണരായനും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭാരതീയ ശില്പ-ചിത്രകലകളുടെയും പൊതുസവിശേഷത ഇതുതന്നെയാണ്. കല്ലിൽ കൊത്തിവച്ച രഥചക്രം കാലത്തെ ഗർഭത്തിൽ ധരിക്കുന്ന സ്ഥലത്തിന്റെ പ്രതീകമാണ്.

## പുറത്തളത്ത്

പി. രാമന്റെ ഭൂതം മണ്ണാണ് അഥവാ പൃഥ്വിയാണ്. പി. രാമന്റെ കാവ്യകല വാസ്തുവിന്റെ കലയാണ്; ചിത്രകലയോ സംഗീതകലയോ അല്ല. വാസ്തുകലയാണ് രാമന്റെ കവിതകളുടെ ഇടം നിർണ്ണയിക്കുന്നത്. സ്ഥലത്തിന്റെ അഥവാ ഇടത്തിന്റെ കലയാണ് വാസ്തു. അതിൽ ശില്പകലയും സമന്വയിക്കുന്നുണ്ട്. രാമന്റെ കവിതയ്ക്ക് ഈ പരികല്പന നന്നായി ഇണങ്ങുന്നുണ്ടെന്നു കാണാം. വാസ്തു ഒരു ഇടം കണ്ടെത്തുകയും സ്വയം ഒരു ഇടമായി ആഖ്യാനം നിർവ്വഹിക്കുകയും ചെയ്യുന്നു. ഉദാഹരണം വീട്. വീട് ഒരു വാസ്തുവാണ്. അത് പുരയിടത്തിൽ സ്ഥിതിചെയ്യുമ്പോൾത്തന്നെ മനുഷ്യന്റെ ഇടമായി മാറുന്നുണ്ട്. ഉരിയാടിയ വാക്കുകൾകൊണ്ട് കവിതയുടെ രൂപശില്പത്തിലും സൂചകപദങ്ങളിലൂടെ ഭാവശില്പത്തിലും വാക്കുകളുടെ ഈ പുതിയ തച്ചൻ, വീട് എന്ന വാസ്തുവിനെ അവതരിപ്പിക്കുന്നു.

വഴിയും വീടും യാത്രാബിംബങ്ങളായിട്ടാണ് എഴുത്തച്ഛന്റെ കവിതയിൽ പ്രത്യക്ഷപ്പെട്ടത്. ദാർശനികമായുള്ള വഴി, ആലയം, വഴിയമ്പലം തുടങ്ങിയവയിലൂടെ ആചാര്യൻ പ്രതീകവല്ക്കരിച്ചത് ജീവിതത്തിന്റെ ക്ഷണികതയെയാണ്. പിന്നീട് മഹാകവി പി. ഈ ചിന്തയെ നവീകരിച്ചു. ഈ ലോകം ഒരു വാടകവീടാണെന്ന് അദ്ദേഹം എഴുതി; ഒരുനാൾ പൂട്ടി താക്കോലേൽപ്പിച്ചു പോകേണ്ട വാടകവീട്. ആവക ദാർശനികമായ കനമില്ലാതെയാണ് രാമൻ

വീട് എന്ന വാസ്തുവിനെ അവതരിപ്പിക്കുന്നത്.

ലോകജീവിതത്തിന്റെ അഥവാ ആലയസംഗമത്തിന്റെ ചഞ്ചലത സൂചിപ്പിക്കാനല്ല ലോകജീവിതത്തിന്റെ കാഴ്ചകളെ നോക്കിക്കാണാനുള്ള ഇടമാണ് കവിക്ക് വീട്.

ഒറ്റപ്പെട്ടൊരു തറവാടിന്റെ-
യകത്തളമായി
ത്തീരുകയായ് ഞാൻ (കനം, പുറം, 13)

സവിശേഷമായും നടുമുറ്റമുള്ള നാലുകെട്ട് — എല്ലാ ഋതുക്കളെയും ഏറ്റുവാങ്ങുകയും വീടിനകത്ത് ഒരു കാലാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്ന വാസ്തു — ആണ് രാമന്റെ കവിതയിലെ വീട്. കേകാഛന്ദസ്സിന്റെ വാക്യവിന്യാസവും തേച്ചുമിനുക്കിയ ശബ്ദവിന്യാസവും ദൃഢമായ ശില്പത്തിലേക്ക് തുറക്കുന്ന കിളിവാതിലുകൾ നോക്കുക.

പുതിയ വിദ്യകൾ
പഠിപ്പിക്കുന്നെന്നെ
പുതിയ
കെട്ടിടച്ചുമരുകൾ
(പരീക്ഷ)

അച്ഛന്റെ
മീശയിലൂടെയുലാത്തുന്നു
മുത്തശ്ശനേതോ
വരാന്തയിലെന്ന പോൽ
(അഞ്ജു)

സൂര്യൻ ഉണക്കി
സൂക്ഷിക്കുന്ന ഗ്രാമത്തിൽ
ചാണകം മെഴുകിയ
മുറ്റത്ത്
(ജാഗ്രത)

ഭിത്തികൾക്കിടയിലും
സാധ്യമാണ്.
കട്ടിലിന്നടിയിലും
സാധ്യമാണ്.
(മാറാല)

ജന്മം മുതൽ
ചെയ്ത കർമ്മങ്ങൾ തൻ നിഴൽ
തിങ്ങീ തറയിൽ
ചുമരിൽ
(ഒരു വയസ്സന്റെ ജനനം)





മനുഷ്യന്റെ നിലവറകളിലേക്ക്
ഞെട്ടറ്റുയരും
ഉത്തരങ്ങളിൽ, തട്ടിൽ, വിട്ടത്തിൽ
തറവാട്ട് മുറ്റത്ത്
ഞാൻ കുറേ നട്ടുനോക്കി (കനം പുറം 38)

ഈ പ്രയോഗങ്ങൾ കൂടാതെ 'പഴയ വീടിന്റെ ഓർമ്മയിൽ', 'ലോഡ്ജ്', 'സംഗീതം' എന്നീ കവിതകൾ പൂർണ്ണമായും വാസ്തുവിന്റെ ഘടകങ്ങളെ ഭാവശില്പവുമായി ബന്ധിപ്പിക്കുന്നു. 'തൊടിയുടെ തെററത്ത്' എന്ന കവിതയിൽ വീടും പരിസരവും സാധാരണ ഗൃഹസ്ഥാശ്രമിയുടെ കാഴ്ചകളായി നിറയുന്നുണ്ട്.

## അകത്തളത്ത്

കാല്പനികരെപ്പോലെ ഭാവനയിൽ അഭിരമിക്കുകയോ ആധുനികരെപ്പോലെ ജീവിതദുഃഖത്തിൽ ലയിച്ചു നിൽക്കുകയോ അല്ല, ജീവിതാനുഭവങ്ങളെ പുറത്തുനിന്നു നിരീക്ഷിക്കുകയും ആവിഷ്കരിക്കുകയുമാണ് രാമൻ ചെയ്തത്. അതിനുള്ള ഇടമാണ് കവിക്കു കവിത.

ഞങ്ങളപ്പന്മാർ
കാലമഴയേറ്റൊരേ
കാക്കിമങ്ങലായ്
ഞങ്ങൾക്കുള്ള
ജീവിതക്കുപ്പായങ്ങൾ.

എന്ന് എൻ. വി. കൃഷ്ണവാര്യർ പറഞ്ഞിട്ടുണ്ടല്ലോ. കാലമഴയിൽനിന്നും ഇവിടെ കവിയെ രക്ഷിക്കുന്നത് കവിതയുടെ വീടാണ്. ആ വീടിന്റെ തിണ്ണയിൽ രാമനിരിക്കുന്നു; ഒട്ടും കനമില്ലാതെ ('മൗനത്തിൽ' എന്ന കവിത). വസ്തുക്കൾക്ക് കനം നല്കുന്നത് ഭൂഗുരുത്വാകർഷണമാണല്ലോ. ഇവിടെ പാരമ്പര്യമാണ് രാമന്റെ കവിതകൾക്ക് കനം നല്കുന്ന ഭൂഗുരുത്വാകർഷണശക്തി. അതിലാണ് കവിതയുടെ വാസ്തു നിവർന്നു നില്ക്കുന്നത്. അതിന്റെ ജാലകങ്ങളും വാതിലുകളും രാമൻ സമകാലികതയിലോട്ട് തുറന്നിട്ടിരിക്കുന്നു.

## നടുമുറ്റത്ത്

വീട് ഒരു തിണയാണ്, തിണ്ണയാണ്. സ്വന്തമായി ആവാസവ്യവസ്ഥയുള്ള വാസ്തു. ഈ വീടിനെ കവിതയിൽ കൊണ്ടുവന്നപ്പോൾ അത് ഇടത്തിന്റെ കല - വാസ്തുകല - ആയിത്തീർന്നു. മലയാളകവിതയിൽ പുതിയൊരു അനുഭവതലമാണിത്. വസ്തു അപഹരിക്കപ്പെട്ടവരുടെ വാസ്തുവായും കുടിയായും പ്രവാസിയുടെ ഗൃഹാതുരതയായും ഓർമ്മയായും സ്വപ്നമായും വീട് ഇടമായി മാറുന്നു. രാമന്റെ കവിത മലയാളി വായനക്കാരന്റെ അവസ്ഥാന്തരങ്ങളെ അങ്ങനെ, സന്തർപ്പണം ചെയ്യുന്നു. അതെ, കവിത ഖരരൂപങ്ങളുടെ കലയാണ്. ■

# MAPPILAPPATTU

**M. N. Karassery**

'Mappilappattu' is a term to denote the literary - song tradition of Kerala Muslims. Formerly the Dravidian word 'Mappiia' (meaning the 'bride groom') was used for Jews (Yahuda Mappila), Christians (Nasrani Mappila) and Muslims (Jonaka Mappila) alike in Kerala. Now it is used exclusively for Kerala Muslims. 'Pattu' is another Dravidian word for song. So 'Mappilappattu' marks the 'Song of Kerala Muslims'.

Kerala, the southern most Indian State, had trade relations with Arabs even before the period of Prophet Muhammad (570 - 632). At that time the centre of trade of spices like pepper, ginger, cardamom etc. was Malabar, the northern region. This coast of Arabian sea was ruled by Zomarines as Kozhikode (Calicut) the capital. The very name Malabar was given by Arabs, meaning 'the land of mountains'. Calicut is the Arabised form of Kozhikode.

Muslims of this area believe that their religion came to Kerala in an early period as that of Prophet Muhammed, i.e., the 7th century. We get historical evidence to mark the presence of Muslim community in Kerala in the 9th century. There is reference about Muslims in Tarisappalhi copper plates (A.D. 849).

Islam reached Kerala through missionaries and traders by sea route and not through invaders. Only males came from abroad and they married local ladies (hence they were called 'bridegrooms') Their generations and the converts mainly from so-called 'lower caste' Hindus (agricultural workers) form the Muslim community of Kerala. The main inspiration of conversion into Islam was to resist the caste discrimination prevailed in the region. Kerala was never ruled by Muslim Kings. The only exception is that of Arakkal dynasty which ruled a principality in Kannur, the northern part in 16th - 18th centuries.





'Mappila' is a hybrid of Islamic civilization and Kerala's local culture. He is Muslim and Keralite alike. Mappila's languages is Malayalam. It is noteworthy that in Kerala different communities speak the same language, Malayalam. There is no Urdu in Kerala.

Instead Kerala Muslims have a written dialect called Arabic-Malayalam. It is a form of writing Malayalam in modified Arabic script to suit the Malayalam alphabets. The literature in this script is known as Arabic-Malayalam literature' and it is rich with both prose and poems. The themes of the texts consist theology, Islamic History, Jurisprudence, medicine, mathematics, trade and the like - both religious and secular subjects. The poetic compositions of this literature is widely known as 'Mappilappattu'. Along with the written tradition, Mappilappattu has got a parallel vocal tradition also.

Without adequate training no Arab can read Arabic-Malayalam. So also, if he listens to someone reading this script he may not understand anything. A Malayali, on the other hand, can make out the gist of Arabic-Malayalam read out to him. In short, Arabic Malayalam is a mode of transliterating Malayalam into sophisticated Arabic script.

In Malabar, the northern part of Kerala, this community has a distinctive which is reflected in its life style - in the mode of dressing, the decoration of the household, the dishes served at feasts, and most important of all, in its codes and conventions. The idiosyncracies of their spoken Malayalam and the admixture of foreign words in their everyday vocabulary are very striking. Even the simple Sanskrit words of Malayalam figure in their conversation with marked deviations. A stranger would hardly make out that "Peraliyam" is 'Pralayam' (i.e., the Deluge) or "Pirisam" is "Priyam" (i.e., dear). Such deviations together constitute what is designated as "Mappila Malayalam" - viz., the Malayalam spoken by the "Mappila" or Malabar Muslim.

Arabic-Malayalam script can be taken, in a broad sense, to be the written form of "Mappila Malayalam." When did this script evolve? The answer is not easy. Scholars like T. Ubaid, C.N. Ahammed Maulavi, K. K. Mohammed Abdul Kareem etc. who have made some investigations in this field hold that the script could be as old as 15000 years. O. Abu, author of a well-known work on the literary history of Arabic Malayalam opines that the script must have existed for over 1000 years, Roland E. Miller who has written a significant work about Mappilas shortens the span to 500 years in his reckoning.

This script had currency in South Kerala also.

This script was the chief medium of education for the Malabar Muslims till recent times. It helped them preserve, though indirectly, the purity attributed to Arabic. Matters related to religious belief and codes of conduct were taught and assimilated in this medium.

The use of this script was not confined to religious instruction. In due course it entered into the daily life of the people .

As the Mappilas began to express their thoughts and feeling in this medium, it acquired a literary dimension. Many words alien to the spoken language of the Mappilas can be encountered in these literary writing. The literature of Arabic Malayalam can be divided into prose and verse. It is verse that merits greater attention. Generally known as Mappila Song, this verse tradition includes hymns that enclose the holy figures, martial songs, moral lessons, songs of praise addressed to God, historical documents of holy events, epistolary verses, love lyrics and wedding songs.

It is customary to trace the beginning of Arabic-Malayalam verse to a work called Muhiyddin Mala. The work itself mentions the author to be Khazi Muhammed of Calicut and the year of composition as A.D. 1607. It renders, in a devotional tone, the major events, especially, the miraculous feats, in the life of Muhiyuddin Sheik of Jilan. Among other works of this genre maybe mentioned Badar Mala, Nafeezath Mala, Manjakkulam Mala, Mamburam Mala, Malapuram Mala, and Muhamood Mala.

There are over 50 martial songs in Arabic-Malayalam, the most prominent ones being Bador Patoppattu, Uhad Patappattu, Makkam, Fathahu, Fathuhussam, Hunain Patappattu and Khandaku Patappattu. As the titles indicate these narrate the early wars fought by Muslims in Arabia. The Major contributions of the illustrious poet Moyinkutty Vaidyar (1 852- 1892) belong to this genre.

Modelled on these works, songs were later composed about riots in Kerala as well. Vaidyar's own Malappuram Patappattu has, for instance, a riot that broke out in Malappuram (Malabar region) for its theme. The rebellions raised against the landed gentry also formed the subject of some works. A large number of such songs were destroyed by the rulers of the time. Those that survived fell under neglect in due course. Even the well-known Malabar rebellion (1912) has been the source of number of Mappila songs. But none of them has been published. Another major theme is the war waged by the Mappilas against the Portuguese and British forces in Kerala.
The two armies, fought. A mounted warrior of the king's army, armed with 18 weapons, rushed to the prophet's army and said:- "I am Akubath. Let Muhammad's army come on." The prophet called out Jabagir and said:- "Fight him. God will bless you." There was a desperate conflict. He cut Akubath and his horse in two with one blow. Another Kaffir rushed forward and he too was slain. So the Arab killed 15 Kaffirs. More Kaffirs ventured, but the Arab mocked them, making his horse dance. A valiant Kaffir Makmas said:-"Wretch! I will cleave your skull!" "Many wished to engage him, but the prophet prevented them saying he was a mighty warrior and called on his fourth minister Imam Ali, who went forward and said:- "I am Imam Ali ! I broke your idols." He touched the Kaffir with his sword and as he fell, cut him in two. Another Kaffir came and fought for ten hours and was killed. Twelve others were killed.

Then the king called out his third minister. His helmet weighed 30 lbs. His sword was 14 cubits in length and he was as tall as a cocoanut tree, and as big as a hill. God never created such a human being. If he fell, 1,000 men would die at once. The Arabs were afraid to see him and prayed to God. The prophet himself was confounded, and said :- "Let the fourth minister meet him. There is no other help." There was hard fight and the fourth minister cut to pieces his 18 weapons and killed him. The prophet praised God.

The Kaffirs were about to fly, but the king rallied them; and then they said it was by witchcraft and not in fair fight that their hero was killed. A general battle took place, and the fourth minister and 130 Arabs were wounded. But the prophet touched them with his hands and they were at one healed. Suddenly the Arabs fled, for in the front rank of the Kaffirs were kings, and when they were killed the Arabs began to rifle their gems, upon which the Kaffirs sent volleys of rockets [!] amongst them. And there was another reason. The prophet's first minister, Abu-Bakr-Siddik said:- "The enemy are numberless; whereupon 8,000 of the prophet's army fled. Four thousand were left, and of these only 1,000 fought, the others merely looking on. One said :- "We arfe 4,000 while they are five lakhs: we will have to run." But a voice from Heaven said :- "Despair not! Let them be ten lakhs." Again they fought, but at last they began to fly. Then Eblis, assuming the form of the second minister, said:- "Ho ye Arabs ! Fly for your lives ! You are in a boundless ocean of sorrow. There is no escape but in flight. The prophet is killed. Is there battle without a king?" The prophet's army fled, and there were but seven persons left, and of these , four were the ministers. These ran to the prophet and said:- "We are but seven persons against more than four lakhs. What can we do?" Then the prophet raised his hands towards heaven, lifted his eyes and prayed. He put on his armour and rode on his favourite vehicle. The four ministers stood beside him and God commanded 2,000 angels to descend at once to help the prophet. They came, looking like young men; their coats were white and their turbans were black. The earth shook as they alighted. They stood on 4 sides and ordered the minister to fight. All fought bravely and the enemy began to fly. The prophet asked a minister to recall his army. Patel said:- "Where can they be found? Call them!" The sound was carried by the air to the ears of the army, and they returned and begged for pardon, saying Eblis had deceived them. Laying their swords to their stomachs, the soldiers said they would kill themselves if not pardoned. An angel from God said they had spoken the truth.The ministers of the king said :- "We cannot defeat the Arabs. The four ministers of the prophet





are invincible." They caused our swords to fall, and their horses ran over our heads like lightning. They killed forty to our one. Three lakhs of our army are slain." Women and children dashed their heads on the ground and said to the king:- "Our husbands, fathers and brothers are killed: send us home."

The king ordered them to be fed. Then he mounted his war horse, and dressed in his brightest gems went out and challenged the prophet. The prophet sent a man Vazir to meet him. The king killed him and four others. A young warrior Jaffari, withe the prophet's permission went to meet him. It was the day after his wedding, and he was 16 years old. The king cut him together with his horse in pieces in the twinkling of an eye. One of his ministers told the king to go back ; he would fight in his stead and kill 12,000 Arabs. The Arabs said:- "There is no devil equal to him. With one blow he will kill 1,000 of us." The prophet sent Abdulla, but the Kaffir cut him in pieces. His brother Abdul Keriva went out, and he too was killed. No more Arabs ventured.

Seeing no more coming to meet him, he returned to his tent, and his wife said, "Where is the head of Ali?" He replied:- "I will give it to you to-morrow." She asked : "Is ali 100 cubits high?" "May be so. There is no such warrior in the prophet's army." "Do not approach or touch me : I will not be your wife until you bring the head of Ali." He was furious, and rushed out calling, "Ho ye prophet ! send me your best man, or your whole army;" and he beat the ground. The prophet said:- "God will give special benefits to whoever kills the wretch. I guarantee it." An Amir went and was killed at once. The Kaffir cried :- "Where are your brave men? Suvar ? Sayid ? Where is the brave Talhat ? Where is Abu Bakr ? Where is Omar ? Where is the world-renowned Ali ? My heart beats like the wave of ocean to fight the Ali. Oh Muhammad! where is your God!"An Arab, Athusamed, leaped forward but took him by the leg and dashed him to the ground.

Then the prophet said: - "Where is Imam Ali?" "He is fighting on the hill." "Let 500 take his place and send him here."

He came. The prophet prayed. The Kaffir asked:- “Oh beautiful youth, who are you ?” He replied:- “Imam Ali." The Kaffir said:- “You are his slave. Send him to me and save your life." They fought for 3 days. On the 4th day Ali said:- “Embrace the prophet's faith or I kill you." The Kaffir said:- “You are brave. No one else could have fought me for 3 days." The Kaffir's wife watched the fight from a hill and sent her head dress by a slave, saying, “Cut, off the head of Ali, and smear this cloth with his blood, or never come near me again.” Then they fought desperately for six days. On the seventh day Ali made a noise which shook the earth and the sky. The Kaffir was stunned, and Ali cut off his head. The prophet asked what was the army doing, and Ali replied it was standing still and the Kaffir army had fled.

The prophet ordered the dead to be counted, and it was found that 1,000 Ashabis had been slain. The Kaffirs told their king :- "For one of them that we kill they kill 1,000. They believe they go to Heaven and do not fear death. Let us make peace. Our gods have not helped us. They have killed our brave men by witchcraft." The king was sad, and threw his crown on the ground. A vassal asked permission and went to the battle-field calling for the bravest of the prophet's men, ... him. An Arab went out, and the king killed him. Then the prophet ordered Imam Ali to fight the king. The king wounded him, but Ali mounted his horse and they fought for 24 hours. At night they separated. Again they met. At night Ali said:- “Oh king ! do not lose your life ; join the fourth religion.[20] If you do, you will gain Heaven." The king said : - “If you defeat me, I will join your faith. Let us dismount and fight with our hands. If you are victorious I will join you." They wrestled. Ali caught the king by his belt and was about to throw him when he called out, “I am defeated : do not throw me.” Ali took him to the prophet and the merciful prophet embraced him, and told him the secret of his faith. Seeing this the Kaffir army fled.

The king wrote and collected 30,000 more soldiers and ordered them to fight. They challenged the Arabs. A leader of the Kaffirs wounded an Arab, but the prophet gently touched his wounds and healed them. There was a general battle and neither





side prevailed. Meanwhile the prophet retired alone to a tree a mile distant to pray. A Kaffir approached, stealthily to kill him, and raised his sword. In an instant, there was a wall of fire protecting the prophet, and the Kaffir was aghast. The prophet finished his prayers and smiled, saying:- “Ho king ! fear not, but come before me." He came, and begged the prophet's mercy, and embraced his faith, and at once fought against the Kaffirs [sio]. The king was alarmed and sent a larger army to seize the prophet and his fourth minister Ali.

There was a combat between Shaibath and Rabiyath for 2 days and neither prevailed. The prophet prayed to God, and an eagle carried off the turban of Shaibath the Kaffir. Then Rabiyath cut off his head. A magic square in his turban had protected him. It was the Angel Gabriel who, in the form of an eagle, carried off his turban. The Kaffir army then fled in great fear. The king rallied his men and a dreadful battle ensued. For five days and nights it lasted. The Arabs were nearly overcome, when the prophet at the door of his tent prayed to God :- " Oh God, I never began anything without your command. It is said in the Koran that God helps those who carry out His commands. Give courage and strength to my soldiers. We cannot fight the Kaffirs who are coming like dark clouds.” God granted the strength of thousand lions to Ali, and to all the others the strength of ... to 40 lions. for seven days the battle lasted, and still the Kaffirs did not give way. Then the .... minister made a sound which shook the earth and the skies, the sea and the hills. The Kaffirs became deaf and blind. The Kaffirs fled, and after them their king. The Arabs pursued and killed ... Then they returned to camp. One Arab did not return for he had gone to find the enemy’s hiding place.

The prophet asked how many were killed. His minister replied:- “Three thousand” “Such is the will of God. They will obtain paradise.” He then asked :- “How many Kaffirs?” His minister said:- “God alone can say”. Ordering the corpses to be buried he enquired where the Kaffir’s army lay hidden. The Kaffirs had taken shelter in the fort of a friendly king. The prophet ordered the spoil to be counted, and sent all the gold to a fort to be there

watched; and he commanded his army to march against the fort Tayif. The fort was taken and the king was captured. Imam Ali offered the captive king the prophet's faith or death. His offer was scorned, and he raised his sword to strike the king, when the prophet said :- "He is a king, and must not be killed". The prophet had his chains removed and let him free to go where he pleased. This act of mercy moved the king to tears. He fell at Muhammad's feet, and embraced his religion. The prophet thereupon restored to him all his wealth and possessions.

Note: - *In conclusion I acknowledge with gratitude the invaluable assistance in translation given me by Mr. T. Kannan of Calicut.*

## Notes :

1. This and much of what follows is taken from the articles just mentioned.
2. Nâzrânî, i.e., a Nazarene.
3 *Qoràn*, chap. 54.
4 It will be remembered that the Portuguese grandees who visited Vijayanagar early in the sixteenth century, coming from the west coast, spoke of this potentate as the Samuri. Modern usage, through Portuguese, makes the word Zamorin.
5 Rowlandson's *Thahafat-ul-Mujahidin*, p.53, quoted in Logan's *Manual of the Malabar District*.
6 This includes the Laccadive Islands.
7 Valeaza-arathengal = belonging to the great shrine.
8 Much more so than Hindus. Many a man has 10 and 12 out of one wife; and I know of one, having 3 wives, who is blessed with 33 children.
9 The Cheruman, it may be said, is barely 5 ft. 2 in. in height (the average for the North Malabar Tiyan being almost exactly 5 ft. 5 in., while the Nair is taller), much darker in colour, his nose is broader, and is cranial capacity is much smaller: his head length is 18'2 in. and the width 13'6. Compare this with the Aryan Nambudri, 19'2 and 14'6!





10 The marked difference between a Mâppila and a Hindu is observable in other ways than those where fanatic fervour comes in view. All the kinds of work requiring pluck, energy, and sustained effort are done by Mâppilas. Mâppilas have done the heaviest work and earned the reputation of being the best workmen, steady, tractable, and never troublesome while well treated, in the building of the big iron bridges which the Madras Railway Company have thrown over the big rivers of the Madras Presidency; and in the goldmines of South India the best miners are said to be Mâppilas. They work as Hindus never do.
11 Malapuram lies 18 miles north of Tirûr on the Madras Railway and about 31 miles east of Calicut.
12 Extracts only are given of this song. I cannot give here more than a meagre outline of it, and the special characteristics of the Arab *shahîds* can be only alluded to in the briefest manner.
13 The old name for Malabar.
14 An absurdity is that the Perumal is compelled to do the *Hajj* or pilgrimage while Muhammad was alive. Muhammad was dead 200 years before Islam was brought to Malabar or the Perumal, the last emperor, went to Arabia.
15 The next song is given in full. Here as elsewhere the translation is necessarily somewhat free. The songs were first of all put into Malayalam and then into English. Though nearly every Mâppila understands them more or less few among them are capable of rendering them in the vernacular.
16 A *kol* is the carpenter's measure in Malabar; it corresponds, roughly, to a yard.
17 The poet has forgotten to tell us that the suppliants went before the king with the petition prepared by Eblis.
18 Mâppila (Mopla) fanatics always bid farewell to their families before going out to die.
19 Chairs are very modern in Malabar!
20 The Mâppila call their religion the "Fourth Veda."

■

## ഗവേഷണരംഗം

**കേരളപഠനസംബന്ധമായ വിഷയങ്ങളിൽ വിവിധ സർവകലാശാലകളിൽനിന്നു ഡോക്ടർ ബിരുദം ലഭിക്കുന്നവരുടെ പ്രബന്ധങ്ങൾ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. വിവിധ പഠന വകുപ്പുകളിൽനിന്നു കേരളപഠന വിഷയങ്ങളിൽ ബിരുദം ലഭിക്കുന്നവരുടെ പ്രബന്ധങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ക്ഷണിക്കുന്നു.**

### ദ്രാവിഡകാവ്യമീംമാംസ : സിദ്ധാന്തവും പ്രയോഗവും

**ഉറൂബ്, എം.ടി. എന്നിവരുടെ പ്രധാന നോവലുകളെ അവലംബമാക്കി ഒരു പഠനം (2005)**

**പി. എം. ശ്രീധരൻ** / ഡോ. എം. കൃഷ്ണൻ നമ്പൂതിരി
മാർഗ്ഗദർശി : ഡോ. സി. പി. അച്യുതനുണ്ണി
ഗവേഷണകേന്ദ്രം: മലയാളവിഭാഗം, കോഴിക്കോട് സർവകലാശാല

ഭാരതീയകാവ്യശാസ്ത്രരംഗത്ത് അർഹിക്കുന്നത്ര ശ്രദ്ധയും സ്ഥാനവും കിട്ടാതിരുന്ന ദ്രാവിഡകാവ്യമീമാംസയെ സൈദ്ധാന്തികതലത്തിലും പ്രായോഗികതലത്തിലും പരിചയപ്പെടുത്തിത്തരുന്ന ഗവേഷണ പഠനമാണ് ഈ പ്രബന്ധം. മൗലികചിന്താപദ്ധതികൾകൊണ്ട് നാട്യശാസ്ത്രത്തിനും ധ്വന്യാലോകത്തിനും തുല്യമായ സ്ഥാനം നല്കാവുന്ന കാവ്യമീമാംസാഗ്രന്ഥമാണ് തമിഴിലുള്ള തൊൽക്കാപ്പിയം. ഇതിലെ പൊരുളതികാരത്തിൽ പ്രതിപാദിക്കുന്ന സാഹിത്യസങ്കല്പങ്ങളാണ് ഈ പ്രബന്ധത്തിന് സൈദ്ധാന്തികതലം ഒരുക്കുന്നത്. ഡോ. അയ്യപ്പപ്പണിക്കരെ പോലുള്ളവർ തൊൽക്കാപ്പിയത്തിന്റെ ആധുനിക പഠനസാധ്യതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിൽനിന്നും ഏറെ മുന്നോട്ടു പോയി, ആധുനിക സാഹിത്യരൂപമായ നോവലിനെ സ്ഥലകാലസംസ്കാരപശ്ചാത്തലത്തിൽ പഠിക്കാനുള്ള സഫലശ്രമമാണ് പ്രബന്ധത്തിൽ നടത്തിയിട്ടുള്ളത്.

കാവ്യസിദ്ധാന്തപ്രധാനമായ തിണസങ്കല്പത്തെ താരതമ്യപഠന-നവീകരണങ്ങളിലൂടെ നോവലുകളിലും ഇതര ആധുനികസാഹിത്യരൂപങ്ങളിലും പ്രയോഗിക്കാൻ കഴിയുന്ന സാഹിത്യസാംസ്കാരിക സിദ്ധാന്തമായി വികസിപ്പിക്കുന്നതിൽ പ്രബന്ധകർത്താവ് വിജയിച്ചിട്ടുണ്ട്. തിണസിദ്ധാന്തത്തിന്റെ ഉള്ളറിവുകളിൽ നിന്നുകൊണ്ട് — അകം/പുറം വിഭജനം, ഐന്തിണ സങ്കല്പം, മുതൽപ്പൊരുൾ, കരുപ്പൊരുൾ, ഉരിപ്പൊരുൾ, ഉള്ളുര, മെയ്പാട് എന്നിവയെല്ലാം ഇവിടെ വിവൃതമാകുന്നു — മലയാളത്തിലെ രണ്ടു പ്രമുഖ നോവലിസ്റ്റുകളുടെ രചനകളിലെ ഭൂമിശാസ്ത്ര ചരിത്ര സാമൂഹ്യ സാംസ്കാരിക ഘടകങ്ങൾ അപഗ്രഥിക്കുകയാണ് പ്രബന്ധകർത്താവ്.

ആറ് അധ്യായങ്ങളിലാണ് ഈ പ്രബന്ധം തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അധ്യായം സിദ്ധാന്താവതരണവും ബാക്കിയുള്ളവ പ്രയോഗപഠനമാതൃകകളുമാണ്. തിണസങ്കല്പത്തിന്റെ സൈദ്ധാന്തികഭൂമിക എന്ന ഒന്നാം അധ്യായത്തിൽ മൂന്നു ഘട്ടങ്ങളിലായാണ് സൈദ്ധാന്തികചർച്ച വികസിക്കുന്നത്. തൊൽക്കാപ്പിയത്തിൽ അന്തർലീനമായ തിണസങ്കല്പത്തെ പൂർവ്വകാലപഠനങ്ങളുടെയും പ്രമാണഗ്രന്ഥങ്ങളുടെയും സഹായത്തോടെ വളരെ വിശദമായിത്തന്നെ പരിചയപ്പെടുത്തുന്നതിൽ പ്രബന്ധകാരൻ ശ്രദ്ധിച്ചിട്ടുണ്ട്.

സാഹിത്യസിദ്ധാന്തമെന്ന നിലയിലും സാംസ്കാരികാപഗ്രഥന പദ്ധതി എന്ന നിലയിലും തിണസങ്കല്പത്തിന്റെ പ്രയോഗസാധ്യത വെളിവാക്കുകയാണ് യഥാക്രമം ഉറൂബിന്റെ 'ഉമ്മാച്ചു', ''സുന്ദരികളും സുന്ദരന്മാരും' എന്നീ നോവലുകളെ ആസ്പദമാക്കിയുള്ള പഠനം. ഇത് പ്രബന്ധത്തിന്റെ രണ്ടും മൂന്നും അധ്യായങ്ങളിൽ ചെയ്തിരിക്കുന്നു. നാലും അഞ്ചും അധ്യായങ്ങളിൽ എം.ടി.യുടെ 'നാലുകെട്ട്', 'അസുരവിത്ത്' എന്നീ നോവലുകൾ തിണസങ്കല്പത്തിന്റെ വെളിച്ചത്തിൽ അപഗ്രഥിക്കപ്പെടുന്നു. ഉറൂബും എം.ടിയും സ്വന്തം ദേശമായ പൊന്നാനിയെയാണ് എഴുതിയിട്ടുള്ളതെന്ന് പ്രബന്ധകാരൻ സ്ഥാപിക്കുന്നു. "പൊന്നാനിയെ മധ്യകേരളത്തിന്റെയും മധ്യവർഗ്ഗത്തിന്റെയും സാംസ്കാരിക ഇടമായി (cultural space) കേരളത്തിന്റെ ഭൂപടത്തിൽ അടയാളപ്പെടുത്തുകയാണ് ഉറൂബും എം.ടിയും തങ്ങളുടെ നോവലുകളിലൂടെ ചെയ്തത്" (പുറം 273) എന്ന് ഗവേഷകൻ നിരീക്ഷിക്കുന്നു.

പരിസ്ഥിതിയും മനുഷ്യജീവിതവും സമന്വയിക്കുന്ന ഒരു ദർശനതലമാണ് തിണസങ്കല്പത്തിലുള്ളത്. പ്രകൃതിയും സമൂഹവും വ്യക്തിയും ഉൾക്കൊള്ളുന്ന ബാഹ്യവും ആന്തരികവുമായ ജീവിതപ്രതിഭാസങ്ങളെ വ്യാകരിക്കുന്നതിൽ തിണസങ്കല്പത്തിനുള്ള സാർവ്വകാലിക പ്രസക്തി ബോധ്യപ്പെടുത്തിത്തരുന്നതിൽ ശ്രീധരന്റെ ഗവേഷണപ്രബന്ധം വിജയിക്കുന്നു. സംഘസാഹിത്യചിന്തയിലെ തിണസങ്കല്പത്തെ സിദ്ധാന്തമെന്ന നിലയിൽ നവീകരിച്ച് ആധുനിക സാഹിത്യകൃതികളിൽ പ്രയോഗക്ഷമമാകുംവിധം അവതരിപ്പിക്കുകവഴി പാരമ്പര്യത്തെയും ആധുനികതയെയും കൂട്ടിയിണക്കാനും പ്രബന്ധകാരനു കഴിഞ്ഞിരിക്കുന്നു. ഇതു നിസ്സാരകാര്യമല്ല; പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളെ അന്ധമായി അനുകരിച്ച്, നമ്മുടെ സാഹിത്യകൃതികളെ 'അറുത്തു മുറിക്കുന്ന' വികലരീതി

ഗവേഷണനിരൂപണരംഗങ്ങളിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ നമ്മുടെ പാരമ്പര്യത്തിന്റെ സ്വാംശീകരണരീതി സാഹിത്യാപഗ്രഥനത്തിന് പുതിയ ദിശാബോധം നല്കും എന്ന തിരിച്ചറിവും ഈ പ്രബന്ധം മുന്നോട്ടു വയ്ക്കുന്നു. ഗവേഷണരീതിശാസ്ത്രത്തിന്റെ അനുസരണവും ആശയവിവരണത്തിലെ ക്രമികതയും വസ്തുതാപഗ്രഥനത്തിലെ സൂക്ഷ്മതയും നിഗമനക്രോഡീകരണത്തിലെ സംക്ഷിപ്തതയും ഈ പ്രബന്ധത്തെ ഉത്തമ ഗവേഷണത്തിന്റെ മാതൃകയാക്കുന്നുണ്ട്.

**സസ്യചരതം :**

**കടത്തനാടിനെ ആസ്പദമാക്കി ഒരു ഫോക്‌ലോർ പഠനം (2005)**

**കെ. എം. ഭരതൻ / ഡോ. സ്കറിയാ സക്കറിയ**

മാർഗ്ഗദർശി : ഡോ. രാഘവൻ പയ്യനാട്

ഗവേഷണകേന്ദ്രം: മലയാളവിഭാഗം, കോഴിക്കോട് സർവകലാശാല

കൂട്ടായ്മ(folk)യും സസ്യജാലങ്ങളും തമ്മിലുള്ള ബന്ധമാണ് സസ്യചരതത്തിന്റെ വിഷയം.സസ്യചരതം മുൻനിറുത്തി കൂട്ടായ്മയെ മനസ്സിലാക്കാം. ഇങ്ങനെയൊരു സാധ്യതയാണ് ഡോ. കെ. എം. ഭരതൻ വിജയകരമായി പരീക്ഷിച്ചു നോക്കുന്നത്. വിഷയവും രീതിശാസ്ത്രവും പുതുമയുള്ളതാണ്. ഫോക്‌ലോറിന്റെ സിദ്ധാന്തങ്ങളും രീതിശാസ്ത്രവും അടിസ്ഥാനമാക്കിയാണു പഠനം. കൂട്ടായ്മയിലെ അറിവുകൾ – അതും സാധാരണക്കാരുടെ നിത്യജീവിതത്തിലെ അറിവുകൾ, വിലമതിക്കാനും ശേഖരിക്കാനും വ്യാഖ്യാനിക്കാനും ഫോക്‌ലോറിന്റെ പഠനപദ്ധതി ഉപകരിക്കുന്നു. സാമൂഹികശാസ്ത്രസമ്മതമായ അന്വേഷണമാർഗ്ഗങ്ങളും (ഉദാഹരണത്തിനു ചോദ്യാവലിയും സർവേയും) ഉപാദാനശേഖരണത്തിനു ഉപയോഗിക്കുന്നുണ്ട്. പ്രബന്ധത്തിലെ തിരിച്ചറിവുകൾ പൊതുസമൂഹത്തിനു നിരീക്ഷിക്കാനും വിലയിരുത്താനും ഉപകരിക്കുന്ന തരത്തിലാണ് വിഷയപ്രതിപാദനവും പ്രബന്ധസംവിധാനവും. എട്ട് അധ്യായങ്ങൾക്കു പുറമേയുള്ള അനുബന്ധങ്ങൾ – വിശിഷ്യ കടത്തനാട്ടിലെ സസ്യചരതം, കടത്തനാട്ടിലെ സസ്യജാലത്തിന്റെ രൂപവിവരണം, ചോദ്യാവലി എന്നിവ പ്രബന്ധത്തിന്റെ വസ്തുതാപരത ഉറപ്പാക്കുന്നു. ചെടികൾ പ്രതീകങ്ങളായി വരുന്ന പരസ്യമാതൃകകൾ ഉൾപ്പെടുന്ന സചിത്ര അനുബന്ധം ജനപ്രിയ സംസ്കാരപഠനത്തിനുള്ള ഉപാദാനശേഖരമാണ്. ഇത്രയുംകൊണ്ട് പഠനത്തിന്റെ വിഷയസ്വഭാവം വെളിവാകുന്നു. മൊത്തത്തിൽ ഗവേഷണത്തിൽ അവശ്യംവേണ്ട സുതാര്യത(transparency)യും ഉത്തരവാദിത്വ (accountability)വും ഉറപ്പാക്കുന്നതാണ് പ്രബന്ധഘടന.

പ്രബന്ധത്തിന്റെ ഒന്നാംഭാഗത്തു രണ്ട് അധ്യായങ്ങളിലായി ഫോക്‌ലോറും സസ്യചരതവും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു. ‘ഫോക്‌ലോറിന്റെ ഏതൊരു ജനുസ്സിലും പ്രത്യക്ഷപ്പെടുന്ന സസ്യസംബന്ധമായ ലോറുകളുടെ ആകത്തുകയാണ് സസ്യചരതം’. ഒരു ചെടിയെക്കുറിച്ചുള്ള കടങ്കഥയോ പഴഞ്ചൊല്ലോ നാടൻപാട്ടോ വിശ്വാസമോ അനുഷ്ഠാനമോ ആചാരമോ എന്തും നാട്ടറിവിന്റെ ഭാഗമാകാം. ‘ഫോക്കിന്റെ കൂട്ടായ ജീവിതത്തിലൂടെ ആവിഷ്കരിക്കപ്പെടുന്നതും പാരമ്പര്യത്തിന്റെ ഭാഗമായി നിലനിൽക്കുന്നതുമായ എന്തും ഫോക്‌ലോറാണ്’ എന്ന അലൻ ഡണ്ടസിന്റെ നയമാണ് ഗവേഷകൻ അടിസ്ഥാനമായി അംഗീകരിക്കുന്നത്. ‘ചെറുഗ്രൂപ്പുകൾക്കിടയിൽ നടക്കുന്ന കലാപരമായ ആശയവിനിമയമാണ് ഫോക്‌ലോർ’ എന്ന ബെൻ ആമോസിന്റെ അഭിപ്രായം പരിഗണിച്ച് ‘ഒരു ചെറിയ ഗ്രൂപ്പിനകത്ത് സസ്യങ്ങളെ സംബന്ധിച്ചു നടക്കുന്ന കലാപരമായ ആശയവിനിമയ’മായും സസ്യചരതത്തെ വിവരിക്കുന്നുണ്ട്. വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരുന്ന പരമ്പരാഗത സമൂഹത്തിന്റെ അറിവുകൾ എന്ന നിലയിലാണ് പൊതുവേ സസ്യചരതം പരിഗണിക്കപ്പെടുന്നത്. സമകാലിക സംവേദനസമൂഹത്തിൽ പരസ്യങ്ങളിലൂടെ ചെടികൾക്കുണ്ടാകുന്ന പ്രതിനിധാനമൂല്യവും ഗവേഷകൻ മറക്കുന്നില്ല. എങ്കിലും അത്തരം പ്രതീകമൂല്യം വേണ്ടുംവണ്ണം ചർച്ച ചെയ്യപ്പെടുന്നില്ല. വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുമപ്പുറം സംവേദനശൃംഖലയിലുണ്ടാകുന്ന മൂല്യം മറ്റൊരു വിശദപഠനത്തിനുള്ള വിഷയമാണ്. സമൂഹപ്രക്രിയയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള അത്തരം സസ്യചരതത്തിനു സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രമായിരിക്കും കൂടുതൽ യോജിക്കുക. കേരളത്തിലെ വൃക്ഷാരാധനയെക്കുറിച്ചു പ്രബന്ധത്തിൽ വിശദപരാമർശമുണ്ട്. പൂർവപഠനങ്ങൾ മുൻനിറുത്തിയാണ് പഠനം.

പ്രബന്ധത്തിന്റെ രണ്ടാം ഭാഗത്തു കടത്തനാട് എന്ന സാംസ്കാരികമേഖല, സസ്യലോകവും ഭൗതികജീവിതവും, ഭൗതികേതര സംസ്കാരവും സസ്യലോകവും, ചെടികളുടെ ഭൗതികമൂല്യം, ചെടികളുടെ ഭൗതികേതരമൂല്യം, കൂട്ടായ്മയും സസ്യലോകവും എന്നീ അധ്യായങ്ങളുണ്ട്. വിഷയവിശകലനം നിർവഹിച്ചിരിക്കുന്ന ഈ അധ്യായങ്ങളിൽ ഭക്ഷണം, വൈദ്യം, അലങ്കാരം, മറ്റു ഭൗതിക ആവശ്യങ്ങൾ എന്നീ ധർമ്മങ്ങളുമായി ബന്ധപ്പെടുത്തി ചെടികളെക്കുറിച്ചു വിശദപരാമർശങ്ങൾ കാണാം. ‘വെറും ഉപയോഗത്തിലൂടെ മാത്രമല്ല അതിന്റെ പിറകിലുള്ള സാമൂഹികവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ കൂടിയാണ് ചെടിയുടെ ഭൗതികമൂല്യം ഉണ്ടാകുന്നത്’ എന്ന സുപ്രധാനമായ തിരിച്ചറിവ് പഠനത്തിനു മൊത്തത്തിൽ പുതുമ പകരുന്നു. ലോറുകൾക്കു കൂട്ടായ്മയിലുള്ള സ്വാധീനത്തിന്റെയും വ്യാപ്തിയുടെയും അടിസ്ഥാനത്തിൽ അവ വ്യവഹരിക്കുന്ന സാമൂഹിക സാംസ്കാരികമേഖലകളെ ആന്തരികമേഖല, മദ്ധ്യമേഖല, ബാഹ്യമേഖല എന്നിങ്ങനെ തിരിച്ചു പഠിക്കുന്നതു ശ്രദ്ധേയമാണ്. ഓരോ ചെടിയും എത്ര ജനുസ്സുകളിൽ എത്ര ലോറുകളായി ഏതേതു മേഖലകളിൽ കൂട്ടായ്മയെ സ്വാധീനിക്കുന്നു എന്ന മട്ടിൽ കൃത്യതയുള്ള അന്വേഷണം കൗതുകകരമാണ്. ലോറുകളുടെ ജനുസ്സ്, എണ്ണം, സ്വാധീനമേഖല എന്നിവ മുൻനിർത്തി ചെടികളെ വർഗ്ഗീകരിക്കാം എന്ന തിരിച്ചറിവു

തന്നെ പ്രധാനമാണ്. 'കടത്തനാട്ടിലെ സാമൂഹ്യജീവിതത്തിന്റെ കേന്ദ്ര സ്ഥാനത്തു നിൽക്കുന്ന ചെടി നെല്ലാണ്. ഇക്കാര്യത്തിൽ തൊട്ടടുത്തു നിൽക്കുന്ന ചെടികൾ മാവും തെങ്ങുമാണ്.' എന്നിങ്ങനെയുള്ള നിഗമനങ്ങൾ മാത്രം വായിക്കുന്നവർക്ക് ഇതു വെറും സാമാന്യബുദ്ധി എന്നു തോന്നിയേക്കാം. സാമാന്യബുദ്ധിയെ വിവിധതരം ഉപപാദനങ്ങളിലൂടെ പ്രസ്താവങ്ങളാക്കുന്ന 'ബുദ്ധിവിസ്താര'മാണല്ലോ ഗവേഷണം. വിസ്തരിക്കുക എന്നതിനു പരത്തുക, വിപുലീകരിക്കുക, വിടർത്തുക എന്നിങ്ങനെമാത്രമല്ല ഭാഷയിൽ അർത്ഥം. അന്വേഷിക്കുക, നിരൂപിക്കുക, ചോദ്യം ചെയ്യുക, തെളിവെടുക്കുക, ന്യായം കണ്ടെത്തുക എന്നിങ്ങനെയുള്ള അർത്ഥങ്ങളും മലയാളത്തിലുണ്ട്. അവയാണ് ഗവേഷണകാര്യത്തിൽ കൂടുതൽ പ്രസക്തം. മലയാളിയുടെ രാഗവിസ്താരത്തിലെ വിസ്തരണവും മറക്കേണ്ട. അതിലെ ചിട്ടയും ഒഴുക്കും ഗവേഷണത്തിനുണ്ടാകണം.

**മലയാളത്തിലെ അനുപ്രയോഗങ്ങൾ : ഭാഷാശാസ്ത്രപരമായ ഒരു പഠനം (2004)**

**ശ്രീകുമാർ ബി. /** ഡോ. സ്കറിയാ സക്കറിയ

മാർഗ്ഗദർശി : ഡോ. ദേശമംഗലം രാമകൃഷ്ണൻ

ഗവേഷണകേന്ദ്രം: മലയാളവിഭാഗം, കേരള സർവകലാശാല

കേരളപാണിനീയത്തിനുശേഷം നല്ലൊരു മലയാള വ്യാകരണ ഗ്രന്ഥം ഉണ്ടായിട്ടില്ല എന്നു സമ്മതിക്കാം. എന്നാൽ അതിനുശേഷം ധാരാളം മലയാള വ്യാകരണപഠനങ്ങൾ നടന്നിട്ടുണ്ട്. ശേഷഗിരിപ്രഭു, എൽ വി. രാമസ്വാമിഅയ്യർ, സി. എൽ. ആന്റണി തുടങ്ങിയവരുടെ പഠനങ്ങൾ, വിവിധ ഭാഷാശാസ്ത്രവകുപ്പുകളിലെ ഗവേഷണപ്രബന്ധങ്ങൾ, മലയാള വകുപ്പുകളിലെ വ്യാകരണപഠനപ്രബന്ധങ്ങൾ എന്നിവയിലൂടെ മലയാള ഭാഷാപഠനം ഏറെ മുന്നേറിയിരിക്കുന്നു. എങ്കിലും ചില ഇരുണ്ടമേഖലകൾ അവശേഷിക്കുന്നു. മലയാളത്തിലെ അനുപ്രയോഗങ്ങൾ അത്തരമൊരു വ്യാകരണമേഖലയാണ്. ഡോ. എൻ. രാജശേഖരൻനായരുടെ Auxiliary verbs in Malayalam (Annamalai University, 1990) എന്ന ഗവേഷണപ്രബന്ധം മറക്കുന്നില്ല. അനുപ്രയോഗപഠനത്തിൽ കാണേണ്ടവയും കരുതേണ്ടവയും ചിട്ടയായി പറഞ്ഞുവയ്ക്കുന്ന ഗവേഷണപ്രബന്ധമാണ് ശ്രീകുമാർ ബി. കേരള സർവകലാശാലയിൽ സമർപ്പിച്ചിരിക്കുന്നത്.

'ക്രിയാപദസംഹിതയിൽ ആർത്ഥികവും ഘടനാപരവുമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നവയാണ് അനുപ്രയോഗങ്ങൾ' എന്ന പ്രായോഗിക നിർവചനത്തിലാണ് പ്രബന്ധം ഉറപ്പിച്ചിരിക്കുന്നത്. ഘടനാപരവും ആർത്ഥികവുമായ മാനദണ്ഡങ്ങൾ അനുപ്രയോഗനിർവചനത്തിൽ സുപ്രധാനമാണെന്നു തിരിച്ചറിയുന്നു. പൂർവപഠനങ്ങളുടെ വിലയിരുത്തലിലൂടെ (മൂന്നാം അധ്യായം ഇതിനായി നീക്കിവച്ചിരിക്കുന്നു) ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ശാസനങ്ങൾ മുതൽ സമകാലിക രചനകൾ വരെയുള്ള ഭാഷാ





മാതൃകകൾ ഉപയോഗിച്ചു അനുപ്രയോഗവൈവിധ്യം വെളിവാക്കുന്നതാണ് ഒരധ്യായം (നാലാം അധ്യായം). അനുപ്രയോഗങ്ങളുടെ ഉപയോഗത്തിലുണ്ടായ വളർച്ചയും പുരുഷഭേദനിരാസവും തമ്മിൽ ബന്ധമുണ്ടെന്ന ഗവേഷകന്റെ നിഗമനം കൗതുകജനകമാണ്. ഇന്നത്തെ മലയാളത്തിൽ കാലം, പ്രകാരം, പ്രയോഗം, നിഷേധം, പൂരണം, ശൈലി എന്നിങ്ങനെ വർഗ്ഗീകരിക്കാവുന്ന പലതരം അനുപ്രയോഗങ്ങൾ തെളിഞ്ഞു കാണാം. അവയിൽ നല്ലൊരു ഭാഗം അന്യഭാഷാശൈലികൾ ഉൾക്കൊള്ളാനുള്ള മലയാളത്തിന്റെ ശ്രമമാണ്. അനുപ്രയോഗങ്ങളിലൂടെ കാര്യത്തിൽ വാമൊഴിയും വരമൊഴിയും തമ്മിലുള്ള ഭേദവും ഗവേഷകൻ നിരീക്ഷിക്കുന്നുണ്ട്. വാമൊഴി മലയാളത്തെക്കുറിച്ചുള്ള പഠനത്തിൽ ഗൗനിക്കേണ്ട വിഷയമാണിത്.

ഒരുതരം സഹായക്രിയകൾ തന്നെയാണ് അനുപ്രയേഗങ്ങൾ. എന്നാൽ അർത്ഥതലത്തിൽ മുഖ്യാർത്ഥം ശോഷിച്ച നിലയിലാണ് അനുപ്രയോഗങ്ങൾ പ്രത്യക്ഷപ്പെടുന്നത്. 'പ്രധാനക്രിയകൾ അവയുടെ കോശാർത്ഥം ത്യജിച്ചു മറ്റൊരു പ്രധാനക്രിയാർത്ഥത്തെ സഹായിക്കാൻ ഉപയോഗിക്കപ്പെടുമ്പോൾ അവയെ, സദിശക്രിയകൾ എന്നു വിശേഷിപ്പിക്കാം'. സദിശക്രിയകൾ എന്ന സങ്കലപനം പീറ്റർ ഹ്യൂക്കിന്റേതാണ്. പരിണാമത്തിന്റെ പടവിൽ അനുപ്രയോഗത്തെ പ്രതിഷ്ഠിക്കുന്ന ഇത്തരം നിരീക്ഷണങ്ങൾ ഗവേഷണപ്രബന്ധത്തിന്റെ നിലവാരം വർധിപ്പിക്കുന്നു. അനുപ്രയോഗങ്ങൾ ഭാഷയുടെ പരിവർത്തനശേഷിയാണ് പ്രകടമാക്കുന്നത്. മാറുന്ന മലയാളം മനസ്സിലാകുന്നില്ല എന്നു പരാതിപ്പെടുന്നവർ ഭാഷയുടെ പുതിയ പ്രകടനതന്ത്രങ്ങൾ ഇത്തരം തത്ത്വങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കേണ്ടതാണ്. വിഷയവൈവിധ്യവും പ്രയോഗസാഹചര്യവുമനുസരിച്ച് ഭാഷയുടെ പ്രവർത്തനതത്ത്വങ്ങളിൽ മാറ്റം വരുത്താൻ മലയാളത്തിനു കഴിയുന്നു എന്നതിനു തെളിവാണ് സമകാലിക മലയാളം. വാമൊഴിയിലും വരമൊഴിയിലും വമ്പൻ മാറ്റങ്ങളുണ്ടാകുന്നു. ഭാഷയിലെ ഇത്തരം മാറ്റങ്ങളിൽ അനുപ്രയോഗങ്ങൾക്കു നല്ല പങ്കുണ്ട് എന്നു സൂചിപ്പിച്ചു പ്രബന്ധം സമാപിക്കുന്നു. ചുരുക്കത്തിൽ, മലയാള ഭാഷാപഠനത്തിലും ഭാഷാസൂത്രണത്തിലും പ്രസക്തമാണ് ശ്രീകുമാറിന്റെ ഗവേഷണപ്രബന്ധം.

ശ്രീകുമാറിന്റെ ഗവേഷണപ്രബന്ധത്തിൽ ധാരാളം അടിക്കുറിപ്പുകൾ കാണാം. പക്ഷേ അവയെല്ലാം ലേഖന/ഗ്രന്ഥസൂചനകളാണ്. ഗവേഷണപ്രബന്ധത്തിലെ അടിക്കുറിപ്പുകളുടെ ധർമ്മം ഇതാണോ? അച്ചടിച്ച ഉപാദാനങ്ങൾ സൂചിപ്പിക്കാൻ പാഠത്തിനുള്ളിൽ വലയങ്ങളിൽ അക്കങ്ങൾ ഉപയോഗിച്ചാൽ മതി. പാഠപരമാർശങ്ങൾ വിശദീകരിക്കാനോ പൂർവപക്ഷങ്ങൾ അവതരിപ്പിക്കാനോ ഉദ്ധരണികൾ തർജമകളാണെങ്കിൽ മൂലഭാഷാരൂപങ്ങൾ നൽകാനോ ഉപയോഗിക്കാവുന്നതാണ് അടിക്കുറിപ്പ് . ഇത്തരത്തിൽ സുതാര്യതയും സംവാദാത്മകതയും വർധിപ്പിക്കുന്ന അടിക്കുറിപ്പുകൾ പ്രബന്ധത്തിന്റെ ശാസ്ത്രീയതയ്ക്കു കൂടിയേ തീരൂ. യൂറോപ്യൻ പാരമ്പര്യം വിട്ട് അമേരിക്കൻ ശൈലിയിലേക്കു ഗവേഷണരചനകൾ മാറുന്നതിന്റെ അടയാളമായി പൂർവപക്ഷക്കാർ ഇതിനെ ന്യായീകരിക്കാം. ■

**COMPLEMENTING THE BOOKS**

**പുസ്തകപൂരണം**

കേരളപഠനസംബന്ധമായ പുതിയ പ്രസിദ്ധീകരണങ്ങളെക്കുറിച്ചു വായനക്കാരോ ഗ്രന്ഥകർത്താക്കളോ എഴുതുന്ന പൂരണക്കുറിപ്പുകൾ ഈ പംക്തിയിലേക്കു ക്ഷണിക്കുന്നു.

- പത്രാധിപർ




ബാലകൃഷ്ണൻ വള്ളിക്കുന്ന്,
ഡോ. ഉമർ തറമേൽ
ഡി.സി. ബുക്സ്, കോട്ടയം, 2006. വില:110 രൂപ

## മാപ്പിളപ്പാട്ട് - പാഠവും പഠനവും

**ഷംഷാദ് ഹുസൈൻ**

ഒരു പാട്ടിനെ മാപ്പിളപ്പാട്ടാക്കുന്നതെന്താണ്? അതിന്റെ ഈണം? സാമൂദായിക സവിശേഷതകൾ ഉൾക്കൊള്ളുന്ന വരികൾ? കമ്പി, കഴുത്ത് തുടങ്ങിയവ ഒപ്പിച്ചെഴുതുന്ന പഴയ ഭാഷാരീതി? പാടുന്ന സന്ദർഭം? പാട്ടിലെ ദൃശ്യങ്ങൾ? പുതിയ മാപ്പിളപ്പാട്ടുകളെക്കുറിച്ചുള്ള ചർച്ചയിൽ ഇങ്ങനെ അനേകം സന്ദിഗ്ദ്ധതകളുണ്ടാവാം. അല്ലെങ്കിൽ പലതിനേയും മാപ്പിളപ്പാട്ടായി അംഗീകരിക്കാൻതന്നെ പലരും വിമുഖത കാണിക്കുന്നു. ഇങ്ങനെയുള്ള ഏറ്റവും പുതിയ പാട്ടുകളെ മാറ്റിനിർത്തിയാൽ മാപ്പിളപ്പാട്ടിലെ മിക്ക വിഭാഗങ്ങളേയും സാമാന്യമായി പരിചയപ്പെടുത്തുന്ന പുസ്തകമാണ് ബാലകൃഷ്ണൻ വള്ളിക്കുന്നും ഉമർ തറമേലും ചേർന്നെഴുതിയ 'മാപ്പിളപ്പാട്ട് പാഠവും പഠനവും'.

അക്കാദമിക് പഠനങ്ങൾ ഏറെ നടന്നിട്ടില്ലാത്ത മേഖലയെന്ന് മാപ്പിളപ്പാട്ടിനെ പരിചയപ്പെടുത്തുന്ന മുഖവുര ഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ കാണാം. രണ്ടു വ്യത്യസ്തസമീപനങ്ങളിലൂടെ മാപ്പിളപ്പാട്ടിനെ വിലയിരുത്തുന്ന ഗ്രന്ഥകർത്താക്കളുടെ പഠനങ്ങൾ പരസ്പരപൂരകങ്ങളും അതുവഴി പരാതികൾക്ക് വലിയ തോതിൽ പരിഹാരവുമാകുന്നുണ്ട്.





മാപ്പിളപ്പാട്ടിനെ ചരിത്രപരമായൊരു പരിപ്രേക്ഷ്യത്തിൽ സമീപിക്കുന്നതാണ് ബാലകൃഷ്ണൻ വള്ളിക്കുന്നിന്റെ 'മാപ്പിളപ്പാട്ട് വിചാരത്തിന്റെ നാൾവഴികൾ' എന്ന ആമുഖപഠനം. കേരളത്തിലെ അറബ് സാന്നിദ്ധ്യത്തെക്കുറിച്ചുള്ള തന്റെ നിരീക്ഷണങ്ങൾ ഇദ്ദേഹം അവതരിപ്പിക്കുന്നത് മുസ്ലീം പണ്ഡിതന്മാരുടെ 'വാചാലത'യെ മാറ്റിനിർത്തിക്കൊണ്ടാണ്. ഖുർ ആനിലെ പരാമർശങ്ങൾ, ലോകവിപണികൾക്ക് ഇന്ത്യയിലേക്കുണ്ടായിരുന്ന വഴി ഇവയെല്ലാം വിശകലനം ചെയ്തുകൊണ്ട് (ദക്ഷിണ)ഇന്ത്യയുടെ ആദ്യകാല അറബുബന്ധം യമൻവഴിയാണെന്ന് ഇദ്ദേഹം നിരീക്ഷിക്കുന്നു.

ദക്ഷിണേന്ത്യൻ മുസ്ലീങ്ങളുടെ വേഷഭൂഷകളിലും, സംഗീതത്തിന്റെ സ്വരസ്ഥായീകരണ ഈ യമനീസ്വാധീനം പ്രകടം. എം. എം. ഷിലോഹി സ്വരാങ്കനം ചെയ്ത അറബ് (യമനീ) രാഗക്രമങ്ങൾ മാപ്പിളപ്പാട്ടുകളുടെ സ്വരസ്ഥായീകരണവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാകും(9) എന്ന് മാപ്പിളപ്പാട്ടുകളേയും തെളിവായി കാണിക്കുന്നു.

കാലഗണനയോടെ കണ്ടെടുക്കപ്പെട്ടതിൽ ഏറ്റവും പ്രാചീന മാപ്പിളപ്പാട്ടായ മൊഹിയുദ്ദീൻ മാല (കൊ.വ. 782) യുടെ ഭാഷാപരമായ സവിശേഷതകൾ, ആദ്യകാല 'കേരളീയസാഹിത്യമാതൃകകൾ' ഇവയെല്ലാം പരിശോധിച്ചുകൊണ്ട് 14-ാം നൂറ്റാണ്ടിനുമുമ്പ് അറബിമലയാളത്തിന് ഒരു കാവ്യസംസ്കാരം രൂപപ്പെട്ടു കഴിഞ്ഞിരുന്നില്ലെന്ന് ഇദ്ദേഹം ഉറപ്പിച്ചു പറയുന്നു(12). നൂറ്റാണ്ടുകളിലൂടെ മാപ്പിളപ്പാട്ടിനുണ്ടായ വളർച്ചയെക്കുറിച്ചുള്ള ചില സാമാന്യനിരീക്ഷണങ്ങളും പുതിയ മാപ്പിളപ്പാട്ടിന്റെ വൈവിധ്യത്തെക്കുറിച്ചുള്ള ചില പരാമർശനങ്ങളും കൂടി ഉൾക്കൊള്ളുന്നതാണീ പഠനം.

ഇന്നോളം മാപ്പിളപ്പാട്ടിനെ അപ്രധാനമാക്കി മാറ്റിനിർത്തിയ മൂല്യബോധത്തിന്റെ പ്രത്യയശാസ്ത്രവിവക്ഷകളിലാണ് ഉമർ തറമേലിന്റെ 'പാഠസംസ്കാരവും സംസ്കാരപാഠവും' എന്ന പഠനം ഊന്നുന്നത്. ഒരു ജനകീയകാവ്യരൂപമെന്നതിലുപരി സാഹിത്യരൂപമെന്ന നിലയ്ക്കുകൂടി മാപ്പിളപ്പാട്ടിന്റെ പ്രാധാന്യത്തെ സ്ഥാപിക്കുകയാണിതിൽ. കൊളോണിയൽ മൂല്യബോധവും ആര്യാധിനിവേശവും ഒരുപോലെ മാപ്പിളപ്പാട്ടിനെ പ്രാന്തീകരിക്കുകയും തമസ്കരിക്കുകയും ചെയ്തു. സാഹിത്യചരിത്രങ്ങളിലെ പ്രതിനിധാനങ്ങളെയും അദ്ദേഹം വിലയിരുത്തുന്നത് ഇത്തരത്തിലാണ്. മാപ്പിളപ്പാട്ടിലെ സ്ത്രീ/ സ്ത്രീപക്ഷ രചനകളുടെ സവിശേഷതകളും ഇതിൽ വിലയിരുത്തപ്പെടുന്നു. നഫീസത്തുമാല പാടിക്കേട്ടാൽ സുഖപ്രസവമുണ്ടാകുമെന്ന വിശ്വാസത്തിൽ സ്ത്രീയുടെ മഹത്ത്വം, സ്ത്രീയെ സാന്ത്വനിപ്പിക്കുന്ന ഒരു പക്ഷംചേരൽ ഉണ്ടെന്നിദ്ദേഹം വിലയിരുത്തുന്നു. ഈ രചനകളുടെ പ്രത്യയശാസ്ത്രധാരണകൾ പുരുഷമേൽക്കോയ്മയിലധിഷ്ഠിതമാണെങ്കിലും അതിനോടുള്ള സ്ത്രീയുടെ ഒതുക്കവും കവി

യലും കൂലങ്കഷമായി പഠിക്കപ്പെടേണ്ടതുണ്ടെന്നാണിദ്ദേഹത്തിന്റെ അഭിപ്രായം.

മാപ്പിളപ്പാട്ടുകളെ വ്യത്യസ്തപാട്ടുവിഭാഗങ്ങളായി വർഗ്ഗീകരിച്ചുകൊണ്ടാണീ പുസ്തകം സംവിധാനം ചെയ്തിരിക്കുന്നത്. ഈ വിഭാഗങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുന്ന ആമുഖവും പ്രാതിനിധ്യസ്വഭാവമുള്ള പാട്ടുകളുടെ മാതൃകകളും അടങ്ങിയതാണീ കൃതി. മാലപ്പാട്ടുകൾ, പടപ്പാട്ടുകൾ, കിസ്സപാട്ടുകൾ, കത്തുപാട്ടുകൾ, സ്ത്രീപക്ഷ രചനകൾ, വിലാപകാവ്യങ്ങൾ, നേർച്ചപ്പാട്ടുകൾ, സർക്കീട്ട് പാട്ടുകൾ, ദാർശനിക കാവ്യങ്ങൾ, കല്യാണപ്പാട്ടുകൾ, നാടോടിവഴക്കം എന്നിങ്ങനെയാണ് പാട്ടുകളെ വിഭജിച്ചിരിക്കുന്നത്. അതിൽ നാടോടിവഴക്കംതന്നെ ചൊല്ലുവഴക്കമെന്നും സാഹിത്യവഴക്കമെന്നും വേർതിരിച്ചിരിക്കുന്നു. പാട്ടുവിഭാഗങ്ങളുടെ ചരിത്രം, ഗതിപരിണാമങ്ങൾ, രൂപപരമായ സവിശേഷതകൾ, ഈ രീതിയിലെഴുതപ്പെടുന്ന പുതിയ പാട്ടുകളുടെ സ്വഭാവം തുടങ്ങിയവയെല്ലാം മിക്ക ആമുഖങ്ങളിലുമുണ്ട്. അപരിചിതപദങ്ങളുടെ ടിപ്പണിയും ചേർത്തിട്ടുണ്ട്. ഇങ്ങനെ മാപ്പിളപ്പാട്ടുകളുടെ ബാഹുല്യം, വൈവിധ്യം, സാഹിത്യമൂല്യം എന്നിവയെല്ലാം പരിചയപ്പെടാനുതകുന്ന നല്ല പുസ്തകമാണിത്.

മാപ്പിളപ്പാട്ടുകളെ പൊതുധാരയിൽ പരിചയപ്പെടുത്തുന്ന കൃതിയെന്ന നിലയ്ക്ക് ഇതിന്റെ വായനയിൽ നേരിടുന്ന ചില പ്രശ്നങ്ങൾ കൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.

ഒന്ന് : കവികളുടെയോ കവിതകളുടെയോ കാലഗണനക്ക് വേണ്ടത്ര പ്രാധാന്യം കൊടുത്തിട്ടില്ല. വ്യത്യസ്തമായ പാട്ടുരീതികൾ എന്ന നിലയ്ക്കു മാത്രം പരിചയപ്പെടുത്തുന്നതുകൊണ്ടാകാം ഇതു സംഭവിച്ചതെങ്കിലും ചില പാട്ടുകളുടേത് എഴുതപ്പെട്ട കാലവും ആദ്യം അച്ചടിച്ച വർഷവുമെല്ലാം കൃത്യമായി നല്കുമ്പോൾ ചിലതിന്റേത് രചനാകാലം വ്യക്തമാണോ അല്ലയോ എന്നു കൂടി വ്യക്തമാക്കുന്നില്ല. കവികളെ സംബന്ധിച്ചും ഇതുതന്നെ ഇന്ന് ജീവിച്ചിരിക്കുന്നവരും ഇക്കൂട്ടത്തിലുണ്ടാവാം. അത്തരം വിവരങ്ങളൊന്നും ഇതിൽനിന്നു ലഭ്യമല്ല. ഈ രംഗത്ത് കൂടുതൽ അന്വേഷണത്തിനുള്ള സാധ്യതയെ ഇത് തടസ്സപ്പെടുത്തുന്നു.

രണ്ട് : പാട്ടിന്റെ മാതൃകകൾ നല്കുന്നതിനിടയ്ക്ക് വരികൾ/ഖണ്ഡങ്ങൾ വിട്ടുകളഞ്ഞതിന്റെ സൂചനകൾ കൊടുക്കുന്നില്ല. ദീർഘകാവ്യങ്ങളുടെ ഇടയ്ക്കു നിന്നുള്ള വരികളും ചില ഖണ്ഡങ്ങൾതന്നെ വിട്ടുകളഞ്ഞ് തുടർച്ചയായിത്തന്നെ മറ്റൊരു ഭാഗവും ചേർത്തിരിക്കുന്നു.

'മറിയക്കുട്ടിയുടെ കത്ത്' എന്ന പാട്ടിൽ ഒരു ഇശൽ തീരുന്നതിനിടയ്ക്ക് അടുത്ത ഇശലിലുള്ള വരികളുണ്ട് (126). ബാക്കി ഭാഗം വിട്ടുകളയാതെ ചേർത്തതുകൊണ്ട് ഇത് അച്ചടിയിൽവന്ന പിശകാണെന്നു കരുതാം.





എഡിറ്റിങ്ങ് മാപ്പിളപ്പാട്ടിൽ മാത്രമുള്ള പ്രശ്നമല്ല. ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിൽ നിന്നെടുത്തു ചേർത്ത ഉദ്ധരണിയിൽപോലും വരികൾ വിട്ടുകളഞ്ഞിട്ടുണ്ട്, അതിന്റെ സൂചനകൾ നല്കാതെതന്നെ.

മൂന്ന് : പാട്ടുകളുടെ വർഗ്ഗീകരണത്തിലും ചില പ്രശ്നങ്ങളുണ്ട്.

**(ക)** നാടോടി വഴക്കത്തെ രണ്ടായി വിഭജിക്കുന്നതിന്റെ മാനദണ്ഡം പുസ്തകത്തിൽ ഇങ്ങനെ വിശദീകരിക്കുന്നു.

> ആദ്യത്തേത് ചൊല്ലുവഴക്കം; ആരുണ്ടാക്കിയെന്നോ എപ്പോഴുണ്ടായി എന്നോ തിരിച്ചറിയാനാകാത്തവയാണിത്. കാലാന്തരത്തിൽ അവയിൽ ഏച്ചുകൂട്ടലുകളോ വിട്ടുകളയലുകളോ ഉണ്ടാവുക സ്വാഭാവികം. തലമുറകൾ കൈമാറിയെത്തുമ്പോൾ അവയുടെ രൂപഘടനയിൽപോലും മാറ്റങ്ങൾ സംഭവിക്കാം. നൈമിഷികമായ സർഗ്ഗസ്ഫുരണങ്ങളാണവ; വിനോദമോ, കുസൃതിയോ, പരിഹാസമോ വിഷാദമോ അവയ്ക്ക് വിഷയമാവാം.
>
> രണ്ടാമത്തെ വിഭാഗം സാഹിത്യവഴക്കമാണ്. രചയിതാവിന്റെ ഊരും പേരും തിരിച്ചറിയാവുന്ന രചനകൾ, ഗ്രാമീണസഹജമായ കൗതുകമാണിവയിൽ പ്രകടമാകുന്നത്. പ്രാദേശികജീവിതവുമായി ബന്ധപ്പെട്ടതാണ് പ്രതിപാദ്യവസ്തുത. വർണ്ണ്യവസ്തുതയുടെ ലാളിത്യം വർണ്ണനാപാടവംകൊണ്ട് നികത്തപ്പെടുന്നു. അതിനാൽ ഇവയ്ക്ക് കാല്പനികതയുടെ മേലങ്കിയുണ്ട് എന്നതാണ് പ്രത്യേകത. (211)

ശേഷം ചൊല്ലുവഴക്കത്തിന് ചില ഉദാഹരണങ്ങളും നല്കിയിരിക്കുന്നു. പിന്നീടു വരുന്നവ കുറത്തിപ്പാട്ട്/ മൈലാഞ്ചിപ്പാട്ട്, കുപ്പിപ്പാട്ട് എന്നിവ സാഹിത്യവഴക്കത്തിന് ഉദാഹരണമായി കണക്കാക്കാം. കാരണം കൈതകര സി. എ. ഹസൻകുട്ടി, കെ. ടി. മുഹമ്മദ് എന്നിങ്ങനെ എഴുത്തുകാരുടെ പേരുകൾ ഇവയിൽ ചേർത്തിട്ടുണ്ട്. ഇതിനിടയ്ക്ക് തേങ്ങാപാട്ടിന്റെ കവിയുടെ പേരില്ല. അതിനുമുകളിൽ നാടോടിവഴക്കം എന്ന സാമാന്യനാമമാണ് ചേർത്തിരിക്കുന്നത്. മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യത്തിൽ പറയുന്ന തേങ്ങാപാട്ടാണ് ഇതെങ്കിൽ അതിന്റെ കർത്താവ് പൊന്നാനി ഇസ്മയിൽ ആണ്. ഇനി ചൊല്ലുവഴക്കത്തിൽ കൊടുത്ത

മുരിങ്ങാക്കായിക്ക് വന്നെ
മൂപ്പര് കാണിച്ചു തന്നെ
മൂച്ചിപ്പിരാന്തിനാലെ
പെറ്റ് ഞാനൊന്ന്
ഒരു മൂത്തിരം പാത്തുന്ന ജന്തു-
പറ്റിച്ചതാണെന്നെ (212)

ഈ പാട്ട് പുലിക്കോട്ടിൽ ഹൈദറിന്റേതാണെന്ന് പൊതുവെ കണക്കാക്കപ്പെടുന്നതുമാണ്.

**(ഖ)** കാല്പനികരചനകൾ എന്ന പേരിൽ കാണിച്ചിരിക്കുന്നത് ഏതാനും ചില കവിതകൾ മാത്രമാണ്. മാപ്പിളപ്പാട്ടിലെ പല വിഭാഗത്തിൽപെട്ട കവിതകളും കാല്പനികസ്വഭാവം കൂടുതലുള്ളവയാണ്. അത്തരത്തിലുള്ള വിശദീകരണ ശ്രമം ഈ ഭാഗത്തില്ല.

**(ഗ)** സ്ത്രീപക്ഷരചനകൾ എന്ന നിലയ്ക്ക് വർഗ്ഗീകരിച്ചിട്ടുള്ളവയിൽ പുരുഷ രചനകളും സ്ത്രീരചനകളുമുണ്ട്. മാപ്പിളസാഹിത്യവീക്ഷണത്തിലെ പൊതുസമീപനത്തോട് പൊരുത്തപ്പെടുന്നവയാണീ രചനകൾ എന്ന് സ്ത്രീരചനകളെയും ഇതിലുൾചേർക്കുകയാണ്. പുരുഷകേന്ദ്രിതമൂല്യങ്ങളെ നിരാകരിക്കുന്നവയല്ല സ്ത്രീരചനകളും എന്നതുകൊണ്ട് രചനാതലത്തിൽ പുരുഷരചനകളോട് കിടിപിടിക്കുന്ന സ്ത്രീരചനകളെയാണ് സ്ത്രീപക്ഷ രചനകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ പുത്തൂർ ആമിനയുടെ കത്തുപാട്ട് ഇതിൽനിന്നു പുറത്തായി.

> മട്ടിൽകിട്ടും വരേക്കും മാനേതേനേ വിളിക്കും
> മറ്റുലോഗിയം ഉറ്റിടുംപോലെ ചക്കരവാക്കും ഒരു പടി
> മക്കളങ്ങു കണക്കിലായാലടുക്കളേലാക്കും
> പൊട്ടിപ്പൊരിഞ്ഞെന്തിനാളാം പൊരിവെയിലത്താകുവോളം
> പോയി മറ്റൊരു തോപ്പ് കണ്ട് പിടിക്കും അയ്യാള് പുരുഷരെ-
> പൂതി പത്തിനിമാർക്ക് തീരുമിതെന്തൊരു കോളാം. (124)

എന്ന് പുരുഷകേന്ദ്രിതമായ കുടുംബവ്യവസ്ഥയെ ഇതിൽ ചോദ്യം ചെയ്യുന്നുണ്ട്.

ഇത്തരം ചില പരിമിതികൾ ഉണ്ടെങ്കിലും മാപ്പിളസാഹിത്യത്തിൽ ഇത്രയധികം പാട്ടുകളുണ്ടോ എന്ന് ഈ പുസ്തകം നമ്മെ അത്ഭുതപ്പെടുത്തും. ■



സമ്പാദനം : ഡോ. കെ. എം. ജോർജ്
ഭാഷാപഠന ഗവേഷണകേന്ദ്രം, കേരള ഭാഷാ
ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005
വില : 70 രൂപ

## താരതമ്യസാഹിത്യം - പുതിയ കാഴ്ചപ്പാടുകൾ

**ഹരികുമാർ എസ്.**

താരതമ്യസാഹിത്യപഠനത്തിന് ഇന്ന് പ്രത്യേക ഇടങ്ങളോ പരിമിതികളോ ഇല്ല എന്ന് പറയാം. സംസ്കാരത്തെ രൂപവൽക്കരിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്ന ഏതു മേഖലയും താരതമ്യപഠനരീതിക്ക് അന്യമല്ല. ജനകീയദേശീയത, തൊഴിലാളിവർഗ്ഗസംസ്കാരം, നാടോടിസാഹിത്യം, ബുദ്ധിജീവിരൂപവൽക്കരണം, സമാന്തരകല, ഭാഷാശാസ്ത്രം, പത്രപ്രവർത്തനം, ജീവചരിത്രം, ദാർശനികത, പ്രകൃതി-പരിസ്ഥിതിപഠനം, സിനിമ, ആഗോളവൽക്കരണം, പ്രാദേശികപഠനം, വ്യാകരണം, സാമ്പത്തികശാസ്ത്രം, സമൂഹപഠനം തുടങ്ങി പ്രത്യേകിച്ച് ഒന്നിലേക്ക് ഒതുക്കാൻ സാധിക്കാത്തവിധം പാഠ്യരീതിയുടെ സാധ്യതകൾ വിപുലമാക്കുന്നു. താരതമ്യപഠനം ഇനംതിരിഞ്ഞ് നിൽക്കുകയല്ല, തമ്മിൽ അടുക്കുകയും പരസ്പരം മനസ്സിലാക്കുകയുമാണ് താരതമ്യപഠനത്തിന്റെ ലക്ഷ്യം.

താരതമ്യപഠനത്തിന്റെ വ്യത്യസ്തമേഖലകളെ അവതരിപ്പിക്കുകയും അതിന്റെ സമകാലിക സാദ്ധ്യതകളിലേക്ക് വിരൽചൂണ്ടുകയും ചെയ്യുന്ന ഗ്രന്ഥമാണ് 'താരതമ്യസാഹിത്യം പുതിയ കാഴ്ചപ്പാടുകൾ' എന്ന പേരിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസാധനം ചെയ്തിരിക്കുന്നത്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനോട് അനുബന്ധിച്ച് പ്രവർത്തിച്ചുപോരുന്ന ഡോ. കെ.എം. ജോർജ് സ്മാരക ഭാഷാപഠനഗവേഷണകേന്ദ്രം തിരുവനന്തപുരത്തുവച്ചു നടത്തിയ ദേശീയ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ ഇതിൽ സമാഹരിച്ചിരിക്കുന്നു. ദീർഘകാലമായി ഈ വിഷയം പഠിച്ചും പഠിപ്പിച്ചും പരീക്ഷിച്ചും പോരുന്ന പ്രൗഢപണ്ഡിതരാണ് പ്രബന്ധകർത്താക്കൾ. ആഖ്യാനശാസ്ത്രം, സംസ്കാരപഠനം, സൗന്ദര്യശാസ്ത്രം, ശൈലീകരണം, വിജ്ഞാനകോശങ്ങൾ, സ്ഥലനാമങ്ങൾ,

പരിസ്ഥിതി സ്ത്രീപക്ഷവാദസമീപനങ്ങൾ, വിവർത്തനം തുടങ്ങി താരതമ്യസാഹിത്യത്തിന്റെ വിവിധവശങ്ങൾ ആധികാരികമായി ഇവിടെ വിലയിരുത്തപ്പെടുന്നു.

താരതമ്യസാഹിത്യത്തിലെ പുതിയസമീപനങ്ങളെക്കുറിച്ചുള്ള ഡോ. അയ്യപ്പപ്പണിക്കരുടെ പ്രബന്ധമാണ് ഇതിൽ ആദ്യത്തേത്. വ്യത്യസ്ത ഭൂവിഭാഗങ്ങളിലുള്ള സാഹിത്യകാരന്മാരെയും സാഹിത്യകൃതികളെയും താരതമ്യം ചെയ്യുന്ന ആദ്യകാല പഠനരീതിമുതൽ കാലാകാലങ്ങളിൽ അഭിരുചിയുടെ മാറ്റങ്ങൾക്കനുസരിച്ച് തള്ളേണ്ടതും കൊള്ളേണ്ടതും സ്വീകരിക്കാൻ വായനക്കാരനു വിടുക എന്ന വളരെ വിശാലമായ തുറന്ന സമീപനംവരെ അദ്ദേഹം അവതരിപ്പിക്കുന്നു. കാലദേശങ്ങളുടെ അതിർത്തിക്കപ്പുറത്തേക്കു കടന്ന് ഓരോ പ്രാദേശികജനതയുടെ ജീവിതത്തിനും ഇടം അനുവദിക്കുന്ന വിശാലത ഇതിനുണ്ട്. നിലവിൽ വാമൊഴിയെക്കാൾ വരമൊഴിക്കുള്ള പ്രാധാന്യത്തെയും അഭിധാനഗ്രന്ഥങ്ങൾക്ക് പുറത്തുള്ള പദങ്ങളുടെ അപ്രാധാന്യത്തെയും എടുത്ത് പറയുന്നതോടൊപ്പം ഒരു ഭാഷയിലെ ഓരോ ഭാഷാഭേദത്തെയും ഗൗരവപൂർവ്വം സമീപിക്കണമെന്നും അദ്ദേഹം ഇതിൽ എഴുതുന്നു. പുതിയ പഠിതാക്കൾക്ക് തുറന്നുകിട്ടുന്ന വിശാലഭൂമികയാണ് ആദ്യലേഖനം.

മറ്റൊരു ശ്രദ്ധേയമായ പ്രബന്ധമാണ് ഡോ. സ്കറിയാ സക്കറിയയുടെ 'താരതമ്യസാഹിത്യവും ആഖ്യാനശാസ്ത്രവും'. സമകാല സംസ്കാരപഠനത്തിന്റെ വിചാരമേഖല എത്തിനിൽക്കുന്ന അന്തർവിജ്ഞാനപരമായ സമീപനത്തിലേക്കുള്ള മഹത്തായ രണ്ടു പാതകളാണ് താരതമ്യസാഹിത്യവും ആഖ്യാനശാസ്ത്രവും. ഏകാത്മകവാദങ്ങളായ സാർവ്വദേശീയത, സാർവ്വലൗകികത എന്നീ വരേണ്യ-പാശ്ചാത്യ-പുരുഷപക്ഷപാതങ്ങൾക്ക് പ്രതിരോധമായി നിശ്ശബ്ദരാക്കപ്പെട്ട പ്രാദേശികസംസ്കൃതിയുടെ വക്താക്കൾ, കീഴാളർ, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ എന്നിവർ പുത്തൻ വിചാരവിപ്ലവത്തിലെ കണ്ണികളാകുന്നതിനെ ജനാധിപത്യവൽക്കരണവും മാധ്യമീകരണവും സാദ്ധ്യമാക്കിയ വിചാരവിപ്ലവമായി ഇതിൽ ദർശിക്കുന്നു. അപ്പോൾ വൈവിദ്ധ്യങ്ങളുടെ സങ്കലനമായി മാറുന്നു പുത്തൻ പാഠ്യവ്യവസ്ഥകൾ. "വൈവിധ്യവും സങ്കലനവും സങ്കരത്വവും നാടെങ്ങും ആഘോഷിക്കപ്പെടുകയാണ്. താരതമ്യസാഹിത്യപദ്ധതി വൈവിദ്ധ്യങ്ങളെ കൊണ്ടാടുന്നു. പ്രാദേശികതകളിലെ വ്യതിരിക്തത എടുത്തു പറയുന്നു. സൈദ്ധാന്തികവും രീതിശാസ്ത്രപരവുമായ വലിയ മാറ്റമാണിത്." ഈ മാറ്റമാണ് പ്രാദേശികതനിമകളിലേക്കുള്ള അന്വേഷണമായി, മേഖലാപഠനമായി താരതമ്യസാഹിത്യം മാറുന്നത്. സാംസ്കാരിക പഠിതാക്കൾക്ക് പുതുപുത്തൻ അറിവുകൾ പ്രദാനം ചെയ്യുന്നതോടൊപ്പം വിലപ്പെട്ട ഒട്ടനവധി മാർഗ്ഗനിർദ്ദേശങ്ങളും ഒരുക്കിത്തരുന്നു ഈ പ്രബന്ധം.

താരതമ്യസാഹിത്യത്തിൽ വിവർത്തനത്തിന്റെ ആവശ്യകതയും പ്രസക്തിയുമാണ് ഡോ. ദേശമംഗലം രാമകൃഷ്ണൻ, ഡോ. കെ. നാച്ചിമുത്തു, ഡോ.





എസ്. തങ്കമണിഅമ്മ, സി. രാഘവൻ, ഡോ. എം. എം. ബഷീർ, എം. പി. സദാശിവൻ എന്നിവർ അവതരിപ്പിക്കുന്നത്. ഓരോ ഇന്ത്യാക്കാരനും തന്റെ മാതൃഭാഷയ്ക്കു പുറമേ മറ്റൊരു പ്രാദേശികഭാഷകൂടി വശത്താക്കണമെന്ന നെഹ്റുവിന്റെ അഭിപ്രായത്തെ എല്ലാവരും സ്വാഗതം ചെയ്യുന്നു. ദേശീയോദ്ഗ്രഥനത്തിനുള്ള ഏറ്റവും ശക്തമായ ഉപാധിയായി ഒരൊറ്റ ഭാഷയെ കണക്കാക്കുന്നതുവഴി 'ഒരൊറ്റ ഇന്ത്യ ഒരൊറ്റ ജനത' എന്ന രാഷ്ട്രീയലക്ഷ്യം സാദ്ധ്യമാക്കാമെങ്കിലും മറ്റ് ഇന്ത്യൻ ഭാഷകളെ പുറമ്പോക്കിലേക്ക് തള്ളി ഹിന്ദി മുഖ്യധാരയിൽ എത്തിച്ചേർന്നപ്പോൾ ഉണ്ടായ എത്രയോ ജനകീയപ്രശ്നങ്ങൾ ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്. ഇന്ത്യൻ ദേശീയതയെ സംബന്ധിച്ച ഏതൊരു പഠനത്തിലും ഈ ചരിത്രം അവശ്യം ഉൾക്കൊള്ളിക്കേണ്ടതാണ്. ദേശീയോദ്ഗ്രഥനത്തിനും സാംസ്കാരികോദ്ഗ്രഥനത്തിനും ഏറ്റവും ശക്തമായ മാർഗ്ഗം ഇന്ത്യയിലെ വ്യത്യസ്ത പ്രദേശങ്ങളെ കേന്ദ്രീകരിച്ചുള്ള പഠനങ്ങളായിരിക്കും എന്നുകൂടി ഈ പ്രബന്ധങ്ങൾ ഓർമ്മിപ്പിക്കുന്നു.

'സ്ഥലനാമം - താരതമ്യസാഹിത്യത്തിന്റെ പ്രസക്തി' എന്ന പ്രബന്ധം താരതമ്യപഠനത്തിന്റെ പ്രസക്തി വെളിവാക്കുന്നതും പുതുമയുള്ളതുമാണ്. നാട്ടുപേരുകളുടെ പഠനം സംസ്കാരപഠനത്തിന്റെ ഭാഗമാണ്, ഭാഷാപഠനത്തിന്റെയും, ചരിത്രപഠനത്തിന്റെയും ഭൂമിശാസ്ത്രപഠനത്തിന്റെയും ഭാഗമാണ്. സാംസ്കാരികചരിത്രനിർമ്മിതിക്ക് നാട്ടുപേരുകൾ നൽകുന്ന സഹായം ഇനിയും വേണ്ടതുപോലെ പഠിതാക്കൾ ഉപയോഗിച്ചിട്ടില്ല. ഡോ. എൻ. ആർ. ഗോപിനാഥപിള്ളയുടെ ഈ പ്രബന്ധം പുനരന്വേഷണത്തിനുള്ള ഒരുപാട് ഇടങ്ങൾ കാണിച്ചു തരുന്നു.

'അവസ്ഥാനുകൃതിർ നാട്യം' എന്ന പൗരസ്ത്യസങ്കല്പത്തിലും 'imitation of an action' എന്ന പാശ്ചാത്യസങ്കല്പത്തിലും അന്തർലീനമായ ശൈലീകരണത്തെയാണ് ഡോ. സി. ജി. രാജേന്ദ്രബാബു വെളിവാക്കുന്നത്. നാടകപഠനത്തെ സംബന്ധിച്ച് മർമ്മപ്രധാനമായ അറിവുകളുടെ അവതരണമാണ് ഈ പ്രബന്ധം. ഗ്രീക്ക്, സംസ്കൃത പ്രാചീന നാടകങ്ങൾ തുടങ്ങി ആധുനിക നാടകങ്ങൾവരെയുള്ള വ്യത്യസ്തവേദികളുടെ ശൈലീകരണത്തെ ഈ പ്രബന്ധത്തിൽ വിവൃതമാക്കുന്നു. എന്നാൽ അനുകർത്താക്കളുടെ ആവർത്തനങ്ങളിലൂടെ ശൈലീകരണം രംഗവേദിയിലെ വികൃതമായ കെട്ടുകാഴ്ചയായി മാറുന്നതിനെയും പ്രബന്ധകാരൻ കാണാതിരിക്കുന്നില്ല.

ഇനിയുമുണ്ട് ഈ ഗ്രന്ഥത്തിൽ പരാമർശമർഹിക്കുന്ന പ്രബന്ധങ്ങൾ. വ്യക്തിവീക്ഷണത്തിന്റെ ദൗർബല്യങ്ങൾ ചില പ്രബന്ധങ്ങളിൽ കാണാം. ഉദാഹരണത്തിന് പി. നാരായണക്കുറുപ്പിന്റെ പ്രബന്ധത്തിൽ, പാശ്ചാത്യതർജ്ജമകളിൽ സാംസ്കാരിക വൈജാത്യങ്ങളെയും വിരുദ്ധമാതൃകകളെയുമാണ് കണ്ടുമുട്ടുന്നതെന്നും അവിടെ നാം ഗുണദോഷനിരൂപണത്തിന് പ്രേരിതരാകണമെന്നും പറഞ്ഞുകൊണ്ട് ഭാരതീയ സംസ്കാരത്തിന്റെ അഭിമാനിക്കാനുള്ള വക

അദ്ദേഹം ഊന്നിപ്പറയുന്നു. "ഹിംസാമയവും കുടിലവുമായ പാശ്ചാത്യവഴി; ധാർമ്മികവും പ്രകൃതിസഹജവുമായ പൗരസ്ത്യവഴി" എന്നെല്ലാമുള്ള വ്യക്തിവീക്ഷണം വായനക്കാരന്റെമേൽ അടിച്ചേല്പിക്കേണ്ടിയിരുന്നില്ല. എന്തായാലും "സാംസ്കാരികവിഭിന്നതയാണ് താരതമ്യത്തിന്റെ ഊർജ്ജം" എന്ന അദ്ദേഹത്തിന്റെ നിലപാട് താരതമ്യപഠനത്തിന്റെ താക്കോൽവാചകമാണ്. ഇതര ദേശങ്ങളിലെ സാംസ്കാരിക വിഭിന്നതകളെ മനസ്സിലാക്കുന്നതിലൂടെ സാഹിത്യകാരന്/ വായനക്കാരന് തന്റെ സാംസ്കാരികനിലപാടിൽ കൂടുതൽ ഉറപ്പും ആത്മവിശ്വാസവും മാത്രമല്ല, മുന്നോട്ടുള്ള യാത്രയിൽ കൂടുതൽ കൂടുതൽ തെളിച്ചവും വെളിച്ചവുംകൂടി ലഭിക്കുന്നു. അടിസ്ഥാനപരമായി മനുഷ്യന്റെ വിചാരവികാരങ്ങൾ ലോകത്തെല്ലായിടത്തും ഒന്നുപോലെയാണെങ്കിലും അവയെ നിർണ്ണയിക്കുന്ന ഭൗതികവും ആത്മീയവുമായ സാഹചര്യങ്ങൾ വിഭിന്നവും വിവിധവുമാണ്. ഇതൊരു വലിയ തിരിച്ചറിവാണ്. ഈ വിഭിന്നതയും വൈവിദ്ധ്യവും ഒരുവന്റെ ചിന്താമണ്ഡലത്തെ വിസ്തൃതമാക്കുന്നു. 'പാവങ്ങളു'ടെ മുഖവുരയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ മനുഷ്യൻ എല്ലാ രാജ്യത്തും കിടന്നു കഷ്ടപ്പെടുന്നു എന്നല്ല, അവൻ എല്ലാ ഭാഷകളിലും കിടന്ന് നിലവിളിക്കുന്നു. ഇത് കണ്ടെത്തുകയും കൂടുതൽ സഹവർത്തിത്വവും സഹാനുഭൂതിയും മനുഷ്യർ തമ്മിൽ വളർത്തിയെടുക്കുകയുമാണ് താരതമ്യപഠനത്തിന്റെ ലക്ഷ്യം. ഇതിലേക്കുള്ള നടപ്പാതയാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയിരിക്കുന്ന 'താരതമ്യസാഹിത്യം പുതിയ കാഴ്ചപ്പാടുകൾ' എന്ന പ്രബന്ധസമാഹാരം. ■




എമ്മാനുവൽ ആട്ടേൽ
കാർമ്മൽ പബ്ലിഷിംഗ് സെന്റർ, തിരുവനന്തപുരം
2006

## പൗലിനോസിന്റെ പഴഞ്ചൊൽമാല : പാഠവും പഠനവും

**ഷീബ എം. കുര്യൻ**

18, 19 നൂറ്റാണ്ടുകളിൽ വിദേശമിഷണറിമാർ കേരളത്തിലെ ഭാഷയ്ക്കും സാഹിത്യത്തിനും ചെയ്ത സേവനങ്ങൾ തികച്ചും സ്തുത്യർഹമാണ്. മലയാ





ളത്തിൽ അച്ചടിച്ച ആദ്യത്തെ പഴഞ്ചൊൽസമാഹാരമായ മലബാറിലെ നൂറു പഴഞ്ചൊല്ലുകൾ (Centum Adagia Malabarica) എന്ന കൃതിയും ഇത്തരത്തിൽ പ്രസക്തമായ ഒന്നാണ്. 1791-ൽ പൗലിനോസ് പാതിരി റോമിൽ പ്രസിദ്ധീകരിച്ച കൃതി ഡോ. എമ്മാനുവൽ ആട്ടേൽ നടത്തിയ ഹ്രസ്വപഠനത്തോടൊപ്പം പുനഃപ്രസിദ്ധീകരിച്ചതാണ് 'പൗലിനോസിന്റെ പഴഞ്ചൊൽമാല പാഠവും പഠനവും'.

ദ്വിഭാഷാകൃതിയാണ് പൗലിനോസിന്റെ പഴഞ്ചൊൽമാല. ഓരോ മലയാള പഴഞ്ചൊല്ലിനും പാതിരി ലത്തീൻ പരിഭാഷ കൊടുത്തിരിക്കുന്നു. "ഇവിടെ ഉദ്ധരിക്കുന്ന പഴമൊഴികൾ മലബാറിലെ വിജാതീയരുടെയും മാർത്തോമാ ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെടുന്നവരുടെയും ഇടയിൽ പ്രചാരത്തിലുള്ളവയാണ്" എന്ന ആമുഖത്തോടുകൂടി നൂറു പഴഞ്ചൊല്ലുകളാണ് മൂലഗ്രന്ഥത്തിൽ സമാഹരിച്ചിട്ടുള്ളത്. ഡോ. ആട്ടേൽ ലിപിവിന്യാസത്തിന്റെ സവിശേഷതകൾ പരമാവധി നിലനിർത്തിക്കൊണ്ട് മലയാളപഴഞ്ചൊല്ലുകളും അതിന്റെ ലത്തീൻപരിഭാഷയും നൽകുന്നതോടൊപ്പം പ്രാദേശികവ്യവഹാരപദങ്ങൾ ഭാഷാപരമായ സവിശേഷതകൾ, വിവർത്തനത്തിലെ ഭാഷാപരവും അർത്ഥപരവും സാംസ്കാരികവുമായ പ്രശ്നങ്ങൾ എന്നിവയടങ്ങുന്ന ഒരു ഹ്രസ്വപഠനവും ചേർക്കുന്നു.

വാമൊഴി സംസ്കാരത്തിന്റെ തനതു പാരമ്പര്യത്തിലേക്കും ഭാഷാചരിത്രത്തിൽ അപൂർവ്വമായി മാത്രം ലഭിക്കുന്ന നേർതെളിവുകളിലേക്കും ഈ പുസ്തകം വായനക്കാരെ നയിക്കുന്നു. വിവിധ വർണ്ണവികാരങ്ങൾ, പഴയ മലയാളപദങ്ങൾ, പ്രയോഗശൈലികൾ, വാമൊഴിയുടെ പ്രത്യേകതകൾ എന്നിങ്ങനെ ഭാഷാചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന വസ്തുതകൾ സാമൂഹികഭാഷാശാസ്ത്രജ്ഞരുടെയും ഭാഷാചരിത്രപഠിതാക്കളുടെയും ശ്രദ്ധ നേടേണ്ടതാണ്. "ആന കൊടുക്കിലും ആശ കൊടുക്കരുതാ" എന്നതിന്റെ ലത്തീൻ തർജമ അർത്ഥമാക്കുന്നത് "ആന നിന്നെ മറിച്ചിട്ടാലും നിന്റെ ആശ വെടിയരുത്" എന്നത്രേ! പരിഭാഷാപഠിതാക്കൾക്കും മുതൽക്കൂട്ടാണ് ഈ കൃതി. പതിനെട്ടാം നൂറ്റാണ്ടിലെ ഭാഷാപ്രത്യേകതകളിലേക്ക് വെളിച്ചം വീശുന്നു. സാധ്യമായ എല്ലാ ആര്യലിപികളും ആദ്യമായി അച്ചടിയിലെത്തിയത് ഈ കൃതിയിലാണ്. പ്രാചീന മലയാളലിപി പഠനത്തിനും ഉപയുക്തമാണ് ഈ പുസ്തകം.

അവതാരികയ്ക്ക് പുറമെ, മുഖമൊഴിയിൽ നൽകിയ പൗലിനോസ് പാതിരിയുടെ ലഘുജീവചരിത്രവും അദ്ദേഹത്തിന്റെ പ്രകാശിതവും അപ്രകാശിതവുമായ രചനകളുടെ വിശദവിവരങ്ങളും ഈ പുസ്തകത്തെ വിലപ്പെട്ടതാക്കുന്നു.

■